# ജനകീയ ആസൂത്രണ പദ്ധതി

## വികസന റിപ്പോർട്ട്

### കൂവപ്പടി ഗ്രാമപഞ്ചായത്ത്



69-5

# മുഖവുര

ഭാരതത്തിന്റെ ആസൂത്രണ ചരിത്രത്തിൽ സമൂലമായ ഒരഴിച്ചുപണിക്ക് നാന്ദികുറിക്കുന്ന നവീന സംരംഭമാണ് സംസ്ഥാന സർക്കാരും, സംസ്ഥാന ആസൂത്രണ ബോർഡും ചേർന്ന് നടപ്പിലാക്കിവരുന്ന ജനകീയാസൂത്രണ പ്രസ്ഥാനം.

ഓരോ ഗ്രാമത്തിന്റെയും ഭൂപ്രകൃതിക്കും തദ്ദേശീയരുടെ ആവശ്യങ്ങൾക്കും അനുസൃതമായി താഴെത്തട്ടിൽനിന്നും ജനകീയപങ്കാളിത്തത്തോടെ പദ്ധതികൾ പ്ലാൻ ചെയ്ത് കർമ്മ പഥത്തിൽ വരുത്തുകയെന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന്റെ ഭാഗമായി കൂവപ്പടി ഗ്രാമപഞ്ചായത്തിൽപ്പെട്ട 15 വാർഡുകളിലെ ഗ്രാമസഭകൾ സമ്മേളിച്ചതിൽ നിന്നും രൂപം കൊണ്ട വികസനപരിപാടികളെ സ്കീമുകളാക്കി മാറ്റുന്ന രൂപരേഖയാണ് ഈ റിപ്പോർട്ട്. വിസ്തൃതിയിലും, മാനവശേഷിയിലും പ്രമുഖ സ്ഥാനമുള്ള ഗ്രാമ പഞ്ചായത്തുകളിൽ ഒന്നായ കൂവപ്പടിയെ സംബന്ധിച്ചിടത്തോളം കാർഷികാധിഷ്ഠിത സമ്പദ് വ്യവസ്ഥയാണ് അതിന്റെ ആധാരശില. ഒമ്പതാം പദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന്റെ ഭാഗമായി വാർഡുകൾ തോറും വർണ്ണ-വർഗ്ഗ-കക്ഷി ബന്ധങ്ങൾക്കതീതമായി വികസന സമിതികൾ രൂപംകൊണ്ട് കഴിഞ്ഞു.

ഗ്രാമ സഭാസമ്മേളനങ്ങളിൽ ഉരുത്തിരിഞ്ഞ ആശയങ്ങളുടെ അന്തഃസത്ത പദ്ധതികളാക്കി മാറ്റുന്നതിൽ ജനക്ഷേമകരമായി കർമ്മ പാന്ഥാവിൽ കൊണ്ടുവരുന്നതിൽ ഏകചിന്തയിൽ ഊന്നൽ നൽകിക്കൊണ്ട് നമുക്ക് ഒരൊററ മനസ്സായി പ്രവർത്തിക്കാം.

**സി. വി. ശശിധരൻ**
പ്രസിഡൻറ്
കൂവപ്പടി ഗ്രാമപഞ്ചായത്ത്

കൂവപ്പടി,
26–11–96.

# കൂവപ്പടി ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

| വാർഡ് | മെമ്പറുടെ പേര് |
|---|---|
| I | ശ്രീ. സി. വി. ശശിധരൻ |
| II | ,, എം. വി. ബെന്നി |
| III | ,, പി. കെ. രാജൻ (പട്ടികജാതി സംവരണം) |
| IV | ,, കെ. പി. പൈലി |
| V | ശ്രീമതി. ഗ്രേസി മത്തായി (വനിതാസംവരണം) |
| VI | ശ്രീ. ബേബിതോപ്പിലാൻ |
| VII | ,, ടി. ജി. ജയരാജ് |
| VIII | ശ്രീമതി. അന്നമ്മപൗലോസ് (വനിതാസംവരണം) |
| IX | ശ്രീ. കെ. കെ. രാഘവൻ |
| X | ,, കെ. സദാനന്ദൻ |
| XI | ശ്രീമതി. കത്രീന പാപ്പച്ചൻ (വനിതാസംവരണം) |
| XII | ശ്രീ. പി. വൈ. പൗലോസ് |
| XIII | അഡ്വ. പുഷ്പസുരേന്ദ്രൻ (വനിതാസംവരണം) |
| XIV | ശ്രീ. വി. കെ. ദിവാകരൻ |
| XV | ശ്രീമതി. രാധാമണി ഭുവനചന്ദ്രൻ (വനിതാസംവരണം) |

കൂവപ്പടി ഗ്രാമപഞ്ചായത്ത് കോ–ഓർഡിനേറ്റർ: **ശ്രീ. കെ. അയ്യപ്പൻ മാസ്റ്റർ**

കൂവപ്പടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി: **ശ്രീ. എം. വി. പാപ്പു**

# കൂവപ്പടി ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

| വാർഡ് | മെമ്പറുടെ പേര് |
|---|---|
| I | ശ്രീ. സി. വി. ശശിധരൻ |
| II | ,, എം. വി. ബെന്നി |
| III | ,, പി. കെ. രാജൻ (പട്ടികജാതി സംവരണം) |
| IV | ,, കെ. പി. പൈലി |
| V | ശ്രീമതി. ഗ്രേസി മത്തായി (വനിതാസംവരണം) |
| VI | ശ്രീ. ബേബിതോപ്പിലാൻ |
| VII | ,, ടി. ജി. ജയരാജ് |
| VIII | ശ്രീമതി. അന്നമ്മപൗലോസ് (വനിതാ.സംവരണം) |
| IX | ശ്രീ. കെ. കെ. രാഘവൻ |
| X | ,, കെ. സദാനന്ദൻ |
| XI | ശ്രീമതി. കത്രീന പാപ്പച്ചൻ (വനിതാസംവരണം) |
| XII | ശ്രീ. പി. വൈ. പൗലോസ് |
| XIII | അഡ്വ. പുഷ്പസുരേന്ദ്രൻ (വനിതാസംവരണം) |
| XIV | ശ്രീ. വി. കെ. ദിവാകരൻ |
| XV | ശ്രീമതി. രാധാമണി ഭുവനചന്ദ്രൻ (വനിതാസംവരണം) |

കൂവപ്പടി ഗ്രാമപഞ്ചായത്ത് കോ–ഓർഡിനേററർ: **ശ്രീ. കെ. അയ്യപ്പൻ മാസ്ററർ**

കൂവപ്പടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി: **ശ്രീ. എം. വി. പാപ്പു**



ഞങ്ങളുടെ തൊഴിലിനും സംരക്ഷണം വേണം.

ഞങ്ങളുടെ തൊഴിലിനെ കുറിച്ച് അന്വേഷിക്കാൻ വന്നവർക്ക് നന്ദി.

8

# ആമുഖം

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വിഭാവനം ചെയ്ത "ഗ്രാമസ്വരാജ്" ലക്ഷ്യമാക്കി അധികാരവികേന്ദ്രീകരണം എന്ന ആശയം പ്രാവർത്തികമാക്കുന്നതിനുവേണ്ടിയാണല്ലോ പഞ്ചായത്തീരാജ് സംവിധാനത്തിൽ ത്രിതല പഞ്ചായത്തുകൾ നിലവിൽ വന്നിട്ടുള്ളത്. ഈ ആശയത്തിനു് കുറച്ചുകൂടി സുതാര്യമായ മാർഗ്ഗം ഏതെന്ന ആലോചനയിൽ നിന്നും, ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന ആശയമാണ് പഞ്ചവത്സര പദ്ധതികൾ ജനങ്ങൾക്കുവേണ്ടിയാണെന്നതും, അതിന് ജനപങ്കാളിത്തം ഉറപ്പു വരുത്തണമെന്നതും. ഇതിന്റെ അടിസ്ഥാനത്തിൽ മുൻപദ്ധതികളിൽ നിന്നും വ്യത്യസ്തമായി ഒൻപതാം പദ്ധതി ജനകീയ പദ്ധതിയാക്കുന്നതിനായി കേരളത്തിൽ അങ്ങോളമിങ്ങോളം നടക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ പ്രവർത്തനങ്ങളും ഘട്ടംഘട്ടമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. 1996 സെപ്തംബർ 14-ാം തീയതി കുറുപ്പംപടി ഗണപതി വിലാസം ഹൈസ്കൂളിൽ വച്ചുനടന്ന ഒന്നാംഘട്ട പഞ്ചായത്ത്തല പരിശീലനത്തിന് ശേഷം വാർഡുതലത്തിൽ സെപ്തംബർ 21 മുതൽ ഒക്ടോബർ 6 വരെ കൂടിയ സ്പെഷ്യൽ ഗ്രാമസഭകളിലെ ഹാജർ പരിശോധിച്ചാൽ പ്രാതിനിധ്യം അത്ര അഭികാമ്യമല്ലെങ്കിലും പങ്കെടുത്തവരുടെ ആവേശം പ്രവർത്തനങ്ങൾ വിജയപ്രദമാക്കാൻ വളരെയേറെ സഹായിച്ചിട്ടുണ്ട്. ഇനിയുള്ള ഗ്രാമസഭകളിൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്നതിന് പ്രത്യേകിച്ച് സ്ത്രീകളുടെയും, മറ്റു ദുർബല വിഭാഗങ്ങളുടെയും പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അവരുടെയിടയിൽ ബോധവൽക്കരണം നടത്തേണ്ടതായിട്ടുണ്ട്. ഇതിനായി കുടുംബയോഗങ്ങൾ, സെമിനാറുകൾ, പൊതുയോഗങ്ങൾ എന്നിവ സംഘടിപ്പിക്കാൻ സന്നദ്ധപ്രവർത്തകരും ജനപ്രതിനിധികളും കൂടുതൽ ശ്രമം നടത്തേണ്ടതാണ്.

സ്പെഷ്യൽ ഗ്രാമസഭകൾ വിഷയാധിഷ്ഠിതമായി പന്ത്രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചചെയ്താണ് വാർഡുതല റിപ്പോർട്ടുകൾ തയ്യാറാക്കിയത് തുടർന്ന് 1996 നവംബർ 3-ാം തീയതി പരിശീലകരേയും, പരിചയ സമ്പന്നരേയും, വിദഗ്ധരേയും, ലഭ്യമായ വിവിധ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാരേയും ഉൾപ്പെടുത്തി ഒക്കൽ ശ്രീനാരായണ ഹൈസ്കൂളിൽ വച്ച് രണ്ടാംഘട്ട പഞ്ചായത്ത്തല പരിശീലനവും നടന്നു. തുടർന്ന് വാർഡുതലത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകളും, സ്ഥിതിവിവരകണക്കുകളും, ദ്വിതീയ വിവരങ്ങളും ചേർത്ത് വിഷയാടിസ്ഥാനത്തിൽ പഞ്ചായത്ത്തല റിപ്പോർട്ടുകൾ ക്രോഡീകരിച്ചു.

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | — | കൂവപ്പടി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | — | ചേലാമററം, കൂവപ്പടി, കോടനാട്, വേങ്ങൂർ വെസ്റ്റിന്റെ ഒരു ഭാഗം |
| ബ്ലോക്ക് പഞ്ചായത്ത് | — | കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | — | ഒക്കൽ, കൂവപ്പടി, തോട്ടുവ, കൊമ്പനാടിന്റെ ഒരു ഭാഗം |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | — | കോടനാട് |
| താലൂക്ക് | — | കുന്നത്തുനാട് |
| ജില്ല | — | എറണാകുളം |
| നിയമസഭാ മണ്ഡലം | — | പെരുമ്പാവൂർ |
| ലോകസഭാ മണ്ഡലം | — | മുകുന്ദപുരം |
| വിസ്തീർണ്ണം | — | 43.98 സ്ക്വയർ കി. മീ. |
| അതിരുകൾ — വടക്ക് | — | പെരിയാർ നദി |
| തെക്ക് | — | പെരുമ്പാവൂർ മുനിസിപ്പാലിററി, രായമംഗലം, മുടക്കുഴ പഞ്ചായത്തുകൾ |
| കിഴക്ക് | — | വേങ്ങൂർ പഞ്ചായത്ത് |
| പടിഞ്ഞാറ് | — | പെരിയാർ നദി |
| ജനസംഖ്യ | — | ആകെ 50441 |
| | | പുരുഷൻ 25417 |
| | | സ്ത്രീ 25024 |
| ജനസാന്ദ്രത | — | 1147 |
| വാർഡുകളുടെ എണ്ണം | — | 15 |
| പ്രസിഡൻറ് | — | ശ്രീ. സി. വി. ശശിധരൻ |
| വൈസ് പ്രസിഡൻറ് | — | ശ്രീമതി അന്നമ്മ പൗലോസ് |
| സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ | — | ശ്രീ. കെ. സദാനന്ദൻ |

# ചരിത്ര പശ്ചാത്തലം

പണ്ട്കാലത്ത് ഈ പ്രദേശത്ത് (ഇപ്പോഴത്തെ ഗണപതി വിലാസം ഹൈസ്കൂളിനടുത്തായി) കുവേലി മഠം എന്ന ഒരു ജന്മി കുടുംബം ഉണ്ടായിരുന്നു എന്നും നാട്ടുകാർ തങ്ങളുടെ ആവലാതികളും മററും അവരുടെ അടുത്ത് പറഞ്ഞ് പരിഹാരങ്ങൾ കണ്ടെത്തിയിരുന്നു എന്നും അങ്ങിനെ ആ കുടുംബക്കാരുടെ പടിയായ ''കുവേലിപ്പടി'' ശോഷിച്ചാണ് കുവപ്പടി ആയതെന്നുമാണ് ചരിത്രം. പിന്നീട് അതേ പേരുതന്നെ പഞ്ചായത്തിനും നൽകുകയാണുണ്ടായത്.

തിരുവിതാംകൂർ നാട്ടുരാജ്യമായിരുന്ന ഈ പ്രദേശം അന്ന് കോട്ടയം ജില്ലയിലും, തിരു-കൊച്ചി സംസ്ഥാനം രൂപം കൊണ്ടപ്പോൾ തൃശൂർ ജില്ലയിലും കേരളപ്പിറവിക്കുശേഷം എറണാകുളം ജില്ലയിലുമാണ്. ആദ്യം ചേരാനല്ലൂർ വില്ലേജിൽ മാത്രമായിരുന്ന ഈ പഞ്ചായത്ത് കേരളത്തിലെ വലിയ പഞ്ചായത്തുകളിലൊന്നാണ്. പഞ്ചായത്തിന്റെ വടക്കും പടിഞ്ഞാറുമായി 23 കിലോമീററോളം കേരളത്തിലെ പ്രധാന നദികളിലൊന്നായ പെരിയാറിന്റെ തീരപ്രദേശമാണ്. കൂടാതെ ഈ നദിയിലുള്ള ''ക്കെൽ തുരുത്ത്'' പഞ്ചായത്തിന്റെ ഭാഗമാണ്. സംസ്കൃത സർവ്വകലാശാലയും, ശ്രീ ശങ്കരാചാര്യരുടെ ജന്മസ്ഥലമായ കാലടിയും, പ്രസിദ്ധമായ മലയാററൂർ കരിശുമുടിയും, പെരിയാറിന്റെ മറുകരയിലാണ്. 3 കിലോമീററോളം ദൂരത്തിൽ എം. സി. റോഡ് പഞ്ചായത്തിനെ രണ്ടായി ഭാഗിക്കുന്നുണ്ട്.

1954-55 ൽ രൂപീകൃതമായ ഈ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡൻറ് കോടനാട് വാർഡിനെ പ്രതിനിധീകരിച്ച ശ്രീ. എൻ. ചെല്ലപ്പമേനോൻ ആയിരുന്നു. തുടന്ന് ശ്രീമാന്മാർ സി. വി. ഉതുപ്പ്, എം. എ. കോമു, കെ. സദാനന്ദൻ, പി. വിജയചന്ദ്രൻ, ടി.വി. ഭാസ്കരൻ എന്നിവർ പ്രസിഡൻറുമാരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

നൂററാണ്ടിന്റെ ആദ്യപാദത്തിൽ ഈ പ്രദേശത്തെ ഭൂസ്വത്തുകൾവിവിധദേവസ്വങ്ങളുടെയും,മനകളുടെയും,മററു മുന്നോക്കവിഭാഗംജന്മിമാരുടെയും വകയായിരുന്നു. എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ പുരോഗമന പ്രസ്ഥാനങ്ങളുടെ സംഘടിത പ്രവത്തനങ്ങൾ വഴി ഭൂവുടമാ സമ്പ്രദായത്തിൽ സംസ്ഥാനത്ത് വന്ന മാററം ഇവിടെയും പ്രകടമായി. ഭൂമിയുടെ ഉടമസ്ഥാവകാശം ചെറുകിട കർഷകരുടെ കൈവശം വന്നുചേന്നു. ജന്മിത്വം അവസാനിപ്പിക്കുന്നതിനുവേണ്ടി നടന്ന സമരത്തിൽ രക്തസാക്ഷിത്വം വരിച്ച പതിനാലാം വാർഡിലെ ശ്രീ. വി. കെ. കുമാരനെ ഇത്തരുണത്തിൽ സ്മരിക്കുകയാണ്. അദ്ദേഹത്തിന്റെ മകനായ ശ്രീ. വി. കെ. ദിവാകരനാണ് ഇപ്പോൾ ആ വാർഡിനെ പ്രതിനിധീകരിക്കുന്നത്.

ദേശീയ പ്രസ്ഥാനങ്ങളിൽ ആ കാലഘട്ടത്തിലെ ചിലർ സജീവമായി പങ്കെടുത്തിട്ടുണ്ട്. ജാതീയമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നഇവിടെ അതിന് മാററം വരുത്തുന്നതിന്ശ്രീനാരായണപ്രസ്ഥാനങ്ങൾ വളരെ സഹായിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശ്രീനാരായണഗുരു നേരിട്ട് വന്ന് ഒരു ദിവസംതാമസിച്ച് സ്ഥാപിച്ചതാണ്പത്താംവാർഡിലുള്ള ശ്രീശങ്കരനാരായണക്ഷേത്രം. ഇതുകൂടാതെ വിവിധ മതവിഭാഗങ്ങളുടെ ധാരാളം ആരാധനാലയങ്ങൾ ഇവിടെയുണ്ട്. ദക്ഷിണകാശി എന്നറിയപ്പെടുന്ന ചേലാമററം ശ്രീകൃഷ്ണസ്വാമിക്ഷേത്രം, കേരളത്തിലെ ഏക ധന്വന്തരിക്ഷേത്രമായ തോട്ടുവ ശ്രീധന്വന്തരിക്ഷേത്രംഎന്നിവവളരെപ്രസിദ്ധിയാർജ്ജിച്ച ക്ഷേത്രങ്ങളാണ്. ചേരാനല്ലൂർ സെൻറ് ജോസഫ്സ്ചർച്ച്ആണ്ആദ്യത്തെക്രിസ്തീയ ദേവാലയം. അഞ്ചാം വാർഡിലെ കല്ലമ്പലം ക്ഷേത്രം ഒററക്കല്ലിൽ ഒരുരാത്രികൊണ്ട് പണിതതാണെന്ന ഐതിഹ്യവുമുണ്ട്.

വിവിധ മതവിഭാഗങ്ങൾ താമസിക്കുന്ന കുവപ്പടി പഞ്ചായത്തിൽ വർഗ്ഗീയ കലാപങ്ങളൊന്നും നടന്നിട്ടില്ല. ഇവിടുത്തെ ജനങ്ങൾ പൊതുവെ സമാധാനകാംക്ഷികളാണ്. തോട്ടുവയിലുള്ള ''മംഗലഭാരതി ഉപരി പഠനകേന്ദ്രം'' എന്ന സ്ഥാപനം വിവിധ മതങ്ങളെ ഏകോപിപ്പിച്ച് മതമൈത്രി നിലനിത്തുന്നതിനായി ശ്രദ്ധേയമായ പ്രവത്തനം നടത്തുന്നുണ്ട്. എല്ലാ മതങ്ങളെക്കുറിച്ചും ഗവേഷണങ്ങൾ നടത്തുന്നതിനുള്ള വിപുലമായ സൗകര്യങ്ങൾ ഈ സ്ഥാപനത്തിലുണ്ട്. ഇതിനടുത്താണ് പഞ്ചായത്തിലെ ആദ്യത്തെ ഐ. എ. എസ്. കാരനും പ്രസിദ്ധ സാഹിത്യകാരനുമായ ശ്രീ. മലയാററൂർ രാമകൃഷ്ണൻ ജനിച്ചത്. ഒരു വൃദ്ധമന്ദിരവും, സെൻറ് ജോർജസ് ബാലഭവൻ എന്ന പെൺകുട്ടികൾക്കു മാത്രമായ അനാഥമന്ദിരവും പഞ്ചായത്തിലുണ്ട്.

## ഭൂപ്രകൃതി. ഭൂവിനിയോഗം

ഇവിടുത്തെ ഭൂപ്രകൃതി കുന്നും, ചെരിവും, സമതലവും ചേർന്നതാണ്. 70 ശതമാനത്തോളം സമതലമാണ്. കുന്നക്കാട്ടുമല, മയിലാട്ടുംകുന്ന്, കയ്യുത്തിയാൽ എന്നീ പ്രദേശങ്ങൾ കുന്നിൻ പ്രദേശങ്ങളാണ്. ചെരിവു പ്രദേശങ്ങളിൽ ചെറുമണ്ണാ

ങ്ങളുളളതു്. കൂടാതെ ചെളിമണ്ണു്, ചെമ്മണ്ണു്, മണൽ മണ്ണു്, പശിമരാശിമണ്ണു് എന്നീ മൺതരങ്ങളും ഉണ്ടു്. ചില ഭാഗത്തു് പാറയും കാണുന്നുണ്ടു്. പൂപ്പാനി, വാച്ചാൽ എന്നീ പ്രദേശങ്ങളിൽ വെളള ക്കെട്ടു് അനുഭവപ്പെടുന്നുണ്ടു്.

നൂററാണ്ടിന്റെ ആദ്യകാലത്തു് ധാരാളം കരിമ്പുകൃഷി ഉണ്ടായിരുന്ന ഈ പ്രദേശത്തെ പ്രധാനകൃഷി പിന്നീടു് നെല്ലായിരുന്നു. എന്നാൽ റോഡുകൾ ഉണ്ടാക്കുന്നതിനും, കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമായി നെൽപാടങ്ങൾ വ്യാപകമായി നികത്തുന്നതിനാൽ ഇപ്പോൾ നെൽകൃഷി സ്ഥലങ്ങൾ കുറഞ്ഞുവരികയാണു്. റബ്ബർ, ഇഞ്ചി, തെങ്ങു്, വാഴ, കപ്പ തുടങ്ങിയവയാണു് മററു പ്രധാന കൃഷികൾ. ഇവയുടെയെല്ലാം ഉല്പാദനക്ഷമത കുറഞ്ഞുവരുന്നതായാണു് കാണുന്നതു്. തീരപ്രദേശങ്ങളിൽ ജാതികൃഷി വ്യാപകമായിട്ടുണ്ടു്.

## കാലാവസ്ഥ

പൊതുവെ നല്ല കാലാവസ്ഥയാണു് അനുഭവപ്പെടുന്നതു്. നാലു് മാസത്തോളം കാലവർഷവും (ഇടവപ്പാതി) രണ്ടു് മാസത്തോളം തുലാവർഷവും ഇവിടെ ലഭിക്കുന്നുണ്ടു്. ഇടമഴയും ലഭിക്കാറുണ്ടു്. രണ്ടു മാസത്തോളം തണുപ്പുകാലവും, നാലുമാസം വേനൽക്കാലവുമാണു്.

## ജലലഭ്യത

പഞ്ചായത്തിലെ ഏററവും പ്രധാനപ്പെട്ട ജലസ്രോതസ്സു് പെരിയാർ നദിയാണു്. ഏഴു് വാർഡുകളുടെ വടക്കെ അതിരും, രണ്ടു് വാർഡുകളുടെ പടിഞ്ഞാറെ അതിരും തൊട്ടുരുമ്മിക്കൊണ്ടാണു് ഈ നദി ഒഴുകുന്നതു്. പശ്ചിമഘട്ടത്തിൽ നിന്നുത്ഭവിച്ചു് പടിഞ്ഞാറോട്ടൊഴുകുന്ന ഈ നദി ഒന്നാം വാർഡിൽ ഏകദേശം രണ്ടു് കിലോമീററർ ദൂരം കിഴക്കോട്ടൊഴുകുന്നതു് ഒരു പ്രത്യേകതയാണു്. ഇതുകൂടാതെ ധാരാളം കിണറുകളും, തോടുകളും, കുളങ്ങളും, ചിറകളും പഞ്ചായത്തിലുണ്ടു്. നദിയിലെ അശാസ്ത്രീയമായ മണൽവാരലും, പമ്പിംഗും മൂലം ഇവയിലെയെല്ലാം ജലവിതാനം താഴ്ന്നുകൊണ്ടിരിക്കുകയാണു്. പെരിയാറിന്റെ തീരത്തുപോലും കുടിവെളളക്ഷാമം അനുഭവപ്പെടാൻ തുടങ്ങിയിരിക്കുന്നു.

## ജൈവസമ്പത്ത്

ധാരാളം മൃഗങ്ങളും, പക്ഷികളും ഈ പ്രദേശത്തു് കാണപ്പെടുന്നു. പണ്ടുകാലത്തു് ആന, കടുവ, മാൻ, കാട്ടുപോത്തു് തുടങ്ങിയ മൃഗങ്ങൾ പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ കാണപ്പെട്ടിരുന്നു. പതിനാലാം വാർഡിൽ കോടനാട്ടുളള ആനമെരുക്കൻ കേന്ദ്രവും അതിനോടുചേർന്നുളള മിനികാഴ്ചബംഗ്ലാവും വിനോദസഞ്ചാരികളെ ആകർഷിക്കുന്നു.

## മനുഷ്യവിഭവം

ജനനനിരക്കു് കുറഞ്ഞിട്ടുണ്ടെങ്കിലും ആരോഗ്യപരിപാലന രംഗത്തെ പ്രവർത്തനങ്ങൾ മൂലം മരണനിരക്കും കുറഞ്ഞിട്ടുളളതിനാൽ പഞ്ചായത്തിൽ ജനസംഖ്യാ വർദ്ധനവു് അനുഭവപ്പെടുന്നുണ്ടു്. അതുകൊണ്ടുതന്നെ തൊഴിലില്ലായ്മ പ്രശ്നവും, പാർപ്പിട പ്രശ്നവും രൂക്ഷമാണു്.

## വിദ്യാഭ്യാസവും, ആരോഗ്യവും

ആദ്യകാലങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവുമൂലം വളരെയധികം ആളുകൾ നിരക്ഷരരായിരുന്നു. അക്കാലത്തു് നിലത്തെഴുത്താശാന്മാരുടെ സേവനം മാത്രമാണു് ലഭ്യമായിരുന്നതു്. ഈ പ്രദേശത്തു് ആദ്യമായി സ്ഥാപിച്ച വിദ്യാലയം ചേരാനല്ലൂർ വെർണക്കുലർ പ്രൈമറി സ്കൂൾ ആണു്. ഇന്നതു് പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂൾ ആയി മാറിയിരിക്കുന്നു. അറുപതുകളുടെ കാലഘട്ടത്തിൽ ഈ പഞ്ചായത്തിൽ ധാരാളം സ്കൂളുകൾ നിലവിൽ വന്നതോടെ മുഴവൻ കുട്ടികളും വിദ്യാഭ്യാസത്തിനു് പോകുന്നുണ്ടു്. സാങ്കേതിക വിദ്യാഭ്യാസ രംഗത്തു് എറണാകുളം ജില്ലയിൽ ആദ്യത്തെ ജൂനിയർ ടെക്നിക്കൽ സ്കൂൾ കുവപ്പടിയിലാണു് ആരംഭിച്ചതു്. ഇന്നതു് താലൂക്കിലെ ഏക പോളിടെക് ആയി ഉയർത്തപ്പെട്ടിരിക്കുന്നു. ഇവകൂടാതെ ഒരു ഐ. ടി. സി. യും, 15 സർക്കാർ / എയിഡഡ്സ്കൂളുകളും, 2 അൺഎയിഡഡു് സ്കൂളുകളും ഒരു റെക്കഗ്നൈസ്ഡു് സ്കൂളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടു്.

ആശുപത്രികളുടെ എണ്ണം കുറവാണെങ്കിലും ആരോഗ്യ രംഗത്തു് പൊതുവെ നല്ല നിലവാരം പുലർത്തുന്നുണ്ടു്. വീടുകൾ അധികവും ഉറപ്പുളളതും, സൗകര്യങ്ങൾ ഉളളവയുമാണു്.

പഞ്ചായത്തിലെ ജനങ്ങൾ ഇന്നഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പാർപ്പിട പ്രശ്നം, ഉന്നത സാങ്കേതിക വിദ്യാഭ്യാസത്തിനുളള അസൗകര്യങ്ങൾ, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, സ്ത്രീകളുടെ ഉന്നമനത്തിലുളള മുരടിപ്പു്, വ്യവസായ സ്ഥാപനങ്ങളുടെ കുറവു്, കുടിവെളളക്ഷാമം, കാർഷിക രംഗത്തെ പ്രശ്നങ്ങൾ, ഉല്പന്നങ്ങൾ വിററഴിക്കാനുളള സൗകര്യക്കുറവു് തുടങ്ങിയ പ്രശ്നങ്ങൾ ജനകീയാസൂത്രണ പ്രക്രിയയിലൂടെ ഒൻപതാം പദ്ധതിയിൽ പരിഹരിക്കപ്പെടുമെന്നു് പ്രത്യാശിക്കാം.

''ഗ്രാമത്തിന്റെ തുടിപ്പുക
ളെല്ലാം നാമറിയുന്നൊ
രു നേരം നമ്മുടെ കാ
ര്യം നമ്മുടെ കൈയ്യിൽ
സുഭദ്രമാകും കാലം.''

# കൃഷിയും ജലസേചനവും

**അവലംബം:- കൃഷിഭവൻ രേഖകൾ, വായ്മൊഴി ചരിത്രങ്ങൾ, ഗ്രാമസഭാ റിപ്പോർട്ടുകൾ, സെററിൽമെൻറ് രജിസ്ററർ**



കാർഷിക മേഖലയായിരുന്ന കൂവപ്പടി പഞ്ചായത്തിൽ ഈ നൂററാണ്ടിൻെറ ആരംഭത്തോടുകൂടി ഒട്ടുമിക്ക പ്രദേശങ്ങളിലും കൃഷി വ്യാപിച്ചിരുന്നു. 1920 കാലങ്ങളിൽ കരഭൂമികളിൽ കൃഷി വളരെ കുറവായിരുന്നു. തികച്ചും കാലാവസ്ഥയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്തിരുന്നതു കൊണ്ട് നെൽകൃഷി ഇരുപ്പൂ മാത്രമേ ഉണ്ടായിരുന്നുള്ളു. ഏകദേശം 1950 കാലഘട്ടം വരെ കൂവപ്പടി പഞ്ചായത്തിൻെറ മുഖ്യ ജലസ്രോതസ്സായ പെരിയാർ നദിയുടെ തീരങ്ങളിൽ 99 % കരിമ്പ് കൃഷിയായിരുന്നു. മൊത്തം കൃഷിയുടെ 30 % മാത്രമേ നെൽകൃഷി ഉണ്ടായിരുന്നുള്ളു 1935 40 കാലഘട്ടത്തിൽ കൊടുവേലിത്തുറയിൽ സ്ഥാപിച്ച ആദ്യത്തെ വൈദ്യുത മോട്ടോറിൻെറ പ്രവർത്തനത്തോടെ കരയിടങ്ങളിൽ നെൽകൃഷി ആരംഭിച്ചു. വൈദ്യുതിയുടെ ആഗമനത്തോടെ കരിമ്പിൻ കൃഷി കുറേശ്ശെയായി നിന്നു തുടങ്ങുകയും, നെൽകൃഷി വളരെ വ്യാപിക്കുകയും ചെയ്തു. 1960 കളിൽ ദീർഘവിളയായ തെങ്ങ്കൃഷി വ്യാപകമായി. 1970 കളിൽ കരിമ്പിൻ കൃഷി തീരെ നിൽക്കുകയും, പകരം റബ്ബറും, തെങ്ങും വ്യാപകമാവുകയും ചെയ്തു. 80 _ 85 കാലഘട്ടത്തിൽ നെൽകൃഷി ചെയ്തു കൊണ്ടിരുന്ന കരഭൂമിയിലും, പാടങ്ങളിലും വ്യാപകമായി റബർ കൃഷി ചെയ്തതോടെ നെൽകൃഷി ഗണ്യമായ തോതിൽ കുറഞ്ഞു.

1950 കളുടെ അവസാനത്തോടെ നിലവിൽ വന്ന കുടിയാന്മ നിയമം പാട്ട കുടിയാന്മാർക്ക് സംരക്ഷണം നൽകിയതോടെ പാടങ്ങളിൽ തെങ്ങ് നടാൻ തുടങ്ങി. 1971 ലെ ഭൂപരിഷ്കരണനിയമം ഇതിനു് ആക്കം കൂട്ടി. തേങ്ങയ്ക്ക് താരതമ്യേന മെച്ചപ്പെട്ട വില ലഭിച്ചിരുന്നതിനാൽ തെങ്ങ് കൃഷി. നെൽ കൃഷിയേക്കാൾ ലാഭകരമായി തീർന്നു. ആധുനിക വിദ്യാഭ്യാസം വ്യാപകമായതോടെ കർഷക തൊഴിലാളികളുടെ പിൻമുറക്കാർ മററ് മേഖലകളിലേക്ക് മാറി തുടങ്ങി. 1980 ന് ശേഷം വളരെ വ്യാപകമായി റോഡ് സൈഡുകളിലുള്ള പാടശേഖരങ്ങൾ മണ്ണിട്ട് നികത്തി പുരയിടങ്ങളാക്കുന്ന പ്രക്രിയ ഇന്നും തുടർന്നു വരുന്നു. ഇത് വെള്ളക്കെട്ടുകൾക്കും ജലസേചന സൗകര്യങ്ങൾക്കും വിഘാതം സൃഷ്ടിക്കുന്നു. നെൽപ്പാടങ്ങൾ നികത്തിയത് പയർ, പച്ചക്കറി കൃഷികളെയും ഗണ്യമായി ബാധിച്ചിട്ടുണ്ട്. നെല്ല്, പയർ, പച്ചക്കറി എന്നിങ്ങനെയായിരുന്നു പാടങ്ങളിലെ സാധാരണ വിളക്രമം.

പുരയിട കൃഷിയിലും ഈ കാലയളവിൽ പ്രകടമായ മാററം വന്നിരുന്നു. പീഠഭൂമിയിലും അതിൻെറ ചരിവുകളിലുള്ള ഭൂമിയിലും തെങ്ങ്, കുരുമുളക്, മരച്ചീനി, വാഴ, പച്ചക്കറികൾ, പ്ലാവ് മാവ് തുടങ്ങിയവയായിരുന്നു പ്രധാന കൃഷി, എന്നാൽ മിക്ക പുരയിടങ്ങളിലും ഇപ്പോൾ കൃഷി റബർ മാത്രമായി മാറിക്കൊണ്ടിരിക്കുകയാണ്. വ്യത്യസ്ത വിളകൾക്കായുള്ള ഭൂവിനിയോഗം പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

# പട്ടിക 1 ഭൂവിനിയോഗം

| വിനിയോഗം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| നെല്ല് ഒന്നാംവിള | 1396 00 |
| നെല്ല് രണ്ടാംവിള | 1300 00 |
| നെല്ല് മൂന്നാംവിള | 1125 00 |
| തെങ്ങ് | 2113 00 |
| മിശ്രിത വിളകൾ | 727 44 |
| മിശ്രിത വൃക്ഷങ്ങൾ | 401 58 |
| കശുമാവ് | 20 00 |
| റബർ | 510 00 |
| കുരുമുളക് | 200 00 |
| ഇഞ്ചി | 200 00 |
| മഞ്ഞൾ | 76 00 |
| കൊക്കൊ | 60 00 |
| വാഴ | 750 00 |
| മാവ് | 50 00 |
| പ്ലാവ് | 50 00 |
| പൈനാപ്പിൾ | 20 00 |
| കപ്പ | 390 00 |
| പപ്പായ | 2 00 |
| മുരിങ്ങ | 2 00 |
| പച്ചക്കറി | 70 00 |
| മററ് കൃഷികൾ | 20 00 |
| ആകെ | 9483 02 |

ജനസംഖ്യാവർദ്ധനവ് ഭൂമിയിൽ ചെലുത്തിയ സമ്മർദ്ദമാണ് കാർഷികമേഖലയെ സ്വാധീനിച്ച മററൊരു ഘടകം ആദ്യകാലങ്ങളിൽ സമതലങ്ങളിൽ മാത്രമായിരുന്ന ഗൃഹസാന്ദ്രത ഉണ്ടായിരുന്നത് 1980 ന് ശേഷം കൂവപ്പടി പഞ്ചായത്തിൽ വ്യാപകമായി തീർന്ന പ്ലാസ്റ്റിക് വ്യവസായവും. റൈസ് മില്ലുകളും, കരിങ്കൽ വ്യവസായവും, ഇഷ്ടിക വ്യവസായവും, ഈ പഞ്ചായത്തിലേക്ക് അന്യ പഞ്ചായത്തുകളിൽ നിന്നും ജനങ്ങൾ കുടിയേറി പാർക്കുന്നതിന് കാരണമായിട്ടുണ്ട്. പാർപ്പിടങ്ങൾ വർദ്ധിച്ചതോടെ ഈ പ്രദേശങ്ങളിൽ റോഡുകളുടെ എണ്ണവും വർദ്ധിച്ചു. ഏകദേശം 60 % റോഡുകളും ഗ്രാമ പഞ്ചായത്തിൻെറ അധീനതയിൽ വരുന്നതുകൊണ്ട് റോഡ് നിർമ്മിക്കുമ്പോൾ സ്വാഭാവിക നീർച്ചാലുകൾക്ക് തടസ്സമുണ്ടാവാത്ത വിധത്തിൽ കലുങ്കുകൾ നിർമ്മിക്കാനൊന്നും സാമ്പത്തിക പരിമിധി മൂലം പഞ്ചായത്തിന് പലപ്പോഴും സാധിക്കാറില്ല. റബർകൃഷിക്കും, കെട്ടിട നിർമ്മാണത്തിനുമുള്ള പാടം നികത്തൽ മൂലമുണ്ടായ നീർക്കെട്ട്, അശാസ്ത്രീയമായ റോഡ് നിർമ്മാണം വ്യാപകമായതോടെ പലമടങ്ങ് വർദ്ധിച്ചു. ഏകദേശം 1950 കളിൽ തുടങ്ങിയ ലിഫ്ററ് ഇറിഗേഷൻ സ്കീമുകളും, കനാലുകളും വേണ്ടും വണ്ണം നന്നാക്കാത്തതു കൊണ്ടും പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നതുകൊണ്ടും ചില ഭാഗങ്ങളിൽ വെള്ളക്കെട്ടും ചില ഭാഗങ്ങളിൽ ജലസേചന സൗകര്യം ഇല്ലായ്മയും ഉണ്ട്. ഈ കാരണങ്ങളെല്ലാം കൃഷിയുടെ ഉല്പാദനക്ഷമത കുറക്കുന്നു. വിവിധ വിളകളുടെ ഉല്പാദനക്ഷമത പട്ടിക II ൽ കൊടുത്തിരിക്കുന്നു.

# പട്ടിക 2 ഉൽപാദനക്ഷമത

| വിള | അളവ് Kg/ഹെക്ടർ |
|---|---|
| നെല്ല് ഒന്നാംവിള | 3699 00 |
| ,, രണ്ടാംവിള | 3380 00 |
| ,, മൂന്നാംവിള | 2981 00 |
| തേങ്ങ | Nos. 6400 00 |
| കശുവണ്ടി | 400 00 |
| റബർ | 1600 00 |
| കുരുമുളക് | 625 00 |
| ഇഞ്ചി | 15000 00 |
| മഞ്ഞൾ | 11500 00 |
| കൊക്കൊ | 6250 00 |
| വാഴപ്പഴം | 21250 00 |
| മാങ്ങ | 3100 00 |
| ചക്ക | 7500 00 |
| പൈനാപ്പിൾ | 17000 00 |
| കപ്പ | 13000 00 |
| പപ്പായ | 1000 00 |
| മുരിങ്ങക്കായ | 6000 00 |
| മററ് പച്ചക്കറികൾ | 8000 00 |
| മററ് കൃഷികൾ | 9000 00 |

കുളങ്ങൾ, തോടുകൾ തുടങ്ങിയ പൊതുജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള സാമൂഹ്യ സംവിധാനം ഭൂപരിഷ്ക്കരണനിയമം നടപ്പിലായതോടെ ഇല്ലാതായി. കുടിയാന്മാരുടെ സഹായത്തോടു കൂടി ജന്മിമാരായിരുന്ന ഇവ സംരക്ഷിച്ചു പോന്നിരുന്നത് ഈ ജലസ്രോതസ്സുകൾ സമൂഹത്തിൻെറ പൊതുസ്വത്തായതോടു കൂടി സംരക്ഷിക്കുവാൻ ആളില്ലാതായി. ഇങ്ങനെ ബണ്ടുകൾ ഇടിഞ്ഞും, കാടും പടലും പിടിച്ചും, തോടുകളിലെ ജലപ്രവാഹത്തിന് തടസമുണ്ടാക്കിയത് നീർക്കെട്ടിന് മററൊരു കാരണമാണ്. ഇപ്പോൾ പഞ്ചായത്തിലെ ഏററവും പ്രധാന ജലസ്രോതസ്സ് പെരിയാർ നദിയാണ്.

കാർഷീക രംഗം പൊതുവെ അനാകർഷക മാകുന്നതിനുള്ള പ്രധാന കാരണം കാർഷികോത്പന്നങ്ങൾക്ക് ന്യായമായ വില കൃഷിക്കാരന് ലഭിക്കുന്നില്ല എന്നുള്ളതാണ്. മററു പല രംഗങ്ങളിലും എന്നതുപോലെ ഇവിടെയും ഇടത്തട്ടുകാരൻ വിപണന മേഖലകളിൽ കൂടുതൽ ലാഭം കൈയ്യാളുന്നു. കാർഷികോത്പന്നങ്ങൾ വിററഴിക്കുന്നതിനു് സഹകരണ സ്ഥാപനങ്ങളോ, മററ് സൊസൈററികളോ ഈ പഞ്ചായത്തിൽ ഇല്ല.

ഭൂരിഭാഗം കർഷകരുടെയും കാർഷിക വരുമാനം വളരെ തുച്ഛമാണ്. കൃഷി മുഖ്യവരുമാനം അല്ലാത്തതുകൊണ്ടുതന്നെ കൃഷിക്കാരിൽ പലർക്കും ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ വലിയ താല്പര്യം ഇല്ല. ഉദ്യോഗസ്ഥരായ കൃഷിക്കാർക്കാവട്ടെ, കൃഷി ചെയ്യുന്നതിനുള്ള താല്പര്യമോ, സമയമോ ഇല്ലതാനും. കർഷകതൊഴിലാളികളെ കിട്ടുന്നതിനുള്ള ബുദ്ധിമുട്ടാണ് കാർഷീകരംഗത്തെ മറെറാരു പ്രശ്നം. ആധുനിക വിദ്യാഭ്യാസം സാർവ്വത്രീകമായതോടെ കർഷക കുടുംബങ്ങളിലെ യുവതലമുറക്കാർ പാടത്തെ പണിയിൽ നിന്നും പിൻവാങ്ങി. യുവതികൾ പാടത്തെ പണിയേക്കാൾ കൂടുതൽ വരുമാനം കിട്ടുന്നതായ കെട്ടിട നിർമ്മാണമാണ് ഇഷ്ടപ്പെടുന്നത്, തന്മൂലം കർഷക തൊഴിലാളിയുടെ കൂലിനിരക്കും ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. സ്ത്രീകൾക്ക് 50-60 രൂപയും, പുരുഷന്മാർക്ക് 90-110 രൂപയും ആണ് കൂലി.

തെങ്ങിൻെറ ഉല്പാദനക്ഷമത കുറയാനുള്ള കാരണങ്ങളിലൊന്ന് അശാസ്ത്രീയമായ കാർഷിക മുറകളാണ്. തെങ്ങിൻെറ ഉല്പാദനക്ഷമതയെ ബാധിക്കുന്ന മറെറാരു പ്രധാന ഘടകമാണ് വൃക്ഷ സാന്ദ്രത. ഇടവിള കൃഷി സാധിക്കത്തക്കവിധത്തിൽ ഏക്കറിനു് 70-80 തെങ്ങുകൾ നടാം. എന്നാൽ ഇതിലും കൂടുതൽ തെങ്ങുകൾ വച്ചു പിടിപ്പിക്കുന്നതു മൂലവും മററ് വൃക്ഷങ്ങളുടെ ആധിക്യവും ഈ കൃഷിയെ സാരമായി ബാധിക്കുന്നു. കൂടുതൽ പ്രതിഫലം ലഭിക്കുന്നതിനു വേണ്ടിയാണ് ഈ രീതിയിൽ കൃഷി ചെയ്തിരുന്നത് ഇടവിള കൃഷി തീരെ ഇല്ലെന്ന് തന്നെ പറയാം. ഒരു തെങ്ങിൽ നിന്ന് കിട്ടുന്ന തേങ്ങയുടെ എണ്ണത്തേക്കാൾ ഒരു പറമ്പിൽ നിന്നും കിട്ടുന്ന തേങ്ങയുടെ എണ്ണത്തെ അവർ കണക്കാക്കുന്നു. നടീൽ സമ്പ്രാദായത്തിനുമുണ്ട് തകരാറുകൾ. അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കളുടെ ദൗർലഭ്യവും, അതിൻെറ സാങ്കേതികതയെ കുറിച്ചുള്ള കൃഷിക്കാരൻെറ അജ്ഞതയും.

ഏകദേശം 20 വർഷക്കാലം മുൻപ് മുതൽ കൃഷിക്കാർ രാസവളം ഉപയോഗിച്ച് തുടങ്ങി എങ്കിലും അമിതമായ രാസവള പ്രയോഗം തുടങ്ങിയിട്ട് ഏകദേശം 10 വർഷത്തോളമേ ആയിട്ടുള്ളു. ജൈവവളം ഇപ്പോൾ താരതമ്യേന കുറവാണ്.

## പട്ടിക 4

| വർഷം | വളം അളവ്/ ടണ്ണേജ് | കീടനാശിനി / ലിററർ |
|---|---|---|
| 93-94 | 580.56 | 65.00 |
| 94-95 | 663.32 | 50.15 |
| 95-96 | 708.32 | 62.68 |

പുരയിടങ്ങൾക്ക് മതിലുകൾ വന്നതോടെ വേലിപത്തലുകൾക്കും മററും ഉപയോഗിച്ചുവന്ന വളക്കൊന്നയും, മററ് ചെടികളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. പൊതുവെ സസ്യങ്ങളുടെ അഭാവം പുരയിടങ്ങളിൽ ജൈവ വള പ്രധാനമായ പച്ചിലവളത്തെ സാരമായി ബാധിച്ചിരിക്കുന്നു. മൃഗ സംരക്ഷകർ വളരെ കുറവായതുകൊണ്ടും ആ രീതിയിലുള്ള വളപ്രയോഗങ്ങൾക്കും സാധ്യത മങ്ങി വരുന്നു.

**പ്രശ്നങ്ങൾ:-**

1) മണ്ണ് പരിശോധനയുടെ അഭാവം.
2) ജലസേചന സൗകര്യമില്ലായ്മ.
3) ഭൂമികളുടെ തുണ്ടവൽക്കരണം
4) സർക്കാർ ഏജൻസികളുടെ പരിമിതികളും അവിടെ നിന്ന് കിട്ടുന്ന ആനുകൂല്യങ്ങളുടെ ഔചിത്യമില്ലായ്മയും.
5) അത്യുല്പാദന ശേഷിയുള്ള വിത്ത്, നടീൽ വസ്തുക്കൾ ഇവ ലഭിക്കുന്നതിനുള്ള അസൗകര്യം.
6) വളം, കീടനാശിനി മുതലായവയുടെ വിലക്കയററം.
7) ജൈവ വളങ്ങളുടെ നാമമാത്രമായ ഉപയോഗവും ദൗർലഭ്യവും,
8) കാർഷിക യന്ത്രോപകരണങ്ങളുടെ ദൗർലഭ്യം.
9) കർഷക തൊഴിലാളികളുടെ ലഭ്യതകുറവ്.
10) കർഷക തൊഴിലാളികളുടെ ഉയർന്ന കൂലിനിരക്കും, കുറഞ്ഞ സേവന നിലവാരവും.

11) കാർഷിക രംഗത്ത് ഉല്പാദനത്തിലും വിപണനത്തിലും അനുഭവപ്പെടുന്ന ഇടത്തട്ടുകാരുടെ ചൂഷണം.

12) പെരിയാർവാലി കനാൽ, ലിഫ്ററ് ഇറിഗേഷൻ കനാലുകൾ പാരമ്പര്യ തോടുകൾ എന്നിവയുടെ നിർജ്ജീവത.

13) അനിയന്ത്രിതമായ പെരിയാറിലെ മണൽ വാരൽ മൂലം ജലവിതാനം താഴോട്ട് പോകുന്നതു കൊണ്ട് പെരിയാറുമായി ബന്ധപ്പെട്ട ലിഫ്ററ് ഇറിഗേഷൻ പദ്ധതികളുടെ മോട്ടോറുകൾ താഴ്ത്തി വയ്ക്കേണ്ടതായി വരുന്നതു മൂലം കാലക്രമത്തിൽ പല ലിഫ്ററ് ഇറിഗേഷൻ പദ്ധതികളും ഉപയോഗ ശൂന്യമായി തീരും.

**സാദ്ധ്യതകൾ:-**

1) ബ്ലോക്ക് തലത്തിൽ ഒരു മണ്ണ് പരിശോധനാകേന്ദ്രം തുറക്കുകയും അവരുടെ നേതൃത്വത്തിൽ വാർഡുകളിലെ മണ്ണിന്റെ പ്രാദേശിക സ്വഭാവം അടിസ്ഥാനമാക്കി മണ്ണ് പരിശോധിക്കുകയും, അതിൽ നിന്നുളവാകുന്ന വിവരങ്ങൾ കൃഷിക്കാരെ പറഞ്ഞ് മനസിലാക്കുന്നതിനും, അതനുസരിച്ചുള്ള സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനുമുള്ള ഒരു വേദി ഉണ്ടാക്കുക.

2) a ഈ പഞ്ചായത്തിലെ പെരിയാർ വാലിയുമായി ബന്ധപ്പെട്ട എല്ലാ കനാലുകളും ബഡ് കോൺക്രീററും, കോൺക്രീററ് ലൈനിംഗുകളും നടത്തി സ്ലൂട്ടുകൾ നിയന്ത്രണ വിധേയമാക്കി കനാലുകൾ യഥാസമയം മെയിന്റനൻസ് നടത്തി ഉപയോഗയോഗ്യമാക്കുക.

b ഈ പഞ്ചായത്തിലെ എല്ലാ പ്രധാന തോടുകളും വീതി കൂട്ടുകയും സൈഡ് കെട്ടി സംരക്ഷിക്കുകയും തടയണകൾ സ്ഥാപിക്കുകയും ചെയ്താൽ അധികജലം വാർന്നു പോകുന്നതിനും വേനൽക്കാലത്ത് ജലസേചനസൗകര്യം വർദ്ധിപ്പിക്കുവാനും സാധിക്കും. (പട്ടിക III നോക്കുക)

c പഞ്ചായത്തിലെ പ്രധാന ചിറകളും, കുളങ്ങളും വൃത്തിയാക്കി, ആഴംകൂട്ടി, സൈഡ് കെട്ടി സംരക്ഷിക്കണം. (പട്ടിക III) ഇവയിൽ മോട്ടോറുകൾ സ്ഥാപിച്ച് ജലസേചന സൗകര്യം ലഭ്യമാക്കണം.

d ഭൂരിഭാഗം ലിഫ്ററ് ഇറിഗേഷനുകളിലെയും മോട്ടോർ വളരെ പഴകിയതും, യഥാവിധി ശക്തിയില്ലാത്തതുമായതിനാൽ ഉപയോഗത്തിനനുസരിച്ച് കൂടിയ കുതിര ശക്തിയുള്ള മോട്ടോർ സ്ഥാപിക്കുകയും അവയുടെ യഥാവിധി പരിപാലനം ഉറപ്പ് വരുത്തുകയും വേണം.

e i) അണക്കോലിത്തുറ, [illegible]ട്ടുത്തുറ, തൊട്ടുത്തുറ എന്നീ ജലസ്രോ[illegible]സുകളെ ബന്ധിപ്പിച്ച് പെരിയാർ വ[illegible] എത്തുന്ന ഒരു ഇറിഗേഷൻ പദ്ധതി ത[illegible]ാക്കിയാൽ കൂവപ്പടി പഞ്ചായത്തിലെ 4, 5, 8, 9, വാർഡുകളിലേയും പെരുമ്പാവൂർ മുനിസിപ്പാലിററിയുടെ കുറെ ഭാഗങ്ങളും ഉൾക്കൊള്ളുന്ന ഏകദേശം 750 ഏക്കറോളം വരുന്ന കൃഷി ഭൂമിക്ക് ഇപ്പോൾ അനുഭവപ്പെടുന്ന വെള്ളക്കെട്ട് ഒഴിവാക്കുവാനും, വേനൽക്കാലത്ത് അനുഭവപ്പെടുന്ന വരൾച്ച ശാശ്വതമായി പരിഹരിക്കുന്നതിനും കഴിയും.

ii) ഞവരിച്ചിറയിൽ ഒരു ലിഫ്ററ് ഇറിഗേഷൻ സ്ഥാപിച്ചാൽ ഏകദേശം 40 ഹെക്ടറോളം സ്ഥലത്തെ നെൽകൃഷിക്കാർക്ക് ജലസേചന സൗകര്യം ഉണ്ടാകുന്നതാണ്.

iii) മുട്ടുത്തുറയിൽ 15 HP യുടെ ഒരു മോട്ടോർ പമ്പ് സ്ഥാപിച്ച് 15 ഹെക്ടർ സ്ഥലത്തെ. ജലസേചന സൗകര്യം ഉണ്ടാക്കുക.

iv) മററത്തുകുഴി എന്ന സ്ഥലത്ത് 15 HP യുടെ ഒരു മോട്ടോർ സ്ഥാപിച്ചാൽ 15 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാൻ സാധിക്കും.

v) പെരിയാറിൽ നിന്നും കുറിച്ചിലക്കോട് ഭാഗത്ത് പര്യാപ്തമായ ഒരു മോട്ടോർ സ്ഥാപിച്ച് വെള്ളം പുതിയ വാട്ടർ ടാങ്കിന് കിഴക്കു ഭാഗത്ത് ചാടിച്ച് നാലുഭാഗത്തേക്കും തോടുണ്ടാക്കിയാൽ 13-ാം വാർഡിലെ പകുതിയോളം കുന്നപ്രദേശങ്ങളിൽ കുടിവെള്ളവും ജലസേചനവും 100% പരിഹരിക്കപ്പെടുന്നതാണ്.

vi) പനങ്കുരുത്തോട്ടം കോടനാട് കേന്ദ്രീകരിച്ച് ഒരു മൈനർ ലിഫ്ററ് ഇറിഗേഷൻ പദ്ധതി രൂപീകരിക്കണം

vii) ഏസക്കോട് ചിറയിൽ 25 HPയുടെ മോട്ടോർ സ്ഥാപിച്ച് ഏകദേശം 100 ഹെക്ടർ പ്രദേശത്ത് കൃഷിക്ക് വെള്ളം എത്തിക്കാം.

viii) നെടുമ്പാറ ചിറയുടെ കരയിൽ 10 HP യുടെ മോട്ടോർ സ്ഥാപിച്ചാൽ ഏകദേശം 12 ഹെക്ടർ സ്ഥലത്ത് കൃഷിക്ക് വെള്ളം എത്തിക്കാം.

ix) ചെട്ടിനട ചിറയിൽ 10 HP മോട്ടോർ സ്ഥാപിച്ചാൽ ഏകദേശം 12 ഹെക്ടർ സ്ഥലത്ത് കൃഷിക്ക് വെള്ളം എത്തിക്കാം.

3. കൃഷിക്കാരിൽ കൂട്ടായ്മയുടെ സാദ്ധ്യതയെ കുറിച്ച് ബോധവൽക്കരണം നടത്തുകയും, കൂട്ടുകൃഷി, ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നിലവിൽ വരുത്തുകയും വേണം. ഒക്കൽ കൃഷി ഭവന്റെ സബ്സെന്ററുകൾ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ ലഭ്യമാക്കുക.

4 കൃഷി ഓഫീസർമാർ 15 വാർഡുകളുള്ള ഈ പഞ്ചായത്തിൽ ഒരു മാസത്തിൽ ഒരു ദിവസം ഒരു വാർഡിലെ ഒരു പ്രത്യേക ഭാഗത്ത് ഫീൽഡ് വർക്ക് നടത്തുകയും, അവിടെയുള്ള കൃഷിക്കാരുടെ സമിതികളുമായി ആ ഭാഗത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം നിർദ്ദേശിക്കേണ്ടതാണ്. അതുപോലെ തന്നെ അടുത്ത മാസം വാർഡിന്റെ മറെറാരു ഭാഗത്ത് ഈ പ്രക്രിയ തുടരേണ്ടതാണ്. കൃഷിക്കാർക്കുള്ള ആനുകൂല്യങ്ങളേക്കുറിച്ചുള്ള വിവരങ്ങൾ അതാതു വാർഡിലെ കൃഷിക്കാരുടെ സമിതികളെ ഏതെങ്കിലും മാദ്ധ്യമം ഉപയോഗിച്ച് യഥാസമയം അറിയിക്കുവാനുള്ള സംവിധാനം അത്യന്താപേക്ഷിതമാണ്

5) ഒക്കൽ കൃഷിഭവന്റെ കീഴിൽ ഒരു വിത്തുല്പാദനകേന്ദ്രം ഉണ്ടെങ്കിലും അതിന്റെ ഉപയോഗ്യത വളരെക്കുറവാണ്. ആയതിനാൽ പഞ്ചായത്തിന് ഒരു അത്യുൽപ്പാദനശേഷിയുള്ള വിത്ത് സംഭരണ ശാല ഉണ്ടാകേണ്ടതാണ്.

6) വളം, കീടനാശിനി, ജൈവ വളങ്ങളുടെ ലഭ്യത എന്നിവ സബ്സിഡി നിരക്കിൽ വാർഡുകൾ തോറും ലഭ്യമാക്കുന്നതിനുള്ള ഒരു ഗവ: ഏജൻസി അത്യന്താപേക്ഷിതമാണ്.

7) പഞ്ചായത്തിന്റെ പുറംപോക്ക സ്ഥലങ്ങളിലും മററും വൻതോതിൽ സസ്യങ്ങൾ വെച്ചു പിടിപ്പിക്കുക, പുരയിടങ്ങളിൽ അതിർത്തികളിൽ ജൈവ വള പ്രധാനമായ സസ്യങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനുള്ള ബോധവൽക്കരണം കൃഷിക്കാരിൽ ഉണ്ടാക്കുക. കുററിമുല്ല കൃഷിക്ക് പ്രചാരം കൊടുക്കുകയും, വിപണി സൗകര്യം കൊടുക്കുകയും വേണം.

8) കൃഷി മേഖല തികച്ചും യന്ത്രവൽകൃതമായ ഈ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ വഴിയോ, അഗ്രോ ക്ലിനിക്കുകൾ വഴിയോ പ്രസ്തുത യന്ത്രങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. യന്ത്രങ്ങളുടെ ആഗമനം കൃഷിക്കാരെ കൂട്ടായ്മയ്ക്കുവേണ്ടി പ്രേരിപ്പിക്കുകയും, കർഷക തൊഴിലാളിയുടെ ദൗർലഭ്യത്തിന് ഒരു പരിഹാരമാവുകയും ചെയ്യും.

9) കർഷക തൊഴിലാളികളുടെ കൂലിനിരക്ക് തൊഴിലിനനുസരിച്ച് പഞ്ചായത്ത് തലത്തിൽ ഏകീകരിക്കുകയും, അവർക്കുള്ള സംഘടനാ സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.

10) വാർഡു അടിസ്ഥാനത്തിൽ ഒരു കാർഷിക ഉല്പാദന വിപണന കേന്ദ്രം തുറക്കേണ്ടതാവശ്യമാണ്. ഇതു കൊണ്ട് കർഷകന്റെ പ്രധാന ചൂഷകനായ ഇടത്തട്ടുകാരനെ അകററി നിർത്തുവാനും ഉല്പാദകന് ന്യായമായ വില കിട്ടുന്നതിനും, ഉപഭോക്താവിന് മിതമായ വിലക്ക് കാർഷികോല്പന്നങ്ങൾ കിട്ടുന്നതിനും സഹായകമാകും. ഇതു കൂടാതെ വേങ്ങൂർ പഞ്ചായത്ത്, മുടക്കുഴ പഞ്ചായത്ത്, നീലീശ്വരം പഞ്ചായത്ത് എന്നീ പഞ്ചായത്തുമായി ബന്ധപ്പെടുന്ന കുറിച്ചിലക്കോട് ജംഗ്ഷനിൽ ഒരു പൊതു മാർക്കററ് സ്ഥാപിക്കുന്നത് പഞ്ചായത്തിനും, അതുവഴി കർഷകർക്കും നേട്ടമുണ്ടാകുന്നതാണ്.

11) പെരിയാറിലെ മണൽ വാരൽ നിയന്ത്രിക്കണം.

12) എല്ലാ വാർഡുകളിലും ഫാം റോഡുകൾ ഉണ്ടാക്കണം.

13) തരിശു ഭൂമി കൃഷി യോഗ്യമാക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കണം.

14) മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുക.

15) പാടങ്ങൾ നികത്തുന്നതിനെതിരെ നിയന്ത്രണങ്ങൾ കൊണ്ടുവരിക. സാമൂഹ്യ സമ്മർദ്ദം ഉയർത്തി കൊണ്ടുവരിക.

16) നീർത്തട പദ്ധതി പ്രാബല്യത്തിൽ വരുത്തുക. 6, 7, 13, 14, 15 എന്നീ വാർഡുകൾ കൂടി ഈ പദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തണം.

17) നെൽകൃഷിയെ ബാധിക്കുന്ന രോഗങ്ങൾ:

ഓലചീയൽ, തണ്ടുതുരപ്പൻ, ചാഴി, മഞ്ഞളിപ്പ്, ഓലകരിച്ചൽ

തെങ്ങ് : കാററുവീഴ്ച, ചെല്ലി ആക്രമണം

റബർ : പട്ടമരപ്പ്, പട്ടചീയൽ

ഇഞ്ചി : മഹാളിരോഗം, തണ്ടുതുരപ്പൻ, തണ്ട ചീയൽ

കുരുമുളക് : ദ്രുതവാട്ടം

വാഴ : വെള്ളക്കുമ്പ്, കുററില, ചെല്ലി ആക്രമണം

കൃഷി ഉദ്യോഗസ്ഥന്മാർ പ്രമുഖ കർഷകരുമായി ഒത്തുചേർന്ന് ഇതിന് പരിഹാരം കാണണം.

18) വായ്പ സൗകര്യങ്ങൾ വിപുലീകരിയ്ക്കുകയും, ആവശ്യക്കാർക്ക് ലഭ്യമാകുന്നവെന്ന് ഉറപ്പ് വരുത്തുകയും വേണം.

19) പാടശേഖര കമ്മിററികൾ, കേര കർഷക സമിതികൾ, കേര വികസന സമിതി, റബർ കൃഷി വികസന സമിതി, കുരുമുളക് വികസന സമിതി എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക.

20) ഓരോ വീട്ടിലും ഒരു അടുക്കളത്തോട്ടം എന്ന പദ്ധതിക്ക് രൂപം കൊടുക്കുക.

21) പാറക്കടവ് സ്കീമിലെ വെള്ളം കൊഴുവേലി തുറയുടെ മുകളിൽ കൂടി ഇപ്പോൾ നിലവിലുള്ള പില്ലറുകളുടെ മുകളിൽ പാത്തി വാർത്ത് വെള്ളം 9-ാം വാർഡിൽ ലഭിച്ചാൽ ഉദ്ദേശം 400 പറ നിലത്ത് കൃഷിചെയ്യുന്നതിനാവശ്യമായ വെള്ളം ലഭിക്കും.

22) വെള്ളക്കെട്ട് മൂലം വേനൽക്കാല കൃഷിക്ക് മാത്രം ഉപകരിക്കുന്ന വള്ളിക്കാട്ട് പുഞ്ച, കിഴക്കം വേലിപാടം എന്നിവിടങ്ങളിലുള്ള തോടുകൾ വീതി കൂട്ടി ആഴപ്പെടുത്തി ഇരുവശങ്ങളും ഭിത്തി കെട്ടിയാൽ ഏകദേശം 1500 ഏക്കർ മൂന്ന്പൂ കൃഷി ചെയ്യുന്നതിന് ഉപകരിക്കും.

23) പെരിയാർവാലി ഒക്കൽ ബ്രാഞ്ച് കനാലിൽ നിന്നും മണ്ണാറേലി പാടത്തേക്ക് ഒരു സ്ഥിരം സ്ലൂയീസ് പുതിയതായി ആരംഭിക്കണം.

24) തെക്കിനേത്ത് പാടം, കിഴക്കംവേലി പാടം, തോട്ടുശ്ശാട്ട്, മൂട്ടകുഴിപാടങ്ങൾ, കൊരുമ്പശ്ശേരി പാടം, ഇലവുംകുടി പാടം, കുണ്ടോൻ പാടം എന്നിവിടങ്ങളിലേക്ക് വർഷക്കാലത്ത് വരുന്ന പുറംവെള്ളവും, കനാൽവെള്ളവും നിയന്ത്രിച്ച് വിടുന്നതിന് തോടുകൾ നിർമ്മിക്കണം.

25) തോട്ടക്കാട് പാടത്തേക്കും, ഇലവുംകുടി പാടത്തേക്കും, കൊരുമ്പശ്ശേരി പാടത്തേക്കുമുള്ള ഫാം റോഡുകൾ വീതി കൂട്ടി കൃഷി യന്ത്രങ്ങളും മററും കൊണ്ടുപോകുന്നതിന് യുക്തമാക്കണം.

26) വാച്ചാൽ പുഞ്ചയുടെ 10 ഏക്കർ ഭാഗം ഒരു വ്യക്തി കൈവശം വച്ച് തരിശിടുന്നതിനാൽ താഴോട്ടുള്ള പാടശേഖരങ്ങളിൽ കൃഷി നാശം സംഭവിക്കുന്നു. അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്.

* *
*

## പട്ടിക 3 ജലസ്രോതസ്സുകൾ

| വാർഡ് | തോടുകൾ | ലിഫ്ററ് ഇറിഗേഷൻ | കുളങ്ങൾ | ചിറകൾ | മററുള്ളവ |
|---|---|---|---|---|---|
| I | | പെരുമററം ലിഫ്ററ് ഇറിഗേഷൻ | | | |
| II | 1) കരിംകുളത്ത് നിന്ന് തുടങ്ങി ഈസ്റ്റ് ഒക്കൽ പൈല തോട്ടിൽ ചേരുന്ന തോട് 2) കണ്ടപാടം തോട് | ഒക്കൽ ലിഫ്ററ് ഇറിഗേഷൻ | | | പെരിയാർവാലി കനാൽ |
| III | 1) ഓവുങ്ങൻ തോട് 2) കല്ല് തോട് 3) അമ്പലത്താൻ പാടത്തേക്കുള്ളത് 4) കീഴഞ്ഞ ലത്തേക്ക് പോകുന്നത് 5) വാളക്കട തോട് 6) കാക്കോപാടം തോട് 7) കാവുംമുഖത്തേക്ക് പോകുന്ന തോട് | ചേലാമററം മൈനർ ഇറിഗേഷൻ | | | |
| IV | 1) മാന്തോട് | ഈസ്റ്റ് ഒക്കൽ ലിഫ്ററ് ഇറിഗേഷൻ | പൂപ്പാനിപാടം കുളം | 1) തൊട്ടുത്തുറ 2) ചെമ്പാലചിറ 3) അമ്പലചിറ | കരിങ്കൽ മടകരം |
| V | 1) മാന്തോട് 2) മണ്ണാറേലി തോട് 3) വിഴക്കപ്പാറതോട് 4) വള്ളിക്കാട്ട് പുഞ്ച തോട് 5) ആര്യംപാടത്ത് നിന്നും തെക്കോട്ട് പോകുന്ന തോട് | | 1) മൈലാച്ചാൽ കുളം | 1) അണക്കോലിത്തുറ 2) മുട്ടത്തുറ 3) തൊട്ടുത്തുറ | 1) ആയത്തുപടി ജലധാര പദ്ധതി 2) പുക്കാട്ടുമാലി കനാൽ |
| VI | 1) വാച്ചാൻ തോട് 2) തൃക്കാ തോട് 3) മരോട്ടി തോട് 4) പടിക്കലേറാലി തോട് 5) പുളിയില തോട് 6) മനസ്സപാടം തോട് 7) പൂച്ചിറമാലി തോട് 8) നടക്കണ്ണി തോട് 9) ആക്കുളം തോട് 10) ആല്യങ്ങപാടം തോട് | | 1) ആക്കുളം 2) പുത്തൻകുളം 3) വലിയകുളം 4) ചാലിലെകുളം | 1) റാങ്ങേത്ത് ചിറ 2) അക്കാട്ട് ചിറ | പെരിയാർവാലി കനാൽ |
| VII | 1) വലിയ തോട് 2) ചാലിൻ തോട് 3) ആലിങ്ങ തോട് 4) ചൂരത്തോട് | | 1) ചേനായിക്കുളം 2) ചേന്നംകുഴി 3) മനയത്ത്കുളം 4) പുത്തൻവീട് കുളം 5) കക്കുളം 6) പള്ളിസ്ഥാമം കുളം | 1) ഞവരിച്ചിറ 2) കോട്ടച്ചിറ 3) പള്ളപ്പെട്ടച്ചിറ 4) കാവുംപുറം ചിറ 5) പൊട്ടചിറ | |
| VIII | പുതുചിറ – മണ്ണാറേലിതോട് | | 1) തെക്കിനേത്ത് കുളം 2) ചവണിക്കുളം 3) കൊരുമ്പശ്ശേരി കുളം 4) തോട്ടസ്ഥാട്ടകുളം | 1) പുതുച്ചിറ 2) പൊട്ടച്ചിറ | 1) പെരിയാർ വാലി ഒക്കൽ ബ്രാഞ്ച് സ്ലൂയീസ് 2) പെരിയാർ വാലി കോടനാട് വെസ്റ്റ് ബ്രാഞ്ച് |
| IX | 1) തൊട്ടുത്തുറ – കൊട്ടവേലിത്തുറ തോട് 2) വലിയകുളം – കൊട്ടവേലിത്തുറ തോട് | കൂടാലപ്പാട് ലിഫ്ററ് ഇറിഗേഷൻ സ്കീം | വലിയ കുളം | | പെരിയാർ വാലി കോടനാട് വെസ്റ്റ് ബ്രാഞ്ച് കനാൽ |
| X | 1) പെലതോട് 2) ആര്യൻകുടിപാടം തോട് 3) നടപ്പിള്ളി തോട് 4) മുട്ടത്തുറ – കൊട്ടവേലിത്തുറ തോട് | 1) ഒക്കൽ ലിഫ്ററ് ഇറിഗേഷൻ 2) ഇടവൂർ ലിഫ്ററ് ഇറിഗേഷൻ 3) പാറക്കടവ് ലിഫ്ററ് ഇറിഗേഷൻ | | കൊട്ടവേലിത്തുറ | |
| XI | 1) മങ്കുഴി തോട് 2) നടപ്പിള്ളി തോട് | ചേരാനല്ലൂർ ലിഫ്ററ് ഇറിഗേഷൻ | | | |
| XII | പ്ലാങ്കുടി തോട് | ചേരാനല്ലൂർ ഇറിഗേഷൻ | | 1) മുട്ടത്തുറ 2) തൊട്ടുത്തുറ | പെരിയാർവാലി കനാൽ |
| XIII | 1) പ്ലാങ്കുഴി തോട് 2) പുഞ്ചക്കുഴി തോട് 3) കുന്തിരി മൂലതോട് 4) കോരമംഗലം തോട് | ലിഫ്ററ് ഇറിഗേഷൻ 3 എണ്ണം | | എക്കുഴിച്ചിറ | പെരിയാർവാലി |
| XIV | 1) വാണിയപ്പിള്ളി മുതൽ കാവൽ സ്ഥലം വരെയുള്ള തോട് 2) മരങ്ങാട്ടുമാലി മുതൽ പീച്ച നാട്ടുകുഴി വരെയുള്ള തോട് 3) മേലേത്തിനാൽ പാടംതോട് 4) കുളത്താട്ടിച്ചിറ മുതൽ വലിയതോട് വരെയുള്ള തോട് 5) എക്കുഴിച്ചിറ മുതൽ വലിയതോട് വരെയുള്ള തോട് 6. PVIP കനാൽ ടെയിൻ എൻറ് മുതൽ ആറാട്ടു കടവ് വരെയുള്ള തോട് 7. ചെട്ടിനടപാടം കുടി വടക്കാമ്പിള്ളി വരെയുള്ള തോട് 8) ചൂണ്ടക്കുഴി കുളം മുതൽ വലിയകുളം വരെയുള്ള തോട് | | | 1) എക്കുഴിച്ചിറ 2) മേലേത്തിനാൽ ചിറ 3) കുളത്താട്ടിച്ചിറ | പെരിയാർവാലി കനാൽ കോടനാട് ഈസ്റ്റ് ബ്രാഞ്ച് |
| XV | 1) ആലാട്ടുചിറ നടത്തോട് 2) ഏസക്കോട് രണ്ടാംപാലം തോട് 3) ചെട്ടിനട ഒന്നാം പാലം തോട് 4) പൂഴിച്ചിറ തോട് | കപ്പിരിക്കാട് ലിഫ്ററ് ഇറിഗേഷൻ | | 1) നെടുമ്പാലച്ചിറ 2) ഏസക്കോട് ചിറ 3) ചെട്ടിനട ചിറ 4) വട്ടശ്ശേരിച്ചിറ | പെരിയാർവാലി കനാൽ |

പുരയിടങ്ങളുടെ ജലസേചനത്തിന് ഭൂരിഭാഗവും കിണറുകളെയും കുളങ്ങളെയുമാണ് ആശ്രയിക്കുന്നത്. വാർഡ് XV, XIV, XIII, XII, XI, X, II, I, III, എന്നീ വാർഡുകളിൽ തീരപ്രദേശങ്ങളിലെ പുരയിടങ്ങളിൽ പ്രധാനമായും പെരിയാറിനെയാണ് ആശ്രയിക്കുന്നത്. ഏകദേശം 5300 വൈദ്യുത മോട്ടോറുകളും 20 ഡീസൽ എൻജിനികളും ഉപയോഗിക്കുന്നു.

# മൃഗപരിപാലനവും, മത്സ്യബന്ധനവും 2

നമ്മുടെ പഞ്ചായത്തിലെ പ്രാഥമിക മേഖലയിലെ ഒരു പ്രധാന ഉപമേഖലയാണ് മൃഗപരിപാലനം. ക്ഷീരോല്പാദനത്തിനായി പ്രധാനമായും ഉപയോഗിക്കുന്നത്. പശു, എരുമ എന്നിവയാണ്. ആട് കുറഞ്ഞ അളവിൽ മാത്രമെ ഉപയോഗിക്കപ്പെടുന്നുള്ളൂ. പന്നി, കോഴി എന്നിവയെ മാംസോല്പാദനത്തിനായി വളർത്തപ്പെടുന്നു. കൂടാതെ കോഴി മുട്ടയും തരുന്നു.

പഞ്ചായത്തിന്റെ സമ്പത്ഘടനയുടെ വളർച്ചയിൽ മൃഗസംരക്ഷണമേഖലയ്ക്ക് പ്രധാനപ്പെട്ട പങ്കാണ് ഉള്ളത്. ഗ്രാമീണ കുടുംബങ്ങൾക്ക് വരുമാനവും തൊഴിലും നൽകുന്നതോടൊപ്പം മണ്ണിന്റെ ഗുണനിലവാരം ജൈവപ്രവർത്തനത്തിലൂടെ വർദ്ധിപ്പിക്കുന്നതിലും, കാർഷീകപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഊർജ്ജം പ്രദാനം ചെയ്യുന്നതിലും ഈ മേഖല മുഖ്യ പങ്കുവഹിക്കുന്നു. ഒപ്പം ആവശ്യമായ വിലപ്പെട്ട മൃഗമാംസസ്രോതസ്സായി നിലകൊള്ളുന്നതും ഈ മേഖല തന്നെ

സസ്യലതാദികളെ ഭക്ഷണമാക്കി, ഭക്ഷണത്തിന്റെ അളവ് താരതമ്യം ചെയ്യുമ്പോൾ ഉയർന്നഉല്പാദനക്ഷമതയുള്ള താരതമ്യേന ഉയർന്ന പ്രതിരോധശേഷിയുള്ള ഗ്രാമീണ ജനങ്ങൾക്ക് താങ്ങാൻ കഴിയുന്ന അവർക്ക് അധികം ചെലവില്ലാതെ അധിക വരുമാനം നൽകി വന്ന തനതായ കന്നുകാലിസമ്പത്തായിരുന്നു നമുക്കുണ്ടായിരുന്നതു്. എന്നാൽ ജനസംഖ്യാ വളർച്ചയെ തുടർന്നു പാലുല്പാദനത്തിന്റെ ആവശ്യകത വർദ്ധിച്ചു. കന്നുകാലി സമ്പദ്ഘടനയിൽ വ്യാപകമായ മാററങ്ങളുണ്ടായി. പ്രധാനമായും കൃത്രിമ ബീജസങ്കലനത്തിലൂടെ മേൽത്തരം ജനുസ്സുകളിലേയ്ക്കുള്ള പരിപ്രവർത്തനം പാലുല്പാദനം വർദ്ധിപ്പിച്ചു മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പശുക്കളുടെ എണ്ണം വർദ്ധിച്ചു എരുമ ആട് എന്നിവ കുറഞ്ഞു, സങ്കരയിനം പശുക്കളെ ഉപപോഗിച്ചു പാലുല്പാദനരംഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ചതാണ് ഇതിനു കാരണം.

## കാലിസമ്പത്ത്

ഈ പഞ്ചായത്തിൽ ഏകദേശം 9000ത്തോളം കറവപ്പശുക്കൾ ഉണ്ടെന്നാണ് മിൽമയുടെയും, മററു സ്വകാര്യ ഡയറി യൂണിററുകളുടെയും, മൃഗസംരക്ഷ വകുപ്പിലേയും കണക്കുകൾ സൂചിപ്പിക്കുന്നതു്. ഇതിൽ സങ്കരയിനം പശുക്കൾ 80% വരും. ഉഴവു മാടുകൾ കഴിഞ്ഞ 10വർഷത്തിനുള്ളിൽ ഗണ്യമായി കുറയുകയുണ്ടായിട്ടുണ്ട്. കീടാരികൾ ഏകദേശം 3500 നും 4000 ത്തിനും ഇടയിലാണുള്ളത്. ആടുകളുടെ കണക്കുകൾ നോക്കുകയാണെങ്കിൽ 1000 ത്തിൽ താഴെ മാത്രമാണുള്ളതു്. പന്നിവളർത്തൽ, മുയൽ താറാവ് എന്നിവ നാമമാത്രമാണ്. പഞ്ചായത്തിലുള്ളതു്.

## കോഴിസമ്പത്ത്

പഞ്ചായത്തിൽ വിവിധ മേഖലകളിലായി 10 ഓളം ചെറുകിട ഇറച്ചിക്കോഴി യൂണിററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽമൊത്തം 4500 കോഴി കുഞ്ഞുങ്ങളെ വളർത്തുന്നതിനുള്ള സൗകര്യങ്ങളെ നിലവിലുള്ളൂ. ഇവ കൂടാതെ പഞ്ചായത്തിൽ ഉള്ള ആകെ കുടുംബങ്ങളിൽ 60%ത്തോളം ഒന്നോ, രണ്ടോ കോഴികളെ വളർത്തുന്നവരാണ്. പഞ്ചായത്തിന്റെ കോഴിയിറച്ചി ഉപയോഗവുമായി തട്ടിച്ചുനോക്കുമ്പോൾ നൂറിലൊന്ന് സമ്പത്തു് നിലവിലില്ല

മുട്ടക്കോഴിവളത്തൽ പഞ്ചായത്തിൽ യൂണിററ് അടിസ്ഥാനത്തിൽ ഒന്നും നിലവിലില്ല വീട്ടുവളപ്പിലെ കോഴികളിൽ നിന്നും ദിവസം 5000 മുട്ടകളിൽ താഴെ മാത്രമെ ലഭിക്കുന്നുള്ളൂ. പഞ്ചായത്തിന്റെ ഉപയോഗം ദിവസം 30000നും 35000നും ഇടയിലാണ്. അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നു് ഇറക്കുമതി ചെയ്താണ് ഈ വിടവ് പരിഹരിക്കുന്നതു്.

## മൽസ്യബന്ധനം

ഈ പഞ്ചായത്തിലെ നെൽപ്പാടങ്ങളിൽ സുലഭമായി ലഭിച്ചിരുന്ന നാടൻ മൽസ്യങ്ങൾ ഇപ്പോൾ പൂർണ്ണമായും അപ്രത്യക്ഷമായിരിക്കുകയാണ്. വ്യാവസായികാടിസ്ഥാനത്തിൽ മൽസ്യ വളർത്തുകേന്ദ്രം പഞ്ചായത്തിൽ നിലവിലില്ല. ചുരുക്കം ചില സ്വകാര്യ വ്യക്തികൾ നാമമാത്രമായി ഈ കൃഷി പരീക്ഷിച്ചുനോക്കുന്നു.

## പൊതുപ്രശ്നങ്ങൾ

1) മിൽക്ക് സംഘങ്ങൾ മുഖേന കാലിത്തീററയുടെ ലഭ്യത കുറവും അമിതമായ വിലവർദ്ധനവും

2) ഉയർന്ന ഗുണനിലവാരമുള്ള കന്നുകാലികളെ വളർത്തുന്ന കർഷകർ പോഷകനിലവാരം കുറഞ്ഞ കാലിത്തീററകൾ ഉപയോഗിക്കാൻ നിർബന്ധിക്കപ്പെടുന്നു, ഉല്പാദനം കുറയുന്നു

3) തീററ പ്പുൽകൃഷിയുടെ വ്യാപ്തി കുറവ്, പുൽ വിത്തിൻെറ ലഭ്യത കുറവ്, ലഭിയ്ക്കുന്ന പുൽവിത്ത് അനുയോജ്യമായ കാലാവസ്ഥയിൽ ലഭിയ്ക്കാത്തത് കർഷകരുടെ ഇടയിൽ ഈ കൃഷിയെ സംബന്ധിച്ചുള്ള ബോധക്കുറവ് എന്നിവ മൃഗപരിപാലനത്തെ സാരമായിബാധിക്കുന്നു

4) സ്വകാര്യമേഖല, പൊതുമേഖല സംഘങ്ങൾ വഴി പാലുല്പാദകനു ലഭിക്കുന്ന വില വളരെ കുറവാണ്.

5) പഞ്ചായത്തിൽ നിലവിൽ രണ്ട് മൃഗാശുപത്രികളും മൂന്നു സബ് സെൻററുകളും മാത്രമാണുള്ളതും ഇതു് വിസ്തൃതമായ ഈ പഞ്ചായത്തിൽ എല്ലാ കർഷകരിലും മൃഗചികിത്സാസൗകര്യം ലഭിക്കുന്നതിനു് തടസ്സമാണ്.

6) ഈ പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള ക്ഷീരവികസനഓഫീസ് ഈ പഞ്ചായത്തിനു് പുറത്താണ് പ്രവർത്തിക്കുന്നതു്. തന്മൂലം നടപ്പു പദ്ധതിയുടെ വിവരങ്ങൾ യഥാസമയം കർഷകർക്ക് ലഭിക്കുന്നില്ല.

7) പ്രധാനമായും പഞ്ചായത്തിൽ കണ്ടു വരുന്ന രോഗങ്ങൾ കുളമ്പുരോഗം, അകിടുവീക്കം, ഞൊണ്ടിപ്പനി (മുടന്തൻപനി) വന്ധ്യത മുതലായവയാണ് ഇതിൽ തന്നെ കുളമ്പുരോഗം വ്യാപകമായി പടർന്നു് പിടിക്കാറുള്ള പ്രദേശമെന്നനിലയിൽ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ചികിൽസാ സൗകര്യം ഫലപ്രദമായി എത്തിക്കുന്നതിനും നടപ്പുപദ്ധതികൾ ഫലപ്രദമല്ല.

അകിടുവീക്കം ഫലപ്രദമായി തടയുന്നതിനുള്ള മാർഗ്ഗങ്ങൾ കർഷകർ ശരിയായ വിധത്തിൽ മനസ്സിലാക്കാത്തതിനാൽ പാലുല്പാദനരംഗത്തു് കർഷകർക്ക് സാമ്പത്തികവും മാനസീകവുമായ വളരെയധികം പ്രശ്നങ്ങൾ നേരിടുന്നു.

8) മൃഗസംരക്ഷണ വകുപ്പും ക്ഷീരവികസനവകുപ്പും സംയുക്തമായി നടപ്പാക്കുന്ന ചികിത്സാസമ്പ്രദായങ്ങൾ ഫലപ്രദമായി കർഷകർക്ക് ലഭ്യമാകാത്തതിനാൽ കർഷകർ സ്വകാര്യ ചികിത്സ നടത്താൻ നിർബന്ധിതരാകുന്നു. ഇത് കർഷകർക്ക് സാമ്പത്തികനഷ്ടം വരുത്തിവെക്കുന്നു

9) നിലവിലുള്ള മൃഗാശുപത്രികളുടെ സൗകര്യക്കുറവും, മരുന്നിൻെറ ലഭ്യതക്കുറവും ഈ രംഗത്ത് പഞ്ചായത്ത് നേരിടുന്ന പ്രധാനപ്രശ്നമാണ്.

10) പഞ്ചായത്തിൽ ഏകീകൃത സ്വഭാവമുള്ള കന്നുകാലി ഇൻഷൂറൻസ് പദ്ധതിനിലവിലില്ല.

11) നടപ്പുപദ്ധതിയിൽ ഇപ്പോൾ ലഭിക്കുന്ന ഇൻഷൂറൻസ് ആനുകൂല്യങ്ങൾ കർഷകനു് ലഭിക്കുന്നതിനു് നിലവിലുള്ള സംവിധാനത്തിൽ ജനകീയമായ മാററങ്ങൾ വരുത്താത്തതുമൂലം കർഷകരിലേക്ക് ഇതിൻെറ ആവശ്യകത എത്തിക്കാത്തതിനാൽ ഇൻഷൂറൻസ് പദ്ധതി ഫലപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല.

12) ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പാ സൗകര്യം പഞ്ചായത്തിൽ ഫലപ്രദമല്ല.

13) മൃഗസംരക്ഷണ വകുപ്പും ക്ഷീരവികസനവകുപ്പും ആവിഷ്ക്കരിക്കുന്ന സാമ്പത്തിക സഹായ പദ്ധതികൾ നാമമാത്രം കർഷകരിലേക്കു മാത്രമേ എത്തപ്പെടുന്നുള്ള.

14) പഞ്ചായത്തിൽ മൃഗപരിപാലനത്തിനായി ഉപയോഗിക്കുന്ന തൊഴുത്തുകളിൽ അറുപതു ശതമാനത്തോളം വേണ്ടത്ര സൗകര്യങ്ങളോടെ നിർമ്മിക്കപ്പെട്ടവയല്ല.

15) അത്യുത്പാദനശേഷിയുള്ള കന്നുകുട്ടി ഉല്പാദനരംഗത്ത് പഞ്ചായത്തിനു് ഫലപ്രദമായസൗകര്യം ലഭ്യമല്ല.

16) പേ വിഷ നിർമ്മാർജ്ജന പദ്ധതി പഞ്ചായത്തിൽ നടപ്പാക്കുന്നുണ്ടെങ്കിലും നായ്ക്കളെ നശിപ്പിക്കാനുള്ള പരിശീലകരുടെ അഭാവം ഈ രംഗത്തെ സാരമായി ബാധിക്കുന്നു

പ്രതിരോധ കുത്തിവെയ്പ്പിനു് പഞ്ചായത്തിൽ ഫലപ്രദമായ സൗകര്യം ലഭ്യമല്ല.

17) കോഴിക്കുഞ്ഞുങ്ങളെ പഞ്ചായത്ത് തലത്തിൽ വൻതോതിൽ വിരിയിച്ചെടുക്കുന്നതിനുള്ള സൗകര്യക്കുറവ്

18) കോഴിത്തീററയുടെ അമിതമായ വിലക്കയററവും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നതും.

19) ഇറച്ചിക്കോഴി, മുട്ടക്കോഴി ഉല്പാദനരംഗത്തും കർഷകർക്കുള്ള പരിജ്ഞാനക്കുറവ്.

20) ചികിത്സാരീതികളുടെ അഭാവം പകർച്ചവ്യാധി തടയുന്നതിനുള്ള ഫലപ്രദമായ സൗകര്യമില്ലായ്മ.

21) ഇറച്ചിക്കോഴികളുടെ ഇറക്കുമതി.

22) വൃത്തിഹീനങ്ങളായ കശാപ്പുശാലകളും രോഗം ബാധിച്ച മൃഗങ്ങളെ കശാപ്പുചെയ്യുന്നതും.

23) ഇറച്ചി സംസ്ക്കരണ യൂണിററുകളുടെ അഭാവം

## പരിഹാര നിർദ്ദേശങ്ങൾ

1) ഗുണമേന്മയുള്ള കാലിത്തീററ, കോഴിത്തീററ എന്നിവ വിലകുറച്ച് കർഷകന് ലഭ്യമാക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ എല്ലാ കർഷകരിലും ആവശ്യാനുസരണം എത്തിക്കത്തക്കവിധത്തിലുള്ള കാലിത്തീററ നിർമ്മാണയൂണിററുകൾ ആരംഭിക്കുക.

2) ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്ന തേങ്ങ ആട്ടി വെളിച്ചെണ്ണയാക്കുന്ന പ്രക്രിയ ഇവിടെത്തന്നെ നടത്തി ഉപോല്പന്നമായ പിണ്ണാക്കിൻെറ ലഭ്യത വർദ്ധിപ്പിക്കാം.

3) തീററപ്പുൽകൃഷി വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് പുറമ്പോക്കുഭൂമികൾ ഉപയോഗിക്കുകയും കർഷകരുടെ കൃഷിയിടങ്ങളിൽ നിർബന്ധമായും, മണ്ണൊലിപ്പുതടയാൻ ഉതകുന്ന രീതിയിലെങ്കിലും പുൽ വച്ചുപിടിപ്പിക്കുന്നതിനും പദ്ധതി തയ്യാറാക്കുക

4) പുൽകൃഷിക്കാവശ്യമായ വിത്തും വളവും അനുയോജ്യമായ കാലാവസ്ഥയിൽ കർഷകരിൽ എത്തിക്കുന്നതിന് കൃഷിഭവനുമായി ആലോചിച്ച് പദ്ധതി തയ്യാറാക്കുക.

5) പുൽ കൃഷിയുടെ ആവശ്യകതയെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

6) പഞ്ചായത്തിൽമൃഗപരിപാലനത്തിനായിനിലവിലുള്ള 2 മൃഗാശുപത്രികൾക്കും 2 സബ്സെൻററുകൾക്കും പുറമെ ഓരോ വാർഡിലും ഒരു മൃഗാശുപത്രി എങ്കിലും അനുവദിക്കുക.

നിലവിലുള്ള മൃഗാശുപത്രികളിൽ ആവശ്യമുള്ള മരുന്ന് മററു സൗകര്യങ്ങൾ എന്നിവ എല്ലാ സമയത്തും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

7) മാരകമായ പകർച്ചവ്യാധികളായ കുളമ്പുരോഗം അകിടുവീക്കം, മൊടന്തൻപനി, വന്ധ്യത ഇവ തടയുന്നതിന് എല്ലാ വർഷവും സൗജന്യ പ്രതിരോധകുത്തിവയ്പ് നടത്തുകയും ആവശ്യമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക

8) നിലവിലുള്ള ഇൻഷൂറൻസ് പദ്ധതി പരിഷ്ക്കരിക്കുകയും എല്ലാ കർഷകരേയും ഇതിൽ ഉൾപ്പെടുത്തി ഏകീകൃത ഇൻഷൂറൻസ്പദ്ധതി പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കുക. ഇൻഷൂറൻസ് പ്രീമിയം സൗജന്യമായി നൽകുക.

9) മൃഗസംരക്ഷണവകുപ്പും ക്ഷീരവികസനവകുപ്പും ആവിഷ്ക്കരിക്കുന്ന സഹായപദ്ധതികൾ കൂട്ടിച്ചേർത്ത് പഞ്ചായത്തിൻെറ സഹകരണത്തോടെ ഒരു വീട്ടിൽ ഒരു പശു, ഒരു തൊഴുത്ത് എന്ന പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുക.

10) അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളെ ഉല്പാദിപ്പിക്കുന്നതിന് പഞ്ചായത്തിൽ ഗുണമേന്മയുള്ള ബീജം സ്റ്റോർ ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും സൗകര്യം ഏർപ്പെടുത്തുക.

11) നടപ്പുപദ്ധതിയായ S. L. V. P (കന്നുകുട്ടിദത്തെടുക്കൽ പദ്ധതി) പഞ്ചായത്തിൽ പൂർണ്ണമായി നടപ്പിലാക്കുക.

12) Male Calf പരിപാലനപദ്ധതിയിൽ പഞ്ചായത്തിൽ 15 യൂണിററുകൾ തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുക.

13) പഞ്ചായത്ത് അടിസ്ഥാനത്തിൽ എളുപ്പത്തിൽ ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് മൊബൈൽ മൃഗചികിത്സാസൗകര്യം ഏർപ്പെടുത്തുക.

14) പാലുല്പാദകന് ഉല്പാദനചിലവിനനുസൃതമായ പാൽ വില ലഭ്യമാക്കുന്നതിന് ഗവ: തലത്തിൽ നടപടികൾ സ്വീകരിക്കുക.

15) അനധികൃത കശാപ്പുശാലകൾ നിർത്തലാക്കുകയും പഞ്ചായത്തടിസ്ഥാനത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കശാപ്പുശാല സ്ഥാപിക്കുകയും, ഗുണനിലവാരം ഉറപ്പുവരുത്തി വിതരണം സാദ്ധ്യമാക്കുകയും ചെയ്യുക ഇറച്ചിസംസ്ക്കരണം ഏർപ്പെടുത്തുക.

16) മൃഗ പരിപാലനം സാദ്ധ്യമാക്കുന്ന നീർമറി പദ്ധതിയിൽ പഞ്ചായത്തിൽ ഉൾപ്പെടുത്താത്ത 6, 7,13,14,15 എന്നീ വാർഡുകൾ കൂടി ഉൾപ്പെടുത്തി പൂർണ്ണമാക്കുക.

17) കറവമാടുകളേയും, കോഴികളേയും മററും വാങ്ങുന്നതിനും, തൊഴുത്തുണ്ടാക്കുന്നതിനും. ധനകാര്യസ്ഥാപനങ്ങളിൽനിന്നും കുറഞ്ഞ പലിശയ്ക്ക് സബ്സിഡിയോടുകൂടിയ വായ്പ ലഭ്യമാക്കുക.

18) വൻതോതിൽ കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിന് 'സെൻറർ ഹാച്ചറി' സ്ഥാപിക്കുക.

19) ബയോഗ്യാസ്പ്ലാൻറ് ഭൂരിപക്ഷം വീടുകളിലും നടപ്പാക്കുന്നതിന് സാമ്പത്തിക, സാങ്കേതിക സഹായം ലഭ്യമാക്കുക.

20) മിൽക്ക് സഹകരണസംഘത്തിലെ ജീവന

ക്കാരിലൊരാറംക്ക് കൃത്രിമ ബീജസങ്കലന പരിശീലനംകൊടുക്കുകയും ഈ പദ്ധതിക്കു വേണ്ടി നിയോഗിക്കുകയും ചെയ്യുക.

21) പേ വിഷ നിർമ്മാർജ്ജന പദ്ധതി വിജയകരമാക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്ത ൽ 15 പേക്ക് പരിശീലനം കൊടുക്കുകയും, സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുകയും ചെയ്യുക.

22) ഇറച്ചി. മുട്ട വിപണനത്തിന് പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ സഹകരണ സ്റ്റോറുകറം സ്ഥാപിക്കുക.

23) മുട്ടയുല്പാദനം വർദ്ധിപ്പിക്കുന്നതിന് അടുക്കള ക്കോഴി പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളെയും ഉറംപ്പെടുത്തുക.

24) ഇറച്ചിക്കോഴി വളർത്തു യൂണിററ് തുടങ്ങുന്നതിന് തയ്യാറുള്ള സംരംഭകർക്ക് ആവശ്യമായ കോഴിക്കുഞ്ഞുങ്ങളെയും ധന സഹായവും ലഭ്യമാക്കുക.

25) ഇറച്ചിക്കോഴി ഇറക്കുമതി ക്രമീകരിച്ച് നാട്ടിലുള്ള ഇറച്ചിക്കോഴി ഉല്പാദകർക്ക് ന്യായമായ വില ഉറപ്പു വരുത്തുക.

26) കോഴികളുടെ പകർച്ചവ്യാധി തടയുന്നതിന് ആവശ്യമായ മരുന്നം ചികിത്സാസൗകര്യവും കർഷകർക്ക് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക.

27) 'Egger Poultry Nursing' പദ്ധതിയിൽ പുതിയ യൂണിററുകറംസ്ഥാപിച്ച് പുതിയ സംരംഭകർക്ക് കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.

28 മൽസ്യകൃഷി വിപുലീകരിക്കുന്നതിന് പഞ്ചായത്തിൻെറ പൊതുകുളങ്ങറം, വെള്ളക്കെട്ടുള്ള പാടശേഖരങ്ങറം എന്നിവ കെട്ടിസംരക്ഷിച്ച് കൃഷി നടപ്പാക്കുക.

29 സ്വകാര്യകുളങ്ങളിൽ കൃഷി നടത്തുന്നതിന് മൽസ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും ആവശ്യമായ കൃഷിവിവരങ്ങറം ലഭ്യമാക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ സെമിനാറുകറം സംഘടിപ്പിക്കുക.

30 മൽസ്യവിപണനത്തിന് പഞ്ചായത്തടിസ്ഥാനത്തിൽ പൊതുമൽസ്യചന്ത സ്ഥാപിക്കുക.

31 പന്നി, മുയൽ, താറാവ് വളർത്തലിന് പുതിയ യൂണിററുകറം സ്ഥാപിച്ച് ആവശ്യമായ സാങ്കേതിക, സാമ്പത്തിക സൗകര്യങ്ങറം ലഭ്യമാക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ പദ്ധതികറം ആവിഷ്ക്കരിക്കുക.

32 സംസ്ഥാന പൗറംട്രി കോർപ്പറേഷൻെറ സഹായം പഞ്ചായത്തിന് ലഭ്യമാക്കുക.

**പേ വിഷബാധ–പ്രതിരോധവും ചികിത്സയും.**

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മററുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ്പ് നൽകിയവയുടെ എണ്ണം | | | | 96 | | |
| കടിയേററതിനു ശേഷം കുത്തിവെയ്പ്പ് നടത്തിയവയുടെ എണ്ണം | 80 | 8 | 25 | 50 | | 16 |

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ലധികം തവണ ബീജ സങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| പശു | 1610 | 1200 | 410 |
| കിടാരി | 726 | 480 | 246 |
| എരുമ | 383 | 268 | 115 |

അവലംബം: ഒക്കൽ ഗവ വെററിനറി ഡിസ്പെൻസറി

കോടനാട് ,, ,, ,,

6

## രോഗ വിവരങ്ങൾ

| ക്രമ നം: | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | ആന | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 74 | 6 | 257 | 28 | 33 | | | 10 | 38 | 62 |
| 2 | ശ്വാസകോശസംബന്ധം | 125 | 20 | 97 | | | | | | | |
| 3 | ഉപാപചയസംബന്ധം | 220 | 86 | 85 | 38 | 15 | 7 | | | 10 | |
| 4 | ത്വക്‌രോഗങ്ങൾ | 225 | 75 | | | 35 | | | | | |
| 5 | ധാതുലവണങ്ങളുടെ അഭാവം | 210 | 42 | 75 | | | | | | | |
| 6 | പരാദരോഗങ്ങൾ | 200 | 100 | | | | | | | | |
| 7 | പ്രത്യുത്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 95 | 35 | 16 | | | | | | | |
| 8 | വന്ധ്യത | 160 | 18 | 30 | | | | | | | |
| 9 | അകിടുവീക്കം | 610 | 31 | 50 | | | | | | | |
| 10 | മുടന്തൻപനി | 380 | 75 | | | | | | | | |
| 11 | പകർച്ചവ്യാധികൾ | | | | | | 7200 | 30 | | | |
| 12 | കുളമ്പുരോഗം | 200 | 100 | | 150 | | | | | | |

**അവലംബം:** കോടനാട് ഗവൺമെന്റ് വെറ്ററിനറി ഡിസ്പെൻസറി

ഒക്കൽ ഗവ വെറ്ററിനറി ഡിസ്പെൻസറി

# 3. വ്യവസായം

കൂവപ്പടി പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും കൃഷി, പരമ്പരാഗത കൈത്തൊഴിൽ. കൂലിപ്പണി, ചെറുകിടവ്യവസായങ്ങൾ, കരിങ്കല്ലുപൊട്ടിക്കൽ തുടങ്ങിയ തൊഴിലുകളെ ആശ്രയിച്ച് ജീവിക്കുന്നു, പഞ്ചായത്തിന്റെ വടക്ക പടിഞ്ഞാറ് അതിർത്തിയിലൂടെ ഒഴുകുന്ന പെരിയാറിൽ നിന്ന് സുലഭമായി കിട്ടുന്ന മണൽ തീരങ്ങളിൽ താമസിക്കുന്നവർക്കും, പഞ്ചായത്തിനും ഒരു വരുമാനമാർഗ്ഗമാണ്

പഞ്ചായത്ത് അതിർത്തിക്കടുത്ത് സ്ഥിതി ചെയ്യുന്ന ഏഷ്യയിലെ ആദ്യത്തെ കൃത്രിമ പട്ടുനൂൽ വ്യവസായ സ്ഥാപനമായ ട്രാവൻകൂർ റയോൺസ് കമ്പനിയിലെ തൊഴിലാളികളിൽ നല്ലൊരു ശതമാനം ഈ പഞ്ചായത്തിൽ പെടുന്നവരാണ് പീഡിത വ്യവസായത്തിന്റെ പട്ടികയിൽ പെടുത്തി കമ്പനിയുടെ പുന: രുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും മാനേജ്മെന്റിന്റെ കാര്യശേഷിയില്ലായ്മ കമ്പനിയുടെ ഭാവിഅപകടത്തിലാക്കിക്കൊണ്ടിരിക്കുന്നു. കമ്പനിയുടെ ഉല്പന്നങ്ങളും ഉപോല്പന്നങ്ങളും മററു ഉപയോഗപ്പെടുത്തി അനുബന്ധ വ്യവസായ ശൃംഗല നമ്മുടെപഞ്ചായത്തിൽ തുടങ്ങാവുന്നതാണ്

പഞ്ചായത്തിൽ സഹകരണ മേഖലയിൽ ചില വ്യവസായസംരഭങ്ങൾ ആരംഭിച്ചുവെങ്കിലും അവയെല്ലാം പരാജയപ്പെടുകയാണുണ്ടായത്

ക്രഷറുകൾ, ഹോളോ ബ്രിക്സ് നിർമ്മാണ ശാലകൾ പ്ലൈവുഡ് ഫാക്ടറികൾ തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ഭൂരിഭാഗവും തദ്ദേശിയരല്ല പരമ്പരാഗത കുടിൽ വ്യവസായങ്ങൾ പ്രധാനമായും പനമ്പുനെയ്ത്ത്, മുറം, കുട്ട, വട്ടി, തഴപ്പായ നിർമ്മാണം എന്നിവയാണ് ആശാരിപ്പണി, കൊല്ലപ്പണി, തട്ടാൻപണി, മൂശാരിപ്പണി എന്നിവയും ചില പ്രദേശങ്ങളിൽ ഉണ്ട്

മൊത്തം തൊഴിലാളികളുടെ എണ്ണത്തിൽ പുരുഷൻമാരുടെ ആധിപത്യമുണ്ടെങ്കിലും, കൂലിപ്പണി, പരമ്പരാഗത കൈത്തൊഴിൽ, ചെറുകിട വ്യവസായ മേഖലകളിൽ സ്ത്രീകൾ എണ്ണത്തിൽ പുരുഷൻമാർക്കൊപ്പമാണ്.

ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ അടുത്ത പട്ടണങ്ങളായ പെരുമ്പാവൂരിലും, അങ്കമാലിയിലും ആണ് പ്രധാനമായും വിററഴിക്കപ്പെടുന്നത്.

ചെറുകിട വ്യവസായ മേഖല കരിങ്കല്ല്, തടി, മണൽ, ഭക്ഷ്യധാന്യങ്ങൾ എന്നിവയെആശ്രയിച്ചും, കൈത്തൊഴിൽ ഈററയെ ആശ്രയിച്ചുമാണ് നില കൊള്ളുന്നത്

## പ്രശ്നങ്ങൾ

വ്യവസായ വികസനത്തിനാവശ്യമായ, വൈദ്യുതി. അസംസ്കൃത വസ്തുക്കളുടെ ലഭ്യത, സാമ്പത്തികസഹായം, ഉല്പന്നങ്ങളുടെ വിപണന സദ്ധ്യത വ്യവസായങ്ങളുടെ നടത്തിപ്പിനെക്കുറിച്ചുള്ള അറിവ് തുടങ്ങിയവ ലഭ്യമല്ല സാങ്കേതികമായും, അല്ലാതെയും ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ളവർ, ഉയർന്ന ആരോഗ്യപരിരക്ഷ, വാർത്താവിനിമയസൗകര്യങ്ങൾ, ഗതാഗതസൗകര്യങ്ങൾ, ഉയർന്ന ഉപഭോഗ നിലാവാരം ഇവയൊക്കെയുണ്ടെങ്കിലും വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തതു് താഴെപറയുന്ന കാരണങ്ങൾ കൊണ്ടാണ്

1) മുഖ്യ കാർഷികോല്പന്നമായ നാളികേരം വ്യവസായരംഗത്ത് പൂർണമായിപ്രയോജനപ്പെടുന്നില്ല.
2) സഹകരണമേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കാൻ സന്നദ്ധതയുള്ളവരുടെഅഭാവം.
3) കായികാദ്ധ്വാനം ചെയ്യാൻ സന്നദ്ധതയില്ലായ്മ.
4) വൈദ്യുതിയുടെ ദൗർലഭ്യം
5) ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്
6) അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം
7) ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യത കുറവ്
8) സാങ്കേതിക പരിശീലനം ലഭിച്ചതൊഴിൽ രഹിതർക്ക് തൊഴിൽ നൽകാൻ സാദ്ധ്യമാകാത്തത്
9) ഒരു സംരഭകന് മാനസികമായ തയ്യാറെടുപ്പിന്റെ ശക്തമായിട്ടുള്ള പ്രേരണക്കുറവ്, ആത്മവിശ്വാസമില്ലായ്മ.
10) വ്യവസായവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ ബോധവൽക്കരണകുറവ്
11) വിവിധ വകുപ്പുദ്യോഗസ്ഥരുടെ നിസ്സഹരണ മനോഭാവത്തോടെയുള്ള പെരുമാററം
12) വ്യവസായം തുടങ്ങാൻ അനുമതിലഭിക്കാനുള്ള നൂലാമാലകൾ
13) സാങ്കേതിക പരിജ്ഞാനകുറവ്
14) വനിതകൾക്ക് വ്യവസായ രംഗത്തേക്ക് കടന്നുവരാനുള്ളമടി

## പഞ്ചായത്തിലുള്ള വിവിധഇനം സ്ഥാപനങ്ങളുടെ പട്ടിക

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | സഹകരണ മേഖല | ഇല്ല |
| 2 | വൻകിട ഫാക്ടറികൾ | ഇല്ല |
| 3 | സോമില്ലുകൾ | 18 |
| 4 | പ്ലൈവുഡ് ഫാക്ടറികൾ | |
| 5 | ഫർണിച്ചർ നിർമ്മാണം | |
| 6 | ക്രഷറുകൾ | 13 |
| 7 | ഹോളോബ്രിക്സ് | 7 |
| 8 | കോൺക്രീററ് കെട്ടിട നിർമ്മാണ വസ്തുക്കൾ | 3 |
| 9 | പ്രസ്സ് | 6 |
| 10 | എൻജിനീയറിംഗ് വർക്ക്ഷോപ്പുകൾ | 15 |
| 11 | P. V. C. പൈപ്പുകൾ, ഫിററിംഗുകൾ | 3 |
| 12 | ഇലക്ട്രിക് ഉപകരണങ്ങൾ | |
| 13 | പ്ലാസ്റ്റിക് വ്യവസായം | 15 |
| 14 | മോഡേൺ റൈസ്മിൽ | 6 |
| 15 | സാധാരണ റൈസ്മിൽ | 130 |
| 16 | ധാന്യങ്ങൾ പൊടിക്കുന്ന യൂണിററുകൾ | 20 |
| 17 | കൊപ്ര, വെളിച്ചെണ്ണ | 13 |
| 18 | എല്ലുപൊടികമ്പനി | 3 |
| 19 | എഡിബിൾ ഓയിൽഫാക്ടറി | 2 |
| 20 | സോഡാ നിർമ്മാണ യൂണിററുകൾ | 2 |
| 21 | കറിപൗഡർ നിർമ്മാണം | 8 |
| 22 | സേ്ട്രാ നിർമ്മാണം | 3 |
| 23 | സ്വകാര്യ ബാങ്കുകൾ | 20 |
| 24 | വാണിജ്യ ബാങ്കുകൾ | 1 |
| 25 | ഹോട്ടലുകൾ | 6 |
| 26 | കടകൾ | 39 |
| 27 | പനമ്പു നെയ്ത്ത് | |

# സാദ്ധ്യതകൾ

നമ്മുടെ പഞ്ചായത്തിൽ ഒരുജൂനിയർ ടെക്നിക്കൽ സ്കൂളുണ്ടായിരുന്നതു കൊണ്ട് സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച വളരെ യുവതീ യുവാക്കൾ ഇവിടെഉണ്ടെങ്കിലും അവരുടെ സേവനം ഏതാണ്ട് മുഴുവനും പഞ്ചായത്തിന് പുറത്താണ് പ്രയോജനപ്പെടുത്തുന്നത്.

ഒരോ വാർഡിലും ശരാശരി 30 പേർവീതം കേരളത്തിനു പുറത്തും, 15 പേർ വീതം വിദേശത്തും തൊഴിൽ ചെയ്യുന്നു.

പരമ്പരാഗത മേഖലയിൽ ഈററ ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നവരാണ് കൂടുതൽ. ബാബു കോർപ്പറേഷൻ വഴി ഈററവിതരണം ചെയ്യുന്നതു കൊണ്ട് ആവശ്യമുള്ളത്ര ഈററ ലഭിക്കുന്നില്ല. ഇവിടെയും സമീപ പ്രദേശങ്ങളിലും നെയ്തെടുക്കുന്ന പനമ്പ് ഉപയോഗപ്പെടുത്താവുന്ന തരത്തിൽ ഒരു ബാബുപ്ലൈ ഫാക്ടറിക്ക് സാദ്ധ്യതയുണ്ട്.

കരിങ്കല്ലും, മണലും സുലഭമായി ലഭിക്കുന്നതു കൊണ്ട് പരിസ്ഥിതിക്ക് തകരാറില്ലാത്ത വിധത്തിൽക്രഷർ യൂണിററ്, ഹോളോ ബ്രിക്സ് കോൺക്രീററ് ജനൽ, വാതിൽ, ക്രാസികൾ, ഗ്രില്ലുകൾ എന്നിവ നിർമ്മിക്കുന്ന ചെറുകിട വ്യവസായങ്ങൾ തുടങ്ങാം.

ഇവിടെ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഖാദി മേഖലയിലും, സഹകരണ മേഖലയിലും, ജനറൽ എസ്. എസ്. ഐ. വനിത മേഖലകളിലും ആരംഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായ യൂണിററുകൾ താഴെ കൊടുക്കുന്നു.

| വിഭാഗം | ക്രമ നമ്പർ | ഇനം |
|---|---|---|
| ജനറൽ S. S. I. യൂണിററ് / ഖാദി മേഖല | 1 | വെളിച്ചെണ്ണ |
| | 2 | കന്നുകാലിത്തീററ, കോഴിത്തീററ |
| | 3 | പ്ലാസ്റ്റിക് ഉല്പന്നങ്ങൾ |
| | 4 | സിമ്പ്ലോസിബിൾ ഗ്ലാസ്സ്, പ്ലേററ് |
| | 5 | സ്ക്രോ നിർമ്മാണം, റബ്ബർ ബാൻറ് നിർമ്മാണം |
| | 6 | തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനിയങ്ങൾ, വിനാഗിരി |
| | 7 | ചകിരി, ചവറ് ഉപയോഗിച്ചുള്ള വളം |
| | 8 | പി. വി. സി. ഇലക്ട്രിക് ഫിററിംഗുകൾ |
| | 9 | ഉപ്പേരി നിർമ്മാണം, (നേന്ത്രക്കായ, കപ്പ, ഉരുളക്കിഴങ്ങ്) |
| വനിത (ഖാദി) | 1 | തെങ്ങ്, ചിരട്ട, ഇർക്കിലി ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ. കയിൽ |
| | | ചട്ടകം, സ്പൂൺ, ഐസ്ക്രീംകപ്പ്, ഹെയർപിൻ, ക്ലിപ്പ് എന്നിവ. |
| | 2 | പഴം ജാറുകൾ (കൈതച്ചക്ക, നേന്ത്രപ്പഴം, ചക്ക മാങ്ങ...) |
| | 3 | ഫാൻസി ഫൈബർ (വാഴനാര്, കൈതനാര്, ഈററ നാര്....) |
| | 4 | അവിൽ, ധാന്യപ്പൊടി |
| | 1 | ശാസ്ത്രീയമായ കോഴിവളർത്തൽ |
| | 2 | മരം ഫർണിച്ചർ |
| ജനറൽ S. S. I. | 3 | ഹാവായ് ചെരുപ്പ് |
| | 4 | അലുമിനിയം പാത്രങ്ങൾ |
| | 5 | ചെരിപ്പു നിർമ്മാണം |
| | 6 | മരം സീസണിംഗ് |
| | 7 | സ്കൂൾ ബാഗ് |
| | 8 | ക്ലീനിംഗ് പൗഡർ, സോപ്പ് |
| | 9 | ഇലക്ട്രിക്കൽ ജനറൽ വർക്ക് ഷോപ്പ് |
| | 10 | ജനറൽ എൻജിനീയറിംഗ് |
| | 11 | ഇരുചക്ര വാഹനങ്ങളുടെ വർക്ക് ഷോപ്പ് |
| | 12 | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം |
| | 13 | സ്റ്റൗ നിർമ്മാണം |
| | 14 | എമർജൻസി ലാമ്പ് നിർമ്മാണം |
| | 15 | സ്റ്റെബിലൈസർ, ബൂസ്റ്റർ നിർമ്മാണം |
| | 16 | സ്വിച്ച് ബോർഡ് |
| | 17 | സിന്തററിക് വിനാഗിരി |
| | 18 | കുട നിർമ്മാണം |
| | 19 | തീപ്പെട്ടി നിർമ്മാണം |
| | 20 | ബേക്കറി സാധനങ്ങൾ |

| വിഭാഗം | ക്രമ നമ്പർ | ഇനം |
|---|---|---|
| വനിത | 1 | പാലുല്പന്നങ്ങൾ (ഐസ്ക്രീം, പാൽപൊടി) |
| | 2 | റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| | 3 | അലക്കുസോപ്പ്, സോപ്പുപൊടി |
| | 4 | പേപ്പർ കവർനിർമ്മാണം |
| | 5 | മുട്ടകോഴി വളർത്തൽ |
| സഹകരണ സംഘം (വനിത) | 1 | ബാഗ്, റെയിൻകോട്ട് തുടങ്ങിയ റെക്സിൻഉല്പന്നങ്ങൾ |
| | 2 | കറിപൗഡർ |
| | 3 | ഇറച്ചി സംഭരണശാല |
| | 4 | ഈററയുടെ പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ |
| സഹകരണ സംഘം (ജനറൽ) | 1 | കോൺക്രീററ്, ജനാല, വാതിൽ, ക്രാസികൾ, ഗ്രില്ലുകൾ, റിംഗുകൾ. |
| | 2 | സ്ററീൽ ഫർണിച്ചർ |
| | 3 | ഇഷ്ടിക നിർമ്മാണം |
| | 4 | ബസ്സ് സർവ്വീസ് Goods സർവ്വീസ് |
| | 5 | മെററൽ ക്രഷർ |
| | 6 | സ്ക്വാഷ് സോസ്, നിർമ്മാണം |
| സഹകരണ സംഘം പട്ടികജാതി | 1 | കൂൺ കൃഷി |
| | 2 | സിമൻററ് ഇഷ്ടിക നിർമ്മാണം |
| | 3 | റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| | 4 | കിടക്ക നിർമ്മാണം |
| | 5 | നെയ്ത്ത് (ഈററ, ചൂരൽ, മുള, തഴ, എന്നിവ ഉപയോഗിച്ച്) |
| | 6 | പ്രസ്സ് |

## വൻകിട വ്യവസായം

1) ഒരു ബാബുപ്ലൈ ഫാക്ടറി സ്ഥാപിക്കുക
2) കേര സംഭരണ യൂണിററ്
3) ഹോളോ ബ്രിക്സ് ഫാക്ടറി

## ടൂറിസം വികസനം

കോടനാട് ആനമെരുക്കൽ കേന്ദ്രം, മിനി കാഴ്ചബംഗ്ലാവ് എന്നിവ വികസിപ്പിച്ചാൽ ഇതൊരു വിനോദസഞ്ചാര കേന്ദ്രമാകും. അതു വഴികൂടുതൽ പേർക്ക് തൊഴിൽ നൽകാനും പഞ്ചായത്തിന് വരുമാനം വർത്തിപ്പിക്കാനും കഴിയും.

1) പെരിയാറിൽ ബോട്ടിംഗ് സൗകര്യം പെരിയാറിൻെറ കരയിൽ താമസസൗകര്യത്തിനായ് ഹോട്ടൽ കോംപ്ലക്സ് എന്നിവ ടൂറിസ്ററുകളെ ആകർഷിക്കാൻ ആവശ്യമാണ്. പാർക്കും ചുററുപാടുകളും വൃത്തിയായി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കണം

## വൈദ്യുതി ഉല്പാദനം

കാററും, സൗരോർജ്ജവും ഉപയോഗിച്ച് വൈദ്യുതി നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കണം. കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചും ഒരു സബ് സ്റ്റേഷൻസ്ഥാപിച്ചും വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കാം.

## വ്യവസായ എസ്റേററ്

പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ഒരു വ്യവസായ എസ്റ്റേററ് സ്ഥാപിച്ച്, ആവശ്യത്തിനു് സൗകര്യങ്ങൾ ചെയ്തുകൊടുത്താൽ കൂടുതൽ വ്യവസായികളെ ആകർഷിക്കാൻ കഴിയും. അവിടെ ജോലിക്കാരെ നിയമിക്കുമ്പോൾ ഈ പഞ്ചായത്തിൽ നിന്നുള്ളവർക്ക് മുൻഗണനന കൊടുക്കണം.

## മററ് ഗ്രാമസഭാ നിർദേശങ്ങൾ

1) പ്രിൻറിംഗ് കോംപ്ലക്സ്
2) കുററിമുല്ല
3) കാർഡ് ബോർഡ് പെട്ടികൾ
4) ഇലക്ട്രോണിക് ഉല്പന്നങ്ങൾ
5) പൂട്ടിക്കിടക്കുന്ന Hand made Paperകമ്പനി ഏറെറടുത്ത് അവിടെ ഒരു കാലിതീററ, കോഴിതീററ ഫാക്ടറി തുടങ്ങുക.

## നിർദേശങ്ങൾ

1) വ്യവസായം തുടങ്ങുന്നതിനു് താല്പര്യമുള്ള വരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കു ന്നതിനാവശ്യമായ പരസ്യം നൽകുകയുംഅതിൽ നി ന്ന് വ്യവസായ സംരംഭകരെ വാത്തെടുക്കുന്നതിന് വിദഗ്ദ്ധ പരിശീലനവും വർക്ക്ഷോപ്പും നട ത്തുകയും വ്യവസായം തുടങ്ങുന്നതിന് സഹായം ചെയ്തുകൊടുക്കുകയും ചെയ്യണം

2) കരകൗശല രംഗത്ത് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് Craft Developmnet centre സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുക

3) വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവ ർക്ക് വ്യവസായരംഗത്ത് വിജയം കൈവരിച്ചവ രുമായി അനുഭവം പങ്കുവയ്ക്കുന്നതിനും വ്യവസായ ങ്ങൾ നേരിൽ കണ്ടുമനസിലാക്കുന്നതിനുമായി പഠനയാത്ര സംഘടിപ്പിക്കണം.

4) തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ യുവാക്ക ളുടെ ഒരു Labour Contract Society രൂപീകരി ച്ചാൽ അവരെ തൊഴിലാളികളെ അന്വേഷിക്കുന്ന വർക്കായി പ്രയോജനപ്പെടുത്താം.

5) ഉല്പന്നങ്ങൾ വിററഴിക്കാൻ വ്യവസായ മേളകൾ സംഘടിപ്പിക്കുക ഈ പഞ്ചായത്തിൽ ഉല്പാ ദിപ്പിക്കുന്ന വസ്തുക്കൾ ഇവിടെ തന്നെ വിററഴിക്കാൻ ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകുക.

6) ചന്തകൾ സ്ഥാപിക്കുക

7) വ്യവസായ രംഗത്തേക്ക് വരുന്നവക്ക് വൈ ദ്യുതി ഉറപ്പുവരുത്താൻ നടപടികൾ കൈക്കൊള്ളുക.

8) വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കു ന്നതിനും, കാര്യക്ഷമമായ പ്രവത്തനം ഉറപ്പുവരുത്തു ത്തതിനുമായി ഒരു സ്ഥിരം മോണിററിംഗ് കമ്മററി രൂപീകരിക്കുക

9) പഞ്ചായത്തിൻെറ പുറമ്പോക്ക് ഭൂമികൾവ്യവ സായിക ആവശ്യത്തിനു് പ്രയോജനപ്പെടുത്തണം

10 ഒരു പ്രദേശത്തു് പുതിയ ഒരു വ്യവസായം ആരംഭിക്കുന്നതിന് മുമ്പ് ആ വിവരം പരിസര വാ സികൾക്ക് അറിയുവാൻ സംവിധാനം ഉണ്ടാക്കണം

11) പരിസര മലിനീകരണം തടയുന്നതിനു് ശക്തമായ നടപടികൾ സ്വീകരിക്കണം.

12) പരമ്പരാഗത തൊഴിലാളികളിൽ ഭൂരിഭാഗം വരുന്ന പനമ്പു് നെയ്ത്തു് തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടുന്ന ക്ഷേമനിധികൾ ഏർപ്പെടു ത്തുക. അവരുടെ കൂലി വർദ്ധിപ്പിക്കുക. ഈനിർദേശ ങ്ങൾ നടപ്പിലാക്കുകവഴി നമുക്ക് ആവശ്യമുള്ള നി ത്യോപയോഗ വസ്തുക്കൾ ഇവിടെ തന്നെ ലഭ്യമാക്കാ ൻസാധിക്കും. ഈ പഞ്ചായത്തിലെ കാർഷിക വിള കളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിലില്ലാത്തവർക്ക് തൊഴിൽ നൽകു വാനും കഴിയും. അതോടൊപ്പം പഞ്ചായത്തിൻെറ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും, ജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പുരോഗതി ക്ക് ആക്കം കൂട്ടുവാനും സാധിക്കും.

# വിദ്യാഭ്യാസം 4

ശ്രീ ശങ്കരൻെറ ജൻമദേശമായ കാലടിയോടും സെൻറ് തോമസിൻെറ പാദസ്പർശനമേററ മലയാററൂരിനോടും തൊട്ടുചേർന്നുകിടക്കുന്ന കൂവപ്പടി പ്രദേശത്ത് വിദ്യാഭ്യാസ രംഗത്ത് കേരളത്തിൻെറ മററ് പല ഭാഗങ്ങളിലുണ്ടായിരുന്നതു പോലെയുള്ള ഉച്ചനീചത്വങ്ങളോ, അയിത്തങ്ങളോ നിലനിന്നിരുന്നതായി അറിയുവാൻ സാധിച്ചിട്ടില്ല. എന്നാൽ ഇരുപതാം നൂററാണ്ടിൻെറ ആദ്യ ദശകങ്ങളിൽ ഇന്ത്യയിലാകെ ബ്രിട്ടീഷ് ഭരണത്തിൻെറ മേൽക്കോയ്മയായിരുന്നല്ലോ. ഈ പ്രദേശം അന്ന് തിരുവിതാംകൂർ രാജഭരണത്തിൻ കീഴിലും. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഭാരത സ്വാതന്ത്ര്യത്തിനുവേണ്ടി ഭാരതമക്കൾ അഹിംസാ മാർഗത്തിലൂടെ രണാങ്കണത്തിൽ അണിനിരന്ന ആ കാലഘട്ടത്തിൽ ഒന്നാംലോക മഹായുദ്ധത്തിൻെറ കെടുതികൾ മൂലം നാട്ടിലെമ്പാടും ദാരിദ്രവും, ദുരിതവും കൊടികുത്തി വാണിരുന്നു. ജനക്ഷേമത്തിനായി വിദ്യാലയങ്ങളും മററ് പൊതുസ്ഥാപനങ്ങളും സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് രാജസന്നിധിയിൽ ഇന്നാട്ടിലെ സ്വാതന്ത്ര്യ ദാഹികൾ നൽകിയ നിവേദനങ്ങളുടെ ഫലമായി തിരുവിതാംകൂർ സർക്കാർ മാതൃഭാഷാ പഠനത്തിനായി ഈ വില്ലേജിൽ (പഴയ ചേരാനല്ലൂർ വില്ലേജ്) അനുവദിച്ച ആദ്യത്തെ വിദ്യാലയമാണ് ഇപ്പോഴത്തെ ഗവൺമെൻറ് ഹൈസ്ക്കൂൾ, ചേരാനല്ലൂർ എന്ന വിദ്യാലയം. തദ്ദേശവാസികളായ ബ്രാഹ്മണർ സംഭാവനയായി നൽകിയ സ്ഥലത്താണ് ''ചേരാനല്ലൂർ വെർണക്കുലർ പ്രൈമറി സ്കൂൾ'' എന്ന പേരിൽ സ്ഥാപനം ആരംഭിച്ചത്. ഈ സ്ഥാപനത്തിൽ ആദ്യകാലങ്ങളിൽ പരിശോധന നടത്തിയിരുന്നത് ഇൻസ്പെക്ടർ ഓഫ് പ്രൈമറി ആൻറ് മിഡിൽ സ്ക്കൂൾസ്, പെരുമ്പാവൂർ'' എന്ന ആഫീസറായിരുന്നു. ആദ്യകാലങ്ങളിൽ ഇവിടെ ഒന്നുമുതൽ നാലുവരെ ക്ളാസുകളിൽ പഠന സൗകര്യമുണ്ടായിരുന്നു. പിന്നീട് ഈ സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് ''ചേരാനല്ലൂർ ഗവൺമെൻറ് യു. പി. സ്ക്കൂൾ'' ആക്കി ഈ School വീണ്ടും അപ്ഗ്രേഡ് ചെയ്തതാണ്.

ഇപ്പോൾ പഞ്ചായത്തിലുള്ള ഏക സർക്കാർ ഹൈസ്ക്കൂൾ. ആദ്യകാലത്ത് നാലാം ക്ളാസ് പഠനത്തിനു ശേഷം പ്രിപ്പറേററി, മിഡിൽ സ്ക്കൂൾ, ഹൈസ്ക്കൂൾ എന്നീ വിഭാഗങ്ങളിലുള്ള പഠന സൗകര്യം പഞ്ചായത്തിലുണ്ടായിരുന്നില്ല. പ്രിപ്പറേററിയും ഇപ്പോഴത്തെ 5, 6, 7 (പഴയ ഫസ്ററ് ഫോറം, സെക്കൻറ് ഫോറം, തേർഡ് ഫോറം) ക്ളാസുകളിലെ പഠന സൗകര്യവും പെരുമ്പാവൂർ ഗേൾസ് സ്ക്കൂളിൽ ഉണ്ടായിരുന്നു. എന്നാൽ അതിന് ശേഷമുള്ള വിദ്യാഭ്യാസ സൗകര്യം (ഫോർത്ത്, ഫിഫ്ത്, സിക്സ്ത്ത് ഫോറങ്ങൾ) സെൻറ് മേരീസ് ഹൈസ്ക്കൂൾ, ആലുവായിൽ മാത്രമാണ് ഉണ്ടായിരുന്നത്. തേർഡ് ഫോറം പാസായാൽ തന്നെ അക്കാലങ്ങളിൽ ജോലി ലഭിക്കുമായിരുന്നതിനാൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് പോയവർ വളരെ കുറവാണ്. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുൻപ് കോടനാട്, ഒക്കൽ, കൂവപ്പടി എന്നിവിടങ്ങളിലും സർക്കാർ സ്ക്കൂളുകൾ ആരംഭിച്ചിരുന്നു. കൂടാതെ, ഗണപതിവിലാസം സ്ക്കൂൾ, ചേരാനല്ലൂർ ചർച്ച് സ്ക്കൂൾ, അയ്മുറി മാർതോമാ എൽ. പി. എസ്. എന്നിവയും സ്വാതന്ത്ര്യത്തിന് മുൻപ് അനുവദിച്ച വിദ്യാലയങ്ങളാണ്.

കൂവപ്പടിയിലുള്ള ഗണപതിവിലാസം ഹൈസ്ക്കൂൾ ആണ് പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂൾ. സ്ക്കൂൾ തലത്തിൽ സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിനായി എറണാകുളം ജില്ലയിൽ സർക്കാർ തലത്തിൽ ആരംഭിച്ച ആദ്യത്തെ Junior Technical School ഈ പഞ്ചായത്തിൽ തുടങ്ങിയത് തെക്കേപുതിയിടത്ത് മഠത്തിൽ ശ്രീ. കെ. എസ്. നാരായണയ്യർ സംഭാവന ചെയ്ത രണ്ടേക്കർ സ്ഥലത്താണ്. ഈ പഞ്ചായത്തിലുള്ള സ്ക്കൂളുകളെല്ലാം ആദ്യം എറണാകുളം വിദ്യാഭ്യാസ ജില്ലയിലും, പിന്നീട് മൂവാററുപുഴ വിദ്യഭ്യാസ ജില്ലയിലും പിന്നീട് ആലുവ വിദ്യാഭ്യാസ ജില്ലയിലും, ഇപ്പോൾ കോതമംഗലം വിദ്യാഭ്യാസ ജില്ലയിലുമാണ്. വിദ്യാഭ്യാസ ഉപജില്ല പെരുമ്പാവൂർ ആണ്.

സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസ രംഗത്ത് കൂവപ്പടി പഞ്ചായത്ത് വമ്പിച്ച മുന്നേററത്തിന് സാക്ഷ്യം വഹിച്ചു. സ്വാതന്ത്ര്യത്തിന് മുൻപ് 7 സ്ക്കൂളുകളുണ്ടായിരുന്ന ഇവിടെ ഇപ്പോൾ 19 സ്ക്കൂളുകളുണ്ട്. കൂടാതെ ഒരു പോളിടെക്നിക്കും, ഒരു ഐ. ടി. സിയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ചെറുതും വലുതുമായ ഇത്രയും സ്ക്കൂളുകളിലായി 255 അദ്ധ്യാപകരും, 8177 വിദ്യാർത്ഥികളുമുണ്ട്.

## പട്ടിക I

| വിദ്യാലയത്തിന്റെ പേര് | ഉടമസ്ഥത | സ്ഥിതിചെയ്യുന്ന വാർഡ് | കെട്ടിടങ്ങളുടെ എണ്ണം: സ്ഥിരം | കെട്ടിടങ്ങളുടെ എണ്ണം: അർദ്ധ സ്ഥിരം | വിദ്യാർത്ഥികളുടെ എണ്ണം: ആണ് | വിദ്യാർത്ഥികളുടെ എണ്ണം: പെണ്ണ് | വിദ്യാർത്ഥികളുടെ എണ്ണം: ആകെ | SC/ST കുട്ടികൾ | ലംസംഗ്രാന്റ് | ഉച്ചക്കഞ്ഞി | ഒഴിവുള്ള മുറികൾ | സ്റ്റാഫ്റൂം | ഓഫീസ്റൂം | അദ്ധ്യാപകേതരജീവനക്കാർ | അദ്ധ്യാപകരുടെ എണ്ണം: പുരു: | അദ്ധ്യാപകരുടെ എണ്ണം: സ്ത്രീ | അദ്ധ്യാപകരുടെ എണ്ണം: ആകെ | അദ്ധ്യാപകരുടെ യോഗ്യത: B Ed | അദ്ധ്യാപകരുടെ യോഗ്യത: TTC | ക്യാമ്പസിന്റെ വിസ്തീർണ്ണം: ഏക്കർ | ക്യാമ്പസിന്റെ വിസ്തീർണ്ണം: സെന്റ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| GPT, Perumbavoor | സർക്കാർ | VIII | 6 | .... | 243 | 88 | 331 | 42 | 29 | ... | .... | | | 19 | 30 | 8 | 38 | .... | ... | 14 | .. |
| GHS, Cheranalloor LP | ,, | | 4 | 2 | 73 | 79 | | 95 | 93 | 137 | 2 | | | 5 | 8 | 28 | 36 | 17 | 14 | 4 | 1 |
| UP | ,, | VIII | | | 200 | 156 | 892 | | | | | | | | | | | | | | |
| HS | ,, | | | | 208 | 176 | | | | | | | | | | | | | | | |
| G U P S, Aimury LP | ,, | VI | 1 | 3 | 95 | 80 | 329 | 33 | 34 | 115 | 2 | | | 2 | 6 | 7 | 13 | .... | 13 | ... | 6 |
| UP | ,, | | | | 83 | 71 | | | | | | | | | | | | | | | |
| G L P S, Okkal | ,, | III | 4 | .... | 180 | 144 | 324 | 45 | 45 | 163 | | | | 1 | ... | 11 | 11 | ... | 11 | 1 | .. |
| GLPS, Koovappady | ,, | VIII | 2 | 1 | 108 | 126 | 234 | 44 | 45 | 121 | | | | 1 | 1 | 7 | 8 | ... | 18 | 1 | 50 |
| GLPS, Kodanad | ,, | XIV | 1 | 1 | 76 | 78 | 154 | 20 | 27 | 101 | | | | 1 | 2 | 4 | 6 | ... | 6 | .... | 79 |
| GLPS, Kurichilakode | ,, | XIII | 1 | 1 | 63 | 56 | 119 | 18 | 19 | .... | | | | 1 | 1 | 3 | 4 | 1 | 3 | 1 | .. |
| MAHS, Kodand UP | എയിഡഡ് | XIV | 4 | .... | 204 | 163 | | | | | | | | | | | | | | | |
| HS | | | | | 191 | 164 | 722 | 144 | 159 | 114 | 10 | | | 5 | 12 | 21 | 33 | 2 | 8 | 3 | 04 |
| GVHS, Koovappady UP | ,, | VIII | 3 | 5 | 185 | 166 | | | | | | | | | | | | | | | |
| HS | ,, | | | | 327 | 245 | 923 | 127 | 137 | 137 | 14 | | | 5 | 15 | 23 | 38 | 23 | 11 | 3 | 41 |
| SNHS, Okkal UP | ,, | III | 7 | .... | 414 | 174 | 1266 | 85 | 92 | 190 | | | | 5 | 8 | 40 | 48 | 26 | 17 | 3 | 04 |
| HS | ,, | | | | 444 | 234 | | | | | | | | | | | | | | | |
| Edevoor UPS, Edavoor LP | ,, | X | 3 | .... | 65 | 46 | 284 | 29 | 29 | 224 | | | | 1 | 5 | 9 | 14 | .... | 14 | 1 | .... |
| UP | ,, | | | | 119 | 54 | | | | | | | | | | | | | | | |
| Church UPS, LP | ,, | XII | 3 | .... | 136 | 121 | 460 | 37 | 40 | 228 | | | | 1 | ... | 16 | 16 | 3 | 13 | 1 | 50 |
| Cheranalloor UP | ,, | | | | 103 | 100 | | | | | | | | | | | | | | | |
| St. Mary's LPS, Alattuchira | ,, | XV | | 2 | | | | | | | | | | | | | | | | | |
| St. George's LPS, | ,, | IX | 1 | .... | 62 | 58 | 120 | 25 | 25 | 108 | 10 | | | X | 3 | 1 | 4 | ... | 4 | 1 | 53 |
| Koodalappadam | ,, | | | | 109 | 109 | 218 | 12 | 12 | 160 | | | | X | ... | 8 | 8 | .... | 8 | 1 | .... |
| Mary Matha LPS, Kayyuthiyal | ,, | VI | 2 | .... | 102 | 127 | 229 | 56 | 55 | 180 | | | | X | .... | 8 | 8 | 1 | 7 | 1 | 25 |
| SNDP LPS, Kodanad | ,, | XV | 1 | .... | 87 | 72 | 159 | 32 | 44 | 120 | 3 | | | X | 2 | 3 | 5 | .... | 5 | 1 | 05 |
| MT LPS, Aimury | ,, | VII | 1 | ... | 41 | 41 | 82 | 19 | 19 | 54 | | | | X | ... | 3 | 3 | ... | 3 | 1 | 20 |
| Anitha Vidyalaya LP | അൺഎയിഡഡ് | II | 2 | ... | 340 | 298 | 1491 | 7 | 7 | ... | | | | 4 | 2 | 25 | 27 | | | 3 | 75 |
| hannipuzha UP | | | | | 248 | 247 | | | | | | | | | | | | | | | |
| HS | (അംഗീകൃതം) | | | | 179 | 179 | | | | | | | | | | | | | | | |
| SNITC, Okkal | ,, | III | 2 | .... | 48 | 33 | 81 | 7 | 7 | .... | | | | 1 | 3 | 5 | 8 | | | | |
| Baselious Augen Junior School, Kodanad | അംഗീകാരം ഇല്ലാത്തത് | XIV | 1 | .... | 70 | 68 | 138 | | | | | | | X | ... | 8 | 8 | 2 | 6 | | |
| Nithya Sahaya Matha Nusury & LPS, Ayathupady | ,, | V | 1 | .... | 76 | 70 | 146 | | | | | | | .... | ... | 6 | 6 | 1 | 2 | | |

ഉവിടെ സ്ക്കൂൾ തലത്തിൽ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനത്തിനും സൗകര്യമുണ്ട്.

ക I വിദ്യാലയങ്ങളെയും, വിദ്യാർത്ഥികളെയും, അദ്ധ്യാപകരെയും മററും സംബന്ധിച്ച വിവരങ്ങൾ.

ആകെയുള്ള 19 സ്ക്കൂളുകളിൽ 10 എണ്ണം എയ്ഡഡും 6 എണ്ണം സർക്കാർ വിദ്യാലയങ്ങളും 2, എണ്ണം അംഗീകാരമില്ലാത്തതും 1 എണ്ണം അൺ എയ്ഡഡും ആണ്. വിവിധതരം വിദ്യാലയങ്ങളിലായി പഠിക്കുന്ന വിദ്യാർത്ഥികളുടെ വിശദമായ കണക്കുകൾ പട്ടികയായി കൊടുത്തിരിക്കുന്നു.

പട്ടിക **Ia.**

പഞ്ചായത്തിലെ എയ്ഡഡ് സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിശദമായ വിവരം.

| ക്ളാസ് | ആണ് | പെണ്ണ് | ആകെ | ക്ളാസ് | ആണ് | പെണ്ണ് | ആകെ |
|---|---|---|---|---|---|---|---|
| I | 133 | 125 | 258 | VI | 308 | 210 | 518 |
| II | 156 | 160 | 316 | VII | 391 | 244 | 635 |
| III | 158 | 138 | 296 | VIII | 325 | 200 | 525 |
| IV | 155 | 151 | 306 | IX | 362 | 228 | 590 |
| V | 326 | 203 | 529 | X | 275 | 215 | 490 |
| | | | | ആകെ | 2589 | 1874 | 4463 |

പത്ത് എയിഡഡ് വിദ്യാലയങ്ങളിലായി ആകെയുള്ള വിദ്യാർത്ഥികളിൽ 54.58 ശതമാനവും അദ്ധ്യയനം നടത്തുന്നു. ആകെ അദ്ധ്യാപകരിൽ 69.41 ശതമാനവും ഈ വിദ്യാലയങ്ങളിലാണ്. (പട്ടിക **1e, 1f**)

പട്ടിക **1b**

പഞ്ചായത്തിലെ അൺഎയ്ഡഡ് സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരം.

| ക്ളാസ് | ആണ് | പെണ്ണ് | ആകെ | ക്ളാസ് | ആണ് | പെണ്ണ് | ആകെ |
|---|---|---|---|---|---|---|---|
| I | 108 | 105 | 213 | VI | 90 | 86 | 176 |
| II | 119 | 99 | 218 | VII | 70 | 85 | 155 |
| III | 114 | 101 | 215 | VIII | 71 | 62 | 133 |
| IV | 79 | 84 | 163 | IX | 61 | 59 | 120 |
| V | 83 | 76 | 164 | X | 47 | 58 | 105 |
| | | | | ആകെ | 847 | 815 | 1622 |

ഒരു റെക്കഗ്നൈസ്ഡ് സ്ക്കൂളിലും, രണ്ട് അംഗീകാരമില്ലാത്ത സ്ക്കൂളുകളിലുമായി ആകെയുള്ള വിദ്യാർത്ഥികളിൽ 20.33 ശതമാനം പേർ പഠിക്കുന്നുണ്ട്. (പട്ടിക **1f**)

പട്ടിക Ic.

പഞ്ചായത്തുകളിലെ സർക്കാർ സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം

| ക്ലാസ് | ആണ് | പെണ്ണ് | ആകെ | ക്ലാസ് | ആണ് | പെണ്ണ് | ആകെ |
|---|---|---|---|---|---|---|---|
| I | 127 | 120 | 247 | VI | 86 | 78 | 164 |
| II | 151 | 158 | 309 | VII | 107 | 81 | 188 |
| III | 134 | 133 | 267 | VIII | 75 | 56 | 131 |
| IV | 182 | 153 | 335 | IX | 78 | 64 | 142 |
| V | 90 | 68 | 158 | X | 55 | 56 | 111 |
| | | | | ആകെ | 1085 | 967 | 2052 |

ആറ് സർക്കാർ സ്ക്കൂളുകളിലായി ആകെയുള്ള വിദ്യാർത്ഥികളിൽ 25.09 ശതമാനം പേർ പഠിക്കുന്നു. പഞ്ചായത്തിലുള്ള അദ്ധ്യാപകരിൽ 20.59 ശതമാനം പേർ ഈ സ്ക്കൂളുകളിലാണ് ജോലി നോക്കുന്നത്.

(പട്ടിക 1e, 1f)

പട്ടിക 1d

പഞ്ചായത്തിൽ വിവിധ ക്ലാസുകളിൽ പഠിക്കുന്ന പട്ടിക ജാതി പട്ടിക വർഗ വിദ്യാർത്ഥികളുടെ എണ്ണം

| ക്ലാസ് | ആണ് | പെണ്ണ് | ആകെ | ക്ലാസ് | ആണ് | പെണ്ണ് | ആകെ |
|---|---|---|---|---|---|---|---|
| I | 33 | 39 | 72 | VI | 36 | 38 | 74 |
| II | 50 | 56 | 106 | VII | 45 | 42 | 87 |
| III | 48 | 45 | 93 | VIII | 39 | 29 | 68 |
| IV | 49 | 35 | 84 | IX | 41 | 41 | 82 |
| V | 50 | 34 | 84 | X | 23 | 26 | 49 |
| | | | | ആകെ | 414 | 385 | 799 |

വിദ്യാലയങ്ങളിലുള്ള ആകെ വിദ്യാർത്ഥികളിൽ 9.78 ശതമാനം പട്ടികജാതി പട്ടിക വർഗ വിഭാഗത്തിൽ പെട്ടവരാണ്.

പട്ടിക **1e** വിവിധ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ശതമാനം

| സ്ക്കൂളിന്റെ ഉടമസ്ഥത | ക്ലാസ് LP | UP | HS | ആകെ |
|---|---|---|---|---|
| സർക്കാർ | 14 16 | 6.24 | 4.69 | 25 09 |
| എയിഡഡ് | 14.38 | 20.57 | 19.63 | 54.58 |
| അൺഎയ്ഡഡ് | 9.90 | 6.05 | 4.38 | 20.33 |
| ആകെ | 38.44 | 32.86 | 28.70 | 100.00 |

പട്ടിക **1f** വിവിധ സ്ക്കൂളുകളിലെ അദ്ധ്യാപകരുടെ എണ്ണം

| സർക്കാർ | എയിഡഡ് | ആകെ |
|---|---|---|
| 78 | 177 | 255 |
| 30.59% | 69.41% | 100% |

പട്ടിക **1g** സ്ക്കൂളുകളിലെ ജീവനക്കാരുടെ എണ്ണം

| | പുരുഷൻ | സ്ത്രീ | ആകെ | അദ്ധ്യാപകർ | ആകെ ജീവനക്കാർ |
|---|---|---|---|---|---|
| അദ്ധ്യാപകർ | 63 | 192 | 255 | 28 | 283 |
| ശതമാനം | 24.7 | 75.3 | 100 | 9.90 | 100 |

പട്ടിക **1h** വിവിധ വിഭാഗം ക്ലാസുകളിലുള്ള കുട്ടികളുടെ ശതമാനം

| ക്ലാസ് | ആണ് | പെണ്ണ് | ആകെ |
|---|---|---|---|
| **LP** | 35.74 | 41 77 | 388 4 |
| **UP** | 34.42 | 30 94 | 32.86 |
| **HS** | 29.84 | 27.29 | 28.70 |
| ആകെ | 100.00 | 100,00 | 100.00 |

ഈ പഞ്ചായത്തിലെ ഭൂരിഭാഗമാളുകളും മക്കളെ പൊതു വിദ്യാലയങ്ങളിൽ ചേർക്കാൻ തയ്യാറാണ്. ഇവിടെനിന്നും പെരുമ്പാവൂരും മററുമുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്കും ചെങ്ങൽ, കുറുപ്പംപടി, പെരുമ്പാവൂർ എന്നിവിടങ്ങളിലുള്ള മലയാളം സ്ക്കൂളുകളിലേക്കും കുട്ടികൾ പോകുന്നുണ്ട്. വിദ്യാഭ്യാസത്തെ വരേണ്യ വൽക്കരിക്കാൻ നടന്ന ബോധപൂർവ്വമായ ശ്രമങ്ങൾ നാട്ടിൻ പുറത്തെ ഇടത്തട്ടുകാരിൽ പോലും വലിയൊരളവിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

സ്ക്കൂൾതലം കഴിഞ്ഞാൽ ഉപരിപഠനത്തിനായി ഒരു സർക്കാർ പോളിടെക്നിക്കും, ഒരു സ്വകാര്യ ഐ. ടി. സി.യുമാണ് പഞ്ചായത്തിലുള്ള സ്ഥാപനങ്ങൾ, കോളേജ് വിദ്യാഭ്യാസത്തിനായി ദൂരസ്ഥലങ്ങളിലേക്ക് പോകേണ്ടതായിട്ടുണ്ട്.

പട്ടിക 2 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും, കോഴ്സുകളും

| സ്ഥാപനത്തിൻെറ പേര് | കോഴ്സുകൾ | പഠനകാലം |
|---|---|---|
| Government Polytechnic, Perumbavoor | Mechanical | 3 വർഷം |
| | Computer | ,, |
| | Electronics & Communication | ,, |
| SNITC, Okkal | Draughtsman (Civil) | 2 വർഷം |
| | Fitter | ,, |
| | Stenography (English) | 1 വർഷം |

പഞ്ചായത്തിലുള്ള ഹൈസ്ക്കൂളുകളിൽ അനിത വിദ്യാലയം തുടർച്ചയായി നൂറ് ശതമാനം വിജയം കൈവരിച്ച് വരുന്ന ഒരു സ്ഥാപനമാണ് പാഠ്യേതര രംഗത്തും, കലാകായിക രംഗങ്ങളിലും ഈ വിദ്യാലയം നല്ല നിലവാരം പുലർത്തുന്നു. എന്നാൽ മററ് നാല് സ്ക്കൂളുകളിലേയും വിജയ ശതമാനം താരതമ്യേന കുറവാണ്. SNHS ൽ 1995-96 ൽ 72.25 വിജയശതമാനമുണ്ട്. എന്നാൽ മുൻവർഷങ്ങളിൽ ഇവ 55 61 ഉം, 57.6 ഉം ആയിരുന്നു. സ്ക്കൂളുകളിലെ SSLC വിജയ ശതമാനം പൊതുവെ സംസ്ഥാന ശരാശരിയോടു് അടുത്ത് വരുമെങ്കിലും വളരെ കുറച്ച് പേർക്ക് മാത്രമേ കോളേജ് പ്രവേശനം ലഭിക്കുന്നതിനുതകുന്ന മാർക്കുകൾ ലഭിക്കാറുള്ളൂ.

പട്ടിക **2A**

പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിലെ SSLC വിജയ ശതമാനം

| ക്രമ നമ്പർ | സ്ക്കൂളിൻെറ പേര് | SSLC വിജയ ശതമാനം 92-93 | 94-94 | 94-95 | 95-96 |
|---|---|---|---|---|---|
| 1 | അനിതവിദ്യാലയം, താന്നിപ്പുഴ | 100 | 100 | 100 | 100 |
| 2 | SNHS, ഒക്കൽ | 66.6 | 57 6 | 55 61 | 72.25 |
| 3 | MAHS, കോടനാട് | 52.73 | 58 76 | 45 | 51 79 |
| 4 | GVHS, കൂവപ്പടി | 56.35 | 51.92 | 39 44 | 37.09 |
| 5 | GHS, ചേരാനല്ലൂർ | 47 22 | 45.83 | 33.54 | 38.78 |

## പട്ടിക 2B

**1996–1997ലെ ഒന്നാം ടേം പരീക്ഷയിൽ വിവിധ വിദ്യാലയങ്ങളിൽ 10–ാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ലഭിച്ച മാർക്ക് വിവരം**

| വിദ്യാലയത്തിന്റെ പേര് | മാർക്ക്/കുട്ടികളുടെ എണ്ണം | | | | |
|---|---|---|---|---|---|
| | 30%ൽ താഴെ | 30%–40% | 40%–50% | 50%–60% | 60% മുകളിൽ |
| അനിതവിദ്യാലയം, താന്നിപ്പുഴ | — | — | 3 | 20 | 94 |
| SNHS, ഒക്കൽ | 70 | 41 | 35 | 24 | 20 |
| MAHS, കോടനാട് | 50 | 10 | 16 | 9 | 18 |
| GVHS, കൂവപ്പടി | 102 | 30 | 26 | 18 | 21 |
| GHS, ചേരാനല്ലൂർ | 29 | 27 | 23 | 11 | 21 |
| ആകെ | 251 | 108 | 103 | 82 | 174 |

10–ാം ക്ലാസിൽ പഠിക്കുന്ന ആകെ വിദ്യാർത്ഥികൾ—718

1960 ൽ സ്കൂൾ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുക എന്ന ഉദ്ദേശത്തോടെ സർക്കാർ ആരംഭിച്ച ജൂനിയർ ടെക്നിക്കൽ സ്കൂളുകളിൽ വളരെ നല്ലനിലയിൽ പ്രവർത്തിച്ചു പോന്നിരുന്ന ഒന്ന് ഈ പഞ്ചായത്തിലുണ്ടായിരുന്നു. അവിടെ പഠിച്ചും തുടർന്ന് ഉപരിപഠനം കൊണ്ടും വിവിധ മേഖലകളിൽ ജോലി ലഭിച്ചവർ ഈ പഞ്ചായത്തിൽ വളരെയധികമുണ്ട്. മറ്റ് വിദ്യാലയങ്ങളിലേതുപോലെ ഇവിടെ കുട്ടികളുടെ കുറവ് ഉണ്ടായിരുന്നില്ല. ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നും ഇവിടെ വന്ന് പഠിച്ച് പോയവർ നിരവധിയാണ്. എന്നാൽ ആ സ്കൂളിന്റെ പ്രവർത്തനം നിർത്തലാക്കികൊണ്ട് 1994 95 മുതൽ സ്ഥാപനത്തെ Polytechnic ആക്കി അപ്ഗ്രേഡ് ചെയ്തതിനാൽ ഇവിടെ ലഭിച്ചുകൊണ്ടിരുന്ന സ്കൂൾ തലത്തിലുള്ള സാങ്കേതിക പഠന സൗകര്യം ഇല്ലാതായിരിക്കുകയാണ്. Polytechnic ആക്കി എങ്കിലും വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ടതായ Practical സൗകര്യങ്ങൾ ഇതുവരെയും പൂർണ്ണമായും ഏർപ്പെടുത്തിയിട്ടില്ല. ഇതിനായി കെട്ടിടങ്ങൾ പണിയുന്നതിനാവശ്യമായ സ്ഥലം ക്യാമ്പസിലുണ്ട്. ആയതിനാൽ Polytechnic വിദ്യാർത്ഥികൾക്ക് Practical സൗകര്യങ്ങൾ പൂർണ്ണമായും എത്രയും വേഗം ഏർപ്പെടുത്തണം. അതോടൊപ്പം ഒരു Technical High School ന് ആവശ്യമായ Class rooms കൂടി പണിത് നിർത്തലാക്കിയ THSന്റെ പ്രവർത്തനം പുനരാരംഭിക്കണം. സ്കൂളുകളിൽനിന്നും പാസായി വരുന്ന കുട്ടികളിൽ ഭൂരിഭാഗവും പെരുമ്പാവൂരും പരിസരപ്രദേശങ്ങളിലുമുള്ള പാരലൽ കോളേജുകളെ ശരണം പ്രാപിക്കുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 12 ട്യൂഷൻ സെന്ററുകളുണ്ട്. ഇവയിൽ 3 എണ്ണത്തിൽ പ്രീഡിഗ്രി, ഡിഗ്രി തലത്തിൽ ട്യൂഷൻ നൽകുന്നുണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി മൂന്ന് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. സെറോക്സുകളുടെ കടന്ന് കയററവും കമ്പ്യൂട്ടർ സ്ഥാപനങ്ങളുടെ ദൗർലഭ്യമില്ലായ്മയും കമ്പ്യൂട്ടർ പഠനത്തോടുള്ള അമിതാവേശവും ഈ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. SNITC, ഒക്കലിൽ Stenography (English) വിഷയത്തിൽ കേന്ദ്രസർക്കാരിന്റെ അംഗീകാരമുള്ള ഒരു വർഷത്തെ Course നടത്തുന്നുണ്ട്. GPTയ്ക്ക് അടുത്തായി ഒരു Computer Class കൾ പഠിപ്പിക്കുന്ന സ്ഥാപനവും ഉണ്ട്.

അംഗീകൃത പ്രീ–പ്രൈമറി സ്കൂളുകളോ, നഴ്സറി സ്ഥാപനങ്ങളോ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 5 ഇംഗ്ലീഷ് മീഡിയം നഴ്സറികളും, 13 മലയാളം മീഡിയം നഴ്സറികളും പ്രവർത്തിക്കുന്നുണ്ട്. മൂന്ന് വയസിനും, അഞ്ച്

വയസിനും ഇടയിലുള്ള കുട്ടികളിൽ വളരെ കുറച്ച് പേർമാത്രമാണ് നേഴ്സറികളിൽ പോകുന്നത്. 50,000 ൽ അധികം ജനസംഖ്യയുള്ള പഞ്ചായത്തിൽ സാമൂഹ്യ ക്ഷേമവകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന 9 അംഗൻവാടികളാണുള്ളത്. ഇവയിലെല്ലാം നഴ്സറി ക്ലാസുകരം പ്രവർത്തിക്കുന്നുണ്ട്. 1000 പേർക്ക് ഒരെണ്ണം എന്ന അനുപാതം പാലിക്കപ്പെടണമെങ്കിൽ ഇനിയും 41 അംഗൻവാടികരംകൂടി പഞ്ചായത്തിന് അനുവദിച്ച് കിട്ടേണ്ടതായിട്ടുണ്ട്.

മുസ്ലീംഗളുടെ മതപഠന കേന്ദ്രമായ മദ്രസകളും ഇവിടെ പ്രവർത്തിക്കുന്നു. സാധാരണ സ്ക്കൂരം സമയത്തിന് മുൻപും, പിൻപുമായി ഇവ പ്രവർത്തിക്കുന്നത് മുസ്ലീം കുട്ടികളുടെ സ്ക്കൂരം പഠനത്തെ ബാധിക്കുന്നു എന്ന അഭിപ്രായമുണ്ട്. പഞ്ചായത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരിൽ പകുതിയോളം പേർ മററ് സ്ഥലങ്ങളിൽ നിന്നും വന്ന് ജോലി ചെയ്ത് പോകുന്നവരാണ്.

വളരെയധികം വിദ്യാലയങ്ങളും, നിരവധി വിദ്യാസമ്പന്നരും ഇവിടെയുണ്ടെങ്കിലും പഞ്ചായത്തിൽ വളരെയധികം നിരക്ഷരർ ഉണ്ട്. 1990 ൽ തുടങ്ങിയ സാക്ഷരതായജ്ഞത്തിൻെറ ആവേശം അതേപടി നിലനിർത്താൻ സാധിക്കാതെ പോയതിനാൽ മിക്കവാറും എല്ലാ നവസാക്ഷരരും ക്രമേണ നിരക്ഷരരായി മാറി.

പൊതുവിദ്യാഭ്യാസം സാർവത്രികമായി നടപ്പിലാക്കിയതിൻെറ ഫലമായി നമ്മുടെ വിദ്യാഭ്യാസ മേഖല വളരെയധികം വളർന്നെങ്കിലും അതിൻെറ ഗുണനിലവാരത്തിൽ ആനുപാതികമായ വളർച്ച ഉണ്ടായിട്ടില്ല. ഇതിനുകാരണം വിദ്യാഭ്യാസ മേഖലയിൽ കച്ചവട ലക്ഷ്യവുമായി വളർന്നുവന്ന ഒരു സമാന്തര വിദ്യാഭ്യാസ മേഖലയാണ് ഇതിൻെറ ഫലമായി നാട്ടിലെ പല സ്ക്കൂളുകളും ആദായകരമല്ലാതായി മാറിയിരിക്കുന്ന ഇന്നത്തെ അവസ്ഥയിൽ നമ്മുടെ പ്രദേശത്തെ വിദ്യാലയങ്ങരം നിലനിർത്തണമെങ്കിൽ നാം തന്നെ മുൻകൈ എടുക്കേണ്ടതായിട്ടുണ്ട്. അതായത് വിദ്യാലയങ്ങളിൽ നല്ല അദ്ധ്യയന അന്തരീക്ഷമുണ്ടാകുന്നതിനായി സമൂഹം വിദ്യാലയത്തെ ഏറെറടുക്കണം ബഡ്ജററിൽ സർക്കാർ വിദ്യാഭ്യാസത്തിനായി നീക്കിവക്കുന്ന തുക ഏതാണ്ട് മുഴുവൻ തന്നെ ജീവനക്കാർക്ക് ശമ്പളമായി നൽകേണ്ടിവരുന്നതിനാൽ വിദ്യാലയങ്ങളുടെ അററകുററപണികരം നടത്തുന്നതിനോ, അവശ്യം വേണ്ട പഠനോപകരണങ്ങരം വാങ്ങുന്നതിനോ പലപ്പോഴും സാധിക്കാറില്ല അസൗകര്യങ്ങളും ഇല്ലായ്മകളും നിറഞ്ഞ നമ്മുടെ വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യമാണ് ഗുണനിലവാരത്തകർച്ചക്ക് ഏററവും പ്രധാന കാരണം. അക്കാഡമിക് സൗകര്യങ്ങരം ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമ പ്രധാനമാണ്. വൃത്തിയുള്ള ക്ലാസ്മുറി, ഫർണിച്ചറുകരം, വൃത്തിയും വലിപ്പവുമുള്ള ബോർഡുകരം, ലൈബ്രറി, ലബോറട്ടറി, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങരം, മററ് പഠനോപകരണങ്ങരം തുടങ്ങിയവ ഒരു വിദ്യാലയത്തിൻെറ യോഗ്യതാചിഹ്നങ്ങളായി കണക്കാക്കാം. നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ മേൽപറഞ്ഞ സൗകര്യങ്ങളുടെ വിവരങ്ങരം പട്ടിക 3 ൽ കൊടുത്തിരിക്കുന്നു ലൈബ്രറി, ലബോറട്ടറി, റേഡിയോ, ടേപ്പ് റെക്കോർഡർ തുടങ്ങിയവ മിക്കവാറും എല്ലാ വിദ്യാലയങ്ങളിലും ഉണ്ടെങ്കിലും ഇവയൊന്നും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ഏററവും വലിയ പോരായ്മയാണ്. മിക്കവാറും എല്ലാ വിദ്യാലയങ്ങളും ക്ലാസ് മുറികളുടെ എണ്ണത്തിൽ സ്വയം പര്യാപ്ത മാണെങ്കിലും, മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം തുടങ്ങിയ കാര്യങ്ങളിൽ സൗകര്യങ്ങരം അപര്യാപ്തമാണ്

## പട്ടിക 3

### വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ

| ക്രമനമ്പർ | വിദ്യാലയത്തിന്റെ പേര് | ആകെ കുട്ടികൾ | ആകെ അദ്ധ്യാപകർ / ജീവനക്കാർ | മൂത്രപ്പുരകളുടെ എണ്ണം നിലവിലുള്ളത് | കക്കൂസുകളുടെ എണ്ണം നിലവിലുള്ളത് | കിണർ | പമ്പ സെറ്റ് | KWA കണക്ഷൻ | ചുറ്റുമതിൽ | കളിസ്ഥലം | വൈദ്യുതീകരണം | ലബോറട്ടറി | ലൈബ്രറി | പഠനോപകരണങ്ങൾ | PTA | മാതൃസംഗമം | പാചകപ്പുര |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | GPT, Perumbavoor | 331 | 57 | 4 | 4 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഭാഗികം | ഉണ്ട് | കുറവ് | ഉണ്ട് | — | — |
| 2 | GHS, Cheranalloor | 392 | 41 | 2 | 3 | X ,, | ഇല്ല | ഉണ്ട് | ഇല്ല | ,, | ,, | ,, | ,, | , | ,, | ഇല്ല | ഉണ്ട് |
| 3 | G U P S, Aimury | 329 | 15 | 3 | 2 | ,, | | | ,, | ,, | ,, | ഇല്ല | ,, | ,, | ,, | ഉണ്ട് | ,, |
| 4 | G L P S, Okkal | 324 | 12 | 2 | 1 | ഉണ്ട് | | | ഉണ്ട് | ,, | ,, | ഇല്ല | ,, | [illegible] | ,, | ,, | ,, |
| 5 | GLPS, Kodanad | 154 | 7 | 2 | 1 | ,, | | | ഇല്ല | ഇല്ല | ഭാഗീകം | ,, | ,, | | ,, | ,, | ,, |
| 6 | GLPS, Koovappady | 234 | 9 | 2 | 1 | ,, | | | ,, | ,, | ഉണ്ട് | ,, | ,, | ,, | ,, | ,, | ,, |
| 7 | GLPS, Kurichilakode | 119 | 5 | 3 | 3 | ,, | | | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ,, |
| 8 | MAHS, Kodanad | 722 | 38 | 3 | 3 | ,, | ഉണ്ട് | | ഉണ്ട് | ,, | ഉണ്ട് | ഉണ്ട് | ,, | , | ,, | ,, | ,, |
| 9 | GVHS, Koovappady | 923 | 43 | 2 | 3 | ,, | ,, | | ഇല്ല | ,, | ,, | ,, | ,, | ,, | ,, | ,, | ,, |
| 10 | SNHS, Okkal | 1266 | 53 | 3 | 7 | ,, | ,, | | ഉണ്ട് | ,, | ,, | ,, | ,, | ,, | ,, | ,, | ,, |
| 11 | St. Mary's LPS, Alattuchira | 120 | 4 | 2 | — | ,, | | | ,, | ,, | ,, | ഇല്ല | ,, | ,, | ,, | ,, | ,, |
| 12 | St. George's LPS, Koodalappadam | 218 | 8 | 1 | 1 | X ഇല്ല | | | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ,, |
| 13 | Mary Matha LPS, Kayyuthiyal | 229 | 8 | 1 | 1 | X ഇല്ല | | ഉണ്ട് | ,, | ഇല്ല | ,, | ,, | ,, | ,, | ,, | ,, | ,, |
| 14 | SNDP LPS, Kodanad | 159 | 5 | 1 | 1 | ,, | | | ഉണ്ട് | ഉണ്ട് | ,, | ,, | , | ,, | ,, | ,, | ,, |
| 15 | MTLPS, Aimury | 82 | 3 | 1 | — | ,, | | | ഇല്ല | ,, | ഇല്ല | ,, | ,, | ,, | ,, | ,, | ഇല്ല |
| 16 | Church UPS, Cheranalloor | 460 | 17 | 1 | — | ,, | | | ഇല്ല | ,, | ഉണ്ട് | ഇല്ല | ,, | ,, | ,, | ,, | ഉണ്ട് |
| 17 | Edavoor UPS, Edavoor | 284 | 15 | 2 | 1 | ഇല്ല | | | ഉണ്ട് | ,, | ,, | ,, | ,, | ,, | ,, | ,, | ,, |
| | ആകെ | 6846 | 340 | 35 | 32 | | | | | | | | | | | | |

X കുടിവെള്ളക്ഷാമം രൂക്ഷമാണ്.

കക്കൂസ് ഇല്ലാത്ത മൂന്നും, വൈദ്യുതീകരണം ഇല്ലാത്ത രണ്ടും, കളിസ്ഥലം ഇല്ലാത്ത രണ്ടും സ്ക്കൂളുകൾ ഉണ്ട്. (പട്ടിക 3) എല്ലാ സ്ക്കൂളുകളോടനുബന്ധിച്ചും കിണറുകൾ ഉണ്ടെങ്കിലും (ചിലതിൽ കാമ്പസ് വിസ്തീർണ്ണത്തിനുള്ളിലില്ല) പകുതിയോളം സ്ക്കൂളുകളിൽ കുടിവെള്ള ക്ഷാമമുണ്ട്. അതിനാൽ എല്ലായിടത്തും Water Connection നൽകി കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കണം. ശരാശരി 206 ആൾക്ക് 1 മൂത്രപ്പുരയും, 225 ആൾക്ക് ഒരു കക്കൂസും ആണ് നിലവിലുള്ളത്.

പട്ടിക **4**

മററ് അനുബന്ധ സ്ഥാപനങ്ങളുടെ എണ്ണം

| വാർഡ് | ട്യൂഷൻസെന്റർ/ പാരലൽ കോളേജ് | നേഴ്സറികൾ | അങ്കനവാടികൾ/ മഹിളാ സമാജങ്ങൾ | വായനശാലകൾ | ഗ്രന്ഥശാലകൾ |
|---|---|---|---|---|---|
| I | 2 | — | 1 x2 | — x2 | — |
| II | 1 | 3 | — | — x1 | — |
| III | | — x1 | 1 x1 | — x1 | — |
| IV | 2 | 1 | 1 x1 | 2 | — |
| V | | 1 | 1 x1 | | — |
| VI | 1 | 3 x3 | 1 | 1 x1 | — |
| VII | | — | 1 | 1 | — |
| VIII | 3 | 2 | | 1 | 1 |
| IX | | 1 | 1 | — x1 | — |
| X | | 1 | 1 | 4 x1 | — |
| XI | | 2 | 1 | 1 | — |
| XII | 1 | — | 1 | — | — |
| XIII | 1 | — | 1 x1 | 1 | 1 |
| XIV | 1 | 1 | — x1 | 1 | — |
| XV | | — | — x3 | — | — |

x ചിഹ്നത്തിന് നേരെ എഴുതിയിട്ടുള്ളത് ഗ്രാമസഭാ റിപ്പോർട്ടിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള എണ്ണമാണ്.

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി നടന്ന ഗ്രാമസഭകളിൽ മിക്കവാറും വാർഡുകളിൽ വിദ്യാഭ്യാസ രംഗം സജീവ ചർച്ചക്ക് വിധേയമായി. പൊതുവായി അക്കാഡമിക് നിലവാരം, വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ തുടങ്ങിയവയെ അടിസ്ഥാനമാക്കി ചർച്ചയിൽ പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസത്തെ വിലയിരുത്തിയതായിട്ടാണ് കാണുന്നത്. ചില മാനേജ്മെൻറുകളുടെ ശൈലി ആ സ്ക്കൂളിന്റെ നിലവാര തകർച്ചക്ക് കാരണമാകുന്നുവെന്ന് ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1 a. സംസ്ഥാനത്താകെ വിദ്യാഭ്യാസ മേഖല പൊതുവിൽ നേരിടുന്ന വിഷമതകൾ ഇവിടെയും അനുഭവപ്പെടുന്നുണ്ട്.

b. വളരെ പഴക്കംചെന്ന ബോധനരീതി അവലംബിക്കുന്നതിനാൽ കുട്ടികളെ പഠനത്തിലേക്ക് വേണ്ടവിധത്തിൽ ആകർഷിക്കാൻ കഴിയുന്നില്ല.

c അദ്ധ്യാപകരുടെ പരിശീലനത്തിൽ ഗുണനിലവാരത്തകർച്ച ഉണ്ടായിട്ടുള്ളത് കുട്ടികളുടെ അദ്ധ്യയനത്തെ ബാധിച്ചിട്ടുണ്ട്.

d. മൽസര പരീക്ഷകളെ മാത്രം ലക്ഷ്യം വെച്ചുകൊണ്ടുള്ള അദ്ധ്യാപന രീതി അറിവ് പകർന്ന് കൊടുക്കുന്നുണ്ടെങ്കിലും, തിരിച്ചറിവ് സ്വായത്തമാക്കുന്നതിന് സഹായകമല്ലാത്ത നിലയിലാണ്.

e. വിദ്യാഭ്യാസത്തെ സംബന്ധിച്ച് തെററായ ധാരണകൾ സമൂഹത്തിൽ നിലവിലുണ്ട്. ആയതിനാൽ ഇംഗ്ളീഷ് മീഡിയം സ്ക്കൂളുകളെ തേടി പോകുന്നവർ നിരവധിയാണ്.

f. പൊതു വിദ്യാലയങ്ങൾ എല്ലാം അസൗകര്യങ്ങളും, ഇല്ലായ്മകളും നിറഞ്ഞതാണ്. ഇത് ഗുണനിലവാരം കുറയാനിടയാക്കി (പട്ടിക 3)

g. പാഠപുസ്തകങ്ങൾ സമയത്തിന് ലഭാക്കാത്തതും സാധാരണക്കാരായ വിദ്യാർത്ഥികളുടെ അദ്ധ്യയനത്തെ സാരമായി ബുധിക്കുന്നുണ്ട്.

h. പല വാർഡുകളിൽ നിന്നും കുട്ടികൾക്ക് വിദ്യാലയങ്ങളിയേക്കുള്ള ദൂരം 1 മുതൽ 4.5 കിലോമീററർ വരെയാണ്.

i. എല്ലാ സ്ക്കൂളുകളുടേയും ഭൗതിക സാഹചര്യം മോശമാണ് (പട്ടിക 3)

j. സ്ക്കൂളുകളിലെ അക്കാഡമിക് നിലവാരം സംസ്ഥാന ശരാശരിയോടുത്തതാണ്. (പട്ടിക 2A)

k. മിക്കവാറും എല്ലാ സ്ക്കൂളുകളിലും കുട്ടികളുടെ എണ്ണം വർഷംതോറും കുറയുന്നുണ്ട്. കുട്ടികളിലധികവും റിസൽട്ട് കൂടുതലുള്ള സ്ക്കൂളുകളിലേക്ക് ചേക്കേറുന്നതായി കാണുന്നു.

l. അദ്ധ്യാപകർക്ക് സേവന സന്നദ്ധതയും, സാമൂഹ്യ പ്രതിബദ്ധതയും കുറഞ്ഞുവരുന്നു, കുറഞ്ഞുവരുന്ന.

m. എയിഡഡ് സ്ക്കൂളുകളിൽ ചിലതിൽ മാനേജ്മെൻറും, രക്ഷാകർത്തൃ സമിതിയുമായുള്ള ബന്ധം മോശമാണ്.

n. കലാ–കായിക രംഗങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രോൽസാഹനവും, പരിശീലനവും കുറവാണ്.

o. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവുണ്ട്. (പട്ടിക 2)

p. ചുരുങ്ങിയ കാലയളവിൽ കൈതൊഴിൽ പഠിക്കാനാവശ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവുണ്ട്.

q. ഇംഗ്ളീഷ് മീഡിയം സ്ക്കൂളിൽ കുട്ടികൾ Work load വർദ്ധിപ്പിക്കുന്ന തരത്തിലുള്ള അദ്ധ്യാപന രീതിയാണ്.

2 a. അംഗീകൃത നേഴ്സറികളുടെ അഭാവവും, മററുള്ള നേഴ്സറികളിലെ അപര്യാപ്തതകളും ആ വിഭാഗം കുട്ടികളടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

b. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒൻപത് അംഗനവാടികളിലും പഠന സൗകര്യങ്ങൾ പരിമിതമാണ്.

c. ബാലവാടികളുടെ പ്രവർത്തനവും തൃപ്തികരമല്ല.

d. പല വാർഡുകളിലും അംഗനവാടികളും ബാലവാടികളും ഇല്ല. (പട്ടിക 4)

3 a. പഞ്ചായത്തിലെ പല വാർഡുകളിലും വാ

യനശാലകളും, ഗ്രന്ഥശാലകളും ഇല്ല. (പട്ടിക 4) പഞ്ചായത്ത് ലൈബ്രറിപോലും പ്രവർത്തിക്കുന്നില്ല. വായനശാല മാത്രമേ പ്രവർത്തിക്കുന്നുള്ളു.

b. ഇവ ഉള്ള സ്ഥലങ്ങളിൽ അവ വേണ്ട വിധത്തിൽ പ്രവർത്തിക്കുന്നില്ല.

4 a. പല വാർഡുകളിലും നിരക്ഷരരായവർ ഉണ്ട്.

b. സാക്ഷരതാ പ്രവർത്തനം നല്ലപോലെ നടന്നു എങ്കിലും, തുടർ സാക്ഷരതാ പ്രവർത്തനം വേണ്ടവിധത്തിൽ നടന്നിട്ടില്ല.

5. മാസികകളുടേയും മററ് പ്രസിദ്ധീകരണങ്ങളുടെയും വളർച്ച വായനാശീലം വർദ്ധിപ്പിക്കുവാൻ സഹായിച്ചിട്ടുണ്ടെങ്കിലും, വിദ്യാഭ്യാസ നിലവാരത്തകർച്ചക്ക് കാരണമായിട്ടുണ്ട്.

6. പഞ്ചായത്തിലെ പല വാർഡുകളിലും സ്കൂളുകൾ ഇല്ല. (പട്ടിക 1)

7. ഓപ്പറേഷൻ ബ്ളാക്ക് ബോർഡ് സ്കീമിൽ പെടുത്തി സർക്കാർ വിവിധ വിദ്യാലയങ്ങളിൽ വിതരണം ചെയ്ത ദൃശ്യ-ശ്രാവ്യ ഉപകരണങ്ങളും മററ് പഠനോപകരണങ്ങളും, റഫറൻസ് പുസ്തകങ്ങളും അലമാരയിൽ പൂട്ടി വച്ചിരിക്കുന്നതല്ലാതെ അദ്ധ്യാപകർക്കോ, വിദ്യാർത്ഥികൾക്കോ ഉപകരിക്കുന്നതായി കാണുന്നില്ല.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഗ്രാമസഭകളിൽ നിന്നും ലഭിച്ചിട്ടുള്ള അനവധി നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

1. a. എല്ലാ സ്കൂളുകളിലും പ്രീ-പ്രൈമറി ക്ളാസുകളാം ആരംഭിക്കുക.

b. നേഴ്സറി ക്ളാസുകളിൽ കുട്ടികളെ പഠിപ്പിക്കുന്നതിന് യോഗ്യത നേടിയ അദ്ധ്യാപകരെ മാത്രം നിയോഗിക്കുക.

c. നേഴ്സറി ക്ളാസുകളിൽ കുട്ടികൾക്ക് ആവശ്യമായ കളിപ്പാട്ടങ്ങളുടെ ലഭ്യത ഉറപ്പാക്കുക. ഹോം വർക്ക് നൽകുന്നത് നിർത്തലാക്കണം.

d. 4-ാം ക്ളാസ് വരെയുള്ള പഠനം പൂർണ്ണമായും മാതൃഭാഷയിലാക്കണം.

e. LP സ്കൂളുകളിൽ കുട്ടികൾക്ക് ഡസ്ക് നൽകണം. കൈയക്ഷരം നന്നാക്കുന്നതിന് ഇത് വളരെയേറെ സഹായകമാകും.

f. എല്ലാ സ്കൂളുകളിലും നിർബന്ധമായും ദിവസവും Assembly കൂടണം.

g. ദേശീയഗാനാലാപനവും, പ്രതിജ്ഞയും ദിവസവും ഉണ്ടാകണം.

h. എല്ലാ ക്ളാസുകളിലും Monthly Test ഏർപ്പെടുത്തണം.

i. ക്ളാസ് കയററത്തിന് നിശ്ചിത മാർക്ക് നിശ്ചയിക്കണം.

j. കുട്ടികൾക്കും, അദ്ധ്യാപകർക്കും Uniform നിർബന്ധമാക്കണം.

k. സ്കൂളുകളിൽ Scout, Guides, NCC, NSS, Junior Red Cross എന്നിവയുടെ പ്രവർത്തനം ആരംഭിക്കണം. ഇതിനായി അദ്ധ്യാപകർക്ക് പരിശീലനം നൽകണം.

l. വിദ്യാലയങ്ങളുടെ വാർഷികാഘോഷം വിപുലമാക്കുകയും, പഠനയാത്ര നടത്തുകയും വേണം.

m. PTAകളുടെ പ്രവർത്തനം എല്ലാ വിദ്യാലയങ്ങളിലും കാര്യക്ഷമമാക്കണം. എല്ലാ മാസത്തിലും PTA ഭാരവാഹികളുടെ യോഗം ചേർന്ന് പഠന പുരോഗതി വിലയിരുത്തണം. ഈ യോഗത്തിൽ വിദ്യാർത്ഥി പ്രതിനിധികളെയും പങ്കെടുപ്പിക്കണം.

n. സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പുകൾ നടത്തണം. അതിൽ രാഷ്ട്രീയ ഇടപെടലുകൾ അവസാനിപ്പിക്കണം.

o. ആഴ്ചയിൽ ഒരു ദിവസം കുറച്ച് സമയം സാഹിത്യ സമാജം നടത്തുക.

p. സയൻസ് ക്ളബ്, സയൻസ് കോർണർ എന്നിവയുടെ പ്രവർത്തനം ശക്തമാക്കുക.

q. സ്കൂൾ തലത്തിൽ ബാല കലോൽസവം, എന്നിവ നടത്തി പ്രതിഭാശാലികളെ കണ്ടെത്തുകയും അവർക്ക് പരിശീലനം നൽകി ഇതര മൽസരങ്ങൾക്ക് പ്രാപ്തരാക്കുകയും വേണം.

2 a. പുതുതായി Aided/Unaided വിദ്യാലയങ്ങൾ അനുവദിക്കരുത്.

b. എല്ലാ വിദ്യാലയങ്ങളിലെയും മുഴുവൻ നിയമനവും PSC വഴി ആക്കണം.

c. അദ്ധ്യാപകരെ ജനസംഖ്യാ കണക്കെടുക്കുന്നതിനും മററും നിയോഗിക്കുന്നത് നിർത്തലാക്കണം.

d. Aided വിദ്യാലയങ്ങളിലെ ജീവനക്കാർക്ക് ത്രീതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിന് അയോഗ്യത കൽപ്പിക്കുകയോ, അല്ലാത്തപക്ഷം തിരഞ്ഞെടുക്കപ്പെട്ടാൽ കാലാവധി പൂർത്തിയാക്കുന്നതുവരെ ലീവിലിയിരിക്കണമെന്ന നിബന്ധന ഏർപ്പെടുത്തുകയോ വേണം.

e. Schoolകളിൽ എല്ലാംതന്നെ Libraryയും Laboratory സൗകര്യവും ഉണ്ടെങ്കിലും ഒരിടത്തും അവ ഒട്ടുംതന്നെ പ്രവർത്തിക്കുന്നില്ല. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

f. സമയത്തിന് പാഠപുസ്തകങ്ങൾ ലഭ്യമാക്കണം.

g. സർക്കാർ നൽകിയിരിക്കുന്ന വിവിധങ്ങളായ പഠനോപകരണങ്ങൾ അദ്ധ്യായനത്തിനായി പ്രയോജനപ്പെടുത്തണം.

3 a. പലതട്ടിലുള്ള പൗരന്മാരെ വാർത്തെടുക്കുന്ന വിധത്തിലുള്ള ഇന്നത്തെ വിദ്യാഭ്യാസ രീതി മാററണം.

b. കേന്ദ്ര വിദ്യാഭ്യാസ സിലബസുമായി കിടപിടിക്കത്തക്കവിധത്തിൽ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഒരു ഏകീകൃത സിലബസ് ഉണ്ടാകണം

c. സേവന സന്നദ്ധരായ അദ്ധ്യാപകരെ നിയമിക്കണം

d. വിദ്യാഭ്യാസ മേഖല വ്യവസായ വൽക്കരിക്കുന്ന പ്രവണത ഇല്ലാതാക്കണം.

e LP/UP Headmaster മാരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കണം

f. അദ്ധ്യാപകർക്ക് പുനഃ പരിശീലനം നൽകണം (Inservice Course)

g. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നല്കണം

h. HeadMaster മാരുടെ Supervision ജോലികൾ കാര്യക്ഷമമാക്കുകയും, അദ്ധ്യാപകരുടെ പാഠക്കുറിപ്പുകൾ ആഴ്ചതോറും പരിശോധിക്കുകയും, മാർഗ്ഗ നിർദ്ദേശങ്ങൾ നൽക്കുകയും വേണം.

4. നിർത്തലാക്കിയ Technical High School ന്റെ പ്രവർത്തം എത്രയും വേഗം പുനരാരംഭിക്കണം.

5. Polytechmic പ്രവേശനത്തിന് പ്രാദേശിക സംവരണം ഏർപ്പെടുത്തണം. Model Polytechnic കളിൽ ഇപ്പോൾ തന്നെ സംവരണം നിലവിലുണ്ട്

6 Polytechnic PTA ൽ രക്ഷാകർത്തൃവിഭാഗത്തിന്റെ പ്രാതിനിധ്യം കൂട്ടി പ്രസിഡന്റ് സ്ഥാനം ആ വിഭാഗത്തിൽ നിന്നാക്കണം

7. ഒരു Government Commercial Institute ആരംഭിക്കണം

8 SSLC ക്ക് ശേഷം പഠിക്കുന്നതിനായി Plus two കോഴ്സുകൾ ആരംഭിക്കണം

9. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളും (ITI), കോഴ്സുകളും (VHSE) ആരംഭിക്കണം

10. പഞ്ചായത്തിലെ പഴക്കം ചെന്ന സ്ക്കൂളുകളിലൊന്നും ഏക സർക്കാർ ഹൈസ്ക്കൂളും ആയ Govt. H. S, Cheranalloor ന്റെ എല്ലാ വിധത്തിലുമുള്ള പരാധീനതകൾ മാററി ചുററുമതിൽ കെട്ടി സംരക്ഷിച്ച് ഒരു നല്ല സ്ററേഡിയം നിർമ്മിക്കണം

11. എല്ലാ വിദ്യാലയങ്ങളുടെയും കെട്ടിടങ്ങൾ, ഫർണിച്ചറുകൾ എന്നിവയുടെ അററകുററപണികൾ നടത്തി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

12. സ്ക്കൂൾ കോംപ്ലക്സുകൾ സ്ഥാപിക്കുകയും സ്ക്കൂളുകളിൽ 'ജനകീയ മോണിററിംഗ്' ഏർപ്പെടുത്തുകയും വേണം.

13. വിദ്യാഭ്യാസ ഉപദേശക സമിതി രൂപീകരിച്ച് വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തണം

14. SC/ST വെൽഫെയർ ഹോസ്ററലുകൾ ആരംഭിക്കണം. SC/ST കോളനികൾ കേന്ദ്രീകരിച്ച് വായനശാലകൾ ആരംഭിക്കണം

15. കലാ-കായിക രംഗങ്ങളിലും മികച്ച പരിശീലനം നൽകണം.

16. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും, ഭക്ഷണവും, വസ്ത്രവും സൗജന്യമായി നൽകണം.

17. സർക്കാർ സ്ക്കൂളുകളിൽ Peon / Attender Niget Watchman നെ നിയമിക്കണം

18. തുടർ സാക്ഷരതാ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതായിട്ടുണ്ട്.

19. വിദ്യാലയങ്ങളിലെ Co-operative Society യുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

20. വിദ്യാലയങ്ങളിലെ അച്ചടക്ക നിലവാരം മെച്ചപ്പെടുത്തണം

21. പഞ്ചായത്ത് ലൈബ്രറിയുടേയും, റിഡിംഗ് റൂമിന്റേയും പ്രവർത്തനം വിപുലമാക്കുകയും കാര്യക്ഷമമാക്കുകയും വേണം

22. പഞ്ചായത്ത് തലത്തിൽ മികച്ച സേവനം കാഴ്ചവക്കുന്ന അദ്ധ്യാപകർക്ക് പഞ്ചായത്ത് തലത്തിൽ അവാർഡുകൾ നൽകി പ്രോത്സാഹിപ്പിക്കണം. ഇത്തരം അവാർഡ് ജേതാക്കളിൽ നിന്നും വേണം സംസ്ഥാനതലത്തിലും, പിന്നീട് ദേശീയ തലത്തിലും അവാർഡ് ജേതാക്കളെ കണ്ടെത്തേണ്ടത്.

23. പഞ്ചായത്ത്തല വിദ്യാഭ്യാസ ഉപദേശക സമിതിയിൽ ഇത്തരം അവാർഡ് ജേതാക്കളായ അദ്ധ്യാപകരേയും, വിദ്യാഭ്യാസ വിചക്ഷണരേയും ഉൾപ്പെടുത്തേണ്ടതാണ്.

24. ദേശീയാഘോഷ ദിനങ്ങൾ വിദ്യാലയങ്ങളിൽ വിപുലമായി ആചരിക്കണം (ശിശുദിനം, സ്വാതന്ത്ര്യദിനം, റിപ്പബ്ളിക്ദിനം, അദ്ധ്യാപകദിനം)

25. മാതൃസംഗമങ്ങൾ നിർബന്ധമാക്കുകയും, പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം.

26. അർഹരായ സാധു വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള മുഴുവൻ ചിലവും സർക്കാർ വഹിക്കുകയും, PTA അതിനുള്ള ഒത്താശകൾ ചെയ്തുകൊടുക്കുകയും വേണം.

ഗ്രാമസഭകളിൽ നിന്നും പുതിയ സ്കൂളുകൾ തുടങ്ങുന്നതിനെ സംബന്ധിച്ചും, നിലവിലുള്ളവ അപ്ഗ്രഡ് ചെയ്യേണ്ടതിനെ കുറിച്ചും പുതിയ കോഴ്സുകൾ തുടങ്ങേണ്ടതിനെ കുറിച്ചും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ:

1. ചുരുങ്ങിയ കാലയളവിനുള്ളിൽ പഠനം പൂർത്തിയാക്കാവുന്ന കോഴ്സുകൾ തുടങ്ങണം. (വാർഡ് I)

2. SNHS, Okkalൽ English Medium Classകളും, Plaus two Classകളും ആരംഭിക്കണം. (വാർഡ് III)

3. ഒരു LP School ആരംഭിക്കണം. (വാർഡ് IV)

4. ഒഴിഞ്ഞ് കിടക്കുന്ന കമ്മ്യൂണിററി ഹാളിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണം. (വാർഡ് IV)

5. GHSൽ English Medium Classകളും Plaus two, VHSE Classകളും ആരംഭിക്കണം. പഞ്ചായത്തിൽ ഒരു Junior College ആരംഭിക്കണം. (വാർഡ് V, VIII) പഞ്ചായത്തിൽ ഒരു ITI ആരംഭിക്കണം. ആയത്തുപടി പള്ളിയിൽ പ്രവർത്തിക്കുന്ന സ്കൂളിന് അംഗീകാരം നൽകണം. (വാർഡ് V)

6. വാർഡിൽ ഒരു സാങ്കേതിക വിദ്യഭ്യാസ സ്ഥാപനം ആരംഭിക്കണം, GUPS അപ്ഗ്രേഡ് ചെയ്ത് തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി കോഴ്സുകൾ തുടങ്ങണം, MMLPS കയ്യുത്തിയാൽ അപ്ഗ്രേഡ് ചെയ്യണം. (വാർഡ് VI)

7. GVHSൽ Plus rwo Courseകൾ ആരംഭിക്കണം (വാർഡ് VIII) നിർത്തലാക്കിയ THSന്റെ പ്രവർത്തനം പുനരാരംഭിക്കണം. (വാർഡ് V, VIII)

8. St. George's LPS UPS ആയി ഉയർത്തണം. (വാർഡ് IX)

9. CUPS, Cheranalloor High School ആയി ഉയർത്തണം. (വാർഡ് XI, XII)

10. LPSൽ Pre-Primary Class തുടങ്ങുകയും UP ആക്കി ഉയർത്തുകയും വേണം. (വാർഡ് XIII)

11. വാർഡിൽ ഒരു ITI ആരംഭിക്കണം. (വാർഡ് XV)

12. ബ്ളോക്ക് തലത്തിൽ കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് ഒരു ITI ആരംഭിക്കേണ്ടതാണ്. (വാർഡ് VIII)

ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട VHSE Courseകൾ ക്ഷീരവികസനം, മൃഗസംരക്ഷണം, കൃഷി എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിലുള്ളതായിരിക്കണം. കൂടാതെ പ്രാദേശിക വിഭവങ്ങളായ ചകിരി, ചിരട്ട, പഴവർഗങ്ങൾ, റബർ, നാളികേരം തുടങ്ങിയവ ഉപയോഗപ്പെടുത്തി ആരംഭിക്കാവുന്ന ചെറുകിട വ്യവസായങ്ങൾക്ക് യുവാക്കളെ പരിശീലിപ്പിക്കാൻ ഹ്രസ്വകാല കോഴ്സുകൾ Polytechnicൽ ആരംഭിക്കണം. നാട്ടിൽ ആവശ്യമുള്ള നോട്ട്ബുക്ക്, കുട എന്നിവ നിർമ്മിക്കുന്നതിന് ഹൈസ്ക്കൂൾ തലത്തിൽ പരിശീലനം നൽകണം.

# കുടിവെള്ളവും പൊതുജനാരോഗ്യവും

## ആരോഗ്യമുള്ള ജനത ആരോഗ്യമുള്ള രാഷ്ട്രം

രാഷ്ട്രത്തെ ആരോഗ്യകരമാക്കുന്നത് ആരോഗ്യമുള്ള ജനതയാണ്. അതിന് ഏററവും ആവശ്യം ശുദ്ധമായ വായു, ശുദ്ധമായ ജലം, ശുചിത്വമുള്ള പരിസരവും, പാർപ്പിടവുമാണ്. കുടിവെള്ളത്തിനായി പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ആശ്രയിച്ചിരുന്നത് മുഖ്യജല സ്രോതസ്സായ പെരിയാർ നദിയെ ആണ്. 15, 14, 13, 11, 12 10, 3, 2, 1 എന്നീ വാർഡുകളിലൂടെ കടന്നുപോകുന്ന പെരിയാറിലെ അനിയന്ത്രിതമായ മണൽ വാരൽ കുടിവെള്ളത്തിന് വളരെ ഭീഷണി ഉയർത്തുന്നുണ്ട്. മണൽ വാരൽ മൂലം പെരിയാറിലെ ജലനിരപ്പ് താഴ്ന്നതുമൂലം കിണറുകളിലെ ജലം വററിപോകുകയും, കിണറുകൾ കൂടുതൽ ആഴത്തിൽ ജലവിതാനമനുസരിച്ച് താഴ്ത്താൻ പററാത്ത അവസ്ഥയിലുമാണ് അതുപോലെതന്നെ പെരിയാറിൽ സ്ഥാപിച്ച് ലിഫ്ററ് ഇറിഗേഷൻ സ്കീമുകൾ, വാട്ടർ സപ്ലൈ സ്കീമുകളും മണൽവാരൽ ഭീഷണി നേരിടുന്നു. ജലവിതാനം താഴ്ന്നതുമൂലം മോട്ടോറുകൾ താഴ്ത്തി വെയ്ക്കേണ്ടതായും, അതുകൊണ്ട് തള്ള് കുറയുകയും, പമ്പ് ഇരിക്കുന്ന സ്ഥലത്തേക്ക് വെള്ളച്ചാലുകൾ കീറി ജലം എത്തിക്കേണ്ടതായും വരുന്നു. കിണറുകളിലും പമ്പ് ഇരിക്കുന്ന സ്ഥലങ്ങളിലും പാറകൾ ഉള്ളതുകൊണ്ട് കൂടുതൽ താഴ്ത്തുന്നതിന് നിവൃത്തിയില്ല. ആയതിനാൽ മുഖ്യജലസമ്പത്തായ പെരിയാറിനെ അനിയന്ത്രിതമായ മണൽ വാരലിൽ നിന്ന് മോചിപ്പിക്കേണ്ടത് കൂവപ്പടി പഞ്ചായത്തിലെ ജനങ്ങളുടെ കൃഷി ആവശ്യങ്ങൾ നിറവേററുന്നതിനും, കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും അത്യാവശ്യകാര്യമാണ്. പഞ്ചായത്തിൻെറ ശ്രദ്ധ ഇതിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു. ഇതുകൂടാതെ സ്വകാര്യ കിണറുകൾ, പൊതുകിണറുകൾ, കുളങ്ങൾ, ചിറകൾ എന്നിവയാണ് മററു ജലസ്രോതസുകൾ. പൊതുകിണറുകൾ എല്ലാം തന്നെ ഉപയോഗശൂന്യമായി കിടക്കുന്നു. കുളങ്ങളും ചിറകളും ഒന്നുംതന്നെ വേണ്ടരീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല. വാട്ടർ അതോറിററിയുടെ കുറിച്ചിലക്കോട്, കയ്യുത്തിയാൽ കുന്നക്കാട്ടുമല എന്നീ സ്കീമുകളാണ് കുടിവെള്ള പരിഹാരത്തിന് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഈ മൂന്നു സ്കീമുകളിലേയും ജലവിതരണം അസമയത്തും അശാസ്ത്രീയവുമായാണ് നടത്തുന്നത്. (1) വിതരണ ജലത്തിന് ഒട്ടുംതന്നെ ഗുണമേന്മയില്ല. (2) പൈപ്പുലൈനുകളും ടാപ്പുകളും മിക്കസ്ഥലങ്ങളിലും പൊട്ടിവെള്ളം ലീക്കാവുന്നു. കുഴൽകിണറുകളും ഉപയോഗശൂന്യമായി കിടക്കുന്നു.

---

NB:- വാർഡ് അടിസ്ഥാനത്തിൽ ജലക്ഷാമമനുഭവപ്പെടുന്ന പ്രദേശവും, ജലസ്രോതസ്സും, പരിഹാര നിർദ്ദേശത്തിനും പട്ടിക 1 നോക്കുക.

## പൊതുനിർദ്ദേശങ്ങൾ

1 മുഖ്യ ജലസ്രോതസ്സായ പെരിയാറിനെ അനിയന്ത്രിതമായ മണൽവാരൽ ഭീഷണിയിൽ നിന്നും മോചിപ്പിക്കുന്നതിനാവശ്യമായ നിയമ നടപടികൾ സത്വരമായി സ്വീകരിക്കുകയും, അതിനാവശ്യമായ ജനകീയ കമ്മററികൾ രൂപീകരിക്കുകയും ചെയ്യുക.

2 പെരിയാറിനെ കേന്ദ്രീകരിച്ച് കൂടുതൽ വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പിലാക്കുക.

3 പഞ്ചായത്തിലെ പ്രധാന കുളങ്ങൾ, ചിറകൾ എന്നിവ കെട്ടി സംരക്ഷിക്കുകയും, കുടിക്കുന്നതിനും, കുളിക്കുന്നതിനും ഉപയോഗിക്കുന്ന ജലസ്രോതസ്സുകൾ അതിൻേറതായ രീതിയിൽ സംരക്ഷിക്കുക.

4 കുറിച്ചിലക്കോട്, കയ്യുത്തിയാൽ, കുന്നക്കാട്ടുമല സ്കീമുകളായി ബന്ധപ്പെട്ട എല്ലാ പൈപ്പുലൈനുകളും ടാപ്പുകളും കേടുമാററി പുനഃസ്ഥാപിക്കുക. ജലം ശുദ്ധീകരിച്ച് വിടുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. പൈപ്പുകൾ പരമാവധി നീട്ടി ടാപ്പുകൾ ഇടുക.

5 ഉയർന്ന സ്ഥലങ്ങളിൽ നീക്കുഴികൾ കുഴിച്ചും, വരമ്പുകളിട്ടും മഴവെള്ള സംഭരണം വർദ്ധിപ്പിക്കുക.

6 ഇതിനുള്ള ബോധവല്ക്കരണം നടപ്പാക്കുക.

## ആരോഗ്യം

ഏകദേശം 70–75 കാലഘട്ടം വരെ പഞ്ചായത്തിലെ ആരോഗ്യ രംഗം ഏതാനും പാരമ്പര്യ വൈദ്യ കുടുംബങ്ങളേയാണ് പ്രധാനമായും ആശ്രയിച്ചിരു. ന്നതു് അന്ധവിശ്വാസജടിലമായ ചികിത്സാരീതികളും നിലവിൽ ഉണ്ടായിരുന്നു. ആധുനീകചികിത്സാ സൗകര്യത്തിന് അന്നുംഇന്നും തൊട്ടടുത്ത ടൗണായ പെരുമ്പാവൂരിനെയാണ് ഇന്നും ആശ്രയിക്കുന്നത്. 75–80 കാലഘട്ടത്തിൽ പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെൻററുകൾ വന്നതോടെയും സ്വകാര്യ ക്ലിനിക്കുകളുടെ ആവിർഭാവത്തോടെയും ചികിത്സാ രംഗത്ത് ഒട്ടേറെ സഹായകമായ സംവിധാനങ്ങളുണ്ടായി. അതിൽ പ്രധാനമായി പറയാനുള്ളത് നാട്ടുകാരുടെ സഹകരണത്തോടെ കോടനാട് നിർമ്മിച്ച പ്രൈമറി ഹെൽത്ത് സെൻററാണ്. ഏകദേശം 13 ഓളം സ്വകാര്യ

# കൂവപ്പടി ഗ്രാമ പഞ്ചായത്ത് കുടിവെള്ള പൊതുജനാരോഗ്യ

| വാർഡ് | ആരോഗ്യ കേന്ദ്രങ്ങൾ | ഭൗതീകനിലവാരം | പ്രവർത്തനം | കുടിവെള്ള സ്രോതസ്സ് |
|---|---|---|---|---|
| I | 1. സ്വകാര്യ ക്ലിനിക്ക് | — | — | പെരിയാർ, കിണറുകൾ |
| II | 1. ഹോമിയോ ഡിസ്പെൻസറി<br>2. ഹെൽത്ത് സെൻറർ | 1. വാടക കെട്ടിടത്തിൽ സ്ഥല സൗകര്യക്കുറവ്<br>2. മോശമല്ല | അഭികാമ്യം<br>,, | പെരിയാർ, കിണറുകൾ |
| III | — | — | — | കിണറുകൾ, പെരിയാർ |
| IV | — | — | — | കിണറുകൾ<br>കുന്നക്കാട്ടുമല സ്കീം |
| V | — | — | — | കിണറുകൾ അണക്കോലിൽ സ്കീമുകൾ |
| VI | 1. കുടുംബക്ഷേമ കേന്ദ്രം | തരക്കേടില്ല. | | റാങ്ങോത്ത്ചിറ സ്കീം |
| VII | 1. മുടക്കുഴ P. H. C. | തരക്കേടില്ല. | | 12 പൊതു കിണറുകൾ<br>2 കുഴൽ കിണറുകൾ |
| VIII | കുടുംബക്ഷേമ കേന്ദ്രം<br>സ്വകാര്യ ക്ലിനിക്ക്– 2 | വളരെ മോശം | വളരെ മോശം | പൊതുകിണറുകൾ |
| IX | — | — | — | പൊതുകിണറുകൾ |
| X | 1. P. H. C.<br>2. സ്വകാര്യ ക്ലിനിക്ക് | തരക്കേടില്ല. | വിപുലപ്പെടുത്തണം | കുടിവെള്ളക്ഷാമം ഇല്ല, പെരിയാർ |
| XI | 1. ഹെൽത്ത് സെൻറർ<br>2. ആയുർവ്വേദാശുപത്രി | തൃപ്തികരമല്ല | തൃപ്തികരമല്ല | പെരിയാർ, കിണറുകൾ |
| XII | സ്വകാര്യ ക്ലിനിക്കുകൾ – 2 | — | — | പെരിയാർ |
| XIII | സ്വകാര്യ ക്ലിനിക്കുകൾ –3 | — | — | പെരിയാർ കിണറുകൾ<br>കുറിച്ചിലക്കോട് വാട്ടർ സപ്ലൈ സ്കീം |
| XIV | 1. ഗവ; ആശുപത്രി. (PHC) 2. സ്വകാര്യ ക്ലിനിക്കുകൾ – 2 | ജല ദൗർലഭ്യം | തൃപ്തികരമല്ല | പെരിയാർ, കിണറുകൾ |
| XV | സ്വകാര്യ ക്ലിനിക്കുകൾ – 2 | — | — | പെരിയാർ കിണറുകൾ |

## പട്ടിക 1

| പ്രവര്‍ത്തനം | കുടിവെള്ളം കിട്ടാത്ത സ്ഥലങ്ങള്‍ | നിര്‍ദ്ദേശം |
|---|---|---|
| മണല്‍ വാരല്‍ ഭീതി | തുരുത്ത് | പെരിയാറില്‍ ചെക്ക്ഡാം കെട്ടണം ചേരാനല്ലൂര്‍ സ്കീമിന്റെ ലൈന്‍ ഈ വാര്‍ഡിലേക്ക് നീട്ടണം. |
| മണല്‍ വാരല്‍ ഭീതി | ഈസ്റ്റ് ഒക്കല്‍ ആന്റോപുരം | കൊടുവേലി തുറയില്‍നിന്നും പമ്പ്ചെയ്ത് ഈസ്റ്റ് ഒക്കലില്‍ ചാടിച്ച്സബ് കനാലുകള്‍ വഴി വെള്ളം വിതരണം |
| മണല്‍ വാരല്‍ ഭീതി | M. C. Road ന്റെ പരിസര പ്രദേശം | ഒരു വാട്ടര്‍ സപ്ലൈ സ്കീം അനുവദിക്കണം |
| വേണ്ട രീതിയില്‍ പ്രവര്‍ത്തനം ഇല്ല | വാര്‍ഡിന്റെ ഭൂരിഭാഗം സ്ഥലത്തും | ഉള്ള സ്കീം വിപുലപ്പെടുത്തുക. പെരിയാറിനെ ആശ്രയിച്ച് ഒരു സ്കീം കൂടി ഉണ്ടാക്കുക. |
| വേണ്ട രീതിയില്‍ ഇല്ല | — | അണക്കോലിത്തുറയിലെ ജലം ശുദ്ധികരിക്കുവാനുള്ള നടപടി വേണം |
| വേണ്ട രീതിയില്‍ ഇല്ല | കയ്യുത്തിയാല്‍, ഇളമ്പകപ്പിള്ളി | റാങ്ങേടത്തു് ആക്കാട്ട്, ആക്കുളം, വലിയകുളം എന്നീ ചിറകള്‍ സംരക്ഷിക്കുക. |
| ഉപയോഗ ശൂന്യം | പുളിയാമ്പിള്ളി ഹരിജന്‍കോളനി, പട്ടാന്‍ പാറയുടെ തെക്കുവശത്ത് കല്ലുമല ഹരിജന്‍കോളനി.തിരിക്കോട് മലപ്രദേശം ലക്ഷം വീട് കോളനി. | പൊതു കിണറുകള്‍ അററകുററ പണികള്‍ ചെയ്ത് സംരക്ഷിക്കുക. പൈപ്പ്ലൈനും നീട്ടി പ്രവര്‍ത്തനയോഗ്യ മാക്കുക. കോട ചിറയില്‍ലിഫ്ററ് ഇറിഗേഷന്‍ സ്ഥാപിക്കുക. |
| — | കയ്യുത്തിയാല്‍, കോരുമ്പശ്ശേരി ഉളുപ്പാന്‍ House set colony | പൈപ്പ് ലൈന്‍ നീട്ടുകയും ടാപ്പുകളുടെ ഉപയോഗ നിയന്ത്രണം, ജലം ശുദ്ധിചെയ്ത് വിടാനുള്ള സൗകര്യം. |
| ഉപയോഗ ശൂന്യം സ്വകാര്യ വ്യക്തികള്‍ കയ്യേറിയിരിക്കുന്നു | സീതാറാം കോമ്പൗണ്ട് സിദ്ധന്‍ കവലക്ക് തെക്കുവശം പഞ്ചായത്ത് കിണറിന് പടിഞ്ഞാറെ വശം. | കിണറുകള്‍ നന്നാക്കുക, പൈപ്പുലൈനുകള്‍ നീട്ടുക |
| — | — | |
| മണല്‍ വാരല്‍ ഭീതി | — | മണല്‍വാരല്‍ ഒഴിവാക്കുക. |
| മണല്‍ വാരല്‍ ഭീതി | കുവപ്പടി ഓച്ചാന്‍ തുരുത്ത് മുണ്ടപാലം റോഡ് യൂണിയന്‍ ബാങ്ക് റോഡ് | പാറയ്ക്കലില്‍ നിന്നും 25 മീ. പൈപ്പ് ലൈന്‍ നീട്ടുക. ഗുണനിലവാരം ഉയര്‍ത്തുക. |
| തൃപ്തികരമല്ല.പൈപ്പുലൈനുകള്‍എല്ലാം പൊട്ടികിടക്കുന്നുജലം ;– ഗു; വമില്ല. | വാര്‍ഡിന്റെ കിഴക്ക് ഭാഗത്ത് മയൂരപുരം, വെള്ളാര്‍മ്മാലി കോളനി അശോകപുരം കോളനി, | പൈപ്പുലൈനുകള്‍ നീട്ടുക. നന്നാക്കുക. വെള്ളം ശുദ്ധീകരിക്കുക. |
| പൈപ്പുലൈനുകള്‍ പൊട്ടികിടക്കുന്ന ജലത്തിന് ഗുണനിലവാരം ഇല്ല | മിക്ക സ്ഥലങ്ങളിലും, ലക്ഷംവീട് കുമാരപുരം അശോകപുരം | പൈപ്പു ലൈനുകള്‍ നന്നാക്കുക. നീട്ടുക. ശുദ്ധ ജലത്തിന്റെ ഗുണമേന്മ കൂട്ടുക. |
| — | കളപ്പാറ കോളനി,നെടുംമ്പാറ, മുണ്ടന്‍തുരുത്ത്പുന്നലം കോളനി, ഇലവും തുരുത്ത് പനങ്കുരുതോട്ടം കാഞ്ഞിരക്കുന്നു് | കപ്രിക്കാട്ട് ഈസ്റ്റ്, എന്മ്പക്കോട്ട് ചെട്ടിനട, ചൂരമുടി എന്നീ സ്ഥലങ്ങളില്‍ 25 HP യുടെ മോട്ടര്‍ വെച്ച് വെള്ളം എത്തിക്കുക. ചൂരമുടി സ്കീം നീട്ടുക |

ക്ലിനിക്കുകളും ആയുർവ്വേദം, അലോപ്പതി ഹോമിയോ ഉൾപ്പെടെ, ഗവ: തലത്തിൽ ഒരു ആയുർവ്വേദാശുപത്രി, ഒരു ഹോമിയോ ഡിസ്പൻസറി, ഒരു പി. എച്ച്. സെൻറർ 6 ഓളം കുടുംബക്ഷേമ കേന്ദ്രങ്ങൾ എന്നിവ ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

ഇതിൽ കോടനാട് പി. എച്ച്. സെൻറർ വളരെ വിപുലമായതും, കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ളതുമാണ്. ഇവിടെ ഏകദേശം 26 പേർ ജോലിക്ക് ഉണ്ടെങ്കിലും സേവനം കാര്യക്ഷമമായ രീതിയിൽ നടക്കുന്നില്ല. ശുദ്ധജലത്തിൻെറ ദൗർലഭ്യക്കുറവ് പ്രധാനകാരണമാണ്. മറ്റെല്ലാ ഗവ; ആശുപത്രികളുടേയും സ്ഥിതി വ്യത്യസ്തമല്ല. പൊതുവെ ചെങ്കണ്ണ്, മഞ്ഞപ്പിത്തം വയറിളക്കം, പയറൽ ഫീവർ എന്നീ രോഗങ്ങൾ പ്രകടമായി കാണുന്നു. മരണ നിരക്ക് പൊതുവെ കുറവാണ്. പഞ്ചായത്തിൽ കിടത്തി ചികിത്സിക്കുവാനുള്ള സംവിധാനം ഇല്ല.

---

സ്ഥാപനങ്ങളെയും അതിൻെറ സാഹചര്യങ്ങളെയും കുറിച്ച് അറിയാൻ പട്ടിക 1 നോക്കുക.

## ബാദ്ധ്യതകൾ

1 പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മുഴവൻ സമയം ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

2 ഗവ; തലത്തിലുള്ള ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വിപുലപ്പെടുത്തുന്നതോടൊപ്പം ഹോമിയോ ഡിസ്പൻസറിക്ക് സ്വന്തമായി ഒരു സ്ഥലവും കെട്ടിടവും നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

3 കോടനാട് പ്രൈമറി ഹെൽത്ത് സെൻററിൽ കിടത്തി ചികിത്സിക്കുന്നതിനുള്ള കിടക്കകൾ എത്തിക്കുകയും ഡോക്ടർക്ക് ആശുപത്രി സമീപത്തുതന്നെ താമസിയ്ക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും, ശുദ്ധജല സൗകര്യം ഉണ്ടാക്കുകയും ചെയ്യണം

4 പഞ്ചായത്തിൽ ഒരു ഹെൽത്ത് കാർഡ് സംവിധാനം ഉണ്ടാക്കണം. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഫീൽഡ് സ്റ്റാഫുകളുടെ സേവനം ഉറപ്പുവരുത്തണം.

5 വാർഡുകളിൽ ആരോഗ്യക്ലാസ്സുകൾ നടത്തണം.

## പരിസര ശുചിത്വം

1 ചേരാനല്ലൂർ, ഇടവൂർ, കൂടാലപ്പാട്, ഒക്കൽ ഈസ്റ്റ്, വെസ്റ്റ് എന്നീ പ്രദേശങ്ങളിൽ ക്രമാതീതമായി ഉയർന്നുവന്നിട്ടുള്ള റൈസ് മില്ലുകളിൽ നിന്നുള്ള പരിസര മലിനീകരണം നിയന്ത്രിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം

2 മത്സ്യങ്ങൾ വില്ക്കുന്നതിനും, ഇറച്ചി വെട്ടുന്നതിനും ഒരു പ്രത്യേക സ്ഥലം നിശ്ചയിക്കുകയും അതിൽനിന്നുപോകുന്ന പരിസര മലിനീകരണവസ്തുക്കൾ നശിപ്പിയ്ക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

3 മെററൽ ക്രഷറുകൾ നിയന്ത്രിക്കുക.

4 പഞ്ചായത്തിൽ കക്കൂസില്ലാത്തവരുടെ എണ്ണം വളരെക്കൂടുതൽ ആയതുകൊണ്ട് അതിനുള്ള സംവിധാനം പരമാവധി ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഏർപ്പെടുത്തുക.

5 പഞ്ചായത്തിലെ ഹോട്ടലുകളിലേയും, ശീതള പാനീയ ശാലകളിലെയും വില്പന, ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും ആയത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

6 വ്യക്തികളിൽ ശരീര ശുചിത്വത്തെക്കുറിച്ചും, പരിസര ശുചിത്വത്തെക്കുറിച്ചും ബോധവല്ക്കരണം നടത്തുക.

## പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

### 1 യോഗ കേന്ദ്രം

പഞ്ചായത്തിലെ ജനങ്ങളുടെ പരിശീലനത്തിനും, യോഗാഭ്യാസത്തിനും, ബോഡിബിൽഡിങ്ങിനും ഉതകുന്ന ഒരു യോഗ പരിശീലന കേന്ദ്രം തുറക്കുക.

### 2 പൊതു ശ്മശാനം

ഈ പഞ്ചായത്ത് വലിയ ഒരു പഞ്ചായത്ത് ആയതുകാരണം വാർഡുകളുടെ ഘടനാ വിശേഷം കണക്കിലെടുത്തുകൊണ്ട് രണ്ട് പൊതു ശ്മശാനങ്ങൾ ഉണ്ടാക്കുക.

### 3 ഹെൽത്ത് കാർഡ് സംവിധാനം

ചികിത്സാരംഗത്ത് വളരെ ഗുണം ചെയ്യുന്ന ഒരു സംവിധാനമായ ഹെൽത്ത് കാർഡ് ആരോഗ്യ പ്രവർത്തകരെയും സന്നദ്ധ പ്രവർത്തകരേയും ഒരുമിപ്പിച്ച് നടപ്പിലാക്കുക.

### 4 പാരമ്പര്യ വൈദ്യ മേഖല

പാരമ്പര്യ വൈദ്യ ശാല പരിപോഷിപ്പിക്കുകയും ആയുർവ്വേദത്തിന് ദൗർലഭ്യമായിക്കൊണ്ടിരിക്കുന്ന ഔഷധച്ചെടികൾ വൻതോതിൽ കൃഷി ചെയ്യുവാനുള്ള സൗകര്യം ഉണ്ടാക്കുക.

പഞ്ചായത്ത് നിവാസികളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാനുള്ള പുകവലി, പുകയില ഉപയോഗം, മദ്യപാനം എന്നിവ പ്രചരണ ബോധവൽക്കരണത്തിലൂടെ നിയന്ത്രിക്കുകയു, രക്തദാനത്തെക്കുറിച്ചുള്ള ഭയാശങ്കകൾ ജനങ്ങളിൽ നിന്ന് മാററുകയും നേത്രദാനത്തിൻെറ മഹത്വം ബോദ്ധ്യപ്പെടുത്തുകയും വേണം. നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളേയും സന്നദ്ധ സംഘടനകളേയും കൂട്ടിയിണക്കിയാൽ ''ശുചിത്വ ഗ്രാമം ആരോഗ്യ ഗ്രാമം'' എന്ന സ്വപ്നം യാഥാർത്ഥ്യമാക്കി മാററുവാൻ നമുക്ക് കഴിയും.

# 6 ഗതാഗതം, ഊർജ്ജം, മാർക്കററ്

## ഗതാഗതം

കൂവപ്പടി പഞ്ചായത്തിൽ സാമാന്യം മെച്ചപ്പെട്ട ഒരു റോഡ് ശൃംഖലയുണ്ട്. പഞ്ചായത്തിലെ ആകെ റോഡുകളുടെ നീളം 158.965 കി. മീ. ആണ്. മുൻവർഷം റോഡിനും, കലുങ്കുകൾക്കും, കലുങ്കുകളുടെ സ്ലാബ് ഉണ്ടാക്കുന്നതിനുംമററുമായി പഞ്ചായത്ത് 10,03,219 രൂപ ചിലവഴിച്ചിട്ടുണ്ട്.

ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗം ചിലവഴിക്കപ്പെടുകയും, വിവാദങ്ങൾക്ക് വിഷയമായിത്തീരുകയും ചെയ്യാറുണ്ടെങ്കിലും റോഡുകളെ സംബന്ധിച്ച് കൃത്യമായ കണക്കുകൾ നമുക്കില്ല. ലഭ്യമായവ വസ്തുനിഷ്ഠവുമല്ല. റോഡ് ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ.

1) പൊട്ടിപൊളിഞ്ഞും, താറുമാറായും കിടക്കുന്ന റോഡുകളുടെ അററകുററപണികൾ അടിയന്തിരമായി ചെയ്തുതീർക്കുക.

2) ടാർ ചെയ്ത ഭാഗത്തിന്റെ വീതി വർദ്ധിപ്പിക്കുകയും റോഡരികിൽ നടപ്പാതകൾ നിർമ്മിക്കുകയും ചെയ്യുക.

3) കയ്യേറപ്പെട്ട റോഡ് പുറമ്പോക്ക് ഭൂമികൾ ഒഴിപ്പിച്ചെടുക്കുക.

4) റോഡ് സൈഡിലുള്ള സ്ഥിര സ്വഭാവമുള്ള നിർമ്മാണങ്ങൾ നിരോധിക്കുക. (റോഡിൽനിന്നും കൃത്യമായ അകലത്തിൽ മാത്രം നിർമ്മാണം അനുവദിക്കുക.)

5) ടാർ ചെയ്ത ഭാഗത്തിനോട് ചേർന്നുള്ള ഇലക്ട്രിക് പോസ്ററുകൾ, ടെലഫോൺ പോസ്ററുകൾ തുടങ്ങിയവ മാററി സ്ഥാപിക്കുക.

6) റോഡിന്റെ വശങ്ങളിൽ കാനകൾ തീർക്കുക.

7) കാർഷികാവശ്യങ്ങൾക്കായി ഫാം റോഡുകൾ നിർമ്മിക്കുക തുടങ്ങിയവയാണ്.

**പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ** (അവലംബം: + ഗ്രാമസഭാ റിപ്പോർട്ടുകൾ)

| വാർഡ് | റോഡിന്റെ പേര് | ദൂരം (km.) | ടാർ: ചെയ്തത് | ടാർ: ചെയ്യാത്തത് | മെററൽ: ചെയ്തത് | മെററൽ: ചെയ്യാത്തത് | ഓട: ഉണ്ട് | ഓട: ഇല്ല | കലുങ്ക്: ഉണ്ട് | കലുങ്ക്: ഇല്ല | അററകുററപ്പണി: നടത്തിയത് | അററകുററപ്പണി: നടത്താത്തത് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | M. C. റോഡ് | 2.0 | X | | | | | | X | | X | |
| 2 | തോട്ടുവ–നമ്പിള്ളി റോഡ് | 2.5 | X | | | | | X | | | | X |
| 3 | നമ്പിള്ളി–പെരുമററം ,, | 2.7 | X | | | | | X | | | | X |
| 4 | അൽഫോൻസ് ഭവൻ ,, | 0.2 | X | | | | | | | | | |
| 5 | മാണിക്കടവ് ,, | 0.5 | X | | | | | | | | | |
| 6 | പെരുമററം–ചേറോലി ,, | 0.5 | X | | | | | | | | | |
| 7 | പള്ളിപ്പടി ,, | 0.3 | X | | | | | | | | | |
| 8 | നമ്പിള്ളിക്കടവ്–ചേറോലി ,, | 0.5 | X | | | | | | | | | |

| വാർഡ് | റോഡിൻെറ പേര് | ദൂരം (km.) | ടാർ | | മെററൽ | | ഓട | | കലുങ്ക് | | അററകുററപ്പണി | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ചെയ്തത് | ചെയ്യാത്തത് | ചെയ്തത് | ചെയ്യാത്തത് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | നടത്തിയത് | നടത്താത്തത് |
| 9 | തുരുത്തുകടവ് റോഡ് | 0.25 | X | | | | | | | | | X |
| 10 | പെരുമററം–പമ്പ്ഹൗസ് ,, | | | | | | | | | | | X |
| 11 | ബാലവാടി–ചിററൂർപാടം | | | | | | | | | | | X |
| 12 | കനാൽ റോഡ് | | | | | | | | | | | |
| II 1 | കാത്തലിക് സിറിയൻബാങ്ക്–ആൻേറാപുരം | | X | | | | | X | | | | X |
| 2 | ആൻേറാപുരം–കൊടുവേലിപ്പടി | | X | | | | | X | X | | | |
| 3 | അമ്പലത്തുമാലി SC/ST കോളനി | | | X | | | | | | | | |
| 4 | ഒക്കൽ–കരികുളം | | ഭാഗികം | | | | | | | | | X |
| 5 | തൊണ്ടുകടവ്–കുളത്തുങ്ങമാലി കോളനി | | | | | | | | | | | X |
| 6 | പൊട്ടോളി ജംഗ്ഷൻ–കല്ലറമ്പ് | | | | | | | | | | | |
| III 1 | അമ്പലപ്പടി–വല്ലം | | | | | | | | | | | |
| 2 | പര്യമ്പാട്ടുകടവ് | | | | | | | | | | | |
| 3 | ചേലാമററം –അമ്പലപടി | | | | | | | | | | | |
| 4 | ആര്യമ്പാറക്കടവ് | | | | | | | | | | | |
| 5 | പഴയകടവ് | | | | | | | | | | | |
| 6 | സെൻറ് സെബാസ്ററ്യൻസ് ചർച്ച്വഴി പടിഞ്ഞാറുഭാഗം | | | | | | | | | | | |
| 7 | ,, ,, തെക്കുഭാഗം | | | | | | | | | | | |
| 8 | ,, ,, വടക്കുഭാഗം | | | | | | | | | | | |
| 9 | വെളുത്തേടൻ കടവ് | | | | | | | | | | | |
| 10 | വല്ലംകടവ്–ഉഴുന്നുംവേലിപ്പാടം | | | | | | | | | | | |
| 11 | ക്വാർട്ടേഴ്സ്–ചേലാമററംപാടം | | | | | | | | | | | |
| IV 1 | മുസ്ലീംപള്ളി.ആൻേറാപുരംപള്ളി | | X | | | | | | | | | X |
| 2 | ഈസ്ററ് ഒക്കൽ–കുന്നക്കാട്ടുമല TV സെൻറർ റോഡ് | 1 | | X | | | | | | | | |
| 3 | S N D P ശാഖ പഞ്ചായത്ത് റോഡ് ലിങ്ക് | 0.3 | | X | | | | | | | | |
| 4 | അശോക് ടിമ്പേഴ്സ് പഴുക്കാമററം അമ്പലം റോഡ് | 0.3 | | X | | | | | | | | |

| വാർഡ് | റോഡിന്റെ പേര് | ദൂരം (km.) | ടാർ | | മെററൽ | | ഓട | | കലുങ്ക് | | അററകുററപ്പണി | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ചെയ്തത് | ചെയ്യാത്തത് | ചെയ്തത് | ചെയ്യാത്തത് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | നടത്തിയത് | നടത്താത്തത് |
| * IV 5 | പഞ്ചായത്ത് കിണർ മഠത്തിന്റെ പടി റോഡ് | 0.3 | | X | | | | | | | | |
| * 6 | ശ്രീകൃഷ്ണസ്വാമിക്ഷേത്രം–തേവലംറോഡ് | 0.5 | | X | | | | | | | | |
| * 7 | സെൻറ് ആൻറണീസ് ചർച്ച്–വെള്ളുററിപ്പാടം | 1.5 | | X | | | | | | | | |
| * 8 | സെൻറ് ആൻറണീസ് കോളേജ്–തേവലം | 0.5 | | X | | | | | | | | |
| * 9 | കാർട്ടേഴ്സ്–SEP | 1.0 | | X | | | | | | | | |
| *10 | ആൻറോപുരം - ലക്ഷംവീട് കോളനി | 0.4 | | X | | | | | | | | |
| *11 | ഈസ്ററ് ഒക്കൽ–മൈലാച്ചാൽ | 1.5 | | X | | | | | | | | |
| *12 | കുന്നക്കാട്ടുമല T V സെൻററിൽ നിന്നും താഴോട്ട് | 0.3 | | X | | | | | | | | |
| *13 | ചേലാമററം കമ്മ്യൂണിററിഹാൾ | 0.25 | | X | | | | | | | | |
| V 1 | വല്ലം–പാണംകുഴി | | X | | | | | | | | | |
| * 2 | AEC കമ്പനി | | | | | | | | | | | |
| * 3 | മേനോൻകവല–ഒക്കൽ അക്വാഡേററ് കനാൽബണ്ട് | | | | | | | | | | | |
| * 4 | ഒക്കൽ കനാൽബണ്ട്–അണക്കോലിതുറ | | | | | | | | | | | |
| * 5 | പഴുക്കാമററം – കുന്നക്കാട്ടുമല | | | | | | | | | | | |
| * 6 | OLPH റോഡ് | | | | | | | | | | | |
| * 7 | മാവേലിപ്പടി–പടിക്കൽപ്പാറ | | X | | | | | | | | | X |
| * 8 | പാപ്പൻപടി–അണക്കോലിതുറ | | | | | | | | | | | |
| *9 | വിഴുക്കപ്പാറ–പാപ്പൻപടി | | | | | | | | | | | |
| *10 | ഒക്കൽ–വിഴുക്കപ്പാറ ബ്ളോക്ക് | | | | | | | | | | | |
| VI 1 | പാപ്പൻപടി–ഇളമ്പകപ്പള്ളി | 5.0 | X | | | | | | | | | X |
| 2 | തൊടാപ്പറമ്പ്–കാവുംപുറം | 3.0 | X | | | | | | | | | X |
| * 3 | പടിക്കൽപ്പാറ–തട്ടാൻപാറ–തെക്കിനേത്തുമാലി | 2.0 | | | | | | | | | | |
| * 4 | തൊടാപ്പറമ്പ്–മംഗലത്തുമാലി–ചിറങ്ങര | 1.0 | | | | | | | | | | |
| * 5 | പതിയായിപ്പറമ്പ് കോളനി | 1.0 | | | | | | | | | | |
| * 6 | കനാൽപ്പാലം–വലിയകുളം | 1.0 | | | | | | | | | | |
| * 7 | കാവുംപുറം–ആലുങ്ങപ്പാടം | 2.0 | | | | | | | | | | |

| വാർഡ് | റോഡിന്റെ പേര് | ദൂരം (km) | ടാർ | | മെററൽ | | ഓട | | കലുങ്ക് | | അററകുററ പണികൾ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ചെയ്തത് | ചെയ്യാത്തത് | ചെയ്തത് | ചെയ്യാത്തത് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | നടത്തിയത് | നടത്താത്തത് |
| VI *8 | ചെറുകരപാടം റോഡ് | 1.0 | | | | | | | | | | |
| * 9 | ഓടപ്പാടം–കാവുംപുറംചാപ്പൽ | 1.5 | | | | | | | | | | |
| *10 | പിഷാരിക്കൽ–ആലുങ്ങപ്പാടം | 1.0 | | | | | | | | | | |
| *11 | തട്ടാപാറ–ചേലാട്ടുകാവ് | 1.0 | | | | | | | | | | |
| *12 | ഇലവുംകുടിമുക്ക്–ആലുങ്ങപ്പാടം | 1.0 | | | | | | | | | | |
| *13 | ചെട്ടിയാംകുടിമുക്ക്–ആലുങ്ങപ്പാടം | 1.0 | | | | | | | | | | |
| *14 | പടിക്കൽപാറ–ആലുങ്ങപ്പാടം | 1.0 | | | | | | | | | | |
| *15 | 4 സെന്റ് കോളനി – കനാൽറോഡ് | 1.0 | | | | | | | | | | |
| VII 1 | കീഴില്ലം കുറിച്ചിലക്കോട് | | x | | | | | | | | | x |
| 2 | പട്ടാൽപാറ അയ്മുറി | | x | | | | | | | | | x |
| * 3 | കാരാട്ടുപള്ളി-കാവുംപുറം | | x | | | | | | | | | x |
| * 4 | ത്രിവേണികവല-പുളിയമ്പറമ്പ് കോളനി | 1.5 | | x | | | | | | | | |
| * 5 | ലക്ഷംവീട്-പുളിയമ്പിള്ളി കോളനി | 1.0 | | x | x | | | | | | | |
| * 6 | റേഷൻകട കവല-ആലിങ്ങപാടം | 1.5 | | x | x | | | | | | | |
| * 7 | പുളിയമ്പിള്ളികോളനി-ഞവിരിപാടം | 1.0 | | x | | | | | | | | |
| * 8 | ബിതാംചുവട്-കുളവയൽപാടം | 1.5 | | x | x | | | | | | | |
| * 9 | പാറമുതൽ-[illegible]മപ്പാടം വരെയുള്ള റോഡ് | 1.0 | | x | x | | | | | | | |
| *10 | ത്രിവേണികവല-മേപ്പാടം | 1.0 | | x | x | | | | | | | |
| *11 | അയ്മുറി കിഴക്കേകവല–പാമ്പേലിപ്പാടം | 1.5 | | x | x | | | | | | | |
| *12 | അരീക്കാട്-പൊട്ടമലകോളനി | 1.0 | | x | x | | | | | | | |
| *13 | കുരിശുകവല-മേപ്പാടം | 1.0 | | x | x | | | | | | | |
| *14 | അരീക്കാട്–കോട്ടച്ചിറമാലി | 1.0 | | x | | | | | | | | |
| *15 | കനാൽകവല-ചെമ്പശേരിപ്പാടം | 1.0 | | x | | | | | | | | |
| *16 | കനാൽബണ്ട്-നങ്ങേലിപ്പ[illegible]ി | 0.5 | | x | | | | | | | | |
| VIII 1 | കയ്യുത്തിയാൽ-അയ്മുറി | 0.75 | x | | | | | | | | | x |

| വാർഡ് | റോഡിന്റെ പേര് | ദൂരം (km.) | ടാർ | | മെററൽ | | ഓട | | കലുങ്ക് | | അററകുററപ്പണി | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ചെയ്തത് | ചെയ്യാത്തത് | ചെയ്തത് | ചെയ്യാത്തത് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | നടത്തിയത് | നടത്താത്തത് |
| VIII 2 | അയ്മുറികവല-കൊടുവേലിപ്പടി | 1.5 | X | | | | | | | | | X |
| * 3 | കൊട്ടമ്പിള്ളിക്കുടി SC/ST കോളനി | 1 5 | | X | | X | | | | | | X |
| * 4 | ശിവക്ഷേത്രം-മൈലാച്ചാൽ | 1.0 | | X | | | | | | | | |
| * 5 | മൈലാച്ചാൽ - ഈസ്ററ് ഒക്കൽ | 0.5 | | X | | | | | | | | |
| * 6 | പോസ്ററ്ഓഫീസ്-കൊരുമ്പശ്ശേരി മദ്രാസ്കവല | 1.5 | | X | | | | | | | | |
| * 7 | പെരിയാർവാലികനാൽബണ്ട്-കൂടാലപ്പാട് | 2.0 | | X | | | | | | | | |
| * 8 | പഞ്ചായത്ത് ആഫീസ്-കയ്യുത്തിയാൽ | 0.5 | | X | X | | | | | | | |
| * 9 | C. K. Road ഗണപതിയമ്പലം | 0.5 | | X | X | | | | | | | |
| *10 | പൊസ്ററ് ഓഫീസ്-സിദ്ധൻകവല | 1.0 | | X | | | | | | | | |
| *11 | മദ്രാസ്കവല-ഹൗസ്സെററ് കോളനി | 0.1 | | X | | | | | | | | |
| *12 | ലക്ഷംവീട്കോളനി-കൊടുവേലിപ്പടി | 0.5 | | X | | | | | | | | |
| *13 | പേസ്ററ് ആഫീസ്-ഗണപതിഅമ്പലം | 2.0 | | X | X | | | | | | | |
| 14 | ഐമുറികവല-പൂപ്പാനി | | X | | | | | | | | X | |
| *15 | ആൻസ് കോൺവെൻറ്-ഗണപതിഅമ്പലം | 0.3 | | X | | | | | | | | |
| IX 1 | കൂവപ്പടി-ഇടവൂർ | | X | | | | | | | | | |
| * 2 | സിദ്ധൻകവല-തൊട്ടുപാടം | 2.0 | X | | | | | | | | | X |
| * 3 | താന്നിപ്പുഴ - മദ്രാസ്കവല | 2.0 | X | | | | | | | | | |
| * 4 | കൊടുവേലിപ്പടി-ഐമുറികവല | 1.0 | X | | | | | | | | | |
| * 5 | കൂടാലപ്പാട്കപ്പേള-പള്ളി | 0 5 | X | | | | | | | | | |
| * 6 | കൂടാലപ്പാട് കോൺവെൻറ്-സൗത്ത് കൂടാലപ്പാട് | 0.5 | X | | | | | | | | | |
| * 7 | വലിയകുളം | 0.3 | | | | | | | | | | |
| * 8 | കൊടുവേലിപ്പടി-പരുതപ്പാടം | 0.1 | | | | | | | | | | |
| * 9 | ഡയറികവല-കൂടാലപ്പാട് സൊസൈററി | 1.0 | | | | | | | | | | |
| *10 | ഡയറികവല-കൊടുവേലി തുറകോളനി | 0.3 | | | | | | | | | | |
| *11 | സിദ്ധൻകവല-പഞ്ചായത്ത് കിണർ-കനാൽബണ്ട് റോഡ് | 2.0 | | | | | | | | | | |
| *12 | കനാൽബണ്ട് റോഡ് | 1.0 | | | | | | | | | | |

| വാർഡ് | റോഡിൻെറ പേര് | ദൂരം (km) | ടാർ | | മെററൽ | | ഓട | | കലുങ്ക് | | അററകുററ പണികൾ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ചെയ്തത് | ചെയ്യാത്തത് | ചെയ്തത് | ചെയ്യാത്തത് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | നടത്തിയത് | നടത്താത്തത് |
| IX *13 | സൊസൈററികവല- 4 സെൻറ് കോളനി | 0.5 | | | | | | | | | | |
| *14 | സിദ്ധൻകവല-തൊട്ടുപ്പാടം | 2.0 | | | | | | | | | | |
| *15 | കൊടുവേലിപ്പടി-പട്ടത്താനം | 0.2 | | | | | | | | | | |
| *16 | കൊടുവേലിപ്പടി-കയ്യപ്പാടം | 0.5 | | | | | | | | | | |
| *17 | കൂടാലപ്പാട്-മങ്കുഴി | 1.0 | | | | | | | | | | |
| *18 | പാറപ്പുറം-കയ്യപ്പാടം | | | | | | | | | | | |
| *19 | കൊടുവേലിപ്പടി- വെള്ളിലക്കാട് | 0.25 | | | | | | | | | | |
| *20 | കിളിയപ്പൊട്ട-പെരിയാർവാലി കനാൽബണ്ട് | 0.1 | | | | | | | | | | |
| *21 | പെരിയാർവാലി കനാൽബണ്ട്- പാറപ്പുറം | 0.2 | | | | | | | | | | |
| *22 | കല്ലറയ്ക്കൽ ടെമ്പിൾറോഡ് | 0.2 | | | | | | | | | | |
| X 1 | കൂത്തുപറമ്പ് കോളനി റോഡ് | 1.0 | | | | | | x | | | | x |
| 2 | ഇളംകാവ്-പാറക്കാല | 0.35 | | | | | | x | | | | x |
| 3 | പൂതംപ്പാക്കക്കടവ് റോഡ് | 0.25 | | | | | | x | | | | x |
| 4 | തൊണ്ട്കടവ്-കുളത്തുങ്ങമാലി കോളനി | 0.5 | | | | | | x | | | | x |
| 5 | കൊററംപള്ളി-കടത്ത്കടവ് | 0.25 | | | | | | x | | | | x |
| 6 | പള്ളിക്കടവ് റോഡ് | 0.3 | | | | | | x | | | | x |
| 7 | പാണംകുടിക്കടവ് | 0.25 | | | | | | x | | | | x |
| 8 | കക്കാട്ടിക്കടവ് | 0.3 | | | | | | x | | | | x |
| 9 | കോട്ടക്കടവ് | 0.2 | | | | | | x | | | | x |
| 10 | തോമടൈക്കടവ് | 0.2 | | | | | | x | | | | x |
| 11 | ഇടവൂർ അമ്പലം-പാറക്കടവ് | 0.35 | | | | | | x | | | | x |
| 12 | ഇടവൂർ-കൂട്ടുപാടം | 0.2 | | | | | | x | | | | x |
| 13 | ആശാൻകവല-അരീക്കുററിപാടം | C 2 | | | | | | x | | | | |
| XI * 1 | കടലക്കുടി റോഡ് | | | | | | | | | | | |
| * 2 | ഇറിഗേഷൻ കനാൽ | | | x | | | | | | | | |

| വാർഡ് | റോഡിന്റെ പേര് | ദൂരം (km.) | ടാർ | | മെററൽ | | ഓട | | കലുങ്ക് | | അററകുററപ്പണി | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ചെയ്തത് | ചെയ്യാത്തത് | ചെയ്തത് | ചെയ്യാത്തത് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | നടത്തിയത് | നടത്താത്തത് |
| XI | | | | | | | | | | | | |
| * 3 | ചേരാനല്ലൂർ പള്ളിക്കടവ് | | | x | | x | | | | | | |
| * 4 | ചേരാനല്ലൂർ കപ്പേള | | | x | | x | | | | | | |
| * 5 | ഗുരുക്കൻകടവ് | | | x | | | | | | | | |
| * 6 | PWD റോഡ്–തട്ടോറപാടം | | | x | | | | | | | | |
| * 7 | വളവുംപടി കോളനി | | | x | | | | | | | | |
| * 8 | കാട്ടൂങ്ങകടവ്–കൂടാലപ്പാട് | | | x | | | | | | | | |
| XII | | | | | | | | | | | | |
| * 1 | തോട്ടുവകവല–കിഴക്കുഭാഗം കോളനി | | | x | | | | | | | | |
| * 2 | പെരിയാർവാലി കനാലിന്റെ തോട്ടുവഭാഗം | | | x | | | | | | | | |
| * 3 | കൃഷ്ണൻകുട്ടിറോഡ് മുണ്ട പാലംറോഡിൽനിന്നും തോട്ടുവ പാടത്തേക്കുള്ള റോഡ് | | | x | | | | | | | | |
| * 4 | ഓച്ചാൻതുരുത്ത്–കൂടാലപ്പാട് | | | x | | | | | | | | |
| * 5 | തോട്ടുവ–നമ്പിള്ളി | | x | | | | | x | | | | x |
| * 6 | കൃഷ്ണൻകുട്ടി | | x | | | | | | | | | x |
| * 7 | തോട്ടുവ അമ്പലം | | x | | | | | | | | | x |
| * 8 | തോട്ടുവ പള്ളി | | x | | | | | | | | | x |
| XIII | | | | | | | | | | | | |
| 1 | ഓലിക്കുഴി–കോരമംഗലം | | | | | | | | | | | x |
| 2 | സെൻറ്തോമസ് മൗണ്ട്–മയൂരപുരം | | | | | | | | | | | x |
| 3 | മയൂരപുരം ചുണ്ടക്കുഴി | | | | | | | | | | | x |
| 4 | മൂഴി–തോട്ടുവ | | | | | | | | | | | x |
| * 5 | മയൂരപുരം–വെള്ളാർമാലി കോളനി | | | x | | | | | | | | |
| * 6 | കുറിച്ചിലക്കോട് SNDP–ആലുംചുവട് | | | x | | | | | | | | |
| * 7 | മാവുംചുവട് – തോട്ടുവ | | | x | | | | | | | | |
| * 8 | T B റോഡ്–പുഞ്ചക്കുഴിപാലം | | | x | | | | | | | | |
| XIV | | | | | | | | | | | | |
| 1 | അമ്പാടം ലിഫ്റ്റ്ഇറിഗേഷൻ | | | | | | | | | | | x |
| 2 | കോടനാട് ലക്ഷംവീട്കോളനി | | | | | | | | | | | x |
| 3 | കുറിച്ചിലക്കോട്–വലിയപാറ | | | | | | | | | | | x |
| 4 | കല്ലിക്കുടി–അമ്പാടം | | | | | | | | | | | x |

| വാർഡ് | റോഡിൻെറ പേര് | ദൂരം (km) | ടാർ | | മെററൽ | | ഓട | | കലുങ്ക് | | അററകുററ പണികം | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ചെയ്തത് | ചെയ്യാത്തത് | ചെയ്തത് | ചെയ്യാത്തത് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | നടത്തിയത് | നടത്താത്തത് |
| XIV 5 | ചെട്ടിനട-വലിയപാറ | | | | | | | | | | | x |
| 6 | വെളിയത്തുപാറ-കുട്ടാടം | | | | | | | | | | | x |
| 7 | കോടനാട് ടെമ്പിറം | | | | | | | | | | | x |
| 8 | മേനോൻകവല-ഫോറസ്ററ് കോളനി | | | | | | | | | | | x |
| 9 | ചുണ്ടക്കുഴി-മയൂരപുരം | | | | | | | | | | | x |
| 10 | കുമാരപുരം കോളനി | | | | | | | | | | | x |
| 11 | ചെട്ടിനട -മേലേത്തിനാൻപാടം | | | | | | | | | | | x |
| XV 1 | ഏമ്പക്കോട് | | | | | | | | | | | x |
| 2 | വലിയപാറ-കൊമ്പനാട് | | | | | | | | | | | x |
| 3 | ആലാട്ടുചിറ-മുണ്ടൻതുരുത്ത് | | | | | | | | | | | x |
| * 4 | നെടുമ്പാച്ചിറ-ആലാട്ടുചിറപാടം | 1.0 | | x | | | | | | | | |
| * 5 | ആലാട്ടുചിറ-കപ്പിരിക്കാട് | 0.5 | | x | | | | | | | | |
| * 6 | കളപ്പാറ പടിഞ്ഞാറുഭാഗം ചെട്ടിനട-പുന്നലം കനാൽബണ്ട് | 1.0 | | x | | | | | | | | |
| * 7 | പുന്നലം-കല്ലിക്കുടി-കുറിച്ചിലക്കോട് | 0.25 | | x | | | | | | | | |
| * 8 | ചെട്ടിനട-വടക്കമ്പിള്ളി കനാൽ | 0.5 | | x | | | | | | | | |
| * 9 | ചരിയംപാറ-പാണംകുഴികനാൽ | 1.0 | | x | | | | | | | | |
| *10 | വലിയപാറ-ചൂരമുടി കനാൽ | 0.3 | | x | | | | | | | | |
| *11 | കളപ്പാറ കോളനി-പെരിയാർ വാലി ഹൈലെവൽ കനാൽ | 0.2 | | x | | | | | | | | |
| *12 | ഏമ്പക്കോട്-കാഞ്ഞിരക്കുന്ന് | 0.1 | | x | | | | | | | | |

## ദൈർഘ്യം വർദ്ധിപ്പിക്കേണ്ട റോഡുകൾ

| വാർഡ് | റോഡിൻെറ പേര് | വർദ്ധിപ്പിക്കേണ്ട ദൂരം/സ്ഥലം |
|---|---|---|
| II | 1) അമ്പലത്തുമാലി-SC/ST കോളനി റോഡ് | കാത്തലിക് സിറിയൻ ബാങ്ക്-ആൻേറാപുരം റോഡിൻെറ കല്ലിൽപ്രദേശം വരെ |
| | 2) തൊണ്ടുകടവ്-കുളത്തുങ്ങമാലി കോളനി | 500 m. പൊട്ടോളി ജംഗ്ഷൻ കല്ലറമ്പ് റോഡ് വരെ |

## കെട്ടി സംരക്ഷിക്കേണ്ട കുളിക്കടവുകൾ

| വാർഡ് | കടവുകളുടെ പേര് |
|---|---|
| III | പഴക്കടവ് വാര്യമ്പാട്ടുകടവ്, ചെറുപാറക്കടവ്, പുത്തൻകടവ്, വാര്യത്തെകടവ്, വെളുത്തേടത്ത്കടവ്. പടായത്തെകടവ്. |
| XI | പോട്ടശേരികടവ്, പള്ളിക്കടവ്, അമ്പലക്കടവ്, കാട്ടുങ്ങകടവ്. |

## പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

അവലംബം–ഗ്രാമസഭാ റിപ്പോർട്ടുകൾ

| വാർഡ് | | റോഡിന്റെ പേര് |
| --- | --- | --- |
| I | | ഒക്കൽ തുരുത്തിയിലേക്ക് നടപ്പാത/തൂക്കുപാലം/റോപ്പ് വേ |
| II. | | ഉഴുന്നുംവേലി – ചേലാമറ്റം റോഡ് |
| | 2. | കാർട്ടേഴ്സ് കവല – പടിഞ്ഞാറെ ചേലാമറ്റം റോഡ് |
| IV | 1. | അകപ്പറമ്പ് – കുന്നക്കാട്ടുമല – കാരിക്കോട് റോഡ് 1.5 കി. മീ. |
| | 2. | ഇഞ്ചക്കുടി പ്ളൈവുഡ് – SC/ST പൊതുശ്മശാനം റോഡ് 1.5 കി.മീ. |
| V | 1. | പുക്കാട്ടുമാലി–കാഞ്ഞിരക്കാട് റോഡ് |
| | 2. | തുമ്പാക്കടവ് – വള്ളിക്കാട്ടുപുഞ്ച |
| VIII | 1. | മൈലാച്ചാൽ കോളനിക്ക് സമീപം ചതുക്കാലയിലേക്ക് റോഡ് |
| | 2. | കയ്യുത്തിയാൽ ക്രഷർ – ഇലവുംകുടി റോഡ് |
| X | 1. | കൂത്തുപറമ്പ് – പാലക്കാല പാടശേഖരം റോഡ് |
| | 2. | കൂത്തുപറമ്പ്–കാവുംങ്ങപ്പാടം SC/ST കോളനി റോഡ് 1.0 കി മീ. |
| | 3. | ഇടവൂർ ജംഗ്ഷൻ–വലിയപ്പാടംവഴി–ഈസ്റ്റ് ഒക്കൽ റോഡ് 1.0 കി. മീ. |
| | 4. | ആൽപ്പറമ്പ് റോഡ് |
| | 5. | നട്ടപ്പിള്ളിത്തോട് – ആശാൻകവല |
| | 6. | ഇടവൂർ ഒക്കൽ ലിഫ്റ്റ് ഇറിഗേഷനുകളുടെ സൈഡിൽകൂടി ഇൻസ്പെക്ഷൻ റോഡുകൾ |
| XI | 1. | പള്ളി അങ്ങാടി – ഓച്ചാൻതുരുത്ത് – തൊട്ടുതറ – കൂടാലപ്പാട് |
| XII | 1. | തോട്ടുവാ പള്ളിറോഡ് – കൂടാലപ്പാട് റോഡ് |
| | 2 | ചള്ളേലിപ്പാടം – കോളനി റോഡ് |
| XIII | 1 | കോടനാട് വില്ലേജ് ഓഫീസ് – കീഴില്ലം – കുറിച്ചിലക്കോട് ലിങ്ക് റോഡ് |
| | 2 | വലിയപാറ റോഡിൽനിന്നും കനാലിന് എതിർവശമുള്ള റോഡ്. |
| | 3 | മയൂരപുരം – ചുണ്ടക്കുഴിറോഡും, കുറിച്ചിലക്കോട് ചുണ്ടക്കുഴി റോഡും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ്. |
| | 4 | കീഴില്ലം–കുറിച്ചിലക്കോട് റോഡിൽ നിന്നും വെള്ളാർമാലിയിലേക്കുള്ള റോഡ് 400 മീറ്റർ. |
| | 5 | കല്ലിങ്കൽമഠം റോഡ്. |
| XIV | 1 | മരങ്ങാട്ടുമാലി –കനാൽബണ്ട് റോഡ് |
| | 2 | കാഞ്ഞിരക്കാട്ടുചാൽ – കാഞ്ഞിരകുന്ന് റോഡ്. |
| XV | 1 | ആലാട്ടുചിറ – പെരുമ്പാവൂർ റോഡിൽ നിന്നും വലിയപാറ – കൊമ്പനാട് റോഡുമായി ബന്ധിപ്പിക്കുന്ന 1 കി.മീ റോഡ് |
| | 2 | ആലാട്ടുചിറ – ഇടത്തുരുത്ത് – മുണ്ടൻതുരുത്ത് – 1 കി. മീ. |
| | 3 | ഏമ്പക്കോട് ചിറവഴി പനങ്കുരുതോട്ടം 1 കി. മീ. |
| | 4 | ആലാട്ടുചിറ–മുണ്ടൻതുരുത്ത് റോഡും വലിയപാറ–കൊമ്പനാട് റോഡുമായി ബന്ധിപ്പിക്കുന്ന 1 കി. മീ. |
| | 5 | ഭാസ്കരമേനോൻ മെമ്മോറിയൽ റോഡ്–പട്ടശേരിചിറ വഴി പനങ്കുരുത്തോട്ടം ക്ഷേത്രം – 0.5 കി. മീ. |
| | 6 | പള്ളിക്കവലയ്ക്കും, പെരിയാർവാലി കനാലിനും മദ്ധ്യ കനാൽ റോഡുമായി ലിങ്ക് റോഡ് – 0.2 കി. മീ. |

### കലുങ്കും പാലവും നിർമ്മിക്കേണ്ട സ്ഥലങ്ങൾ

| വാർഡ് | | നിർദ്ദേശം |
| --- | --- | --- |
| I | | ഒക്കൽ തുരുത്തിലേക്ക് ഒരു പാലം |
| III | | വല്ലം–ചേലാമറ്റം റോഡിലെകൂവപ്പടി പഞ്ചായത്തും പെരുമ്പാവൂർ മുനിസിപ്പാലിറ്റിയും തമ്മിൽ ബന്ധിപ്പിക്കുന്ന കേടുവന്നിരിക്കുന്ന ഗതാഗത യോഗ്യമല്ലാത്ത പാലം നന്നാക്കണം. |
| V | 1 | ഒക്കൽ–വിഴുക്കപ്പാറ ബ്ലോക്ക് റോഡും, വിഴുക്കപ്പാറ – പടിക്കൽപാറ റോഡും തമ്മിൽ വിഴുക്കപ്പാറ തോട്ടിൽ പാലം പണിത് ബന്ധിപ്പിക്കണം. |
| | 2 | തൊടാപ്പറമ്പിൽ നിന്നും പടിഞ്ഞാറോട്ടുള്ള പുതിയ റോഡിൽ കനാലിനു കുറുകെ പാലം പണിയണം. |
| | 3 | എസ് ഡി. കോൺവെന്റിന് സമീപം കലുങ്ക് നിർമ്മിക്കണം. |
| | 4 | മാവേലിപ്പടി–പാപ്പൻപടി റോഡിലെ കലുങ്ക് നന്നാക്കണം. |
| XII | | തോട്ടുവ–കൃഷ്ണൻകുട്ടിറോഡ് പൂണോലി കവല കിഴക്ക് ഭാഗം ഇപ്പോഴുള്ള ചെറിയ കലുങ്ക് മാററി പുതിയ |

വീതിയുള്ള കലുങ്ക് നിർമ്മിക്കണം.

VIII ആവശ്യമായ സ്ഥലങ്ങളിലെല്ലാം കലുങ്കുകൾ നിർമ്മിക്കണം.

## വെയിററിംഗ് ഷെഡ് നിർമ്മിക്കേണ്ട സ്ഥലങ്ങൾ

വാർഡ് നിർദ്ദേശങ്ങൾ

V കൊല്ലൻപടി, മാവേലിപ്പടി

XV നെടുമ്പാറ, ആലാട്ടുചിറ, ചെട്ടിനട, അമ്പലപ്പടികവല
ഏമ്പക്കോട് കവല, വലിയപാറ, പനങ്കുരുത്തോട്ടം കളപ്പാറ

VIII മദ്രാസ്കവല, പോളിടെക്നിക്കിന് മുൻവശം, പാട്ടാളക്കുടി SC/ST കോളനി

## മററ് നിർദ്ദേശങ്ങൾ

വാർഡ് നിർദ്ദേശങ്ങൾ

VII അയ്മുറി കിഴക്കേ കവലയിൽ നിന്നും കല്ലുമല SC/ST കോളനിയിലേക്കുള്ള 50 മീററർ ദൂരം കൽപ്പടവ് കെട്ടി ഉപയോഗയോഗ്യമാക്കണം

III അമ്പലപ്പടിയിൽ നിന്നും ഒക്കൽ ഭാഗത്തേക്കുള്ള വഴിയിൽ പലയിടത്തും(പ്രത്യേകിച്ച് ഏല ഓഫീസ് ഭാഗത്ത്) 8 മീററർ വീതിയില്ല. വീതി കൂട്ടി നന്നാക്കേണ്ടതാണ്.

IV ആനേറാപുരം-ലക്ഷംവീട് കോളനിയുടെ തെക്കുഭാഗത്തുള്ള റോഡിൻെറ 400മീറററും തൈക്കാവ്-ആനേറാപുരം റോഡിൽ കുപ്പിയാൻ പരീതിൻെറ വീടിൻെറ മുൻഭാഗം 300 മീറററും സൈഡ് കെട്ടണം.

V ചുക്കാട്ടുമാലി കനാലിൻെറ ബണ്ട് വീതി കൂട്ടി സഞ്ചാര യോഗ്യമാക്കണം.

VI 1 പെരുമ്പാവൂർ – കോടനാട് റോഡിൻെറ 2 കി. മീ. ഭാഗവും, പാപ്പൻപടി-പൂപ്പാനി റോഡിൻെറ പാടശേഖരഭാഗവും സൈഡ് കെട്ടി സംരക്ഷിക്കണം.

2 കയ്യുത്തിയാൽ – ഇളമ്പകപ്പിള്ളി റോഡ്, തൊടാപ്പറമ്പ്-കാവുംപുറം- കൊല്ലത്താൻ പടി റോഡ്, പടിക്കൽപാറ – പിഷാരിക്കൽ റോഡ് എന്നിവ P W D ഏറെറടുക്കണം.

VIII 1 ഐമുറികവല-കൂടാലപ്പാട് ഗണപതി അമ്പലം-മൈലാച്ചാൽ,അയ്മുറികവല-കയ്യുത്തിയാൽ, മദ്രാസ് കവല-കൂടാലപ്പാട് റോഡുകൾ P W D ഏറെറടുക്കണം

2 എല്ലാറോഡുകൾക്കും സൈഡിൽ കാനകൾ തീർക്കണം.

XI 1 കാനകൾ നിർമ്മിച്ച് റോഡുകൾ സംരക്ഷിക്കണം.

2 നിലവിലുള്ള ഫെയർസ്ററേജ് സംവിധാനം പുനഃപരിശോധിക്കണം.

XII തോട്ടുവാകവല വികസനം നടപ്പാക്കണം

XV 1 ആലാട്ടുചിറകവല, ചെട്ടിനട അമ്പലക്കവല ഹ്യന്നിവ കവല വികസനത്തിൽപ്പെടുത്തി വീതികൂട്ടി കാന തീർക്കുക.

2 ആലാട്ടുചിറ കേന്ദ്രമാക്കി ഒരു പ്രൈവററ് ബസ് സ്ററാൻറും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുക.

## ബസ് സർവ്വീസ് സംബന്ധിച്ച് ലഭിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ

വാർഡ് നിർദ്ദേശം

V 1 ആലാട്ടുചിറ – പെരുമ്പാവൂർ റൂട്ടിൽ K S R T C നിർത്തലാക്കിയ ബസ് സർവ്വീസുകൾ പുനരാരംഭിക്കണം.

2 കാലടി-വല്ലം – പാപ്പൻപടി – ഐമുറി വഴി കുറുപ്പംപടിക്ക് ബസ് സർവ്വീസ് ആരംഭിക്കണം.

3 കാലടി-വല്ലം-മാവേലിപ്പടി-കൂവപ്പടി-ഇടവൂർ വഴി സർക്കുലർ ബസ് സർവ്വീസ് ആരംഭിക്കണം.

VI രാത്രി പത്ത് മണി വരെ ഈ പ്രദേശത്തേക്ക് ബസ് സൗകര്യം ടൗണിൽനിന്നും ഉണ്ടാകണം.

VII 1 പെരുമ്പാവൂർ-ചുണ്ടക്കുഴി റൂട്ടിൽ K S R T C നിർത്തലാക്കിയ മുഴുവൻ സർവ്വീസുകളും പുനരാരംഭിക്കണം.

2 കാവുംപുറം മൈതാനത്ത് അവസാനിക്കുന്ന ബസ് റൂട്ടുകൾ കനാൽകവല വരെ നീട്ടുക.

VIII 1 പെരുമ്പാവൂർ – ആലാട്ടുചിറ റൂട്ടിൽ ഉണ്ടായിരുന്ന KSRTC ബസ് സർവ്വീസ് പുനരാരംഭിക്കണം.

2 വല്ലംവഴി – കാലടി-അങ്കമാലി-ആലാട്ടുചിറ ബസ് സർവ്വീസ് ആരംഭിക്കണം.

3 മദ്രാസ് കവലയിൽ നിന്നും ഈസ്ററ് ഒക്കൽ വഴി ബസ് സർവ്വീസ് ആരംഭിക്കണം.

XI 1 ചേരാനല്ലൂരിൽ നിന്നും പണ്ടുണ്ടായിരുന്ന K S R T C സർവ്വീസ് പുനരാരംഭിക്കണം.

2 അങ്കമാലിയിലേക്ക് ചേരാനല്ലൂർ വഴി ബസ് സർവ്വീസ് ആരംഭിക്കണം.

XII രാത്രി 10-30 വരെ പെരുമ്പാവൂരിൽ

നിന്നും. ആലാട്ടുചിറ ഭാഗത്തേക്ക് ബസ് സർവ്വീസുകൾ ഉണ്ടാകണം. (K S R T C, സ്വകാര്യ സർവ്വീസുകൾ)

പുതുതായി റോഡുകൾ നിർമ്മിക്കുന്നതിനും, ഉള്ളവയുടെ വീതി കൂട്ടുന്നതിനും ആയി സ്ഥലവും, മനുഷ്യാദ്ധ്വാനവും വാർഡുതലങ്ങളിൽ ലഭ്യമാണെന്നും വിവിധ ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നു.

## ഊർജ്ജം

പഞ്ചായത്തിൽ 89 L T ട്രാൻസ്ഫോർമറുകൾ ഉണ്ടെങ്കിലും ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല. എല്ലാ ട്രാൻസ്ഫോർമറുകളും അമിത ഭാരം വഹിക്കുന്നവയാണ്. വോൾട്ടേജ്ക്ഷാമം വളരെ രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശമായതിനാൽ മിക്കവാറും എല്ലാ ഗ്രാമസഭകളിൽനിന്നും പുതിയ ട്രാൻസ്ഫോർമറുകൾ വേണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ഉപഭോക്താക്കൾക്ക് കറന്റ് ചാർജ് അടക്കുന്നതിനായി 3 മുതൽ 10 കിലോ മീററർ വരെ സഞ്ചരിക്കേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും വൈദ്യുതി വിതരണം പുതിയ 110 K V മലയാററൂർ സബ് സ്റേറഷനിൽ നിന്നുമാണ്. ചേരാനല്ലൂർ ഭാഗത്ത് പുഴ ക്രോസ് ചെയ്ത് വരുന്ന 11 KV ലൈൻ ഏകദേശം 25 Km. നീളത്തിൽ മുളങ്കുഴി–വേങ്ങൂർ ഭാഗം വരെ ചെല്ലുന്നുണ്ട്. വളരെകാലം മുൻപ് വലിച്ചിട്ടുള്ള ഈ ലൈൻ അധികവും വൃക്ഷങ്ങളുടേയും റബർ മരങ്ങളുടേയും ഇടയിലൂടെയാണ് പോയിരിക്കുന്നത്. ഇത്രയും ദൂരമുള്ള ഈ ലൈനിൽ ഒരു ഫോൾട്ട് വന്നാൽ ഈ പഞ്ചായത്ത് ഏതാണ്ട് പൂർണ്ണമായും ഇരുട്ടിലാകുന്ന സ്ഥിതിയാണുള്ളത്. ധാരാളം പ്ലാസ്ററിക് വ്യവസായങ്ങളും മററ് ചെറുകിട വ്യവസായങ്ങളും കാർഷികാവശ്യങ്ങൾക്കുള്ള മോട്ടോറുകളും കുടിവെള്ളം പമ്പു ചെയ്യുന്നതിനുള്ള മോട്ടോറുകളും മററുമുള്ള ഇവിടെ തുടർച്ചയായി 4 മണിക്കൂർ സമയം വൈദ്യുതിയുള്ള ദിനങ്ങൾ വിരളമാണ്. ബന്ധപ്പെട്ട ഇലക്ട്രിസിററി ഓഫീസുകളിൽ അന്വേഷിച്ചതിൽ നിന്നും മനസിലാക്കുന്ന കാര്യങ്ങൾ താഴെ പറയുന്നവയാണ്.

1 നിലവാരം കുറഞ്ഞ 11 KV പിൻ ഇൻസുലേററർ അമിത ഭാരം വരുന്നതിനാൽ കത്തിപ്പോകുന്നു. ഇവ കൂടുതൽ സ്ഥാപിച്ചിരിക്കുന്ന ചേരാനല്ലൂർ പ്രദേശത്ത് ഇൻസുലേററർ കേടുവരുന്ന സമയത്ത് ലൈൻ ഓഫാക്കുന്ന സമയം മറെറല്ലായിടത്തും വൈദ്യുതി വിതരണം നിലക്കുന്നു.

2 ലൈൻ ഓവർ ലോഡ് ആകുന്ന സമയത്ത് ട്രിപ്പ് ആയിപ്പോകുന്നു.

ഇതിന് പരിഹാരമായി ഇപ്പോൾ സബ് സ്റേറഷനിൽ നിന്നും മലയാററൂർക്ക് വലിച്ചിരിക്കുന്ന ലൈൻ സെൻറ് തോമസ് ഹോസ്പിററൽ ഭാഗത്തു നിന്നും നീട്ടി മുളങ്കുഴിയിലെത്തിക്കുകയും കൂവപ്പടി ഫീഡറിൽ നിന്നും വേങ്ങൂർ ഫീഡർ സ്വതന്ത്രമാക്കുകയുംചെയ്യണം. കൂടാതെ കൂവപ്പടി ഫീഡർ കേടാകുന്ന സമയത്ത് മലയാററൂരിൽ നിന്നും കറന്റ് ലഭിക്കുന്നതിനുള്ള സംവിധാനവുമുണ്ടാകേണ്ടതുണ്ട്. നിലവാരം കുറഞ്ഞ എല്ലാ ഇൻസുലേറററുകളും മാററി സ്ഥാപിക്കണം.

വിവിധ ഗ്രാമസഭാറിപ്പോർട്ടുകളിൽനിന്നും ഈ രംഗത്ത് പൊതുവായി ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1 പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല

2 (പ്രക്ഷണ–വിതരണ രംഗങ്ങളിൽ ബോർഡിന്റെ ശ്രദ്ധക്കുറവ് വളരെയേറേയുണ്ട്. (പ്രത്യേകിച്ചും ടച്ചിംഗ്സ് വെട്ടുന്ന കാര്യത്തിൽ)

3 പഞ്ചായത്തിലെ SC/ST കോളനികൾ 34 എണ്ണം പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടില്ല പാട്ടാളക്കുടി മാത്രം ഭാഗീകമായി വൈദ്യുതീകരിച്ചിട്ടുണ്ട്.

4 സ്ട്രീററ്ലൈററുകളുടെ കുറവുണ്ട്. ഉള്ളവ മിക്കവാറും കത്തുന്നില്ല.

5 KSEB രേഖകളിൽ ഉള്ളതിനേക്കാൾ വളരെയധികം വൈദ്യുതി ഉപയോഗിക്കുന്നുണ്ട്.

6 ബോർഡ് ജീവനക്കാരുടെ അനാസ്ഥയും, അഴിമതിയും

7 പഴക്കംചെന്ന വൃക്ഷങ്ങളും, മററു പാഴ്മരങ്ങളും വെട്ടിമാറേറണ്ടതാണ്.

## സാദ്ധ്യതകൾ

മിക്ക ഗ്രാമ സഭകളും സ്ട്രീററ് ലൈററുകൾക്കുവേണ്ടി നീണ്ട പട്ടികകൾ സമർപ്പിച്ചിട്ടുണ്ട്. ആവശ്യങ്ങളുടെ തീവ്രതയും ഫണ്ടിന്റെ പരിമിതിയും കണക്കിലെടുത്ത് ഗ്രാമസഭകൾ തന്നെ അവയുടെ എണ്ണം നിജപ്പെടുത്തേണ്ടതാണ്

വൈദ്യുതി ഓഫീസിലെ രേഖകളിൽ ഉള്ളതിനേക്കാൾ എത്രയോ അധികമാണ് വൈദ്യുതി ഉപഭോഗം. പ്രേഷണ വിതരണ രംഗങ്ങളിൽ വരുന്ന തകരാറുകളും, മരച്ചില്ലകളും മററും

ലൈനുകളിൽ തട്ടിയുണ്ടാകുന്ന തടസ്സങ്ങളും നമ്മുടെ പ്രദേശത്ത് വൈദ്യുതി വിതരണ രംഗത്തെ സ്ഥിരം സംഭവങ്ങളാണ്. ഇവ ശ്രദ്ധിക്കുവാനും, പരിഹാരംകാണുവാനുമായി പ്രാദേശിക തലത്തിൽ പ്രത്യേകസംവിധാനംഏർപ്പെടുത്തണം.

ബോർഡ്ജീവനക്കാരിൽ പലരും സാമൂഹ്യപ്രതിബന്ധതഇല്ലാത്തവരും ജോലിയിൽ അനാസ്ഥകാണിക്കുന്നവരും. അഴിമതിക്കാരുമാണെന്ന വിധത്തിൽ പല ഗ്രാമസഭകളും വിലയിരുത്തിയതായി കാണുന്നുണ്ട്. ബോർഡിലെ അഴിമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും, ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനക്ക് വിധേയമാക്കുകയും, തദ്ദേശ സ്ഥാപനങ്ങൾക്ക് ഈ മേഖലയിൽ അതത് തലങ്ങളിൽ നിയന്ത്രണമുണ്ടായിരിക്കുകയും ചെയ്യുന്ന ഒരു അവസ്ഥഉണ്ടായാൽ ഇതിന് പരിഹാരം കാണാൻ സാധിക്കും.

ഗാർഹിക ഉപഭോക്താക്കളിൽ നിശ്ചിത അളവിൽകൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് അധിക ചാർജ് ഏർപ്പെടുത്തണമെന്നും സ്ലാബ് സമ്പ്രദായം നിർത്തലാക്കണമെന്നും ഉള്ള നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്. സാദ്ധ്യമായ സ്ഥലങ്ങളിൽ എല്ലാം പുരയിടങ്ങളിൽ കൂടി വലിച്ചിട്ടുള്ള ലൈനുകൾ റോഡുകളിലൂടെ ആക്കിയാൽ പ്രേക്ഷണ–വിതരണ നഷ്ടം കുറക്കാൻ കഴിയും. ഒരു മിനി പവ്വർ സ്റേറഷൻ ആരംഭിക്കണമെന്ന നിർദ്ദേശവും ഉണ്ട്.

പഞ്ചായത്തിലെ മിക്കവാറും വീടുകളിൽ പാചകത്തിനായി വിറകടുപ്പാണ്ഉപയോഗിക്കുന്നത്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി എന്നിവ ഉപയോഗിച്ച് പാചകം നടത്തുന്നവർ താരതമ്യേനകുറവാണ്. വീടുകളിൽ വൈദ്യുതിയുടെ ദുരുപയോഗം തടയുന്നതിനും, ഊർജ്ജത്തിന്റെ മററ് മേഖലകളെക്കുറിച്ചും ബോധവൽക്കരണം നടത്തേണ്ടതായിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലുംതന്നെ നല്ലപോലെ സൂര്യപ്രകാശം ലഭിക്കുന്നതിനാൽ സോളാർ ഊർജ്ജം പാചകത്തിനും, വഴിവിളക്കുകൾ കത്തിക്കുന്നതിനും ഉപയോഗപ്പെടുത്താവുന്നതാണ്,

## വിവിധ ഗ്രാമസഭകളിൽനിന്നും ഊർജ്ജരംഗത്ത് ഉയർന്നുവന്നിട്ടുള്ള ആവശ്യങ്ങൾ പട്ടികയായി താഴെ ചേർക്കുന്നു

| വാർഡ് | ആവശ്യം | | | | | |
|---|---|---|---|---|---|---|
| | സ്ട്രീററ് ലൈററ് | | ട്രാൻസ്ഫോർമർ | | വിതരണ ലൈൻ | |
| | ഉള്ളത് | കൂടുതൽ വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് |
| I | 81 | തുരുത്തുകടവ്<br>ബാലവാടി കടവ്<br>നമ്പിള്ളികടവ്<br>പെരുമററം പമ്പ് ഹൗസ് റോഡ്<br>ശാന്തിമഠം പെരുമററം റോഡ്<br>ചേറോലി റോഡ്<br>ചേറോലി നമ്പിള്ളി റോഡ് | | മുട്ടിപ്പാലം ഭാഗത്ത് | | |
| II | 104 | കുളത്തുങ്ങമാലി<br>തൊണ്ടുകടവ് റോഡ്<br>ആൽക്കവല കരികുളം റോഡ്<br>പൊട്ടോളി ജംഗ്ഷൻ കല്ലറമ്പ് റോഡ്<br>ആൻേറാപുരം കരങ്ങകുളം റോഡ് | | | കുളങ്ങമാലി കല്ലറമ്പ് പ്രദേശത്ത് Single phase line | ഇത് 3 Phase ആക്കി മാററണം |

| വാർഡ് | ആവശ്യം | | | | | |
|---|---|---|---|---|---|---|
| | സ്ട്രീറ്റ് ലൈറ്റ് | | ട്രാൻസ്ഫോർമർ | | വിതരണ ലൈൻ | |
| | ഉള്ളത് | കൂടുതൽ വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് |
| III | 90 | ആര്യമ്പാറക്കടവ് 13 പഞ്ചായത്ത് റോഡുകൾ | | | | |
| IV | 78 | കുന്നക്കാട്ടുമല T V Centre ന് താഴേക്ക് ലക്ഷംവീട് കോളനി റോഡ് ഈസ്റ്റ് ഒക്കൽ മുസ്ലീം പള്ളിക്ക് മുകൾ ഭാഗത്തുള്ള റോഡിൽ ഈസ്റ്റ് ഒക്കലിൽ നിന്നും കുന്നക്കാട്ടു മലയിലേക്ക് | | | | |
| V | 83 | വഴിവിളക്കില്ലാത്ത പഞ്ചായത്ത് റോഡുകളിൽ | മാവേലിപ്പടി | | | SC/ST കോളനി |
| VI | 71 | പാപ്പൻപടി പൂപ്പാനി റോഡ് | | | | മംഗലത്തുമാലി ചെട്ടിയാക്കുടി മുക്ക് കയ്യുത്തിയാൽ 4 സെൻറ് കോളനി |
| VII | 72 | 30 | 2 | മാറ്റി പുതിയത് സ്ഥാപിക്കണം കയ്യുത്തിയാലിൽ പുതിയതായി വച്ചിട്ടുള്ളത് കമ്മീഷൻ ചെയ്യണം | | |
| VIII | 175 | കയ്യുത്തിയാൽ പള്ളിയിലേക്കുള്ള റോഡിൽ ഇളമ്പകപ്പിള്ളി റോഡ് വരെ ഹൈമുറി ശിവക്ഷേത്രം മൈലാച്ചാൽ റോഡിൽ C. K. റോഡിൽ പ്രധാന ജംഗ്ഷനിൽ സോഡിയം വെപ്പർ ലാമ്പുകൾ | | കൂടാലപ്പാട് ഈസ്റ്റ് പഞ്ചായത്ത് കിണറിനുസമീപം | | Single Phase ലൈനുകൾ 3 ഫെയ്സ് ആക്കിമാറ്റണം പുരയിടങ്ങളിൽ കൂടിയുള്ളവ പറ്റുന്നിടത്തെല്ലാം റോഡിലൂടെ ആക്കണം. റോഡിൽ കയറ്റി സ്ഥാപിച്ചിട്ടുള്ള പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം SC/ST കോളനി |
| IX | 83 | കവലകളിൽ ട്യൂബ് സെറ്റുകൾ | | നിലവിലുള്ളതിൻെറ കപ്പാസിറ്റി കൂട്ടി പുതിയത് സ്ഥാപിക്കണം | | |

| വാർഡ് | ആവശ്യം | | | | | |
|---|---|---|---|---|---|---|
| | സ്ട്രീറ്റ് ലൈറ്റ് | | ട്രാൻസ്ഫോർമർ | | വിതരണ ലൈൻ | |
| | ഉള്ളത് | കൂടുതൽ വേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് |
| X | 62 | എല്ലാ പഞ്ചായത്തുറോഡുകളിലും മുഴുവൻ ദൂരത്തിൽ, തോട്ടുവ-നമ്പിള്ളി, ഇടവൂർ-കൂവപ്പടി റോഡുകളിൽ സോഡിയം ലാമ്പുകൾ | | | | |
| XI | 62 | കടലക്കുടി റോഡ്, പള്ളിക്കടവ്, കാട്ടുങ്ങകടവ്, തോടയംകടവ് | | ഓച്ചൻതുരുത്ത് നടത്തുരുത്ത് | | ഉതുപ്പാൻ കവലയ്ക്ക് വടക്കോട്ട് 3 ഫെയ്സ് ലൈൻ |
| XII | 105 | തോട്ടുവ കവലയിൽ സോഡിയം വെപ്പർലാമ്പ്, കൂവപ്പടി ചേരാനല്ലൂർ പള്ളി അങ്ങാടി എന്നിവിടങ്ങളിൽ മെർക്കുറി ലൈറ്റ്, സ്ട്രീറ്റ് ലൈറ്റുകൾ | | 250 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കണം | | |
| XIII | 66 | ഇല്ലാത്ത റോഡുകളിൽ | | | | Mar Augen-കല്ലിക്കുടി ലൈനിനും, കല്ലിക്കുടി-കുറിച്ചിലക്കോട് ലൈനിനും ഇടക്കുള്ള 100 മീറ്റർ, ചുണ്ടക്കുഴിഭാഗത്ത് |
| XIV | 53 | ,, | | | | |
| XV | 54 | നെടുമ്പാറ-കപ്പിരിക്കാട്ട് റോഡിൽ 1½ km. ആലാട്ടുചിറ-മുണ്ടൻതുരുത്ത്റോഡിൽ 3km കാഞ്ഞിരക്കുന്ന്-പനങ്കുരുതോട്ടം റോഡിൽ 2km ചെട്ടിനട-പുന്നലം കനാൽ റോഡിൽ 1 km. | | | | |

ആകെയുള്ള 1249 സ്ട്രീറ്റ്ലൈറ്റുകളിൽ 112 എണ്ണം ഫ്ളൂസൈന്റ് ട്യൂബുകളും, 982 എണ്ണം ബൾബുകളും, 155 എണ്ണം മറ്റുള്ളവയും ആണ്. തെരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിൽ കഴിഞ്ഞവർഷം പഞ്ചായത്ത് ചിലവഴിച്ച തുക 127410 രൂപയാണ്. ഇത് പഞ്ചായത്ത് വരുമാനത്തിന്റെ 5% വരും.

**മാർക്കറ്റ്**

പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വിവിധ കാർഷികോൽപ്പന്നങ്ങൾ വിററഴിക്കുന്നതിനും, ഇടത്തട്ടുകാരെ ഒഴിവാക്കി ഉല്പാദകന് ന്യായമായ വില ലഭ്യമാക്കുന്നതിനുമായി നിലവിൽ സംവിധാനങ്ങൾ ഒന്നുമില്ല. ഇതിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സംവിധാനങ്ങൾ ഉണ്ടാകേണ്ടതാണ്.

# 7 പാർപ്പിടവും സാമൂഹ്യക്ഷേമവും

കൂവപ്പടി, ചേലാമററം, കോടനാട് എന്നീ വില്ലേജുകളും, വേങ്ങൂർ വില്ലേജിന്റെ ഏതാനും ഭാഗങ്ങളും ചേർന്നതാണ് കൂവപ്പടി പഞ്ചായത്ത്. വിദ്യാഭ്യാസപരമായും, സാംസ്കാരികമായും ശരാശരി നിലവാരത്തിലുള്ള ഈ പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും കൂലിപ്പണിക്കാരാണ്. മൊത്തമുള്ള 50,441 ജനങ്ങളിൽ 50% പേർ ഓടു മേഞ്ഞ വീടുകളിലുമാണ് താമസം. 25% കോൺക്രീററ് വീടുകളിലും 15% ഓലമേഞ്ഞ വീടുകളിലുമാണ്. ശേഷിക്കുന്ന 701 പേർക്ക് സ്വന്തമായി വീടില്ല

വീടുനിർമ്മിക്കുന്നതിനാവശ്യമായ വസ്തുക്കളിൽ ഭൂരിഭാഗവും ഈ പഞ്ചായത്തിൽ നിന്നുതന്നെ ലഭ്യമാണ്. കെട്ടിടതൊഴിലാളികളും ഏറെയുണ്ട്. നിർമ്മാണചെലവ് ഏറെയുള്ള കോൺക്രീററ് സൗധങ്ങൾ വിരലിലെണ്ണാവുന്നത്രമാത്രം. വയൽ നികത്തി വീടുപണിയുന്ന രീതി പതിവായിത്തീർന്നു കൊണ്ടിരിക്കുന്നു.

ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സാമ്പത്തിക ഏജൻസികളുടെ പ്രവർത്തനങ്ങൾ പല ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതുകൊണ്ട് കൂടുതൽ ഉദാരവൽക്കരിക്കേണ്ടിയിരിക്കുന്നു അമിതമായപലിശ, സങ്കീർണ്ണമായ ജാമ്യവ്യവസ്ഥ യഥാസമയം വായ്പ ലഭിക്കായ്ക ഇവമൂലം സാധാരണജനങ്ങൾക്ക് ഈ വായ്പാ സമ്പ്രദായംകൊണ്ട് പ്രയോജനം ലഭിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിന് ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു

1) നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

2) പലിശനിരക്ക് വീതപ്പെടുത്തുക.

3) പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടുകൂടി വീട് നിർമ്മിച്ച് നൽകാൻ സർക്കാർ മുൻകൈയെടുക്കുക.

സർക്കാർ ഭവനനിർമ്മാണ ബോർഡുവഴി മററും ദുർബല വിഭാഗക്കാർക്ക് വീട് വയ്ക്കാൻ സഹായം നൽകുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുക. അതുപോലെ ദുർബല വിഭാഗക്കാർക്ക് വീട് പുതുക്കി പണിയുന്നതിനും സാമ്പത്തികസഹായം ലഭ്യമാക്കണം. ഇപ്പോൾ കൊടുക്കുന്ന വായ്പാ തുകയിൽ വർദ്ധനവ് വരുത്തേണ്ടതും ആവശ്യമാണ്.

ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയററവും, കൂലിനിരക്കിലെ ക്രമാതീതമായ വർദ്ധനവും നിമിത്തം സ്വന്തമായൊരു വീട് നിർമ്മിക്കുന്നതിനോ, പണി തുടങ്ങിയവ പൂർത്തിയാക്കുന്നതിനോ സാദ്ധ്യമല്ലാത്ത സ്ഥിതിയാണിപ്പോഴുള്ളത്.

4380 ഹരിജനങ്ങളിൽ ഭൂരിഭാഗംപേർക്കും വീടുണ്ടെങ്കിലും അവയിൽ വൈദ്യുതീകരിക്കാത്തതും സൗകര്യങ്ങൾ ഇല്ലാത്തതുമാണ് ഭൂരിഭാഗവും.

I R D P പദ്ധതിപ്രകാരം പഞ്ചായത്തിൽ 181 വീടുകളാണ് നിർമ്മിച്ചിട്ടുള്ളത് 4 ലക്ഷംവീട് കോളനികളുണ്ട്.

പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വാർഡുതോറും ഗുണഭോക്താക്കളുടെയും സന്നദ്ധ സംഘടനകളുടെ സംയുക്തയോഗം വിളിച്ചുകൂട്ടി സഹകരണാടിസ്ഥാനത്തിൽ, സർക്കാർ സഹായങ്ങൾക്ക് പ്രയോജനപ്പെടുത്തി വീടുകൾ നിർമ്മിക്കുന്നത് പദ്ധതികൾ ആസൂത്രണം ചെയ്യുക.

പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ

1) പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അധികാരം ഈ സംഘത്തെ ഏൽപ്പിക്കുക. എൻജിനീയർമാർ ഉൾപ്പെടെയുള്ള തൊഴിലാളികളെ ഈ സംഘം വഴി നൽകുക.

2) കെട്ടിടനിർമ്മാണ സാമഗ്രികൾ സിവിൽ സപ്ലൈസ് വഴി ന്യായവിലക്ക് വിതരണം ചെയ്യുക

3) a) സർക്കാർ ലഭ്യമാക്കുന്ന വായ്പകളുള്ള സാങ്കേതികവും, സാമ്പത്തീകവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

b) അപേക്ഷകൾ ഗ്രാമപഞ്ചായത്തുവഴി വിതരണം ചെയ്യുക

c) കാലാകാലങ്ങളിൽ ലഭ്യമാകുന്ന സാമ്പത്തിക സഹായത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അറിവ് ലഭിക്കുന്നതിന് സംവിധാനങ്ങളുണ്ടാക്കുക. (പൊതു സ്ഥലങ്ങളിൽ പ്രസിദ്ധം ചെയ്യുക.)

d) സ്റ്റേജ് സർട്ടിഫിക്കററ് നൽകുന്നതിനു അർഹത തെളിയിക്കുന്നതിനുള്ള യോഗ്യതാസർട്ടിഫിക്കററ് നൽകുന്നതിനും മററും ഉള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്കുനൽകുക

4) സർക്കാർ ഏജൻസികൾ വഴി വിതരണം

ചെയ്യുന്ന വായ്പകളുടെ രേഖകരം പഞ്ചായത്തുതല ത്തിൽ സൂക്ഷിക്കുക

5) ചെലവുകുറഞ്ഞ വീടുകരംക്കു് പ്രചാരം നൽകുക

6) സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണ വായ് പകളുടെ സംഖ്യ വർദ്ധിപ്പിക്കുക

7) പഞ്ചായത്തിന്റെ മിച്ചഭൂമിയും പുറമ്പോക്കു ഭൂമിയും പാർപ്പിടമില്ലാത്തവരെ പുനരധിവസി പ്പിക്കാൻ ഉപയോഗിക്കുക

8) ലക്ഷംവീട് കോളനികളുടെ ശോചനീയാവസ്ഥ പരിഹരിക്കുക

9) താഴ്ന്ന വരുമാനക്കാർക്കു് വീടുപണിയുന്നതിനു സബ്സിഡിയോടുകൂടി, കുറഞ്ഞ പലിശക്കു് വായ്പ ലഭ്യമാക്കുക

10) നിർമ്മാണചെലവു് അധികമുള്ള വീടുപണി നിരുത്സാഹപ്പെടുത്തുന്നതിനു് നിയമങ്ങരം കൊണ്ടു വരിക.

കോളനികളിൽ ഫ്ളാററ് സിസ്ററം നടപ്പിലാക്കുന്നതു് സ്ഥലദൗർലഭ്യപ്രശ്നം പരിഹ രിക്കുന്നതിനുതകും. ഡാനിഡ, ഇന്ദിരആവാസ് യോജന, രാജീവ് മെമ്മോറിയൽ ട്രസ്ററ് എന്നീ ഏജൻസികളുടെ സഹായം ഇതിനു് പ്രയോജനപ്പെ ടുത്താം

ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിടപ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതാണ്. അതുവഴി നാടിന്റെ പ്രത്യുൽപ്പാദനരംഗങ്ങളിൽ ആത്മാർത്ഥതയോടെയും, ഉത്സാഹത്തോടെയും സമസ്ത ജനവിഭാഗങ്ങളെയും സജീവമാക്കാൻ കഴിയേണ്ടി യിരിക്കുന്നു.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് വളരെയേറെ കർമ്മ പദ്ധതികരം നമ്മുടെ പഞ്ചായത്ത് പൂർത്തി യാക്കാനുണ്ട്. ഇപ്പോഴുള്ള പല സർക്കാർ പദ്ധതി കളും അപര്യാപ്തതകരം നിറഞ്ഞതും, പൊതുജന ങ്ങരംക്ക് പൂർണ്ണമായി പ്രയോജനം ലഭിക്കുന്നതും അല്ല.

വിവിധപദ്ധതികളെകുറിച്ചുള്ള അറിവില്ലായ്മ അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥതല ത്തിലുള്ള ബോധവൽക്കരണകുറവ് ആവശ്യത്തിനും, സമയത്തും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകരം എന്നിവ നിലവിലുള്ള പദ്ധതികളുടെ പോരായ്മകളാണ്.

തൊഴിലാളി–തൊഴിലുടമ സഹകരണത്തോ ടുള്ള ക്ഷേമനിധി ബോർഡുകരം കാര്യക്ഷമമായി പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. പഞ്ചായത്തിൽ പനമ്പുനെയ്ത്തു തൊഴിലാളികരം, കെട്ടിടനിർമ്മാണ തൊഴിലാളികരം, കർഷകതൊഴിലാളികരം, കരി ങ്കൽ തൊഴിലാളികരം എന്നിവർ ഏറെയുണ്ടെങ്കിലും എല്ലാതൊഴിലാളികരംക്കും ക്ഷേമനിധി കൊണ്ടുള്ള പ്രയോജനം ലഭിക്കുന്നില്ല.

പട്ടികജാതി വികസന കോർപ്പറേഷൻ വനിത വികസന കോർപ്പറേഷൻ എന്നിവകൊണ്ട് വേണ്ടവിധത്തിൽ പ്രയോജനം ഉണ്ടായിട്ടില്ല അവ യുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഗുണഭോക്താക്കരം അപബോധമുള്ളവരല്ല.

ബ്ലോക്ക് വികസന ഓഫീസിനുകീഴിലുള്ള വി. ഇ. ഒ സർക്കിളുകരം വഴിയുള്ള പ്രവർത്തനങ്ങ ളും സജീവമാക്കേണ്ടിയിരിക്കുന്നു.

I R D P സർവ്വേ പ്രകാരം 3308 പേർ ദാരിദ്ര്യ രേഖയ്ക്കു താഴെയുണ്ട് അവരിൽ 165 പേർ ഹരിജന ങ്ങളാണ് 131 ഹരിജനങ്ങരം ഉരംപ്പെടെ 372 പേർക്കും സഹായം ലഭിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് മുകളിലെ ത്തിയവർ 223 ആണ്.

ദേശസാൽകൃത ബാങ്കുകരം വിവിധ സർക്കാർ സ്കീമുകരം അതനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനത കാണിക്കുന്നതുകൊണ്ട് ഈ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സഹകരണമേഖലയ്ക്ക് പരമാവധി ഫണ്ട് അനുവദി ച്ചും നിക്ഷേപങ്ങരം വർദ്ധിപ്പിച്ചും ഗുണഭോക്താ ക്കരംക്ക് പ്രയോജനം ഉണ്ടാക്കാം.

I R D P പദ്ധതി പ്രകാരം 29 പേർക്ക് കൈ ത്തൊഴിലിനുള്ള ഉപകരണങ്ങരം സഹായം ലഭിച്ച പ്പോരം 118 പേർക്ക് അപേക്ഷനൽകി കാത്തിരി ക്കുന്നുണ്ട്

D W C R A പദ്ധതി പ്രകാരം ഇറച്ചി ക്കോഴിവളർത്തൽ തൊഴിലായി സ്വീകരിച്ചിട്ടുള്ള 10 പേരും, പനമ്പ്നെയ്ത്തിനു് സഹായം ലഭിച്ചി ട്ടുള്ള 14 പേരും തൃപ്തികരമായി പ്രവർത്തിക്കുന്ന വരാണ്.

### ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാ ക്കരംക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്ന താണ് ട്രൈസം. ഇങ്ങനെ പരിശീലനം ലഭിച്ച

72പേരിൽ 19 പേർ സ്വയംതൊഴിൽ കണ്ടെത്തിയ വരും ശേഷിക്കുന്ന 53 പേർ ഇതരതൊഴിൽ ചെയ്യുന്ന വരുമാണ്.

## ടൂൾകിററ്

ഗ്രാമീണ കൈതൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾ കിററ്. ഇതിലൂടെ കുറച്ചുപേർക്ക് ടൂൾ കിററുകൾ ലഭ്യമായെങ്കിലും ഇനിയും ധാരാളം തൊഴിൽ രഹിതരായ യുവതീ യുവാക്കൾ ഇത് ലഭിക്കാൻ അർഹതയുള്ളവരാണ്.

## ആനുകൂല്യങ്ങൾ

C R S P പദ്ധതി പ്രകാരം 59 കുടുംബങ്ങൾ കക്കൂസ് നിർമ്മിച്ചു നൽകി. അവശേഷിക്കുന്ന കക്കൂസില്ലാത്ത 991 കുടുംബങ്ങൾക്കുകൂടി ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കണം.

A C C S പദ്ധതിയിലൂടെ 21 കിണറുകളും, 38 പമ്പു ഹൗസുകളും 238 പമ്പുസെററുകളും നൽകി C C S പദ്ധതി വഴി 4 കിണറുകളും 5പമ്പ്ഹൗസും 66 പമ്പുസെററും നൽകി.

പെൻഷനുകളും, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങളും അർഹരായ മുഴുവൻ പേർക്കും കിട്ടുന്നില്ലെന്നതും, അനർഹരായ കുറെ പേർ ആനുകൂല്യങ്ങൾ കൈപ്പററുന്നുവെന്നതും വലിയ വീഴ്ചയായി കാണേണ്ടിയിരിക്കുന്നു

## പെൻഷനുകൾ

1) വിധവാപെൻഷൻ: പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ഇതുലഭിക്കില്ല. ഇതിൽ മാററം വരുത്തി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കണം.

ലഭിക്കുന്നവരുടെ എണ്ണം:—

2) വികലാംഗപെൻഷൻ:— വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കററു ലഭിക്കാൻ ഇപ്പോഴുള്ള ബുദ്ധിമുട്ടുകളും കാലതാമസവും ഒഴിവാക്കുക.

ഇപ്പോൾ ലഭിക്കുന്നവരുടെ എണ്ണം—

3) കർഷകത്തൊഴിലാളി പെൻഷൻ:— അനർഹരായ കുറച്ചുപേരെങ്കിലും ഈ പെൻഷൻ പററുമ്പോൾ അർഹരായ മുഴുവൻ പേർക്കും ലഭിക്കുന്നില്ല. അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം.

4) തൊഴിലില്ലായ്മവേതനം:— ഇതുപററുന്നവരിൽ കുറച്ചുപേർ അനർഹരാണ്.
ലഭ്യമാകുന്ന രീതിയിലും വ്യത്യാസം വരണം.

ഈ പഞ്ചായത്തിൽ കോടനാട് S .D കോൺവെൻറിൻെറകീഴിൽ പ്രവർത്തിക്കുന്നവൃദ്ധമന്ദിരത്തിൽ 15 പേരും അയ്മുറി പ്രേഷിതാരം കോൺവെൻറിൻെറ കീഴിലുള്ള ബാലഭവനിൽ 35 പെൺകുട്ടികളും ഉണ്ട്. ഈസ്ഥാപനങ്ങളിൽഅന്തേവാസികളായിട്ടുള്ള മുഴുവൻ പേർക്കും സർക്കാർ ഗ്രാൻറ് അനുവദിക്കണം

## അങ്കൺവാടികൾ

പഞ്ചായത്തിൽ 11 അങ്കൺവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവക്ക് ആവശ്യമായ സർക്കാർ സഹായങ്ങൾ ലഭ്യമല്ലാത്തതുകൊണ്ട് പ്രവർത്തനം കാര്യക്ഷമമല്ല. ഇല്ലാത്ത 2, 3, 5, 15 വാർഡുകളിൽ ആരംഭിക്കണം. അങ്കൺവാടി ജീവനക്കാരുടെ വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തണം,

## നിർദ്ദേശങ്ങൾ

1) പഞ്ചായത്തു ഭൂമിയിൽ അങ്കൺവാടികൾ നിർമ്മിച്ച് നൽകുക

2) അങ്കൺവാടിയിലെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള ഫണ്ട് വർദ്ധിപ്പിക്കുക.

3) താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക

## ക്ഷേമ നിധികൾ

പനമ്പുനെയ്ത്തു തൊഴിലാളി ക്ഷേമനിധി

നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം വരുന്ന പനമ്പുനെയ്ത്തുതൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടുന്ന ആനുകൂല്യങ്ങൾ ലഭിക്കത്തക്ക രീതിയിൽ ക്ഷേമനിധി നടപ്പിലാക്കുക. അവർക്ക് ഇൻഷൂറൻസ് പദ്ധതികളും ഏർപ്പെടുത്തുക. പനമ്പിന് വിലകൂട്ടി അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

ഇവരുടെ പെൻഷൻ പ്രായം 55വയസ്സാക്കി ചുരുക്കുക. ഉടമവിഹിതം പിരിച്ചെടുക്കുകയും, മുഴുവൻ തൊഴിലാളികളെയും ഈ പദ്ധതിയിൽപങ്കാളികളാക്കുകയും ചെയ്യുക.

## കൈതൊഴിലാളി—വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി

ഈ ക്ഷേമനിധിയിൽ അംഗങ്ങളാകേണ്ട മുഴ

വൻ തൊഴിലാളികളേയും ഉൾപ്പെടുത്തുക.

സാമൂഹ്യ ക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ പഞ്ചായത്തു തലത്തിൽ ഒരു സെൽ രൂപീകരിക്കണം.

## പൊതുവിതരണം

പഞ്ചായത്തിലാകെ 9499 കാഡ്കുടമകളുണ്ട്. 16 റേഷൻ കടകളും 2 മാവേലിസ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. സഹകരണസംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഉത്സവവേളകളിൽ നടത്തപ്പെടുന്ന ചന്തകൾ വളരെ ഉപകാരപ്രദമാണ്.

റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തുതലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടാക്കണം.

## ഗ്രാമസഭാനിർദ്ദേശങ്ങൾ

1) ഒരേമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെകൂലി ഏകീകരിക്കണം

2) എല്ലാവിഭാഗം തൊഴിലാളികൾക്കും പെൻഷൻ പദ്ധതി, ഇൻഷ്വറൻസ് പദ്ധതി എന്നിവ ഏർപ്പെടുത്തി, അർഹരായവർക്കെല്ലാം അതിന്റെ പ്രയോജനം ലഭ്യമാക്കണം.

3) വികലാംഗർക്ക് വികലതക്ക് പരിഹാരമായിട്ടുള്ള ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യണം.

4) വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കണം.

5) ഹരിജൻ ശ്മശാനങ്ങളുടെ ചുററുംമതിൽകെട്ടി സംരക്ഷിക്കണം.

6) പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആഴ്ചചന്ത സ്ഥാപിക്കണം.

7) ഒരു കമ്യൂണിററിഹാൾ നിർമ്മിക്കണം.

8) ഹരിജൻ കോളനികൾക്ക് കുടിവെള്ളം, ഗതാഗതം വഴിവിളക്കുകൾ എന്നിവ ലഭ്യമാക്കണം.

9) ആവശ്യമുള്ളത്ര വെയിററിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക.

10) കൂടുതൽ മഹിളാസമാജങ്ങൾ ആരംഭിക്കുക.

11) ടെലഫോൺ ബൂത്തുകൾ അനുവദിക്കുക.

12) ഏഴാം വാർഡിലെ മഹിളാസമാജത്തിൽ ഒരു പോളിംഗ് സ്റ്റേഷൻ ആരംഭിക്കുക

13) താഴ്ന്ന വരുമാനക്കാരുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായ നിധി രൂപീകരിക്കുക, പഠനസാമഗ്രികൾ സൗജന്യമായി നൽകുക.

14) വീടുപണി കഴിഞ്ഞവർക്ക് വൈദ്യുതകണക്ഷൻ ഉടൻ നൽകുക.

15) രക്തബാങ്ക് ഐബാങ്ക് എന്നിവ എല്ലാവാർഡുകളിലും തുടങ്ങുക.

16) പഞ്ചായത്തിലെ മുഴുവൻ ജനങ്ങളേയും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ ഉപഭോക്താക്കളാക്കുക.

17) ബാലവാടികളും, അംഗൻവാടികളും എല്ലാവാർഡുകളിലും ആരംഭിക്കണം.

18) സഹായം അർഹിക്കുന്നവർക്ക് യോഗ്യത സർട്ടിഫിക്കററനൽകാൻ ഗ്രാമപഞ്ചായത്തംഗങ്ങൾക്ക് അധികാരം നൽകുക.

19) വിധവാപെൻഷൻ ലഭ്യമാക്കാനുള്ള നിബന്ധനകൾ ലഘൂകരിക്കുക,

20) സാമ്പത്തിക ചിലവ് ഏറെയുള്ള ചികിത്സ ആവശ്യമുള്ള രോഗികളെ സഹായിക്കാൻ പൊതുജനങ്ങളുടെ സഹായത്തോടെയുള്ള ഒരു ആശ്വാസനിധി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുക

എല്ലാജനങ്ങളുടേയും ആരോഗ്യം സംരക്ഷിക്കുവാൻ പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനും, പൊതുനിരത്തുകൾ ഗതാഗതയോഗ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി കൂടുതൽ ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്യുക വഴി ആരോഗ്യമുള്ള സാംസ്കാരിക നിലവാരമുള്ള പൗരന്മാരെ വാർത്തെടുക്കാൻ സാധിക്കും.

# സംസ്ക്കാരം 8

ഒരു കാലത്തു് കൊയ്ത്തുപാട്ടിന്റെയും, തിരുവാതിര കളിയുടെയും പരിചമുട്ടിന്റെയും, ചിന്തുപാട്ടിന്റെയും, തൊപ്പിക്കട തുള്ളൽ തുടങ്ങിയ മററു നാടൻ കലാരൂപങ്ങളുടെയും ഈണവും താളവും മുഴങ്ങി കേട്ടിരുന്ന ഒരു ഗ്രാമമായിരുന്നു കൂവപ്പടി പഞ്ചായത്തു് ഉൾക്കൊള്ളുന്ന പ്രദേശം. സാമൂഹ്യമായ വളർച്ചക്കൊത്തു് ഈ കലാരൂപങ്ങൾ ഇന്നു് വളരുന്നില്ല. അവ ഇല്ലാതായി കൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്നുള്ളതു്. ഈ കലാരൂപങ്ങളെക്കുറിച്ചു് അറിവുള്ള കലാകാരന്മാർ അവരുടെ മേഖലയിൽ നിന്നും മററ് തൊഴിൽ മേഖലകളിലേയ്ക്കു് മാറിക്കൊണ്ടിരിക്കുന്നു എന്നതു് ഒരു വസ്തുതയാണ്. അന്യം നിന്നു പോകുന്ന ഈ കലാരൂപങ്ങളെ സംരക്ഷിക്കേണ്ടതു് നമ്മുടെ ആവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 27-ഓളം ഹൈന്ദവ ക്ഷേത്രങ്ങളും 13 ക്രസ്ത്യൻ പള്ളികളും 5 മുസ്ലിം ആരാധനാലയങ്ങളും സ്ഥിതി ചെയ്യുന്നു. ഇവയോടനുബന്ധിച്ചു് വർഷംതോറും നടത്തിവരുന്ന ഉത്സവങ്ങൾ, തിരുനാളുകൾ മുതലായ ആഘോഷങ്ങളിൽ ജാതിമതഭേദമെന്യെ എല്ലാവരും പങ്കുകൊള്ളുന്നുണ്ട്. വളരെ വിപുലമായ രീതിയിൽ തന്നെ ഇവ ആഘോഷിയ്ക്കപ്പെടുന്നുമുണ്ട്. വിവിധ ജാതി മതസ്ഥരായ ആളുകൾ ഉൾക്കൊള്ളുന്ന ഈ പഞ്ചായത്തു് പ്രദേശം മതസൗഹാർദ്ദ പ്രവത്തനങ്ങൾക്ക് എന്നും ഒരു പടി മുൽപിൽ നിൽക്കുന്നു എന്നതു് നമുക്ക് അഭിമാനത്തിന് വക നൽകുന്നു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇപ്പോൾ 37–ഓളം ചെറുതും വലുതുമായ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾ ഉണ്ട്. ഇവയുടെ നേതൃത്വത്തിൽ വർഷാവർഷം സംഘടിപ്പിക്കപ്പെടുന്ന അവയുടെ വാർഷികങ്ങൾ, ഓണം ക്രിസ്തുമസ്, വിഷു, നബിദിനം, തുടങ്ങിയവയോടനുബന്ധിച്ചുള്ള പരിപാടികൾ, പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വർഷംതോറും സംഘടിപ്പിക്കുന്ന ഓണോത്സവങ്ങൾ, കേരളോൽസവം തുടങ്ങിയവയാണ് മററു സാംസ്ക്കാരിക പരിപാടികൾ. ഈ ക്ലബ്ബുകളെ കൂടാതെ 4 അമേച്വർ നാടകസംഘങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. സാമ്പത്തീക പരാധീനത ഒരു പരിധി വരെ ഈ സാംസ്ക്കാരിക സംഘടനകളുടെ പ്രവർത്തനങ്ങൾക്കും വളർച്ചക്കും തടസ്സം നിൽക്കുന്നു എങ്കിലും, കൂവപ്പടി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ചിലങ്ക ആർട്ട്സ് സൊസൈററി, കൂടാലപ്പാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ന്യൂ ഫ്ളയിംഗ് ആരോസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, മാവേലിപ്പടിയിലെ A. Y. A. തോട്ടുവയിലെ മംഗളഭാരതി പഠനകേന്ദ്രം തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ എടുത്തുപറയത്തക്കതാണ്.

കേരളത്തിലെ ആകെയുള്ള മൂന്നു് ആന പരിശീലനകേന്ദ്രങ്ങളിൽ ഒരെണ്ണം ഈ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നതു്. സ്വദേശികളും വിദേശികളുമായ നിരവധി ടൂറിസ്റ്റുകളെ ആകർഷിച്ചു വരുന്ന ഒന്നാണ് ഈ സ്ഥാപനം. കേരളത്തിലെ പ്രധാന നദികളിലൊന്നായ പെരിയാറിന്റെ തീരത്തു് സ്ഥിതിചെയ്യുന്ന ഈ സ്ഥാപനത്തെ K. T. D. C. യുടെ കണ്ടക്ഡ ടൂർ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരുന്നതാണ്.

ഇടവൂരിൽ സ്ഥിതിചെയ്യുന്ന ശ്രീ ശങ്കരനാരായണ ക്ഷേത്രം ശ്രീ നാരായണഗുരുവിന്റെ സാമീപ്യം കൊണ്ടു് പ്രസിദ്ധിയാർജജിച്ചിട്ടുള്ളതാണ്. കേരളത്തിലെ ഒരേയൊരു ധന്വന്തരി ക്ഷേത്രം ഈ പഞ്ചായത്തിലെ തോട്ടുവ എന്ന സ്ഥലത്തു് സ്ഥിതി ചെയ്യുന്നു. ദക്ഷിണ കാശി എന്നറിയപ്പെടുന്ന ചേലാമററം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. വളരെ പ്രസിദ്ധങ്ങളായ ഈ ക്ഷേത്രങ്ങൾ പഞ്ചായത്തിന്റെ സാംസ്ക്കാരിക പൈതൃകവുമായി ബന്ധപ്പെട്ട് കിടക്കുന്നു.

ഇന്നു് നാം എത്തിനിൽക്കുന്ന ദിശയിൽ നിന്നു് തിരിഞ്ഞുനോക്കുമ്പോൾ വിവിധങ്ങളായ സ്രോതസ്സുകൾ ഈ ഗ്രാമസംസ്കൃതിയുടെ പരിപോഷകങ്ങളായി പരിണമിച്ചതു് കണ്ടെത്താനാകും അവയിൽ പ്രഥമ ഗണനീയമായതു് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തന്നെയാണ്. സ്വാതന്ത്ര്യപ്രാപ്തിക്കു് മുൻപു് തന്നെ ആരംഭിച്ച ഇന്നത്തെ ചേരാനല്ലൂർ ഗവ: ഹൈസ്കൂൾ, കൂവപ്പടി ഗണപതി വിലാസം ഹൈസ്കൂൾ എന്നിവ ഇതിൽ പ്രധാനങ്ങളാണ്. ഇന്നു് ഏതാണ്ട് 17-ഓളം അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്.

വിവിധ സാംസ്ക്കാരിക മേഖലകളിൽ അറിവും അനുഭവങ്ങളുമുള്ള ഒരുപാട് വ്യക്തികൾ ഈ പഞ്ചായത്തിലുണ്ട്. നിർഭാഗ്യവശാൽ അവരുടെ കഴിവുകൾ പ്രയോജനപ്പെടുത്തുന്നതിന് നമുക്ക് സാധിച്ചിട്ടില്ല. പ്രശസ്ത സാഹിത്യകാരനും, ഭരണനിപുണനും, ചലച്ചിത്രകാരനും, മററു ഭരണ-സാംസ്ക്കാരിക മേഖലകളിൽ പ്രമുഖനുമായ ശ്രീ മലയാററൂർ രാമകൃഷ്ണന്റെ വ്യക്തിത്വം ഈ ഗ്രാമവുമായി ബന്ധപ്പെട്ടുകിടക്കുന്നു.

ഈ പഞ്ചായത്തിൽ ഏതാണ്ട് 10-ഓളം ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ കുവപ്പടി ഗ്രാമപഞ്ചായത്തിനോടനുബന്ധിച്ചുള്ള ലൈബ്രറിയും വായനശാലയും ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ഏറെ പ്രയോജനകരമായിരുന്നു. ഈ ലൈബ്രറിയുടെ ഇപ്പോഴത്തെ സ്ഥിതി വളരെ ശോചനീയമാണ്. ഒരു മുനിസിപ്പൽ ലൈബ്രറിയുടെ സൗകര്യങ്ങളുള്ള തോട്ടുവയിലെ അക്ഷരം ഗ്രന്ഥശാലയുടെ സ്ഥിതിയും ഇതുതന്നെയാണ്. ഈ അവസ്ഥ അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ട്. ഒരു പ്രദേശത്തിന്റെ സാംസ്കാരികമായ വളർച്ചക്ക് ആ പ്രദേശത്തെ ലൈബ്രറികളുടെ പങ്ക് വളരെ വലുതാണ്.

ഗൗരവമായ വായന കുറയുന്നു എന്നത് പൊതുവേ കാണപ്പെടുന്ന ഒരു കാര്യമാണ്. ഇത് വളരെ ആശങ്കാജനകമാണ്. ദൃശ്യമാധ്യമങ്ങളുടെ കടന്നുകയറ്റം ഇതിന് ഒരു പരിധിവരെ വഴി വച്ചിട്ടുണ്ട്. നാട്ടിലുള്ള ലൈബ്രറികളുടെ ശോച്യാവസ്ഥ, പ്രവർത്തനങ്ങളിലെ അപാകതകൾ, വിജ്ഞാനപ്രദങ്ങളായ പുസ്തകങ്ങളുടെ കുറവ്, നിലവാരമില്ലാത്ത ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ അനിയന്ത്രിതമായ വളർച്ചയും കടന്നുകയറ്റവും മുതലായവ ഗൗരവതരമായ വായനക്ക് വിഘാതം സൃഷ്ടിക്കുന്നു. ഈ സ്ഥിതിക്ക് ഒരു മാറ്റം ഉണ്ടാകണം എന്നത് പൊതുവേ എല്ലാ വാർഡുകളിലെ റിപ്പോർട്ടുകളിൽ നിന്നും അഭിപ്രായപ്പെട്ടിട്ടുള്ളത് ആശാവഹമാണ്.

ഗൗരവകരമായ വായന നിലനിർത്തുന്നതിനും കലാ-കായിക-സാംസ്കാരിക പ്രവത്തനങ്ങളിൽ ഒരു പുത്തൻ ഉണർവ്വ് ഉണ്ടാക്കിയെടുക്കുന്നതിനും യുവജനങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. ഇതിനു അതാതു വാർഡുകളിൽ ഓരോ ചെറിയ സാംസ്കാരിക സംഘടനകൾ രൂപീകരിക്കാവുന്നതാണ്. ഇതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ചില വാർഡുകളിൽ നിന്നെങ്കിലും ഉയർന്നു വന്നിട്ടുണ്ട് ഇങ്ങനെ രൂപീകരിക്കുന്ന സാംസ്കാരിക സംഘങ്ങളിൽ അവരുടെ സാഹിത്യവാസന പ്രകടിപ്പിക്കുവാനുള്ള അവസരമൊരുക്കുന്നതിന് കഥാ-കവിതാ-സാഹിത്യ മൽസരങ്ങൾ സംഘടിപ്പിക്കണം. അവ ചർച്ച ചെയ്യുന്നതിനും വിലയിരുത്തുന്നതിനും അവരോടൊപ്പം അറിയപ്പെടുന്ന സാഹിത്യകാരന്മാരെ പങ്കെടുപ്പിക്കാവുന്നതാണ്. ഇതേ രീതിയിൽ തന്നെ മറ്റു കലാ- കായിക മൽസരങ്ങളും സംഘടിപ്പിക്കാവുന്നതാണ്. ചിത്രകലയിൽ താൽപര്യമുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് ചിത്രരചനാ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്.

ഇത്തരത്തിൽ രൂപീകരിക്കപ്പെടുന്ന സാംസ്കാരിക സംഘങ്ങളോടനുബന്ധിച്ച് ഓരോ ലൈബ്രറികളും രൂപീകരിക്കാവുന്നതാണ്. ഈ സംഘങ്ങൾക്ക് ആ പ്രദേശത്തെ ജനങ്ങളുമായി കൂടുതൽ ബന്ധമുള്ളതിനാൽ വീടൊന്നിൽ നിന്ന് ഒരു പുസ്തകം എന്ന നിലയിലോ അല്ലെങ്കിൽ അതിനു തക്ക സാമ്പത്തികം എന്ന നിലയിലോ ആവശ്യപ്പെടാവുന്നതാണ് ഇത് ആ സംഘടന തങ്ങളുടെ സ്വന്തം സംഘടന ആണെന്നും ലൈബ്രറി തങ്ങളുടെ സ്വന്തം ലൈബ്രറി ആണെന്നും ഉള്ള തോന്നൽ ജനങ്ങളിൽ വളത്തി എടുക്കുന്നതിന് ഉപകരിക്കും. തുടന്ന് പ്രവർത്തകരുടെ കഴിവനുസരിച്ച് വിജ്ഞാനപ്രദങ്ങളും സാംസ്കാരിക മൂല്യങ്ങൾ ഉൾക്കൊള്ളുന്നതുമായ പുസ്തകങ്ങൾ വീടുകളിൽ എത്തിച്ചു കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കാവുന്നതാണ്- നിലവാരമില്ലാത്ത ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ കടന്നുകയറ്റത്തിൽ നിന്നും കുടുംബങ്ങളെ ബോധവൽക്കരിക്കുന്നതിന് ഇതുപകരിക്കും.

ഓരോ സാംസ്കാരിക കേന്ദ്രങ്ങളോടനുബന്ധിച്ചും നാടൻ കലാരൂപങ്ങൾ അവതരിപ്പിക്കാൻ കഴിവുള്ളവരെ കണ്ടെത്തി പ്രോൽസാഹനം നൽകണം. ഇത്തരം കലാരൂപങ്ങൾ നമുക്കുണ്ടായിരുന്നതും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതുമാണ്. അന്യം നിന്നുകൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾ പുതിയ തലമുറയിലേക്ക് പകർന്നു നൽകുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ ആവശ്യമാണ്.

ടി. വി. പോലെയുള്ള ദൃശ്യമാധ്യമങ്ങളുടെ അതിപ്രസരം നമ്മുടെ സാംസ്കാരിക മൂല്യങ്ങളുടെ അടിത്തറ നശിപ്പിക്കുന്നു. കമ്പോളത്തോടൊപ്പം വളരുകയും കമ്പോളത്തെ വളർത്തുകയും ചെയ്യുന്ന ആധുനിക ദൃശ്യശ്രാവ്യമാധ്യമങ്ങൾ മനുഷ്യനെ ഒരു ഉപഭോഗജീവിയായി മാത്രം രൂപപ്പെടുത്തുന്നു. ഇത് നമ്മുടെ കുട്ടികളുടെ പഠനനിലവാരത്തെയും ദോഷകരമായി ബാധിക്കുന്നുണ്ട്.

പലയിടത്തും വായനശാലകളോടനുബന്ധിച്ച് സ്ഥാപിച്ചിട്ടുള്ള ടി. വി. സെറ്റുകൾ ഉപകാരത്തേക്കാളധികം ഉപദ്രവമാണ് ചെയ്യുന്നത്. ഇത് ഗൗരവമായ വായനയെ മറ്റൊരു തലത്തിലേക്ക് വഴി തെളിച്ചുവിടുന്നു. കാരണം, നേരിട്ടുകണ്ട് മനസ്സിലാക്കുവാൻ കഴിയുമെങ്കിൽ വായിച്ചു മനസ്സിലാക്കേണ്ടതില്ലല്ലോ. ദൃശ്യമാധ്യമങ്ങളുടെ ഈ സ്വാധീനം ഒരു പരിധി വരെ സാംസ്കാരിക ഉന്നമനത്തിന് അനുപേക്ഷണീയമാകുന്നുണ്ടെങ്കിലും അധികവും അപകടകരമായ സാംസ്കാരിക ജീർണ്ണതയിലേക്കാണ് നയിക്കുന്നത്.

സംസ്കാരം രൂപപ്പെടുത്തുന്നതിൽ വിദ്യാലയങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസരംഗം പുനഃക്രമീകരിക്കേണ്ടത് സാംസ്കാരികവളർച്ചക്ക് അത്യന്താപേക്ഷിതമാണ്. മാതൃഭാഷയായ മലയാളത്തോടുള്ള അവഗണന സാംസ്കാരിക മൂല്യച്യുതിയിലേക്ക് വഴി തെളിക്കുന്നു.

നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജനങ്ങളുടെ കൂട്ടായ്മ തിരിച്ചുപിടിക്കുന്നതിന് സാംസ്ക്കാരിക കേന്ദ്രങ്ങളുടെ വളർച്ച ഏറെ സഹായകമാകും എന്നത് നിസ്ക്കർകമാണ്. ഒന്നിച്ച് പാടാനം, ആടാനം, സഹകരിക്കുവാനും തങ്ങളുടെ കലാസാംസ്ക്കാരിക വാസനകളെ പരിപോഷിപ്പിക്കുന്നതിനും ഇത്തരം സാംസ്ക്കാരിക സംഘങ്ങൾ കൂടിയേ തീരൂ.

കായിക രംഗത്തും നിർണ്ണായക സ്വാധീനമുള്ള ഒരു പഞ്ചായത്താണിത്. ജില്ലാ യൂണിവേഴ്സിററി തലങ്ങളിൽ മികച്ച കായികതാരങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ജില്ലാ ബ്ലോക്ക്തല കായിക മേളകളിലും മററു മികച്ച പ്രകടനം കാഴ്ച വച്ചിട്ടുള്ള കായിക താരങ്ങളും പഞ്ചായത്തിലുണ്ട്. എന്നാൽ ഈ കായിക പ്രതിഭകളെ കണ്ടെത്തി പഞ്ചായത്തു തലത്തിൽ പ്രോൽസാഹിപ്പിക്കുവാനുള്ള സംവിധാനം ഇന്നില്ല. സക്കാർ തലത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ പലതും വേണ്ട രീതിയിൽ വിനിയോഗിക്കുവാൻ നമുക്ക് കഴിയാതെ പോകുന്നു. സ്കൂൾ തലത്തിൽ കായികാഭിരുചി വളർത്തുന്നതിനുള്ള ക്രിയാത്മകമായ പരിപാടികൾ നടപ്പിലാക്കാത്തതും ഈ രംഗത്തു് പ്രവർത്തിക്കുന്ന സംഘടനകളുടെ താൽപ്പര്യമില്ലായ്മയും കായിക പ്രതിഭകളുടെ താൽപ്പര്യമില്ലായ്മയും കായിക പ്രതിഭകളുടെ വളർച്ചക്ക് തടസ്സം നിൽക്കുന്നു

ഈ പഞ്ചായത്തിന്റെ സാംസ്ക്കാരികമായ വളർച്ചക്ക് ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി വിവിധ വാർഡുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിർദ്ദേശങ്ങൾ ഇനി പറയുന്നവയാണ്,

1. വാർഡ് തലത്തിൽ കലാ-കായിക സാഹിത്യ മൽസരങ്ങൾ നടത്തുക.
2. വാർഡുകളിലെ കലാ-സാംസ്ക്കാരിക സംഘടനകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുക.
3. വാർഡുകളിൽ നിന്നും വിജയികളായവരെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്തുതല മൽസരങ്ങൾ നടത്തുക.
4. വളർന്നുവരുന്ന കലാപ്രതിഭകൾക്ക് പഞ്ചായത്തു് തലത്തിൽ ധനസഹായം അടക്കമുള്ള പ്രോൽസാഹനങ്ങൾ നൽകുക.
5. നാടൻ കലാകാരന്മാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
6. വിവിധ പ്രദേശങ്ങളിൽ പഞ്ചായത്തു് മുൻകൈയെടുത്തു് കലാ-സാംസ്ക്കാരിക കേന്ദ്രങ്ങൾ സ്ഥാപിച്ച് വിവിധ കലകൾ പഠിപ്പിക്കുക.
7. വാർഡുകൾ തോറും ഓണാഘോഷപരിപാടികൾ സംഘടിപ്പിക്കുക.
8. സ്വന്തമായി സ്ഥലമുള്ള അംഗീകൃത സംസ്ക്കരിക സംഘടനകൾക്ക് കെട്ടിടം പണിയുന്നതിനും മററും ധനസഹായം അനുവദിക്കുക.
9. ഗ്രാൻറിന് അപേക്ഷിച്ചിട്ടുള്ള ക്ലബ്ബുകൾക്കും മററ് സാംസ്ക്കാരിക സ്ഥാപനങ്ങൾക്കും അതു് എത്രയും വേഗം ലഭ്യമാക്കുക.
10. അമേചർ നാടക സംഘങ്ങൾക്ക് പ്രവർത്തിക്കുവാൻ ധനസഹായം നൽകുക.
11. പഞ്ചായത്തു് ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
12. ഒരു വാർഡിൽ ഒന്നു് എന്ന നിലയിൽ ലൈബ്രറികൾ തുടങ്ങുക.
13. നിലവിലുള്ള ലൈബ്രറികളോടനുബന്ധിച്ച് പുസ്തകങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക. (ഇതിന് അതാതിടങ്ങളിലെ സാംസ്ക്കാരിക സംഘടനകൾക്ക് മുൻകൈ എടുക്കാവുന്നതാണ്.
14. ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുക.
15. സാക്ഷരതാപ്രവത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുക.
16. കലാസാഹിത്യാഭിരുചിയുള്ള വിദ്യാത്ഥികളെ പ്രോൽസാഹിപ്പിക്കുക.
17. ലോവർ പ്രൈമറി വിദ്യാലയങ്ങളിൽ പാഠ്യേതര ഗ്രന്ഥശേഖരങ്ങൾ അനുവദിക്കുക.
18. വിദ്യാലയങ്ങളിലെ ലൈബ്രറികൾ കാര്യക്ഷമമാക്കുക.
19. മധ്യവേനലവധിയിൽ കലാസാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളുടെ ഒത്തുചേരലിന് അവസരം സൃഷ്ടിക്കുക.
20. ലൈബ്രറികളോടനുബന്ധിച്ച് സ്ഥാപിക്കുന്ന T V സെററുകൾ റീഡിംഗ് റൂമുകളിൽ സ്ഥാപിക്കാതിരിക്കുക.
21. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മററും വിജയികളാകുന്ന പ്രതിഭകൾക്ക് പഞ്ചായത്തുതലത്തിൽ പ്രോൽസാഹനം നൽകുക.
22. പഞ്ചായത്തു് സ്വന്തമായി ഒരു മിനി പ്രൊജക്ടർ വാങ്ങുകയും കലാമേളകളോടനുബന്ധിച്ചും

സ്കൂളുകളിലെ യുവജനോൽസവങ്ങളോടനുബന്ധിച്ചും സാംസ്ക്കാരികപ്രദവും വിജ്ഞാനപ്രദവുമായ സിനിമകൾ പ്രദർശിപ്പിക്കുക.

23. സിനിമാ തിയേററുകളിൽ സിനിമ ആരംഭിക്കുന്നതിനുമുൻപ് സാംസ്കാരികപ്രദവും, വിജ്ഞാനപ്രദവുമായ ലഘുചിത്രങ്ങൾ പ്രദർശിപ്പിക്കുക.

24) അശ്ലീല സിനിമാ പോസ്റ്ററുകൾ നിരോധിക്കുക. ഇതിനായി സിനിമാ പോസ്റ്ററുകൾ പഞ്ചായത്തിൽനിന്നും മുദ്രവെച്ചതിനുശേഷം മാത്രം പ്രദർശിപ്പിക്കുക.

25) മദ്യത്തിനും മയക്കുമരുന്നിനുമെതിരെ പഞ്ചായത്തിൻെറ നേതൃത്വത്തിൽ വാർഡുകൾ തോറും വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

26) കുറിച്ചിലക്കോട്ടുള്ള പഞ്ചായത്തു് സ്റ്റേഡിയത്തിലെ Stage-നു് മേൽക്കൂര കെട്ടുകയും അതിനോടനുബന്ധിച്ച് ഒരു ഗ്രീൻറൂം പണിയുകയും ചെയ്യുക.

27) പഞ്ചായത്തുതലത്തിൽ ഒരു കലാസംസ്ക്കാരികനിലയം സ്ഥാപിക്കുക. ഈ നിലയത്തോടനുബന്ധിച്ച് കലാകായിക പ്രതിഭകളെ പരിശീലിപ്പിക്കുന്നതിനു് വേണ്ടത്ര പരിചയസമ്പന്നരായ പരിശീലകരെ നിയമിക്കുക.

28) പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കുക.

29) ലൈബ്രറികൾക്കും, ക്ലബ്ബുകൾക്കും മററുമുള്ള ഗ്രാൻറ്റുക വളരെ അപര്യാപ്തമായതിനാൽ അവ വർദ്ധിപ്പിച്ചുകൊടുക്കുവാനുള്ള നടപടിയെടുക്കുക.

30) ഹരിജൻ കോളനികളോടനുബന്ധിച്ച് T. V. സെൻററുകൾ സ്ഥാപിക്കുക,

31) വനിതകളുടേയും ദുർബല വിഭാഗങ്ങളുടേയും സാമൂഹ്യ പുരോഗതി ഉറപ്പു വരുത്താനാവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുക. തുടങ്ങിയ നിർദ്ദേശങ്ങളാണ് ഗ്രാമസഭകളിലെ റിപ്പോർട്ടുകളിൽ നിന്നും പൊതുവായി ഉയർന്നുവന്നിട്ടുള്ളത്. ഈ നിർദ്ദേശങ്ങൾ കൂടാതെ വാർഡുകളിൽനിന്നും റിപ്പോർട്ടു ചെയ്തിട്ടുള്ള മററു നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1) ഒന്നാംവാർഡിലെ ജിവ ആർട്ട്സ് &സ്പോർട്ട്സ് ക്ലബ്ബ്, ചൈതന്യ ആർട്ട്സ് & സ്പോർട്ട്സ് എന്നിവയോടനുബന്ധിച്ച് ഓരോ ലൈബ്രററി ആരംഭിക്കണം. ഈ ക്ലബ്ബുകൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിനു് ധനസഹായം അനുവദിക്കണം.

2) വായനശാലകളോ, ഗ്രന്ഥാലയങ്ങളോ ഇല്ലാത്ത രണ്ടാംവാർഡിൽ ഒരു സാംസ്ക്കാരിക നിലയവും ലൈബ്രറിയും സ്ഥാപിക്കണം. അതിനായി കേളി എന്ന സംഘടനയുടെ 40സെ. സ്ഥലം പഞ്ചായത്ത് വാങ്ങണം.

3) രണ്ടാം വാർഡിലെ കൊട്ടവേലി തുറ വികസിപ്പിച്ച് വള്ളംകളി ഏർപ്പെടുത്തണം.

4) സ്വന്തമായി സ്ഥലവും, കെട്ടിടവുമുള്ള നവോദയ കലാസമിതിയോടനുബന്ധിച്ച് മൂന്നാം വാർഡിൽ ഒരു ലൈബ്രറി തുടങ്ങണം.

5) നാലാം വാർഡിൽ നിലവിലുള്ള രണ്ട് ഗ്രന്ഥശാലകൾക്ക് കെട്ടിടംപണി പൂർത്തിയാക്കുന്നതിനും പുസ്തകങ്ങളും, ഫർണിച്ചറുകളും വാങ്ങുന്നതിനും ആവശ്യമായ സാമ്പത്തികസഹായം അനുവദിക്കുക.

6) കല്ലമ്പലത്തിനു് സമീപമുള്ള പട്ടികജാതിക്കാർക്കുള്ള ടി. വി. കേന്ദ്രത്തിൽ ടി. വി സ്ഥാപിക്കുക.

7) വ്യാജ മദ്യവിൽപ്പന തടയാൻ കർമ്മസമിതി രൂപീകരിച്ച് പ്രവർത്തിക്കുക.

8) പടിക്കൽപാറയിലെ പ്രവർത്തനരഹിതമായി കിടക്കുന്ന വായനശാല പുനരുദ്ധരിക്കുക.

9) പടിക്കൽപാറയിൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുക.

10) പുറമ്പോക്കുഭൂമിയായ പടിക്കൽപാറ കെട്ടി സംരക്ഷിച്ച് ഒരു സ്റ്റേഡിയം നിർമ്മിക്കുക.

11) ചിറങ്ങരപറമ്പ്, പതിയായി പറമ്പ് ഹരിജൻ കോളനികളിൽ T.V. സ്ഥാപിക്കുക.

12) 2 ഏക്കറോളം വരുന്ന കയ്യൂന്തിയാൽ പാറ നിരപ്പാക്കി കളിസ്ഥലവും സ്റേറഡിയവും നിർമ്മിക്കുക.

13) പഞ്ചായത്തിൻെറ മധ്യഭാഗമായ കുവപ്പടി കേന്ദ്രീകരിച്ച് ഒരു കമ്മ്യൂണിററിഹാൾ, കല്യാണമണ്ഡപം. മാർക്കററ് എന്നിവ നിർമ്മിക്കുക.

14) ചേരാനല്ലൂർ ഗ.പ: ഹൈസ്കൂളിൻെറ ഗ്രൗണ്ട് നിരപ്പാക്കി ചുററുമതിൽ കെട്ടി സംരക്ഷിക്കുക.

15) ഒൻപതാം വാർഡിലെ ഒരു Registeredക്ലബ്ബിനു് [New Flying Arrows] കെട്ടിടംപണിയുന്നതിനു് ധനസഹായം നൽകണം.

16) ചേരാനല്ലൂർ, ഓച്ചംതുരുത്ത് റോഡിൽ സ്ഥിതിചെയ്യുന്ന തൊട്ടൂത്തുറ ഒരു നീന്തൽ പരിശീലന കേന്ദ്രമായി വികസിപ്പിക്കണം.

17) പതിനഞ്ചാം വാർഡിൽ പഞ്ചായത്തിനു് T.V. സെൻറർ സ്ഥാപിക്കാൻ സ്ഥലം എഴുതി കൊടുക്കാൻ തയ്യാറായിട്ടുള്ള സ്ഥലത്ത് T.V. സ്ഥാപിക്കുക,

18) കാവുംപുറം മൈതാനം സ്റേറഡിയമാക്കി കെട്ടി സംരക്ഷിക്കുക.

19) എല്ലാ പ്രധാന കവലകളിലും വെയിററിംഗ് ഷെഡ്ഡും, യൂറിൻ ഷെഡ്ഡുകളും നിർമ്മിക്കുക.

20) എല്ലാ പ്രധാന കവലകളിലും വെയ്സ്ററ് ബോക്സുകൾ സ്ഥാപിക്കുകയും യഥാസമയം അവ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം.

ഇത്രയും നിർദ്ദേശങ്ങളാണ് വാർഡുകളിൽ നിന്നും പ്രാദേശികമായി നടപ്പിലാക്കേണ്ടതായി കിട്ടിയിരിക്കുന്ന നിർദ്ദേശങ്ങൾ. കൂടാതെ ഈ വാർഡുകളിൽ പ്രവർത്തിക്കുന്ന 37ഓളം ക്ലബ്ബുകൾ അവയുടെ പ്രവർത്തനത്തിനാവശ്യമായ ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ട്. അവയുടെ പേരുകൾ ഇതോടൊപ്പം കൊടുത്തിട്ടുണ്ട്.

ഒരു മുൻസിപ്പൽ ലൈബ്രറിയുടെ സൗകര്യങ്ങൾ ഉള്ള തോട്ടുവായിലെ അക്ഷരഗ്രന്ഥശാലയുടെ ഇന്നത്തെ അവസ്ഥ പരിഹരിക്കുന്നതിന് ഈ ഗ്രന്ഥശാലയോടനുബന്ധിച്ച് ഒരു ജനകീയ കമ്മിററി ഉണ്ടാക്കി മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ ഗ്രന്ഥശാല പഞ്ചായത്ത് ഏറെറടുക്കുകയാണെങ്കിൽ പഞ്ചായത്തിന് അതൊരു മുതൽക്കൂട്ടായിരിയ്ക്കും.

ഈ പഞ്ചായത്തിലെ ടൂറിസം വികസനത്തിന് ഉതകുന്ന രീതിയിൽ KTDC യുടെ കണ്ടക്ടഡ ടൂർ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരുന്നതും പിന്നീട് നിർത്തലാക്കിയതുമായ ചരിത്ര പ്രധാനമായ കോടനാട് ആന പരിശീലന കേന്ദ്രവുമായി ബന്ധപ്പെടുത്തി ഒരു ടൂറിസം വാരാഘോഷം പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ വർഷം തോറും സംഘടിപ്പിയ്ക്കണം. സ്വദേശികളും വിദേശികളുമായ നിരവധി ടൂറിസ്റ്റുകൾ വന്നു പോകുന്ന ഇവിടെ അവർക്ക് താമസിക്കുവാൻ വേണ്ട സൗകര്യങ്ങൾ ഇല്ല. പഞ്ചായത്തിന്റേതായി ഒരു ടൂറിസ്റ്റ്ഹോമും കോട്ടേജുകളും പണിയാവുന്നതാണ്. നിർത്തലാക്കിയ ആന സവാരി പുനരാരംഭിയ്ക്കണം. മിനി മൃഗശാല വിപുലീകരിയ്ക്കണം. ഇത്തരത്തിൽ സഞ്ചാരികൾക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി ടൂറിസ്ററുവാരാഘോഷങ്ങൾ സംഘടിപ്പിയ്ക്കുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക വരുമാന വർദ്ധനവിനും, അതോടൊപ്പം വളരെയധികം ടൂറിസ്ററുകളെ ഈ നാട്ടിലേയ്ക്ക് ആകർഷിയ്ക്കുന്നതിനും സംസ്ഥാനത്തിന്റെ ടൂറിസം ഭൂപടത്തിൽ ഈ പഞ്ചായത്തിന്റെ പ്രശസ്തി ഉയർത്തുന്നതിനും ഉപകരിയ്ക്കുന്നതാണ്.

ഈ പഞ്ചായത്തിന്റെ സാംസ്ക്കാരിക വളർച്ചക്ക് മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ജനകിയാസൂത്രണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കേണ്ടതാണ്. ജീവിതത്തിന്റെ നാനാമേഖലകളിലും ഗുണപരമായ മാററം അഞ്ചുവർഷം കൊണ്ടു വരുത്താൻ സാംസ്ക്കാരിക മേഖലയിലെ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾ കൊണ്ട് നമുക്ക് സാധിയ്ക്കും.

ഓരോ വാർഡുകളിലേയും സാംസ്കാരിക സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവ.

വാർഡ് I

ക്ലബ്ബുകൾ : 1) ചൈതന്യ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് മുട്ടിപ്പാലം
2) ദീപം ആർട്ട്സ് ആൻറ് സ്പോർട്സ് താന്നിപ്പുഴ
3) ചലഞ്ചേഴ്സ് ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്ബ്

ആരാധനാലയങ്ങൾ:– ഇല്ല.

വാർഡ് II

ക്ലബ്ബുകൾ 3 1) അരിസ്റ്റോ ആർട്ട്സ് ആൻറ് സ്പോർട്സ് ക്ളബ്ബുകൾ
2)
3)

അമേച്ചർ നാടക സംഘങ്ങൾ:–
1) അരിസ്റ്റോ, ആൻേറാപുരം
2) കലാകേരള, ആൻേറാപുരം

ആരാധനാലയങ്ങൾ: – 1) സെ: ജോസഫ് ചർച്ച് താന്നിപ്പുഴ
2) സെ: ആൻറണീസ് ചർച്ച് ആൻേറാപുരം

വാർഡ് III

ക്ലബ്ബുകൾ :– 1) നവോദയ കലാസമിതി (റജി)
2) യുവദർശന കലാ സാംസ്കാരികവേദി

ആരാധനാലയങ്ങൾ:– 1) ചേലാമററം ശ്രീ കൃഷ്ണ സ്വാമി ക്ഷേത്രം
2) പുഴക്കര ഭഗവതിക്ഷേത്രം
3) മാതംപിള്ളി ക്ഷേത്രം
4) ചൊവ്വാഴ്ചക്കാവ്
5) സെ: സെബാസ്റ്റ്യൻചർച്ച്

വാർഡ് IV

ക്ലബ്ബുകൾ:– 1) അരിസ്റേറാ ആർട്ട്സ് ആൻറ് സ്പോട്സ്
2) വൈ. സി. സി. ,, ,,

ലൈബ്രറി :– 1) നവഭാരത് ലൈബ്രറി ആൻറ് റീഡിംഗ് റൂം
2] ജനത ,, ,,

പഞ്ചായത്തു കമ്മൂണിററിഹാൾ ;– കുന്നങ്ങാട്ടുമല പൊതു ടി. വി. ഉണ്ട്

ആരാധനാലയങ്ങൾ :–
1) മസ്ജിദ് ബദരിയ ഈസ്റ്റ് ഒക്കൽ
2) മസ്ജിദ് ഫറൂക്കിയ വല്ലം
3) ശ്രീ കൃഷ്ണ ക്ഷേത്രം ഈസ്ററ് ഒക്കൽ
4) ഭഗവതി ക്ഷേത്രം ,, ,,
5) സെ: സെബസ്ററ്യൻ ചർച്ച് ചേലാമററം

വാർഡ് V

ക്ലബ്ബുകൾ–: എ. വൈ. എ. ആയത്തുപടി

ആരാധനാലയങ്ങൾ:– 1] നിത്യസഹായമാതാ പള്ളി ആയത്തുപടി
2) കല്ലമ്പലം

വാർഡ് VI

ക്ലബ്ബുകൾ 1) ഭാവന ആർട്ട്സ് ആൻറ് സ്പോർട്സ് ക്ളബ്ബ് പടിക്കൽപാറ
2]

വായനശാല 1) പടിക്കൽപ്പാറ (പ്രവർത്തനമില്ല)

ആരാധനാലയങ്ങൾ 1] പിഷാരിക്കൽ ഭഗവതി ക്ഷേത്രം
2] തിരുഹൃദയദേവാലയം, കയ്യത്തിയാൽ

വാർഡ് VII

ക്ളബ്ബുകൾ 1] ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ് ഐമുറി
2] ,, ത്രിവേണി ജെ. എം.

ലൈബ്രറി 1] കാവുപുറം പബ്ലിക് ലൈബ്രറി

ആരാധനാലയങ്ങൾ: 1] കല്ലുമല ക്ഷേത്രം
2] കാവുപുറം ദേവീക്ഷേത്രം
3) സെൻറ് മേരിസ് ചാപ്പൽ
4)

വാർഡ് VIII

ക്ളബ്ബുകൾ– ന്യൂഫ്ളയിംഗ് ആരോസ് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ്ബ്

ലൈബ്രറി – പഞ്ചായത്ത് ലൈബ്രറി ആൻറ് റീഡിംഗ് റൂം

അമേച്ചർ നാടക സംഘം 1) ദൃശ്യ നാടകവേദി ക്ലുവപ്പടി

ആരാധനാലയങ്ങൾ :– 1) ശിവക്ഷേത്രം ഐമുറി
2) ഗണപതിക്ഷേത്രം ഐമുറി
3] ശ്രീധർമ്മശാസ്താ ക്ഷേത്രം ക്ലുവപ്പടി
4 ചേലാട്ട് കാവ് –ഐമുറി
5) മുല്ലമ്പിള്ളി കാവ് –ക്ലുവപ്പടി

വാർഡ് IX

ക്ളബ്ബുകൾ:– 1] കവിത, ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബ്ബ്
2) തക്കടു ,, ,,
3) വിവേകാനന്ദ ,, ,,

അമേച്ചർ നാടകസംഘം :– ന്യൂ ഫ്ളയിങ്ങ് ആരോസ് ക്ലുടാലപ്പാട്

ആരാധനാലയങ്ങൾ:– 1] ഏടമനകാവ് ഭഗവതി ക്ഷേത്രം
2) കല്ലറയ്ക്കൽ മഹാവിഷ്ണു ക്ഷേത്രം
3) സെ: ജോർജ് ചർച്ച് ക്ലുടാലപ്പാട്

വാർഡ് X

ക്ലബ്ബുകൾ1) പ്രോഗ്രസ്സീവ്ആർട്ട്സ് ക്ലബ് ഇടവൂർ
2)

ലൈബ്രറി നവോദയ ലൈബ്രറി & റീഡിംഗ്റൂം ഇടവൂർ

ആരാധനാലയങ്ങൾ : 1) ശ്രീ ശങ്കരനാരായണ ക്ഷേത്രം—ഇടവൂർ
2) ജുമാ മസ്ജിദ് ഇടവൂർ
3) ശിവക്ഷേത്രം—ഇടവൂർ
4) കപ്പേരുകാവ് ഓണമ്പിള്ളി
5) ഇടവൂർ പള്ളി

വാർഡ് XI

ക്ലബുകൾ 1) ഫീനിക്സ് ക്ലബ് ചേരാനല്ലൂർ
2)

ഗ്രാമീണ വായനശാല—1

ആരാധനാലയങ്ങൾ 1) മങ്കുഴിപ്പള്ളി
2) ചേരാനല്ലൂർ ശിവക്ഷേത്രം

വാർഡ് XII

ക്ലബ്ബുകൾ 1) ചിലങ്ക ആർട്ട്സ് സൊസൈററി
2) ,, & സോർട്ട് ക്ളബ്ബ്
3) ഐക്യ യുവജന സഖ്യം
4) ആതിര ആർട്ട്സ് ക്ളബ്ബ്
5) Y M C A ക്ലുവപ്പടി

ആരാധനാലയങ്ങൾ: 1) ചേരാനല്ലൂർ സെൻറ് സേവ്യേഴ്സ് പള്ളി
2) സെ: ജോസഫ് ചർച്ച് തോട്ടുവ

വാർഡ് XIII

ക്ളബ്ബുകൾ—പെരിയാർ Arts & Sdorts Club

വായനശാലകൾ—1) കുറിച്ചിലക്കോട് ഗ്രാമീണ വായനശാല
—2) അക്ഷരം ഗ്രന്ഥശാല

സാംസ്ക്കാരിക സ്ഥാപനങ്ങൾ—മംഗളഭാരതി പഠനകേന്ദ്രം

ആരാധനാലയങ്ങൾ—ധന്വന്തരി ക്ഷേത്രം തോട്ടുവ
—സെ: ആൻറണീസ് ചർച്ച് കുറിച്ചിലക്കോട്
—മയൂരപുരം ക്ഷേത്രം കുറിച്ചിലക്കോട്
—മദ്രസ കുറിച്ചിലക്കോട്

വാർഡ് XIV

ക്ളബുകൾ—ഇല്ല

ലൈബ്രറി—1) നവകേരള വായനശാല കോടനാട്

ആരാധനാലയങ്ങൾ 1) എടവനക്കാട് ഭഗവതി ക്ഷേത്രം
2) കോടനാട് ശ്രീമഹാദേവ ക്ഷേത്രം
3) സിയോൻ ആശ്രമം ചർച്ച് കോടനാട്

വാർഡ് XV

ക്ളബുകൾ—ശ്രീനാരായണ സ്പോർട്ട്സ് ക്ളബ് കോടനാട്
—ധന്യ സ്പോർട്ട്സ് ക്ളബ്ബ് ആലാട്ടുചിറ
—നിസരി ക്ളബ് ചെട്ടിനട

പ്രൊഫഷണൽ മാജിക്ട്രൂപ്പ്—പ്രഭൂസ് മാജിക്കൽ എൻറർ ടൈനേഴ്സ് ആലാട്ടുചിറ

ആരാധനാലയങ്ങൾ—
1) ദേവീക്ഷേത്രം ചെട്ടിനട
2) ശ്രീ ധർമ്മശാസ്താ ക്ഷേത്രം പനങ്കുരുത്തോട്ടം
3) താളിപ്പാറ ഭഗവതി ക്ഷേത്രം
4) സെ:മേരീസ് ചർച്ച് ആലാട്ടുചിറ
5) സെ: ജോർജ് ചർച്ച് നെടുമ്പാറ
6] പരുമല കുരിശുപള്ളി വലിയപാറ

# വനിത 9

ഈ പഞ്ചായത്തിൽ ജനസംഖ്യയിൽ സ്ത്രീകളും പുരുഷന്മാരും ഏറെക്കുറെ ഒപ്പത്തിനൊപ്പമാണ്. (പുരുഷന്മാർ –25417, സ്ത്രീകൾ–25024) സ്ത്രീകളുടെ തൊഴിൽ മേഖല പ്രധാനമായും കാർഷികമേഖലയും, പരമ്പരാഗത തൊഴിൽ മേഖലയും ആയിരുന്നു. എന്നാൽ ഈ രംഗങ്ങളിലുണ്ടായ മുരടിപ്പ് സ്ത്രീകളുടെ തൊഴിലവസരം കുറയാനിടയാക്കി. കൃഷിപ്പണികളിലേർപ്പെട്ടിരുന്ന ഭൂരിഭാഗം സ്ത്രീകളും ഇന്ന് ഉപജീവനത്തിനായി കെട്ടിടനിർമ്മാണം, റോഡുപണി പാറമടപണി തുടങ്ങിയ മേഖലകളിലാണ് ഏർപ്പെട്ടിരിക്കുന്നത്. കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഈ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകേണ്ടതാണ് പൊതുരംഗത്തും മററ് സാംസ്കാരിക പ്രവർത്തനങ്ങളിലും സ്ത്രീകളുടെ പ്രവർത്തനം കൂടുതലായി ലഭ്യമാക്കേണ്ടതുണ്ട്. ഉയർന്ന വിദ്യാഭ്യാസയോഗ്യത നേടിയ സ്ത്രീകളുടെ എണ്ണം കുറവാണെങ്കിലുംപൊതുവെ വിദ്യാസമ്പന്നരാണ് എന്നാൽ ഇവരിൽ ഭൂരിഭാഗവും തൊഴിൽ രഹിതരാണ്. ഇതിന് പരിഹാരം കാണേണ്ടതും സ്ത്രീകളുടെ സാമ്പത്തീകനില മെച്ചപ്പെടുത്തേണ്ടതും വളരെ അത്യാവശ്യമാണ് പഞ്ചായത്തടിസ്ഥാനത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും സഹകരണ മേഖലയിൽ വ്യവസായ യൂണിററുകൾ ആരംഭിച്ചും തൊഴിൽ സാധ്യത വർദ്ധിപ്പിക്കണം.

വിവിധ ഭാഗങ്ങളിലുള്ള മഹിളാസമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, വാർഡുതോറും മഹിളാസമാജങ്ങൾ രൂപീകരിക്കുകയും വേണം. കൂടുതൽ അങ്കണവാടികളും ആരംഭിക്കേണ്ടതുണ്ട്. തൊഴിലെടുക്കുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് ക്രഷ് സൗകര്യം ലഭ്യമാക്കണം. കൂടുതൽ ഫീഡിംഗ് സെൻററുകൾ ആരംഭിക്കുകയും, ഉള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം സ്ത്രീകളുടെ ആരോഗ്യം വരുംതലമുറയുടെ ആരോഗ്യത്തിന്റെ അടിസ്ഥാന ഘടകമായതിനാൽ ഈ രംഗത്ത് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

## പ്രശ്നങ്ങൾ

1) തൊഴിലില്ലായ്മ കൊണ്ടുള്ള വരുമാനക്കുറവ്.
2) തൊഴിൽ മേഖലയിൽ നേരിടുന്ന അവഗണനയും, ചൂഷണവും.
3) പൊതുരംഗത്ത് അർഹമായ പ്രാതിനിധ്യം ഇല്ലായ്മ
4) സ്ത്രീപുരുഷ സമത്വമില്ലായ്മ.
5) സ്ത്രീകളുടെ വായനാ ശീലക്കുറവ്
6) പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യക്കുറവ്
7) പ്രവർത്തന മേഖലകളിലെ അസംഘടിത സ്വഭാവം
8) ആരോഗ്യപരമായ പ്രശ്നങ്ങൾ
9) തൊഴിലെടുക്കുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള സൗകര്യമില്ലായ്മ
10) അങ്കണവാടികളുടേയും മററും ശോചനിയാവസ്ഥ.
11) വിദ്യാഭ്യാസ നിലവാരത്തിലുള്ള പിന്നോക്കാവസ്ഥ

## നിർദ്ദേശങ്ങൾ

1) കാർഷിക മേഖലയും പരമ്പരാഗത തൊഴിൽ മേഖലകളും അഭിവൃദ്ധിപ്പെടുത്തി കൂടുതൽ തൊഴിലവസരം ഉണ്ടാക്കുകയും സ്ഥിര വരുമാനം ഉറപ്പാക്കുകയും ചെയ്യുക.
2) നേതൃത്വ പരിശീലനം നൽകി കൂടുതൽ പേരെ പൊതുരംഗത്തേക്ക് കൊണ്ടുവരേണ്ടതുണ്ട്.
3) വനിത സഹകരണസംഘങ്ങൾ DWCRA യൂണിററുകൾ എന്നിവ രൂപീകരിച്ച് തൊഴിൽ സാധ്യതകൾ ലഭ്യമാക്കണം.
4) പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കായി പ്രത്യേക പ്രാഥമീക സൗകര്യങ്ങൾ ഏർപ്പെടുത്തുക.
5) സ്ത്രീപുരുഷസമത്വം ഉറപ്പാക്കണം (വേതനത്തിലുള്ള അന്തരം ഇല്ലാതാക്കണം).
6) വിവിധ ഭാഗങ്ങളിൽ സ്ത്രീകൾക്ക് മാത്രമായി വായന ശാലകൾ ആരംഭിക്കുകയും പുസ്തകങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാക്കുകയും വേണം.
7) കൂടുതൽ മഹിളാസമാജങ്ങളും, അങ്കണവാടികളും, ബാലവാടികളും, ഫീഡിംഗ് സെൻററുകളും ക്രഷുകളും ആരംഭിക്കണം.

8) ഹെൽത്തു് സെൻററുകളിൽ സ്ത്രീരോഗവിദഗ്ദ്ധരുടെ സേവനം ഉറപ്പാക്കണം വാർഡുകൾതോറും ആരോഗ്യസെമിനാറുകൾ. മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കണം.

9) സ്ത്രീവിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകണം.

10) പച്ചക്കറികൃഷി, കൂൺകൃഷി മൽസ്യകൃഷി ഉദ്യാനകൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കണം.

11) സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക

12) വിധവാപെൻഷൻ അഗതിപെൻഷൻ എന്നിവ കിട്ടുവാനുള്ള സംവിധാനങ്ങൾ ലഘൂകരിക്കുക സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന വിധവകളുടെ പെൺമക്കളുടെ ധനസഹായതുക 10000 രൂപയാക്കി ഉയർത്തുക.

13) സ്ത്രീകളെ ഉപഭോഗ വസ്തുക്കളായിക്കാണുന്ന മാധ്യമങ്ങളുടെ പ്രവണത അവസാനിപ്പിക്കുക.

14) സ്ത്രീകളുടെ പൊതുപരിപാടികളിൽ പുരുഷന്മാരുടെ അച്ചടക്ക രാഹിത്യ മുണ്ടാകുന്നിടത്തു് അവർക്കെതിരെ കർശന നടപടി കൈകൊള്ളുക.

15) അഭ്യസ്ഥവിദ്യരായ സ്ത്രീകൾക്ക് തൊഴിൽപരിശീലനം നൽകുകയും തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുവേണ്ട സഹായങ്ങൾ നൽകുകയും വേണം.

16) കോടനാട് പോലീസ് സ്റ്റേഷനോടനുബന്ധിച്ച് ഒരു വനിതാ സെൽ ആരംഭിക്കുക.

17) സ്ത്രീധന നിരോധനം കർശനമാക്കുക

18) പഞ്ചായത്തടിസ്ഥാനത്തിൽ പുകയില്ലാത്ത അടുപ്പുകൾ വിതരണം ചെയ്യുക.

19) സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.

20 ക്ഷീരോൽപ്പാദനം, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിൽ കൂടുതൽ പ്രാതിനിധ്യം ഉറപ്പാക്കണം.

കൂവപ്പടി പഞ്ചായത്തു് മഹിളാസമാജം എന്ന പേരിലുള്ള 8-ാം വാർഡിലെ മഹിളാസമാജം ഇപ്പോൾ ചില വ്യക്തികളുടെ സ്വകാര്യസ്വത്തു പോലെയാണ്. ഇതു് പഞ്ചായത്തു് ഏറെറടുത്തു് പ്രവർത്തനം കാര്യക്ഷമമാക്കണം.

# സഹകരണം 10

ആയിരത്തിതൊള്ളായിരത്തി ഇരുപത്തിഅഞ്ചിൽ കോടനാട്ട്സൊസൈററിയുടെആരംഭത്തോടെയാണ് കൂവപ്പടി ഗ്രാമപഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് ആരംഭംകുറിച്ചത്. ജന്മിമാരുടേയും സ്വകാര്യ പണമിടപാടുകാരുടേയും കൈകളിൽനിന്നു കർഷകരെയും സാധാരണക്കാരെയും വിമോചിപ്പിക്കുന്നതിന് വേണ്ടിയാണ് ഈ സ്ഥാപനം നിലവിൽ വന്നത്. 71വർഷം പഴക്കമാർന്ന ഈ സഹകരണബാങ്ക് ഉൾപ്പെടെ 4സർവീസ് സഹകരണബാങ്കുകൾ ഈ ഗ്രാമപഞ്ചായത്തിൽ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. 50500ഓളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിലെ 20538 പേർ സർവ്വീസ് സഹകരണബാങ്കിൽ അംഗങ്ങളായിട്ടുണ്ട് 1500 ഓളം പേർ സമീപ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സഹകരണബാങ്കുകളിൽ അംഗങ്ങളായിട്ടുള്ളവരാണ് ക്ഷീരമേഖലയുമായി താദാത്മ്യപ്പെട്ടുകിടക്കുന്ന ഒരു പഞ്ചായത്താണ്. 6000ത്തോളംപേർ ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സഹകരണ പ്രസ്ഥാനമാണ് ക്ഷീരസഹകരണ സംഘങ്ങൾ. അയ്യായിരം ലിററർ പാൽ പ്രതിദിനം ഈ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു.

പരമ്പരാഗത കുടിൽ വ്യവസായത്തിന് ഏററവും പ്രാധാന്യമർഹിക്കുന്ന മേഖലയാണ് ഈ പഞ്ചായത്ത്. കേരളാസ്റ്റേററ് ബാംബൂ കോർപ്പറേഷന്റെ 12 ഡിപ്പോകളിൽ നിന്നായി 2000ത്തോളം മെമ്പർഷിപ്പ് ഉള്ളവർ ഉൾപ്പെടെ 5500 പേർ ബന്ധപ്പെട്ടുപ്രവർത്തിക്കുന്നു. എന്നാൽ ഇവർക്ക് ഉപജീവിനത്തിന്പോലുംവക ലഭിക്കാത്ത അശാസ്ത്രീയമായ സംവിധാനമാണ് നിലനിൽക്കുന്നത്. ഒരുതൊഴിലാളിക്ക് ശരാശരി 8 രൂപ 50 പൈസയാണ് വേതനം ലഭിക്കുന്നത്. ആകയാൽ ഈ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരുടെ ജീവിത സാഹചര്യങ്ങൾ ശോചനീയമാണ്.

കേരവികസന സമിതി, ഗ്രൂപ്പ് ഫാമിങ്ങ്. പാടശേഖരസമിതി എന്നീ സഹകരണ പ്രസ്ഥാനങ്ങൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. 4000ത്തോളം പേർ ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന ഈ മേഖലയുടെ പ്രവർത്തനങ്ങൾ നിർജ്ജീവമാണ്.

ഏതാണ്ട് 20 ഓളം ഹരിജൻ കോളനികളുള്ള ഈ പഞ്ചായത്തിൽ 181 അംഗങ്ങളുള്ള ഒരു ഹരിജൻ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ 1746 പേർ അംഗങ്ങളായുള്ള രണ്ട് സ്റ്റോർ കോ–ഓപ്പറേറീവ് സൊസൈററികൾ സജ്ജീവമായി പ്രവർത്തിക്കുന്നുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഏകവ്യവസായ സ്ഥാപനം ഈ ഗ്രാമപഞ്ചായത്തിന്റെ 6–ാം വാർഡിൽ വർഷങ്ങളായി പൂട്ടികിടക്കുകയാണ്. പേപ്പർ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖാദി ബോഡിന്റെ സാമ്പത്തിക സഹായത്തിലുള്ള ഈ സ്ഥാപനം അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം, ഉൽപ്പന്നങ്ങളുടെ വിപണന പ്രതിസന്ധികൾ, മാറിമാറി വരുന്ന ഭരണ സമിതിയുടെ ഉത്തരവാദിത്വമില്ലായ്മ ഇവയാൽ തകർച്ചയിലായി.

ഇത്രയേറെ മേഖലകളിൽ വ്യാപിച്ചുകിടക്കുന്ന സഹകരണ പ്രസ്ഥാനത്തിന് അംഗങ്ങളുടേയും പ്രതിനിധാനം ചെയ്യുന്ന മേഖലകളിലേയും ആവശ്യങ്ങൾ നിറവേററുവാനൊവേണ്ടത്ര ഫണ്ട് സ്വരൂപിച്ച്ആവശ്യമായ വായ്പ വിതരണം ചെയ്യുന്നതിനോ ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനോ കഴിഞ്ഞിട്ടില്ലാ എന്നുള്ളത് യാഥാർത്ഥ്യമാണ് സംഘങ്ങൾക്ക് സേവനം ചെയ്യുവാൻ കഴിയുന്നില്ല എന്നതിനേക്കാൾ ഉപരിയായി നിലനിൽപുതന്നെ പ്രതിസന്ധിയിലാണ്. സർവ്വീസ് സംഘങ്ങളിൽ വളരെയേറെ വായ്പ കുടിശിഖകൾ നിലനിൽക്കുന്നു. സംഘാംഗങ്ങളും സംഘവുമായുള്ള ബന്ധത്തിന്റെകുറവും വായ്പാവിനിയോഗത്തിലെ അപാകതകളുമാണ് ഇതിൽ നിമിത്തമായികാണുന്നത് മാനവസമൂഹത്തിന്റെ അടിസ്ഥാനആവശ്യങ്ങളായ ഭക്ഷ്യം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, വ്യവസായം തുടങ്ങിയ മേഖലകളെ സജ്ജീവമാക്കി വികസനത്തിന്റെ പാത ത്വരിതമാക്കുവാൻ സഹകരണമേഖലക്ക് മാത്രമേകഴിയൂ എന്നതിനാൽ ഗ്രാമസഭാതലങ്ങളിൽ ചർച്ച് ചെയ്യപ്പെട്ടതും നിലവിൽ അനുഭവപ്പെടുന്നതുമായ ഏതാനും പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളും താഴെ ചേർക്കുന്നു.

### പ്രശ്നങ്ങൾ

1) സർവ്വീസ് സഹകരണ സംഘങ്ങൾക്ക് വേണ്ടത്രമൂലധനം സംഭരിക്കുവാനൊ ആവശ്യമായ മേഖലകളിലേക്ക് വായ്പാവിതരണം നടത്തുവാനോ കഴിഞ്ഞിട്ടില്ല.

2) വായ്പയെടുക്കുന്നവരിൽ നിന്നും അശാസ്ത്രീയമായ ഷെയർപിടുത്തം ആവശ്യക്കാരുടെ ലക്ഷ്യപ്രാപ്തിക്ക് തടസ്സങ്ങൾ സൃഷ്ടിക്കുന്നു.

3) സംഘങ്ങൾ വായ്പവിതരണം ചെയ്യുന്ന ഒരു ഏജൻസി മാത്രമായി നിലകൊള്ളുന്നു. ജനസംഘാടനം, ബോധവൽക്കരണം ഇവയിൽനിന്നെല്ലാം വിട്ട് നിൽക്കുന്നു.

4) കൂടുതൽ പ്രദേശങ്ങളെ ഉൾക്കൊള്ളുന്ന സഹകര

ണസംഘങ്ങൾക്ക് വിദൂരസ്ഥമായ പ്രദേശങ്ങളിൽ ശ്രദ്ധിക്കുവാനൊ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനൊ കഴിയുന്നില്ല.

5) ഷെഡ്യൂൾഡ്ബാങ്കുകളുടെ അഭാവത്തിൽ സഹകരണപ്രസ്ഥാനങ്ങൾ വ്യവസായമേഖലകളുടെഉയർച്ചക്കുവേണ്ടി പ്രവർത്തിക്കാത്തതിനാൽ കൂവപ്പടി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വ്യവസായികമായി ശോച്യാവസ്ഥയിലാണ്.

6) പഞ്ചായത്തിന്റെ കിഴക്കൻമേഖലകളിൽ ബാങ്കിംഗ്സൗകര്യം ഇല്ലാത്തതിനാൽ ആപ്രദേശംനാനാവിധത്തിലും അവികസിതമാണ്.

7) ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ പാൽസംഭരണത്തിൽ മാത്രം ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തിക്കുന്നു. മൃഗസംരക്ഷണത്തിലൊ പരിചരണത്തിലൊ പാൽഉല്പാദനത്തിലൊ വേണ്ടവിധം ശ്രദ്ധിക്കുന്നില്ല.

8) ക്ഷീരസംഘങ്ങൾ ന്യായമായ ഉല്പാദനചിലവിനനുസൃതമായി വില പാലിന് നൽകാത്തതിനാൽ കർഷകർക്ക് പിടിച്ചുനിൽക്കുവാനൊ തുടർന്നുകൊണ്ടു പോകുവാനൊ സാധിക്കുന്നില്ല.

9) ഗ്രൂപ്പ് ഫാമിംഗ് സംവിധാനം ആരംഭിച്ചെങ്കിലും കർഷകരുടെ സഹകരണം സ്വരൂപിച്ച് ലക്ഷ്യത്തിലെത്തുവാൻ കഴിഞ്ഞില്ല.

10) പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിലും പാടശേഖര സമിതികൾ നിലവിലുണ്ടെങ്കിലും സംഘാടനം സേവനം കൂട്ടായ്മ കൃഷിരീതികൾ പുഴകീടനശീകരണം എന്നിവയിൽ യാതൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല.

11) കേരവികസന സമിതികൾ ചില വാർഡുകളിൽ നിലവിലുണ്ടെങ്കിലും കർഷകർക്ക് ഉൽപ്പാദനം രോഗപ്രതിരോധം വിപണനം എന്നീ തലങ്ങളിൽ വേണ്ട സേവനം നൽകുവാൻ കഴിഞ്ഞില്ല.

12) നിലവിലുള്ളലോൺസംവിധാനം ജനങ്ങൾക്ക് വേണ്ട വിധം പ്രയോജനപ്പെടുന്നില്ല. അതുകൊണ്ട് തിരിച്ചടയ്ക്കുവാനും കഴിയുന്നില്ല.

13) ഖാദിബോർഡിന്റെ കീഴിലുള്ള സഹകരണ വ്യവസായ യൂണിററ് 6-ാം വാർഡിൽ വർഷങ്ങളായി പൂട്ടിക്കിടക്കുകയാണ്.

14) വളരെയേറെ റബ്ബർ കർഷകരുള്ള ഈ പഞ്ചായത്തിൽ ഒരു റബ്ബർ ഉൽപ്പാദക സഹകരണ സംഘം മാത്രമാണ് നിലവിലുള്ളത് ഇതിൽനിന്നും എല്ലാ കർഷകർക്കും വേണ്ടസേവനം ലഭിക്കുന്നില്ല.

15) ഈ പഞ്ചായത്തിൽ ഭവനനിർമ്മാണ ഏജൻസികളൊന്നും പ്രവർത്തിക്കുന്നില്ല.

16) സഹകരണ സംഘങ്ങളിൽ കാർഷികേതര വായ്പകൾക്ക് കൂടുതൽ പലിശ ഈടാക്കുന്നു.

17) സഹകരണസംഘങ്ങളുടെ മേൽ സർക്കാർ കൈക്കൊള്ളുന്ന ജനാധിപത്യ വിരുദ്ധമായ നടപടികൾ നിർത്തലാക്കണം. ഇത്തരം പ്രവർത്തനങ്ങൾ പ്രസ്ഥാനങ്ങളുടെപ്രവർത്തനത്തെ ദോഷമായി ബാധിക്കുന്നു.

## നിർദ്ദേശങ്ങൾ

1) ഈ പഞ്ചായത്തിലെ 21000 ഓളം ജനങ്ങൾ ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ സംഘ പ്രവർത്തനങ്ങൾ കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകി കർമ്മോന്മുഖമാക്കണം.

2) ഈ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും സംഘങ്ങളിൽ അംഗത്വം നൽകുകയും ആകർഷകമായ പ്രോൽസാഹനങ്ങൾ നൽകി അവരുടെ സമ്പാദ്യം സംഘങ്ങളിൽ നിക്ഷേപിച്ച് അവയുടെ മൂലധനശേഷി വർദ്ധിപ്പിക്കുകയും വായ്പാസൗകര്യങ്ങൾ വിപുലമാക്കുകയും ഷെയർ സംവിധാനം ലഘൂകരിക്കുകയും ചെയ്യുക.

3) ഈ പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളിൽ അവയുടെഓരോ ബ്രാഞ്ചുകൾ അതാത് വാർഡുകളുടെ പ്രധാനഭാഗങ്ങളിൽ ആരംഭിക്കുകയും ജനങ്ങൾക്ക് സംഘങ്ങളുമായി ബന്ധപ്പെടുവാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

4) മൂന്നു മാസത്തിലൊരിക്കലെങ്കിലും പൊതുയോഗങ്ങളോ ചർച്ചാ ക്ലാസുകളോ സെമിനാറുകളോ സംഘടിപ്പിച്ച് വായ്പാ വിനിയോഗം, സമ്പാദ്യശീലം, സഹകരണ പ്രസ്ഥാനങ്ങളുടെ അനിവാര്യത തുടങ്ങിയ വിഷയങ്ങളിൽ ബോധനം നടത്തുകയും ജനങ്ങളുടെ പങ്കാളിത്വം വർദ്ധിപ്പിക്കുകയും ചെയ്യുക.

5) കൂവപ്പടി ഗ്രാമപഞ്ചായത്തിലെ ഏകദേശം 5000 ത്തോളം ജനങ്ങൾ ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ക്ഷീരസഹകരണ സംഘങ്ങൾ പി. ഡി. ഡി. പി. ഉൾപ്പെടെ മിക്കവാർഡുകളിലും പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും സംഘാംഗങ്ങൾക്ക് എല്ലാ വിധത്തിലുള്ള പ്രോത്സാഹനങ്ങളും സേവനങ്ങളും നൽകി പ്രവർത്തനം

വിപുലമാക്കണം.

6) സംഘാംഗങ്ങൾക്ക് ഏററവുംകൂടുതൽ ഭീഷണിയായി നിലനിൽക്കുന്നത് കാലിത്തീററയുടെ അമിതമായ വിലവർദ്ധനയായി എല്ലാ ഗ്രാമസഭകളും സൂചിപ്പിച്ചിട്ടുണ്ട് എന്നാൽ 1 ഉം 6 ഉം വാർഡുകൾ കാലിത്തീററ ഫാക്ടറി സ്ഥാപിച്ചുകിട്ടുവാൻ ആവശ്യമുന്നയിച്ചിട്ടുണ്ട് രണ്ടു വാർഡുകളും അസംസ്കൃത പദാർത്ഥങ്ങളായ തവിട്, പൊടിയരി, ഉമി ,കൊപ്രാപിണ്ണാക്ക് കാർഷീകവിളാവേസ്റ്റുകൾഇവയുടെ ലഭ്യതയും രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ 6–ാംവാർഡിലെ സഭ പൂട്ടിക്കിടക്കുന്ന സഹകരണവ്യവസായസ്ഥാപനം ഫാക്ടറിക്കായി നിർദ്ദേശിച്ചിട്ടുണ്ട് ഈ വിധം കാലിത്തീററ, കോഴിത്തീററ നിർമ്മിച്ച് സൗജന്യ നിരക്കിൽ വിതരണം ചെയ്താൽ പാലിൻെറ ഉല്പാദന ചെലവ് ഗണ്യമായി കുറയ്ക്കുവാനും അതുവഴി സംഘാംഗങ്ങൾക്കും സംഘത്തിനും ലാഭകരമായി പ്രവർത്തിക്കുവാൻ കഴിയും.

7) സംഘാംഗങ്ങൾക്ക് മാസംതോറും ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ച് പങ്കാളിത്തം വർദ്ധിപ്പിക്കണം.

8) പഞ്ചായത്ത് തലത്തിൽ ഒരു ഹൗസിംഗ് സഹകരണ സംഘം രൂപീകരിച്ച് എൽ. ഐ സി പോലുള്ള ധനകാര്യ സ്ഥാപനങ്ങളുമായിസഹകരിച്ച് ഹൗസിംഗ് ബോർഡിൻെറ പദ്ധതികളുമായി ബന്ധപ്പെടുത്തി ഭവനനിർമ്മാണവായ്പകൾ സാദ്ധ്യമാക്കുകയും ഭവനനിർമ്മാണസാമഗ്രികൾ സംഭരിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്യുകയും അതുവഴി ഭവനനിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്യുക.

9) ഒരു വനിതാ സഹകരണ സംഘം രൂപീകരിച്ച് അതിൻെറ കീഴിൽ റെഡിമെയ്ഡ് ഡ്രസ്സ് കരകൗശല ഉൽപ്പന്നങ്ങൾ, കറിപൗഡർ, അച്ചാറുകൾ എന്നിവ നിർമ്മിച്ച് വിതരണം ചെയ്യേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് 5 ഗ്രാമസഭകൾ സൂചിപ്പിച്ചിട്ടുണ്ട്.

10) ഒരു വിവിധോദ്ദേശ ഹരിജൻ സഹകരണ സംഘം സ്ഥാപിച്ച് അതിൻെറ കീഴിൽ പരമ്പരാഗത കരകൗശല ഉൽപ്പന്ന ഉല്പാദന സംഭരണ, വിപണനം ത്വരിതപ്പെടുത്തുകയും ആ മേഖലയിലുള്ളവരുടെ സാമ്പത്തിക സഹകരണതലങ്ങളെ ഉയർത്തുവാനും കഴിയും ഇത് നാല് ഗ്രാമസഭകൾ സൂചിപ്പിച്ചിട്ടുണ്ട്.

11) സഹകരണ മേഖലയിൽ ഒരു ചെറുകിട പരമ്പരാഗത കുടിൽവ്യവസായം (പപ്പടം, അച്ചാറ്. ഗാർമെൻറ്സ്, കറിപൗഡർ, ചിപ്സ് മുതലായവ) ആരംഭിക്കുകയും ഉൽപ്പാദന സംഭരണ വിതരണം സാദ്ധ്യമാക്കുകയുംചെയ്യുക.

12) ഒരു കാർഷീകോൽപ്പന്ന ഉൽപ്പാദന വിപണന സൊസൈററി രൂപീകരിക്കുകയും ആ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്നവരെ സംഘടിപ്പിച്ച് പ്രോത്സാഹനം നല്കി പച്ചക്കറി, പഴവർഗ്ഗങ്ങൾ മുതലായ വിഭവങ്ങൾ ഉൽപ്പാദിപ്പിക്കുകയും സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുക.

13) സഹകരണ മേഖലയിൽ ഒരു പഴവർഗ്ഗ സംസ്കരണ ഫാക്ടറി സ്ഥാപിക്കുക വഴി തൊഴിൽ ലഭ്യതയും സാമ്പത്തിക ഉൽപ്പാദനവും സാദ്ധ്യമാക്കാം.

14) പാടശേഖര സമിതികളുടെ പ്രവർത്തനം സജ്ജീവമാക്കണം പഞ്ചായത്തിലുള്ള എല്ലാ പാടശേഖരങ്ങളിലും സമിതികൾ രൂപീകരിച്ച് ഈ സമിതികൾ വഴി ഉൽപ്പാദനക്ഷമതയും രോഗപ്രതിരോധ ശക്തിയുള്ള വിത്തിനങ്ങളും ടില്ലർ പമ്പുസെററ്, സ്പ്രെയറുകൾ മുതലായ ഉപകരണങ്ങളും രാസവളം കീടനാശിനി എന്നിവയും സൗജന്യനിരക്കിൽ വിതരണം ചെയ്താൽ കാർഷീക മേഖലയിലെ മാന്ദ്യം പരിഹരിച്ച് സ്വയം പര്യാപ്തത കൈവരിയ്ക്കാം.

15) പഞ്ചായത്തിൽ ബാംബൂ കോർപ്പറേഷനുകളിലെ പ്രവർത്തനങ്ങൾ സജീവമാക്കുകയും ഉല്പാദനക്ഷമത കൈവരിക്കുവാൻ മെച്ചപ്പെട്ട ഉൽപ്പന്ന വിലയും പ്രോൽസാഹനങ്ങളും നൽകുക.

16) ഈ പഞ്ചായത്തിലെ കാർപ്പൻററി വിഭാഗത്തിൽപ്പെട്ടവരെ ഏകോപിപ്പിച്ചുകൊണ്ട് ഒരു കാർപ്പൻേറഴ്സ് സഹകരണ സംഘം രൂപീകരിക്കുന്ന പക്ഷം ഭവന നിർമ്മാണ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുവാനും ആമേഖലയിലെ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുവാനും കഴിയും

17) ക്ഷീരസംഘങ്ങൾ വഴി മുട്ടക്കോഴി ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്തുകയും മുട്ടയും കോഴിയും സംഘങ്ങളിൽ സംഭരിച്ച് വിപണനം നടത്തി കർഷകരെ പ്രോത്സാഹി

പ്പിക്കുകയും ഇറച്ചി, മുട്ട എന്നിവയിൽ സ്വയം പര്യാപ്തത കൈവരിക്കുകയും ചെയ്യാം.

18) ലേബർ സപ്ലൈ സൊസൈററി രൂപീകരിച്ച് കാർഷീകമേഖലയിലും നിർമ്മാണ പ്രവർത്തന മേഖലയിലും അനുഭവപ്പെടുന്ന തൊഴിലാളികളുടെ കുറവ് പരിഹരിക്കുവാനും അവരുടെ തൊഴിൽ ലഭ്യത, സേവനവേതന വ്യവസ്ഥകൾ, ക്ഷേമകാര്യങ്ങൾ ഇവ ഉറപ്പാക്കും ആ മേഖലയിലെ മാന്ദ്യം പരിഹരിക്കുവാൻ കഴിയും.

19) വളരെയേറെ റബ്ബർ കർഷകരുള്ള ഈ പഞ്ചായത്തിൽ ആവശ്യമായ റബ്ബർ ഉൽപ്പാദക സൊസൈററികൾ സ്ഥാപിക്കുകയും അതിന്റെ കീഴിൽ റബ്ബർ ഷീററ്, ഒട്ട്പാൽ എന്നിവ അസംസ്കൃത പദാർത്ഥങ്ങളായി ബഡ്ഡുകൾ ചവിട്ടി, ഗ്ലൗസ്സുകൾ മുതലായവ ഉൽപ്പാദിപ്പിക്കുന്ന ഒരു ഫാക്ടറി സ്ഥാപിച്ച് തൊഴിൽ മേഖലയെ പരിപോഷിപ്പിക്കുകയും കർഷകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

20) തൊഴിൽ രഹിതരായവരെ ഉൾപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ സോപ്പ്, സോപ്പ് പൗഡർ അതുമായി ബന്ധപ്പെട്ട് മററു ഉൽപ്പന്നങ്ങൾ ഇവ നിർമ്മിച്ച് ഗ്രാമവാസികളുടെ പണം ചോരുന്ന പഴുതുകളെ അടയ്ക്കുക.

21) സഹകരണ സംഘങ്ങളിലെ നിയമനം P S C വഴി നടത്തണം.

22) സഹകരണസംഘങ്ങളിൽ സോഷ്യൽ ഓഡിററിംഗ് സമ്പ്രദായം നടപ്പാക്കുകവഴി അംഗങ്ങളുടെ വിശ്വസ്തത വർദ്ധിപ്പിക്കാൻ കഴിയും.

23) സഹകരണ സംഘങ്ങളിൽ നിന്നും എടുക്കുന്ന കാർഷീക വായ്പയുള്ള സബ്സിഡികൾ കാലതാമസം കൂടാതെ വിതരണം ചെയ്യുകയും കാർഷീകേതര വായ്പകൾക്ക് ഷെഡ്യൂൾഡ് ബാങ്കുകളേക്കാൾ കൂടുതൽ പലിശ ഈടാക്കുന്ന രീതി അവസാനിപ്പിച്ച് വായ്പ ഉദാരമാക്കുക.

24) പഞ്ചായത്ത് അതിർത്തിയ്ക്കുള്ളിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളിലേയും ജീവനക്കാരേയും ഭരണസമിതി അംഗങ്ങളേയും പഞ്ചായത്ത തലത്തിൽ വിളിച്ചു കൂട്ടി സമകാലീന വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചാ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിച്ച് പ്രശ്നങ്ങളെ പരിഹരിക്കുവാനും അതുവഴി നൂതനമായ മേഖലകളിലേയ്ക്ക് കടന്നു ചെല്ലുവാനുള്ള ആത്മവിശ്വാസം നല്കുകയും ആകാം.

25) നിലവിലുള്ള സ്കൂൾ കോ: ഓപ്പറേററീവ് സൊസൈററികളുടെ പ്രവർത്തനംസജ്ജീവമാക്കുകയും കുട്ടികൾക്കാവശ്യമുള്ള ബുക്ക്, പാഠപുസ്തകങ്ങൾ മററുസ്റ്റേഷനറി ഉൽപ്പന്നങ്ങൾമിതമായ വിലക്ക് നിശ്ചിത സമയങ്ങളിൽ വിതരണം ചെയ്യുക

## കൂവപ്പടി ഗ്രാമ പഞ്ചായത്ത് സഹകരണ സംഘങ്ങളുടെ വിവരങ്ങൾ

| വാർഡ് നമ്പർ | സഹകരണ സ്ഥാപനത്തിന്റെ പേര് | രജിസ്റ്റർ നമ്പർ | ആരംഭിച്ച തീയതി | അംഗ സംഖ്യ | ജീവനക്കാരുടെ എണ്ണം | സംഭരിക്കുന്ന പാൽ |
|---|---|---|---|---|---|---|
| I | ഒക്കൽ ക്ഷീരോല്പാദക സഹകരണ സംഘം | E-6-(D) | 18-8-1972 | 435 | | 200 Litter |
| II | ഒക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 2181 | | | | |
| ,, | പി. ഡി. ഡി. പി. പാൽ ഉൽപ്പാദക സംഘം താന്നിപ്പുഴ | ER 181/83 | 1988 | 300 | | 800L |
| ,, | ഐശ്വര്യ കോഴി വളർത്തൽ കേന്ദ്രം D W C R A | ER 466/94 | | | | |
| ,, | കേരള സ്റ്റേററ് ബാംബൂ കോർപ്പറേഷൻ ഡിപ്പോ ഒക്കൽ | D-9 | | 350 | | |
| III, IV | പ്രൈവററ് ക്ഷീര സംഘം ഈസ്റ്റ് ഒക്കൽ | Reg. ഇല്ല | 1990 | 60 | | 700 L |
| V | ക്ഷീരോല്പാദക സഹകരണ സംഘം കൂവപ്പടി വെസ്റ്റ് | E 84-D Apcose | 24-4-1982 | 571 | | 785 L |
| ,, | കേരളാ സ്റ്റേററ് ബാംബൂ കോർപ്പറേഷൻ സബ്ഡിപ്പോ മാവേലിപ്പടി | Sub D | 1979 | 220 | | |
| VI | ക്ഷീരോല്പാദക സഹകരണ സംഘം തൊടാപറമ്പ് | E 68-D Apcose | 1-9-1981 | 503 | 5 | 600 L |
| ,, | പി ഡി. ഡി പി. പാൽ ഉൽപാദക സംഘം അയ്മുറി | ER191/83 | 2-10-1991 | 199 | 4 | 250 L |
| ,, | അയ്മുറി ഹാൻഡ്മെയിഡ് പേപ്പർ Co-op: Society പ്രവർത്തനം ഇല്ല | K.V, IN D E-16 | 27-5-1979 | 80 | 40 | |
| ,, | റബർ ഉൽപാദക സഹകരണ സംഘം അയ്മുറി, കൂവപ്പടി | ER 56/90 | 11-5-90 | 102 | 1 | |
| VII | ക്ഷീരോൽപാദക സഹകരണ സംഘം അയ്മുറി ഈസ്ററ് | E 58-D | 5-7-1980 | 585 | 5 | 560 L |
| VIII | കൂവപ്പടി സർവ്വീസ് സഹകരണബാങ്ക് | E-319 | 18-12-1973 | 5247 | 11 | |
| ,, | പി. ഡി. ഡി. പി പാൽ ഉൽപാദക സംഘം കൂവപ്പടി | Reg. ഇല്ല | 1992 | 160 | 2 | 250 L |
| IX | ക്ഷീരോൽപ്പാദക സഹകരണ സംഘം കൂടാലപ്പാട് | E 71 D Apcose | 29-4-1981 | 390 | 3 | 100 L |
| ,, | കേരളാ സ്റ്റേററ് ബാംബൂകോർപ്പറേഷൻ ഡിപ്പോ കൂടാലപ്പാട്ട് | D-7 | | 300 | 1200 | |
| ,, | ഓണമ്പിള്ളി സബ്ഡിപ്പോ | S 1 | | 150 | 600 | |
| ,, | കൊട്ടവേലിപ്പടി സബ്ഡിപ്പോ | S 3 | | 150 | 600 | |
| ,, | ഈസ്റ്റ് കൂടാലപ്പാട് സബ്ഡിപ്പോ | S 8 | | 70 | 280 | |

## കൂവപ്പടി ഗ്രാമ പഞ്ചായത്ത് സഹകരണ സംഘങ്ങളുടെ വിവരങ്ങൾ

| വാർഡ് നമ്പർ | സഹകരണ സ്ഥാപനത്തിൻെറ പേരു് | രജിസ്റ്റർ നമ്പർ | ആരംഭിച്ച തീയതി | അംഗ സംഖ്യ | ജീവനക്കാരുടെഎണ്ണം | സംഭരിക്കുന്നപാൽ |
|---|---|---|---|---|---|---|
| IX | സിദ്ധൻകവല സബ്ഡിപ്പോ | S 9 | | 35 | 140 | |
| X | ചേരാനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | 2417 | | | 5 | |
| ,, | ക്ഷീരോൽപാദക സഹകരണ സംഘം | E 552 | 4-4-1976 | 1065 | | |
| ,, | ഇടവൂർ ക്ഷീരോൽപാദക സഹകരണ സംഘം | E 71 D | 29-4-1981 | 390 | | 350 |
| ,, | ഇടവൂർ യൂ. പി. എസ്. സി എസ് സ്റ്റോർ സൊസൈററി | E 552 | 4-4-1976 | A 29<br>B 1036 | | |
| ,, | കേരള സ്റേററ് ബാംബൂ കോർപ്പറേഷൻ സബ്ഡിപ്പോ | S 6 | | 150 | 600 | |
| XI | | | | | | |
| | | | | | | |
| XII | കേരളാ സ്റ്റേററ് ബാംബൂകോർപ്പറേഷൻ സബ്ഡിപ്പോ തോട്ടുവ | S 2 | | 150 | 600 | |
| | | | | | | |
| | | | | | | |
| XIII | കോടനാട് സർവ്വീസ് സഹകരണ ബാങ്ക് | 1565 | 18-10-1102 ME | 5391 | 7 | |
| ,, | പി. ഡി. ഡി. പി. പാൽ ഉൽപാദക സംഘം | ER 181/83 | 24-3-1985 | 323 | | |
| XIV | റബർ ഉൽപാദക സഹകരണ സംഘം ആലാട്ടുചിറ | 247/88 | 15-3-1988 | 143 | | |
| XV | ഹരിജൻ കോ ഓപ്പറേററീവ് സൊസൈററി H. M. P. C. S. | E-653 | 22-8-1977 | 181 | | |
| ,, | ക്ഷീരോൽപാദക സഹകരണ സംഘം ആലാട്ടുചിറ | E 59 D | 11-7-1980 | 550 | | |
| ,, | പി. ഡി. ഡി. പി. പാൽ ഉൽപ്പാദക സംഘം കോടനാട് | ER 181/83 | 22-11-1995 | 115 | | |
| ,, | കോടനാട് പ്രൈമറിസ്റ്റോർ Co-op: Society കോടനാട് ആലാട്ടുചിറ പി. ഒ. | E 554 | 4-4-1976 | A 59<br>B 625 | | |
| ,, | കേരളാ സ്റ്റേററ് ബാബൂ കോർപ്പറേഷൻ D 7 സബ്ഡിപ്പോ | S 4 | | 80 | 320 | |

# 11 പട്ടികജാതി– പട്ടികവർഗ ക്ഷേമം

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 16.28% പട്ടികജാതി–പട്ടികവർഗ വിഭാഗത്തിൽപ്പെടുന്നവരാണ്. ഇവരുടെ ജനസംഖ്യ 8229 ആണ്. ഈ വിഭാഗക്കാരുടെ കണക്ക് ചാർട്ട് IIൽ പറയും പ്രകാരമാണ്. വിദ്യാർത്ഥികളായി പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്നവർ 799 പേരുണ്ട്. ഇത് ആകെ വിദ്യാർത്ഥികളുടെ 9.78% വരും.

ഈ പഞ്ചായത്തിൽ ആകെ 35 പട്ടികജാതി–പട്ടികവർഗകോളനികൾ ഉണ്ട്. 1-ാം വാർഡിലും 3-ാം വാർഡിലും കോളനികൾ നിലവിൽ ഇല്ല. (ചാർട്ട് I, XI)

കോളനികളിലും ഇടകലർന്നും പഞ്ചായത്തിൽ ആകെ 2180 പട്ടികജാതി – പട്ടികവർഗ കുടുംബങ്ങളാണ് താമസിക്കുന്നത് എന്ന് പഞ്ചായത്ത് രേഖകളിൽനിന്നും വ്യക്തമാകുന്നു (ചാർട്ട് X).

ഈ വിഭാഗത്തിൽ വിദ്യാഭ്യാസമുള്ളവരായി 7281 പേരും വിദ്യാഭ്യാസമില്ലാത്തവരായി 948 പേരുമാണ്. (ചാർട്ട് III & IV)

സർക്കാർ ജോലിയുള്ളവർ 143 പേരും കൂലിപ്പണിചെയ്യുന്നവർ 3951 ഉം മററു ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർ 283 പേരുമാണ്. തൊഴിൽ ഇല്ലാത്തവർ 3832 പേർ ആണ്. (ചാർട്ട് V, VI, VII, VIII) ഇവരിൽ S S L C യ്ക്കുമുകളിൽ വിദ്യാഭ്യാസം ലഭിച്ചവർ 3220 പേരുണ്ട്. (ചാർട്ട് IX)

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് ഈ വിഭാഗം വളരെ പിന്നിലാണ്. സാമൂഹ്യ സാമ്പത്തികരംഗത്ത് നിരവധികാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിനു കുടികിടപ്പവകാശവും മിച്ച ഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ച നീചത്വങ്ങളിൽ നിന്നും വ്യത്യസ്തമായി എല്ലാ ജാതിമതസ്ഥരുടെയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തു വരുന്നുണ്ട്.

ഈ വിഭാഗത്തിൻെറ ഉയർച്ചയ്ക്കുവേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ പല നിബന്ധനകളും കാരണം പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

## വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്തുവേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല 10-ാം ക്ലാസോടെ മിക്ക കുട്ടികളുടെയും വിദ്യാഭ്യാസം നിലക്കുന്നതായിട്ടാണ് കാണപ്പെടുന്നത്. ഉന്നത വിദ്യാഭ്യാസരംഗത്തേയ്ക്ക് ഈ വിഭാഗത്തിൽനിന്നും കടന്നുവരുന്നവർ വളരെ പരിമിതമാണ്. രക്ഷിതാക്കൾക്കും ഈ രംഗത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്താൻ സാമ്പത്തിക പിന്നോക്കാവസ്ഥയും ബോധന നിലവാരവും അനുവദിക്കുന്നില്ല.

കുടുംബ ബാദ്ധ്യത ഏററെടുക്കേണ്ടിവരുന്നതുകാരണം പഠനം നിർത്തേണ്ടിവന്ന കുട്ടികളാണധികവും. വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

## തൊഴിൽ

പട്ടികജാതി–പട്ടികവർഗ കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചുവരുന്നവരാണ്. എന്നാൽ അടുത്തകാലത്ത് കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിൻെറ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിനുവേണ്ടി മററു മേഖലകളിലേക്ക് പോകാൻ നിർബന്ധിതരാക്കുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും നിർമ്മാണ രംഗത്തും മററു മേഖലകളിലുമാണ് ഏർപ്പെട്ടിരിക്കുന്നത്. കാർഷിക മേഖലയിൽ ഉണ്ടായ തകർച്ചയിൽ പുതിയ തലമുറ പൂർണ്ണമായും ഈ മേഖലയിൽനിന്നും അകന്നുപോകുന്നതിന് കാരണമായി. ഭക്ഷ്യ ധാന്യ ഉല്പാദന വർദ്ധനവിൻെറ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലകളിലേക്ക് തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾകൈകൊള്ളേണ്ടതുണ്ട്. കൂലിവേലചെയ്ത് മാത്രം ഉപജീവനം കഴിച്ചുവരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

## പാർപ്പിടം

പാർപ്പിടപ്രശ്നത്തിൽ ഈ വിഭാഗത്തിന്റെ നില വളരെ പരിതാപകരമാണ്. ഭൂരിഭാഗം ആളുകളും സ്വന്തമായി വീടില്ലാത്തവരും സ്വന്തം ഭൂമി ഇല്ലാത്തവരും ആണ്. ഇന്നു നിലവിലുള്ള പരിമിതമായ പദ്ധതികൾ ഇതിനു പരിഹാരം കാണാൻ സാധ്യമാകുന്നവയല്ല. വീടു നിർമ്മാണത്തിന് ഇന്ന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം ഈ വിഭാഗത്തിന് അനുവദിച്ചു കിട്ടുന്ന വീടുകൾ പലതും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. നിലവിലുള്ള ധനസഹായത്തിന്റെ പരിധി മാർക്കററ് റേററനുസരിച്ച് വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

വീടു വെയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടുവയ്ക്കാനാവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചുകൊടുത്താൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു. കൂട്ടുകുടുംബമായി മൂന്നും നാലും കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്നവർക്ക് പുതിയ പദ്ധതി ആവിഷ്ക്കരിച്ച് പ്രത്യേക വീടുകൾ നിർമ്മിച്ച് കൊടുക്കേണ്ടതാണ്. പല വീടുകളിലും കക്കൂസ് ഇല്ല. ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായുംഅനുവദിച്ചു കൊടുത്ത് ഈ പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്.

## കുടിവെള്ളം

കോളനികളിൽ കുടിവെള്ള പ്രശ്നം രൂക്ഷമായാണ് കാണുന്നത്. പൈപ്പു കണക്ഷൻ ഒരു കോളനിയിലും കാണുന്നില്ല. മിക്ക കിണറുകളും മാലിന്യങ്ങൾ നിറഞ്ഞ് ഉപയോഗയോഗ്യമല്ലാത്ത നിലയിലാണ്. ഓരോ വീടിനും പ്രത്യേകിച്ച് കിണർ കുഴിക്കുന്നതിനുള്ള സ്ഥല സൗകര്യമില്ലാത്തതുകൊണ്ട് ഉള്ള കിണർ വൃത്തിയാക്കിയും ചുററുംമതിൽ കെട്ടിയും, കിണർ ഇല്ലാത്തിടത്ത് പുതിയ കിണർ നിർമ്മിച്ചും ടാപ്പുകൾ ഇട്ടും മുൻഗണനാക്രമത്തിൽ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണേണ്ടതാണ്.

## വൈദ്യുതി

പാട്ടാളക്കുടികോളനിയിൽ മാത്രമേ ഭാഗികമായെങ്കിലും വൈദ്യുതീകരണം നടന്നിട്ടുള്ളു. എല്ലാ കോളനികളിലും വൈദ്യുതി എത്തിക്കുകയും സൗജന്യ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുകയും വേണം.

## പ്രശ്നങ്ങൾ

1. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത
2. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.
3. പട്ടിണിയും ദാരിദ്ര്യവും തൊഴിലില്ലായ്മയും ഉണ്ട്.
4. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. തൊഴിൽപരമായ പിന്നോക്കാവസ്ഥയുണ്ട്.
5. ജീവിതം കൂടുതൽ പ്രതിസന്ധിയിലേയ്ക്കു നീങ്ങുന്നു.
6. എല്ലാവർക്കും വീടില്ല.
7. വീടുവയ്ക്കാൻ സ്ഥലമില്ല.
8. വീടുനിർമ്മിക്കാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ കിട്ടുന്നസഹായം ലക്ഷ്യപ്രാപ്തിയിലെത്തുന്നില്ല
9. പ്രാഥമിക സൗകര്യങ്ങൾ ഇല്ല.
10. കോളനികളിൽ കുടിവെള്ള പ്രശ്നം രൂക്ഷമാണ്.
11. വൈദ്യുതിയില്ല.
12. പൊതു ശ്മശാനം ഇല്ല.
13. കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
14. ആരോഗ്യ സംരക്ഷണ സംവിധാനമില്ല.
15. സാമൂഹ്യ ഉച്ചനീചത്വങ്ങൾ
16. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും പെൺകുട്ടികളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
17. അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള തടസ്സങ്ങൾ.
18. I R D. P. പദ്ധതിയും മററു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
19. പട്ടികജാതി–പട്ടികവർഗ വികസന കോർപ്പറേഷനും ഗിരിജന ക്ഷേമവകുപ്പും അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർക്കു നൽകുന്ന വായ്പകളും ധനസഹായങ്ങളും ലക്ഷ്യം നേടുന്നില്ല. ആയതിന് നിലവിലുള്ള വ്യവസ്ഥകൾ ലഘൂകരിക്കണം.
20. പട്ടികജാതി–പട്ടികവർഗ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെസംബന്ധിച്ച് അറിവ് വേണ്ടത്ര ഇല്ല.

21. കടക്കെണിയിൽപ്പെട്ടുപോകുന്നു.

22. ആനുകൂല്യങ്ങൾ ഇടനാട്ടുകാർ തട്ടിയെടുക്കുന്നു.

23. വിദ്യാസമ്പന്നരായ യുവാക്കളുടെ തൊഴിലില്ലായ്മ.

**ബാദ്ധ്യതകൾ:—**

ക്ഷേമ പദ്ധതികളെകുറിച്ച് അറിവ് ഉണ്ടാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്. ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് സഹായകരമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. പട്ടികജാതി ക്ഷേമത്തിനായി പ്രവർത്തിച്ചു വരുന്ന പട്ടികജാതിപട്ടികവർഗ ക്ഷേമവകുപ്പുംഗിരിജന ക്ഷേമവകുപ്പും നടപ്പാക്കി വരുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയണമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാററം വരുത്തിയേ തീരു. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തിതൊഴിൽ സംരംഭങ്ങളും മററും അനുവദിക്കാൻ കഴിയൂ. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാകുന്നതിന് കഴിയും.

പട്ടികജാതി—പട്ടികവർഗ ക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ താഴ ചേർക്കുന്നു.

1. കാർഷിക മേഖല അഭിവൃത്തിപ്പെടുത്തി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക.

2. കുടിവെള്ള പ്രശ്നം പരിഹരിക്കുക.

3. വീടു നിർമ്മാണ ധന സഹായം വർദ്ധിപ്പിക്കുക, വീടു വയ്ക്കുന്നതോടൊപ്പം കക്കൂസ് നിർമ്മിക്കുന്നതിനുള്ള ധനസഹായവും വർദ്ധിപ്പിക്കുക. (സംയോജിത ഭവന നിർമ്മാണ ധനസഹായം)

4. പരമ്പരാഗത തൊഴിലുകളായ പായ നെയ്ത്ത്, കൊട്ട, പനമ്പ് എന്നിവയുടെ നിർമ്മാണം വ്യവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും സഹകരണ സംഘങ്ങൾ വഴി മാർക്കററിംഗ് ഉണ്ടാക്കുകയും ചെയ്യുക.

5. തൊഴിൽ രഹിതരായ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലനം നൽകുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് എല്ലാ വിധ സഹായവും ചെയ്യുക.

6. പട്ടികജാതി/പട്ടികവർഗ വിവിധോദ്ദേശ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. (സൗകര്യാർത്ഥം രണ്ടോ, മൂന്നോ വർഡുകൾ കേന്ദ്രീകരിച്ച് ആക്കുക.)

7. ട്രൈസം പദ്ധതികൾ പട്ടികജാതി—പട്ടികവർഗ യുവതീ—യുവാക്കളെ ഉൾപ്പെടുത്തി അവരുടെ അഭിരുചിക്കനുസൃതമായി തൊഴിൽ പരിശീലനം നൽകുക, നിലവിലുള്ള ട്രെയിനിംഗ് ഗ്രാൻറും കോഴ്സിന്റെ കാലാവധിയും വർദ്ധിപ്പിക്കുക. പരിശീലനം നേടിയവർക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിനാവശ്യമായ ധന സഹായം നൽകുക.

8. വീടുകൾ പുതുക്കി പണിയുന്നതിനും അററകുററപണികൾക്കും പലിശരഹിതവായ്പ ലളിതമായ വ്യവസ്ഥയിൽനൽകുക.

9. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതികൾ കൂടുതൽ ഉദാരവൽക്കരണത്തോടെ പഞ്ചായത്തിൽ നടപ്പിലാക്കിനിലവിൽസ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കുക.

10. എല്ലാ കോളനികളിലും ബാലവാടികളും നഴ്സറികളും, ഫീഡിംഗ് സെൻററുകളും അനുവദിക്കുക.

11. ബോധവൽക്കരണത്തിന്റെ ഭാഗമായി കോളനികളിൽ ററി. വി. സെററുകൾ സ്ഥാപിക്കുക.

12. വായനശാലകൾ സ്ഥാപിക്കുക.

13. കോളനികളിൽ വർഷത്തിൽ 2 പ്രാവശ്യമെങ്കിലും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

14. 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി പ്രീ മെട്രിക് ഹോസ്ററൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

15. കുടുംബ ബാധ്യത ഏറെറടുത്ത് പഠനം അവസാനിപ്പിക്കേണ്ടിവരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുവാനാവശ്യമായ സംവിധാനം ഉണ്ടാക്കുക.

16. പട്ടികജാതി വർഗ കോളനികൾ കേന്ദ്രീകരിച്ച് ഈ വർഗത്തിനാവശ്യമായ പൊതു ശ്മശാനം നിർമ്മിക്കുക.

17. നിലവിലുള്ള ഹരിജൻ ശ്മശാനങ്ങൾ മതിൽകെട്ടി സംരക്ഷിക്കുകയും മററു സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

18. പട്ടികജാതി വർഗ വിഭാഗങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചു വരുന്ന സ്ഥലങ്ങൾ മററു വിഭാഗങ്ങൾ അനധികൃതമായി കയ്യേറുന്നത് തടയുകയും കർശനമായ നിയമനടപടികൾ സ്വീകരിച്ച് ഇത്തരം ശ്രമങ്ങളെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുക.

19. ശ്മശാനത്തിനുവേണ്ടി ഉപയോഗിച്ചിരുന്നതും ചുററുപാടും ജനസാന്ദ്രത കൂടിയ കാരണത്താൽ ശ്മശാനത്തിന് ഉപയോഗിക്കുവാൻ പററാതെ കിടക്കുന്ന സ്ഥലത്ത് ഈ വിഭാഗത്തിൻെറ ഉന്നമനത്തിന് വേണ്ടി ഷോപ്പിംഗ് കോംപ്ലക്സുകളോ വ്യവസായ യൂണിററുകളോ അനുവദിക്കുന്നതിനാവശ്യമായ ധനസഹായം ലഭ്യമാക്കുക. (ഉദാഹരണത്തിന് കൂടാലപ്പാട് കപ്പേളയ്ക്ക് സമീപമുള്ള സ്ഥലം)

20. കൂവപ്പടി 3 സെൻറ് ഹൗസ് സെററ് കോളനിയുടെ മുൻവശത്ത് ഒഴിഞ്ഞു കിടക്കുന്ന പഞ്ചായത്തുവക സ്ഥലം കോളനി നിവാസികളുടെ ഉന്നമനത്തിന് ഉതകുന്ന വിധത്തിൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുക.

21. വൈദ്യുതി ഇല്ലാത്ത കോളനികളിലുംമററു പട്ടികജാതി കുടുംബങ്ങളിലും വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള അടിയന്തിര പദ്ധതി ആവിഷ്ക്കരിക്കുക. കോളനികളിൽ കുടിവെള്ളം ഇല്ലാത്ത സ്ഥലങ്ങളിൽ പൊതു കിണർ കുഴിക്കുകയും ഉള്ള കിണറുകൾ ഭിത്തി കെട്ടിയും മാലിന്യങ്ങൾ നീക്കിയും കുടിവെള്ളം ലഭ്യമാക്കുകയും പൊതു ടാപ്പുകൾ സ്ഥാപിച്ചും ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന കുടിവെള്ള പ്രശ്നം അടിയന്തിരമായി പരിഹരിക്കുക.

22. കോളനികൾക്ക് പുറത്തുള്ള പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി കിണർ കുഴിക്കുവാനാവശ്യമായ സൗജന്യ ധനസഹായം നൽകുകയും പൊതു ടാപ്പുകൾ സ്ഥാപിക്കുകയും സൗജന്യ ഹൗസ് കണക്ഷനുകൾ നൽകുകയും ചെയ്യുക.

23. പ്രധാന റോഡുകളിൽ നിന്നും കോളനികളിലേക്കുള്ള വഴികൾ വീതി കൂട്ടി ടാർ ചെയ്ത് ഗതാഗത സൗകര്യം ഉണ്ടാക്കുക.

24. പാടശേഖരങ്ങളോട് ചേർന്നും മററു ചരിഞ്ഞു കിടക്കുന്ന സ്ഥലങ്ങളുള്ള കോളനികളിലേയും, കോളനികൾക്ക് പുറത്തുള്ള പട്ടികജാതി വിഭാഗങ്ങളുടെയും ഭൂമി മണ്ണൊലിപ്പ് തടയുന്നതിനാവശ്യമായ കയ്യാല കെട്ടി സംരക്ഷിക്കുന്നതിന് ധനസഹായം നൽകുക.

25. വെള്ളക്കെട്ട് അനുഭവപ്പെടുന്ന കോളനികളിൽ നീർച്ചാലുകൾ ഉണ്ടാക്കി വെള്ളക്കെട്ട് ഒഴിവാക്കുകയും അവിടങ്ങളിലുള്ള സാധാരണ കക്കൂസുകൾ സെപ്ററി ടാങ്കുകളായുള്ളപൊതു കക്കൂസ് നിർമ്മിച്ച് നൽകി കിണറുകളിലെ വെള്ളം മലിനമായിക്കൊണ്ടിരിക്കുന്നതിന് പരിഹാരം കാണുക.

26. ഇപ്പോൾ കോളനികൾ നിലവിൽ ഇല്ലാത്ത വാർഡുകളിൽ കൂട്ടമായി താമസിക്കുന്ന പട്ടികജാതി പ്രദേശങ്ങൾ കോളനിയുടെ പരിധിയിൽപ്പെടുത്തി സെററിൽമെൻറ് കോളനികളായി പരിഗണിക്കുക.

27. നിലവിൽ വാട്ടർസപ്ളെ സ്കീമിന് സൗകര്യമില്ലാത്ത കോളനികളിലും അല്ലാത്തതുമായ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ സ്കീം ഉണ്ടാക്കണം. ആയതിന് കിണർ കുഴിച്ച് ടാങ്ക് സ്ഥാപിച്ച് പൈപ്പു കണക്ഷൻ ലഭ്യമാക്കുകയും മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കാൻറ് ചാർജ് പഞ്ചായത്ത് അടക്കുകയും വേണം. ഇതുവഴി മററുജന വിഭാഗങ്ങൾ അനുഭവിച്ച് വരുന്ന കുടിവെള്ള പ്രശ്നവും പരിഹരിക്കപ്പെടും.

28. പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ ഉള്ളതും പട്ടികജാതിയിൽ ഒരു വിഭാഗത്തിൻെറ മാത്രം ഉപയോഗത്തിലിരിക്കുന്നതും ചുററും മതിലോ മററു സൗകര്യങ്ങളോ ഇല്ലാതെ കിടക്കുന്നതുമായ ശ്മശാനങ്ങൾ ചുററുംമതിൽ കെട്ടി സംരക്ഷിക്കുന്നതിനും മററുസൗകര്യം ഉണ്ടാക്കുന്നതിനും ആവശ്യമായ ധന സഹായം നൽകണം.

29. പഞ്ചായത്തു തലങ്ങളിൽ നിലവിലുള്ള പട്ടികജാതി/വർഗ സംവരണത്തിലെ അപാകതകൾ പരിഹരിക്കുകയും ജനസംഖ്യാടിസ്ഥാനത്തിൽ പട്ടികജാതി/വർഗക്കാർ കൂടുതലുള്ള വാർഡുകൾ സംവരണ വാർഡുകളാക്കുന്നതിന് നിയമങ്ങളിൽ ഭേദഗതികൾ വരുത്തുകയും ചെയ്യുക.

30. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ സൗജന്യമായി നൽകുക. ഇപ്പോൾ കിട്ടികൊണ്ടിരിക്കുന്ന ധന സഹായം വർദ്ധിപ്പിക്കുക. സ്കൂൾ കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ ഏർപ്പെടുത്തുക.

31. വാർദ്ധക്യ കാലപെൻഷൻ, വിധവാ പെൻഷൻ, അഗതി പെൻഷൻ, എന്നിവ ഈ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾക്ക്അനുവദിക്കുക. ഗുരുതരമായ രോഗംബാധിച്ച് നീണ്ടു നിൽക്കുന്ന ചികിൽസ ആവശ്യമായി വരുന്നവർക്ക് ആവശ്യമായ ധനസഹായം നൽകണം.

32. ഈ വിഭാഗത്തിൽപ്പെട്ട വികലാംഗർക്കും വികലാംഗ കുട്ടികൾക്കും പ്രത്യേക പദ്ധതി ആവിസ്കരിക്കുക.

33. ഈ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക്ഗൾഫ് രാജ്യങ്ങളിൽ തൊഴിൽതേടി പോകുമ്പോൾ വരുന്ന മൊത്തം ചിലവും ധന സഹായമായി കൊടുക്കാനുള്ള പദ്ധതി ആവിഷ്കരിക്കുക. തൊഴിൽ ലഭ്യമായ ശേഷം തവണകളായി സഹായം തിരിച്ച് പിടിക്കുക.

34. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽ നിന്നുംവരുന്ന കലാ-കായിക സാംസ്കാരിക പ്രതിഭകൾക്ക് പ്രത്യേകം പ്രോൽസാഹനം നൽകുകയും ഉയർന്ന പ്രകടനം കാഴ്ചവയ്ക്കാൻ സഹായകമായ രീതിയിൽ സൗജന്യ ധനസഹായം നൽകുക.

35. സ്കൂളുകളിൽ ഒന്നാംസ്ററാൻേറർഡു മുതൽ ഏററവും കൂടുതൽ മാർക്ക് വാങ്ങി പാസാകുന്ന SC/ST വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ച് പ്രോൽസാഹനം ഏർപ്പെടുത്തുക. S. S. L. C ക്കും അതിനു മുകളിലും ഉള്ള പരീക്ഷകളിൽ ഏററവും കൂടുതൽ മാർക്കു വാങ്ങുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾതലം താലൂക്ക് തലം ജില്ലാ തലങ്ങളിൽ Cash അവാർഡുകൾ ഏർപ്പെടുടുത്തുക.

36. പട്ടികജാതി/വർഗ വിഭാഗത്തിൽപ്പെട്ട തൊഴിലില്ലാത്ത യുവതി യുവാക്കൾക്ക് പശു, ആട്, കോഴി വളർത്തലിനും, ധനസഹായം സൗജന്യമായി നൽകുകയും അവയെ സംരക്ഷിക്കുന്നതിനാവശ്യമായ തൊഴുത്ത്, കൂട് ഇവനിർമ്മിക്കുന്നതിനും ധനസഹായം നൽകുക. കാലിതീററ കോഴിത്തീററ എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

37. കോളനികളിലും മററു കുടുംബംങ്ങളിലും പകർച്ച വ്യാധികൾ പിടിപെട്ടാൽ അടിയന്തിര വൈദ്യസഹായം എത്തിക്കാൻ പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കണം.

38. പട്ടികജാതി/വർഗ വിഭാഗത്തിൽ പെടുന്ന തൊഴിലെടുത്തു ജീവിക്കുന്ന എല്ലാവരെയും അതാതു തൊഴിൽ മേഖലകളിലെ ക്ഷേമനിധികളിൽ അംഗങ്ങളാക്കുകയും ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

39. പട്ടികജാതി/വർഗ വിഭാഗത്തിൽപെടുന്ന പ്രഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും മററു മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നവർക്കും ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന സൗകര്യങ്ങൾ വളരെ പരിമിതമാണ്. പ്രസ്തുത കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കുന്നതുൾപ്പെടെ എല്ലാ സഹായവും മതിയായ രീതിയിൽ പരിഷ്കരിക്കുകയും ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളെ സാങ്കേതിക തൊഴിലധിഷ്ടിത കോഴ്സുകളിലേയ്ക്ക് കൂടുതലായി ആകർഷിക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.

40. പുകയില്ലാത്ത അടുപ്പ് എല്ലാ ഹരിജൻ കുടുംബങ്ങൾക്കും സൗജന്യമായി വച്ചു കെടുക്കുന്നതിന് പദ്ധതി രൂപീകരിക്കുക.

41. SC/ST വിഭാഗക്കാർക്കുവേണ്ടി നടപ്പിലാക്കി വരുന്ന വിവിധ പരിപാടികളെക്കുറിച്ച് യഥാസമയം വിവരം നൽകുന്നതിന് ഇൻഫർമേഷൻ സെൻറർ ആരംഭിക്കുക.

42. SC/ST വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയൽ പഠനത്തിന് ധനസഹായം നൽകുക.

43. SC/ST വിഭാഗത്തിലുള്ള പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹ സഹായത്തുക ഉയർത്തുക.

44. മത്സര പരീക്ഷകൾക്കും ഇൻറർവ്യൂവിനും മററും പങ്കെടുക്കുന്ന ഈ വിഭാഗത്തിൽ പെട്ടവർക്ക് ആവശ്യമായ യാത്രാകൂലി നൽകുക.

45. മിശ്രവിവാഹിതരായ പട്ടികജാതി/വർഗത്തിൽപ്പെട്ടവർക്കുള്ള സാമ്പത്തിക സഹായം ഉയർത്തുക.

## പഞ്ചായത്തിലെ പട്ടികജാതി–വർഗ കോളനികൾ ചാർട്ട് I

| വാർഡ് | I | II | III | IV | V | VI | VII | VIII | IX | X | XI | XII | XIII | XIV | XV |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| കോളനികളുടെ എണ്ണം 35 | — | 2 | — | 1 | 1 | 5 | 4 | 4 | 1 | 1 | 2 | 3 | 3 | 3 | 5 |

## പഞ്ചായത്തിലെ പട്ടികജാതി-വർഗക്കാരുടെ എണ്ണം ചാർട്ട് II

| പട്ടികജാതി | | പട്ടികവർഗം | |
|---|---|---|---|
| പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| 3988 | 4206 | 19 | 16 |
| | ആകെ | | 8229 |

### വിദ്യാഭ്യാസമുള്ള SC. ST. വിഭാഗത്തിൽപ്പെടുന്നവർ ചാർട്ട് III

| വിഭാഗം | എണ്ണം |
|---|---|
| പട്ടികജാതി | 7266 |
| പട്ടികവർഗം | 15 |
| ആകെ | 7281 |

### വിദ്യാഭ്യാസം ഇല്ലാത്തവർ ചാർട്ട് IV

| വിഭാഗം | എണ്ണം |
|---|---|
| പട്ടികജാതി | 908 |
| പട്ടികവർഗം | 20 |
| ആകെ | 928 |

### സർക്കാർ ജോലി ഉള്ളവർ ചാർട്ട് V

| വിഭാഗം | എണ്ണം |
|---|---|
| പട്ടികജാതി | 139 |
| പട്ടികവർഗം | 4 |
| ആകെ | 143 |

### കൂലിപ്പണിക്കുപോകുന്നവർ ചാർട്ട് VI

| വിഭാഗം | എണ്ണം |
|---|---|
| പട്ടികജാതി | 3941 |
| പട്ടികവർഗം | 10 |
| ആകെ | 3951 |

### മററു പണിക്കുപോകുന്നവർ ചാർട്ട് VII

| വിഭാഗം | എണ്ണം |
|---|---|
| പട്ടികജാതി | 273 |
| പട്ടികവർഗം | 10 |
| ആകെ | 283 |

### തൊഴിൽ ഇല്ലാത്തവർ ചാർട്ട് VIII

| വിഭാഗം | എണ്ണം |
|---|---|
| പട്ടികജാതി | 3821 |
| പട്ടികവർഗം | 11 |
| ആകെ | 3832 |

### ഉപരി വിദ്യാഭ്യാസം ലഭിച്ചവർ (Above S. S. L. C.) ചാർട്ട് IX

| വർഗം | എണ്ണം |
|---|---|
| പട്ടികജാതി | 3218 |
| പട്ടികവർഗം | 2 |
| ആകെ | 3220 |

### 15 വാർഡിലും കൂടിയുള്ള ആകെ ആൾ ചാർട്ട് X

| | |
|---|---|
| കോളനി | 752 |
| പുറംപോക്ക് | 55 |
| സ്വന്തം ഭൂമി കൂട്ടുകുടുംബം | 1373 |
| ആകെ | 2180 |

| Sl. No. | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | വീടിന്റെ സ്വഭാവം | | | | വൈദ്യുതി | | കക്കൂസ് | |
|---|---|---|---|---|---|---|---|---|---|---|
| | | | വാർക്ക | ഓട് | ഓല | കുടിൽ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 01 | കുളത്തുങ്ങമാലി | 18 | 3 | 11 | 7 | 12 | .... | .... | .... | .... |
| 02 | അമ്പലത്തുമാലി | 16 | 2 | 12 | 2 | 6 | .... | .... | .... | .... |
| 03 | കുന്നക്കാട്ടുമല സെറ്റിൽമെന്റ് കോളനി | 34 | .... | 25 | 7 | 31 | .... | .... | .... | .... |
| 04 | കോലോത്തുറ | 10 | .... | 8 | 2 | 3 | .... | .... | .... | .... |
| 05 | കൈകുത്തിയാൽ കോളനി | 23 | .... | 11 | 12 | 14 | .... | .... | .... | .... |
| 06 | കൈകുത്തിയാൽ 4 സെ. കോളനി | 23 | .... | 3 | 20 | 16 | .... | .... | .... | .... |
| 07 | ചിറങ്ങര കോളനി | 36 | 3 | 32 | 4 | 2 | പകുതിയോളം | പകുതിയോളം | 35% | 65% |
| 08 | പതിയായിപ്പറമ്പ് കോളനി | 10 | .... | 4 | 6 | 5 | .... | .... | .... | .... |
| 09 | മിച്ചഭൂമി കോളനി | 6 | .... | 2 | 4 | 3 | .... | .... | .... | .... |
| 10 | കല്ലുമല കോളനി | 30 | 6 | 28 | 2 | 30 | .... | .... | .... | .... |
| 11 | പുളിയാംമ്പിള്ളി | 22 | 3 | 19 | 3 | 21 | 35% | 65% | 30% | 70% |
| 12 | പുളിയാംപറമ്പ് | 33 | 6 | 31 | 2 | 31 | ... | .... | .... | .... |
| 13 | ഐമുറി 4 സെന്റ് കോളനി | 18 | .... | ഇല്ല | 18 | 18 | .... | .... | .... | .... |
| 14 | 3 സെന്റ് ഹൗസെറ്റ് കോളനി | 33 | 2 | 7 | 20 | 26 | .... | .... | .... | .... |
| 15 | പാട്ടാളക്കുടി കോളനി | 10 | .... | 8 | 2 | 5 | 80% | 20% | 50% | 50% |
| 16 | കൊട്ടാംപിള്ളിക്കുടി കോളനി | 8 | 1 | 2 | 5 | 6 | .... | .... | .... | .... |
| 17 | മൈലാച്ചാൽ കോളനി | 15 | 2 | 6 | 11 | 12 | .... | .... | .... | .... |
| 18 | പാറപ്പുറം കോളനി | 19 | .... | 17 | 2 | 2 | 40% | 60% | 30% | 70% |
| 19 | കൂത്തുപറമ്പ് കോളനി | 22 | 1 | 21 | 1 | 2 | .... | .... | .... | .... |
| 20 | ചുടലപ്പറമ്പ് തൊട്ടുപ്പാടം സെറ്റിൽമെന്റ് കോളനി | 25 | .... | 25 | .... | 5 | 20% | 80% | 15% | 85% |
| 21 | ഓച്ചാൽതുരുത്ത് കോളനി | 17 | 6 | 17 | .... | 3 | 15% | 85% | .... | .... |
| 22 | തോട്ടുവ സെറ്റിൽമെന്റ് കോളനി | 22 | 2 | 22 | .... | 6 | .... | .... | .... | .... |
| 23 | തെക്കേക്കുടിഞ്ഞാലിൽ | 12 | .... | 12 | .... | 3 | 25% | 75% | 10% | 90% |
| 24 | സെറ്റിൽമെന്റ് കോളനി | 27 | .... | 22 | 5 | 7 | 25% | 75% | 20% | 80% |

| Sl. No. | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | വീടിന്റെ സ്വഭാവം | | | | വൈദ്യുതി | | കക്കൂസ് | |
|---|---|---|---|---|---|---|---|---|---|---|
| | | | വാർക്ക | ഓട് | ഓല | കുടിൽ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 25 | വെള്ളാർമാലി കോളനി | 18 | .... | 12 | 6 | 13 | 25% | 75% | 20% | 80% |
| 26 | അശോകപുരം കോളനി 13-ാം വാർഡ് | 8 | .... | 3 | 5 | 2 | 30% | 90% | 20% | 80% |
| 27 | മയൂരപുരം കോളനി | 7 | 1 | 5 | 1 | 3 | .... | .... | .... | .... |
| 28 | അശോകപുരം 14-ാം വാർഡിൽ | 7 | .... | 6 | 1 | 4 | 10% | 90% | 20% | 80% |
| 29 | കുമാരപുരം കോളനി | 42 | 2 | 20 | 21 | 13 | 30% | 70% | 20% | 80% |
| 30 | പനങ്കുരുതോട്ടം | 91 | 1 | 66 | 19 | 24 | 25% | 75% | 25% | 75% |
| 31 | പുന്നലം കോളനി | 9 | .... | 9 | .... | 5 | 12% | 88% | 30% | 70% |
| 32 | കളപ്പാറ കോളനി | 36 | 2 | 28 | 8 | 18 | 25% | 75% | 20% | 80% |
| 33 | മുണ്ടൻതുരുത്ത് | 20 | 1 | 11 | 7 | 13 | 20% | 80% | 30% | 70% |
| 34 | എമ്പക്കോട് | 10 | .... | 5 | 5 | 8 | 15% | 85% | 20% | 80% |
| 35 | നെടുമ്പാറ കോളനി | 15 | 2 | 8 | 7 | 6 | .... | .... | .... | .... |

അവലംബം + പഞ്ചായത്ത് രേഖകൾ

# 12 വിഭവസമാഹരണം

വടക്ക് പെരിയാറിൻെറ തീരപ്രദേശത്താലും കിഴക്ക് മലമ്പ്രദേശത്താലും മററുള്ള പ്രദേശങ്ങൾ സമതലങ്ങളാലും ഉൾപ്പെട്ട ഒരു ഭൂപ്രകൃതിയാണ് കൂവപ്പടി പഞ്ചായത്തിനുള്ളത്. ഈ പഞ്ചായത്തിൻെറ പ്രധാനവിഭവ സമാഹരണം താഴെ പറയുന്ന വിധമാണ്.

## നികുതിയിനം

1) തൊഴിൽ നികുതി–: പഞ്ചായത്ത് അതിർത്തിയിൽ ആകെ 16 സ്കൂളുകളും ഒരു പോളിടെക്നിക്കും ആണ് ഉള്ളത്. ഇവിടെ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഫോറസ്റ്റ് ഓഫീസ് വില്ലേജ് ഓഫീസ് യൂണിയൻ ബാങ്ക് കോടനാട് ആശുപത്രി ചേരാനല്ലൂർ ആയുർവേദാശുപത്രി ഇടവൂർ ഹെൽത്ത് സെൻറർ സഹകരണ സംഘങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ലഭിക്കുന്ന പട്ടിക അന്യത്ര.

2) കെട്ടിടനികുതി.– വാഹന നികുതി വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലഭിയ്ക്കുന്ന നികുതി കടകളിൽ നിന്നും ലഭിക്കുന്ന നികുതി എന്നിവ വരുമാന മാർഗ്ഗങ്ങളാണ്.

ലേലം– മുകളിൽ പറഞ്ഞതുപോലെ പെരിയാറിൻെറ തീരപ്രദേശമായതുകൊണ്ട് മണൽലേലം ഒരു പ്രധാനവരുമാനമാണ്. കൂടാതെമത്സ്യലേലംചെയ്യുന്ന ഇനത്തിൽ വരവുണ്ടാക്കുന്നു. കടത്തുലേലം പരസ്യനികുതി എന്നിവയും വരുമാനമാർഗ്ഗങ്ങളാണ് പട്ടിക അന്യത്ര ചേർക്കുന്നു പദ്ധതി വിഹിതവും പദ്ധതിയേതര വിഹിതവും ഗ്രാൻറുകൾ (Eg) VRM MT VTC JRY untide ഫണ്ട് എന്നീ ഇനത്തിലും വരവുണ്ട്. പഞ്ചായത്തിൻെറ ചിലവിനങ്ങൾ താഴെ പറയുന്നവയാണ്.

1. ഭരണചെലവ്;– പൊതുമരാമത്ത് ചെലവും വിദ്യാഭ്യാസം, ജലവിതരണം, തെരുവ് വിളക്ക്. പൊതുജനാരോഗ്യം സാംസ്കാരികം എന്നിവയിൽപ്പെടുന്ന ചെലവിനത്തിൻെറ പട്ടികഅന്യത്ര ചേർത്തിരിക്കുന്നു.

ഈ പഞ്ചായത്ത്വാർഡുകളിൽ നിന്നു് ഉദ്ദേശം 185 ഓളം ആളുകൾ വിദേശത്തു ജോലിചെയ്യുന്നുണ്ട് ഇതുപഞ്ചായത്തു അതിർത്തിയിലുള്ള പ്രധാന വരുമാനമായികണക്കാക്കാവുന്നതാണ്. ധാരാളം കരിംപാറ പഞ്ചായത്തിൻെറ കിഴക്കൻപ്രദേശത്തുള്ളത് ഒരുവിഭവം തന്നെയാണ് പാറ വ്യവസായത്തിന് ഇതു് ഒരുഅസംസ്കൃതവസ്തുവായതിനാൽ വരുമാനത്തിനുള്ള ഒരു സ്ത്രോതസ്സായി കാണാവുന്നതാണ്.

പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്

ഓരോ കൊല്ലം കൂടുംതോറും ഭരണച്ചിലവ് കൂടുന്നതനുസരിച്ച് വരവ് കൂടുന്നില്ല. അതുപോലെ തന്നെ വരുമാന സാധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല ഉദാഹരണം ധാരാളം കുളങ്ങളുള്ള പഞ്ചായത്തിൽ മൽസ്യം വളർത്തൽ ഒരു ആദായകരമായ വരുമാനമാണ്. മററൊന്നു് കോൺട്രാക്ടർമാരും മററിടത്തട്ടുകാരുംതട്ടിയെടുക്കുന്ന അമിതലാഭം എപ്പോഴുംപദ്ധതികളുടെ നഷ്ടത്തിനു് കാരണമാകുന്നു വേണ്ട സമയത്തു് വായ്പലഭിക്കാത്തതും പ്രവർത്തനത്തിൻെറ മന്ദീഭവത്തിനു് കാരണമാകുന്നു കിട്ടുന്ന വായ്പകളാകട്ടെ ചിലപ്പോൾ ലക്ഷ്യം വിട്ടുള്ള വിനിയോഗത്തിനു് ഇടയാക്കുന്നു. പൊതുഫണ്ട് ദുർവിനിയോഗം ചെയ്യുന്നതും വിഭവസമാഹരണത്തിനു് തടസമാകുന്നു. സന്നദ്ധ സംഘടനകളുടെ കൂട്ടായ്മക്കുറവും സഹകരണക്കുറവും മനുഷ്യ ശേഷി ഉപയോഗക്കുറവും വിഭവസമാഹരണത്തിനു് പ്രശ്നങ്ങളാണ്.

താഴെ പറയുന്ന പരിഹാര മാർഗ്ഗങ്ങൾ ഇതിനു് ഉതകുന്നതാണ്. (1) മൊത്തം ചിലവിൻെറ 10% മനുഷ്യ വിഭവശേഷി പ്രയോജനപ്പെടുത്തുക. കാലാനുസൃതമായി വർദ്ധിച്ചുവരുന്ന ചിലവ് കണക്കിലെടുത്തു് ഗവണ്മെൻറ് വിഹിതം വർദ്ധിപ്പിക്കുക വിനോദനികുതി വർദ്ധിപ്പിക്കുക, വാഹന നികുതി ഏർപ്പെടുത്തുക പഞ്ചായത്തു് അതിർത്തിയിൽ ഒരു പൊതു മാർക്കററ് സ്ഥാപിക്കുക. പഞ്ചായത്തു് അതിർത്തിയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങുക ഭൂവിനിമയനികുതിയുടെ ഒരു ഭാഗം പഞ്ചായത്തിനു് ലഭ്യമാകത്തക്കവണ്ണം നിയമം കൊണ്ടുവരിക L- I. C. ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും സഹായങ്ങൾ ലഭ്യമാക്കുക. മത്സ്യകൃഷി, മൃഗസംരക്ഷണം, ഔഷധച്ചെടി എന്നിവ പഞ്ചായത്ത്അടിസ്ഥാനത്തിൽ വിപുലമാക്കുക സുലഭമായി ലഭ്യമായ പാറകൊണ്ടുള്ള വ്യാപാരത്തിൽനിന്നും വരുമാനം വർദ്ധിപ്പിക്കുക. വായ്പകൾ അർഹമായിട്ടുള്ളവർക്കുമാത്രമായി നിജപ്പെടുത്തി ചിലവുചുരുക്കുക അനർഹമായരീതിയിൽ ലാഭം തട്ടിയെടുക്കുന്ന ഇടത്തട്ടുകാരെയും കോൺട്രാക്ടർമാരെയും ഒഴിവാക്കുക. കാർഷിക വിഭവങ്ങൾ സംഭരിച്ച് വിതരണം നടത്തി ലാഭമുണ്ടാക്കുക കെട്ടിട നികുതി പിരിവിലുള്ള അപാകതകൾ പരിഹരിക്കുക. എല്ലാ വ്യാപാരങ്ങൾക്കും നികുതി ഏർപ്പെടുത്തുക പദ്ധതി പ്രവർത്തനങ്ങൾ ഗ്രാമസഭകളെ ഏൽപ്പിച്ച് ജനകീയ സമിതികളെകൊണ്ട് ചെയ്യിക്കുക ട്യൂട്ടോറിയൽ കോളേജ് ട്യൂഷൻ സെൻറർ ടൈപ്പ്റൈററിംഗ്

സ്ഥാപനങ്ങൾ കംപ്യൂട്ടർ സെൻറർ, പ്രൈവററ് ആശുപത്രികൾ, എന്നീ സ്ഥാപനങ്ങളിൽ നിന്നും സെസ്സ് ഏർപ്പെടുത്തുക. ഭരണ ചെലവ് കുറയ്ക്കുക പഞ്ചായത്ത് ചിലവുകൾ സുതാര്യമാക്കുക. എന്നിവ പ്രശ്നപരിഹാരത്തിനുള്ള മാർഗ്ഗങ്ങളായി ചൂണ്ടിക്കാണിക്കുന്നു. പഞ്ചായത്ത് അതിർത്തിയിൽ നടത്തുന്ന ചെറുകിട ജലസേചന പദ്ധതിയെപ്പോലുള്ള പ്രവർത്തനങ്ങൾക്ക് തികയാതെ വരുന്ന സാമ്പത്തികം അതാതു സ്ഥലത്തെ സഹകരണ സംഘങ്ങൾ വഴിയോ സന്നദ്ധ സംഘടനകൾ വഴിയൊ വിദേശ ജോലിയുള്ള വ്യക്തികളിൽ നിന്നോ പലിശയ്ക്ക് പണം വാങ്ങി പൂർത്തിയാക്കുന്നതിനും പണം തിരികെ നൽകുന്നതിനും വ്യവസ്ഥ ഉണ്ടാക്കുന്നതും വിഭവസമാഹരണത്തിനു് ഒരു ഉദാഹരണമാണ്.

**ചിലവ്**

## കൂവപ്പടി ഗ്രാമ പഞ്ചായത്ത്

പത്തുവർഷം

| ക്രമ നമ്പർ | വർഷം | എസ്റ്റാബ്ലിഷ്മെൻറ് ചെലവ് | പൊതുമരാമത്ത് ചെലവ് | മററു വികസന ചെലവുകൾ |
|---|---|---|---|---|
| 1 | 86–87 | 225879 ... | 45383 ... | 238469 ... |
| 2 | 87–88 | 268535 ... | 85991 ... | 365201 ... |
| 3 | 88–89 | 272079 ... | 79264 ... | 411184 ... |
| 4 | 89–90 | 282850 ... | 141914 ... | 319922 ... |
| 5 | 90–91 | 364690 ... | 510855 ... | 292092 ... |
| 6 | 91–92 | 366858 ... | 367225 ... | 313357 ... |
| 7 | 92–93 | 406967 ... | 421225 ... | 1029933 ... |
| 8 | 93–94 | 425372 ... | 664956 ... | 805546 ... |
| 9 | 94–95 | 543266 ... | 844408 ... | 844931 ... |
| 10 | 95–96 | 564468 ... | 1024243 ... | 1446789 ... |

വരുമാനം — വിഭവസമാഹരണം — കുവപ്പടിപഞ്ചായത്ത്

പത്തുവർഷം

| ക്രമ നമ്പർ | വർഷം | തൊഴിൽനികുതി | കെട്ടിടനികുതി | വിനോദ നികുതി | നികുതിയേതര വരുമാനം | സംസ്ഥാന നികുതി വിഹിതം | ഗ്രാൻറുകൾ |
|---|---|---|---|---|---|---|---|
| 1 | 86–87 | 76542 ... | 109258 ... | 11768 ... | 386511 ... | 292174 ... | 947 ... |
| 2 | 87–88 | 79546 ... | 99030 ... | 14488 ... | 373179 ... | 338639 ... | 169338 ... |
| 3 | 88–89 | 91043 ... | 160787 ... | 20394 ... | 560426 ... | 267329 ... | 42810 ... |
| 4 | 89–90 | 91912 ... | 232781 ... | 16985 ... | 523928 ... | 309320 ... | 52054 ... |
| 5 | 90–91 | 160507 ... | 234887 ... | 10221 ... | 854250 ... | 296118 ... | 269180 ... |
| 6 | 91–92 | 162872 ... | 261171 ... | 6294 ... | 934369 ... | 291608 ... | 318174 ... |
| 7 | 92–93 | 152253 ... | 262751 ... | 915 ... | 1157937 ... | 454494 ... | 332944 ... |
| 8 | 93–94 | 165959 ... | 396629 ... | 1140 ... | 1072419 ... | 458713 ... | 433656 ... |
| 9 | 94–95 | 206162 ... | 413834 ... | 10025 ... | 2397420 ... | 683679 ... | 345438 ... |
| 10 | 95–96 | 245586 ... | 455869 ... | 9158 ... | 2695457 ... | 586818 ... | 378838 ... |

# കൂവപ്പടി ഗ്രാമപഞ്ചായത്ത്

## 86–87 മുതൽ 95–96 വരെ പത്ത് വർഷത്തെ വരവ് ചെലവ്





N
E
S
I
II
III
IV
V
VI
VII
VIII
IX
X
XI
XII
XIII
XIV
XV

4258

KERALA INSTITUTE OF LOCAL ADMINISTRATION ★ LIBRARY ★ THRISSUR-680581